
# മദർ സൽഗായയുടെ

# ഓർമ്മക്കുറിപ്പുകൾ



# ഓർമ്മക്കുറിപ്പുകൾ



മദർ സൽഗാ എസ്.ഐ.സി

ORMAKKURIPPUKAL : Mother Salga SIC
Printed at : Bethany Offset Printers
Ph : 0481 - 2571355
Published by : Bethany Sisters Generalate



# ആമുഖം

ബഥനി സന്യാസിനി സമൂഹത്തിന്റെ ആദ്യത്തെ മദറുമാരിൽ നാലാമത്തെ അംഗമായ മദർ സൽഗാ ദൈവ പ്രേരണയാൽ സമൂഹത്തിന്റെ ആദ്യകാല ചരിത്രം തന്റെ ഓർമ്മക്കുറിപ്പുകളായി കുറിച്ചു വച്ചിരുന്നു. അതിൽ കൂടെ കടന്നു പോയപ്പോൾ മനസിലാക്കുവാൻ സാധിച്ചു മദർ അനന്തര തലമുറയ്ക്കുവേണ്ടി നൽകിയിട്ടുള്ള വലിയ നിധിയാണ് ഈ ഓർമ്മ കുറിപ്പുകളെന്ന്. അനുഭവത്തിന്റെ ആഴത്തിൽ നിന്നും തപ്പിയെടുത്തിട്ടുള്ള മണിമുത്തുകളാണ് അവ ഓരോന്നും. ബഥനിയിൽ ഇന്ന് ജീവിക്കുന്നവർക്കും ഇനി ജീവിക്കാനിരിക്കുന്നവർക്കും മാത്രമല്ല, മലങ്കര മക്കൾക്കെല്ലാം കൂടുതൽ ചൈതന്യവും പ്രചോദനവും നൽകുന്ന സൂക്തങ്ങളാണിതിലുള്ളത്.

ബഥനി സന്യാസ സമൂഹങ്ങളുടെ സ്ഥാപക പിതാവായ മാർ ഈവാനിയോസ് പിതാവും മാർ തിയോഫിലോസ് പിതാവും നമ്മുടെ ആദ്യത്തെ മദറുമാരും കത്തോലിക്കാ സഭയിലേയ്ക്ക് കടന്നുവരുവാൻ യാത്രചെയ്തിട്ടുള്ള പന്ഥാവുകൾ- ദൈവം കൂടെയായിരുന്ന് വഴിനടത്തിയിട്ടുള്ള പാതകൾ- വളരെ വിസ്മയാവഹങ്ങളാണ്. മരുഭൂമിയും ചെങ്കടലും അവർക്ക് തരണം ചെയ്യേണ്ടതായിവന്നു. പകൽ മേഘസ്തഭവും രാത്രി അഗ്നി തൂണുമായി ദൈവം അവരെ നയിച്ചു. കാറും കോളും അല്ലലും അലച്ചിലും അവരെ നിരാശരാക്കിയില്ല. "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മക്കായി പരിണമിപ്പിച്ചു" (റോമ18/28) അനന്തരമായ ദൈവ പരിപാലനയോടുകൂടിയ ഈ യാത്ര എത്തിചേർന്നത് ബഥനി സന്യാസ സമൂഹങ്ങളുടെ സ്ഥാപനത്തിലും പുനരൈക്യത്തിലുമാണ്.

ഇതെല്ലാം കൃത്യസമയവും തിയതിയും വച്ച് തന്റെ ഓർമ്മക്കുറിപ്പുകളിൽ ആ വന്ദ്യ മദർ കുറിച്ചുവച്ചു. മാർ ഈവാനിയോസ് പിതാവിനോടുള്ള അഗാധമായ സ്നേഹാദരവുകൾ ഇതിൽ നിറഞ്ഞു നിൽക്കുകയാണ്. പിൻതലമുറയ്ക്ക് സമൂഹത്തിന്റേയും പുനരൈക്യ പ്രസ്ഥാനത്തിന്റേയും ആരംഭ കാലത്തെക്കുറിച്ച് വളരെയേറെ അറിവു പ്രദാനം ചെയ്യുവാൻ ഈ ഓർമ്മക്കുറിപ്പുകൾ സഹായിക്കും. അതുകൊണ്ടാണ് ഇത് ഇപ്രകാരം ഒരു പുസ്തകമാക്കി സമൂഹത്തിന് പ്രദാനം ചെയ്യുവാൻ തീരുമാനിച്ചത്.

ഒരു പെറ്റമ്മ തന്റെ മക്കളെ പരിപാലിക്കുന്നതുപോലെ സന്യാസത്തിലേക്ക് ആദ്യം കടന്നുവരിന്നവരെ വന്ദ്യ പിതാവ് കൈപിടിച്ച് നടത്തി. സ്ത്രീ വിദ്യാഭ്യാസം അധികം പ്രോത്സാഹിപ്പിക്കാതിരുന്ന കാലഘട്ടത്തിൽ, സ്ത്രീകൾ പൊതുരംഗത്ത് അധികം പ്രവേശിക്കാതിരുന്ന സാഹചര്യത്തിൽ, സ്ത്രീകൾക്ക് സന്യാസം സ്വപ്നം കാണാൻ പോലും സാധിക്കാത്ത യാക്കോബായ സഭയിലാണ് മാർ ഈവാനിയോസ് പിതാവ് വലിയ ഒരു മുന്നേറ്റത്തിനൊരുങ്ങിയത്. സ്ത്രീ ജനോദ്ധാരണം മാനവ സംസ്കാരത്തിനു വഴി തെളിക്കുമെന്ന് അദ്ദേഹം മനസിലാക്കി. കേരളത്തിലെ കുലീന കുടുംബത്തിൽപെട്ട ചെറുപ്പക്കാരായ പെൺകുട്ടികളെയാണ് ഒരു യുവ വൈദീകനായിരുന്ന എം. എ അച്ചന്റെ കൂടെ അന്നത്തെ മാതാപിതാക്കൾ പറഞ്ഞയക്കുന്നത്. ഈ യുവ വൈദീകന്റെ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠത ആ മാതാപിതാക്കൾക്കു മനസിലാക്കുവാൻ സാധിച്ചു. അദ്ദേഹത്തിലൂടെ ദൈവം വലിയ സംരംഭം ആരംഭിച്ചു. കൽക്കട്ടായിൽ നിന്നും 300 കി.മി. അകലെയുള്ള ബാരിസോളിൽ (ഇന്നത്തെ ബംഗ്ളാദേശ്) കൊണ്ടുപോയി ആംഗ്ലിക്കൻ സിസ്റ്റേഴ്സിൽ കൂടി സന്യാസ പരിശീലനം നൽകുവാനുള്ള പിതാവിന്റെ ദീർഘ ദൃഷ്ടി ദൈവ നടത്തിപ്പുമാത്രമായിരുന്നു. ദീർഘ നാൾ കാത്തിരുന്ന സിസ്റ്റേഴ്സിന്റെ വ്രത വാഗ്ദാനം സ്വീകരിക്കുവാൻ വേണ്ടി മെത്രാൻ സ്ഥാനം സ്വീകരിച്ച പിതാവ് സിസ്റ്റേഴ്സിനോട് പറയുകയുണ്ടായി "മക്കളെ നിങ്ങൾക്കുവേണ്ടി ഞാൻ ഈ കുരിശു വഹിക്കുന്നു" എന്ന്, എന്നാൽ യാക്കോബായ സഭയാകുന്ന മണ്ണിൽ സന്യാസം വളരുകയില്ലായെന്ന് പിതാവിന് അറിയാമായിരുന്നു.

പുനരൈക്യത്തിനുവേണ്ടി പിതാവ് സഹിച്ച ത്യാഗങ്ങളും, നടത്തിയിട്ടുള്ള പ്രാർത്ഥനകളും, അനുഭവിച്ച ക്ലേശങ്ങളും, മാനസീക സംഘർഷങ്ങളുമെല്ലാം സിസ്റ്റേഴ്സുമായി പിതാവ് പങ്കുവച്ചിരുന്നു. സിസ്റ്റേഴ്സിന്റെ ശക്തമായ പ്രാർത്ഥനാബലം പിതാവ് ആവശ്യപ്പെട്ടിരുന്നു. ഇവയെല്ലാം ഓർമ്മക്കുറിപ്പുകളിൽ മദർ വ്യക്തമാക്കുന്നുണ്ട്. കുടുംബാംഗങ്ങളെല്ലാം എതിർത്തു നിന്നപ്പോഴും അവർ ഉണ്ടാക്കിയ പ്രതിബന്ധങ്ങൾ എല്ലാം തരണം ചെയ്യുവാൻ അവർക്കു സാധിച്ചത് ദൈവത്തിലുള്ള അഗാധമായ വിശ്വാസം കൊണ്ടും പ്രാർത്ഥനകൊണ്ടുമാണ്. ഒരിക്കലും വഴിതെറ്റിക്കാത്ത പിതാവാണ് ഞങ്ങളെ നയിക്കുന്നതെന്നുള്ള ബോദ്ധ്യം ആ മദറുമാർക്കുണ്ടായിരുന്നുവെന്ന് പല രംഗത്തും മദർ പ്രത്യേകമായി എടുത്തുപറയുന്നുണ്ട്.



സമൂഹത്തിന്റെ കാരിസം അനുസരിച്ചുള്ള ജീവിതത്തിലേക്ക് സിസ്റ്റേഴ്സിനെ കൂടുതലായി നയിക്കുവാൻ ഈ പുസ്തകം ഇടയാക്കട്ടെ. വളരെ ശ്രേഷ്ഠമായ രീതിയിൽ നീണ്ട വർഷങ്ങളിലെ സന്യാസ പരിശീലനം ലഭിച്ചവരാണ് സമൂഹത്തിലെ ആദ്യത്തെ പത്തു മദറുമാരും. സ്ഥാപക പിതാവിൽ നിന്നും തന്നെ ആ ചൈതന്യം സ്വീകരിക്കുവാൻ അവർക്കു ഭാഗ്യം ലഭിച്ചു. വലിയ സന്യാസ നിഷ്ഠയിലും, ചൈതന്യത്തിലും ജീവിച്ച മദർ സൽഗാ യോഹന്നാൻ ശ്ലീഹായുടെ ചൈതന്യം നിറഞ്ഞ വ്യക്തിയായിരുന്നു. യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ എന്ന് യോഹന്നാൻ ശ്ലീഹാ തന്നെ പറ്റി പറയുന്നതുപോലെ മദറും ഈ ഓർന്നകുറിപ്പുകളിൽ തന്റെ അഹം പ്രതിഫലിപ്പിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. മദർ സൽഗാ മരിച്ചാലും ബഥനിയിൽ ഇന്നും ജീവിക്കുന്നു. മദറിന് ആയിരമായിരം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് മദറിന്റെ ഈ 'ഓർമ്മക്കുറിപ്പുകൾ' ബഥനി സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ നിന്നും പ്രസിദ്ധീകരിക്കുകയാണ്.

സിസ്റ്റർ ബഞ്ചമിൻ എസ്. ഐ. സി.
മദർ ജനറൽ

കോട്ടയം
20-9-2008

## *A Short History*

### *The Bethany Sisters of the Imitation of Christ*

**(FOR THE GREATER GLORY OF GOD)**

മാവേലിക്കര പണിക്കരുവീട്ടിൽ തോമാപണിക്കരുടെയും പള്ളിക്കൽ ആറ്റുപുറത്ത് അന്നാമ്മയുടെയും മകനും എം. എ അച്ചൻ എന്നറിയപ്പെട്ടും ഇരുന്ന റവ. ഫാ. പിറ്റി. ഗീവർഗ്ഗീസ് ആണ് ബഥനിയുടെ സ്ഥാപക പിതാവ്.

അദ്ദേഹം ഒരു യുവ വൈദികനായിരിക്കുമ്പോൾ യാക്കോബായ സഭയിൽ വട്ടിപ്പണക്കേസ് എന്ന് അറിയപ്പെട്ടിരുന്ന പ്രമാദമായ ഒരു സമരം പാത്രിയക്കീസ് മെത്രാൻ കക്ഷികൾ തമ്മിൽ നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം അതിൽ 52-ാം സാക്ഷിയായിരുന്നുവെങ്കിലും അദ്ദേഹത്തിന് അതിന്റെ അതിപ്രധാനമായ ഒരു പങ്കുവഹിപ്പാനുണ്ടായിരുന്നു. ആദർശമതിയും അഭ്യസ്ഥവിദ്യനുമായിരുന്ന അദ്ദേഹം സ്വസമുദായം കലഹം മൂലം ഛിദ്രമായിപ്പോകുന്നതുകണ്ട് അത്യധികം വേദനപ്പെട്ടു. കോട്ടയം എം.ഡി. സെമിനാരിയുടെ പ്രിൻസിപ്പൽ ആയിരിക്കുമ്പോൾ തന്റെ മെത്രാപ്പോലിത്തയും ആത്മമിത്രവുമായിരുന്ന വട്ടശ്ശേരിൽ മാർ ഗീവവർഗീസ് ദിവന്നാസ്യോസിനോടൊത്തു ഒരു മീറ്റിംഗിൽ സംബന്ധിക്കാൻ കൽക്കട്ടായ്ക്കടുത്തുള്ള സെറാമ്പൂർ കോളേജിലേക്കു പോയി. പ്രിൻസിപ്പൽ ആയിരുന്ന ഡോ. ജോർജ് ഹവൽസ് അദ്ദേഹത്തിൽ ആകൃഷ്ടനായി, വളരെ സ്വാധീനം ചെലുത്തി മെത്രാപ്പോലീത്തായുടെ സമ്മതം കരസ്ഥമാക്കി അദ്ദേഹത്തെ കോളേജദ്ധ്യപകനായി നിയമിച്ചു.

ഛിദ്രിച്ചു നശിക്കാറായ യാക്കോബായ സഭയെ ഉദ്ധരിക്കാൻ അതിലെ യുവാക്കൾക്കും യുവതികൾക്കും ഉന്നത വിദ്യാഭ്യാസവും സന്യാസ പരിശീലനവും നൽകുന്നതിനുള്ള ഒരു അവസരമായി തന്റെ സെറാമ്പൂർ വാസകാലത്തെ അദ്ദേഹം ഉപയോഗപ്പെടുത്തി. ഉന്നത വിദ്യാഭ്യാസം മാത്രം കാംക്ഷിച്ചവരായ പല യുവാക്കന്മാരെ കൂടാതെ ആദർശമതികളും സഭാസേവനത്തിൽ തല്പരുമായ പല ശെമ്മാശന്മാരും യുവാക്കന്മാരും അദ്ദേഹത്തെ അനുഗമിച്ച് കൽക്കട്ടായിലും സെറാമ്പൂരിലും ഉള്ള കോളേജുകളിൽ എത്തിപ്പറ്റി. സെക്കന്റ് സർക്കുലർ റോഡിൽ അദ്ദേഹത്തോടൊന്നിച്ചു താമസിച്ചിരുന്ന ശെമ്മാശന്മാർക്കും



യുവാക്കൾക്കും അദ്ദേഹം വത്സലനായ ഒരു പിതാവും മാതാവും എല്ലാമായിരുന്നു, മാത്രമല്ല കൽക്കട്ടായിലും സമീപപ്രദേശങ്ങളിലും വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനുമായി ചെന്നുതാമസിച്ചിരുന്ന എല്ലാ മലയാളികൾക്കും അദ്ദേഹം ഒരു താങ്ങും തണലുമായിരുന്നു.

1913 മുതൽ 1919 വരെ അദ്ദേഹം സെറാമ്പൂർ കോളേജ് പ്രോഫസ്സർ ആയിരുന്നു. കൽക്കട്ടായിൽ ജോലി ചെയ്തിരുന്ന ഓക്സ്ഫോർഡ് മിഷ്യൻ ഫാദേഴ്സ് ഓഫ് എപ്പിഫനിയുമായി അവിടെ വച്ചു അദ്ദേഹം പരിചയപ്പെട്ടു (ഫാ. ഹോംസ്, ഫാ. ഷോർ മുതലായവർ). അവർ മൂലം കിഴക്കൻ ബംഗാളിൽ ബാരിസോൾ എന്ന സ്ഥലത്തെ ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സ് ഓഫ് എപ്പിഫനിയുടെ സ്ഥാപകരായ ഫാസ്ട്രോംഗ്, മദർ ഈഡിത്ത് ഇവരുമായി നമ്മുടെ ഫാദർ ഗീവർഗീസ് പരിചയം സമ്പാദിച്ചു. കൽക്കട്ടായിൽ ഹൈ ചർച്ച് എന്നുവിളിക്കപ്പെട്ടിരുന്നവരുടെ വക ഡയോസീസൻ ഹൈസ്കൂളിൽ കണിയാന്ത്ര അച്ചൻ മൂന്ന് പെൺകുട്ടികളെ വിദ്യാഭ്യാസത്തിനായി കൊണ്ട് ആക്കിയിരുന്നു. അവർ മൂന്ന് പേരും അച്ചന്റെ സ്വന്തത്തിൽപെട്ടവരായിരുന്നു. 1914-ൽ നിരണത്ത് ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകൾ അച്ചാമ്മയെ നമ്മുടെ ഫാദർ ഗീവർഗീസ് ഡയോസിസൻ കോളേജിൽ ആക്കി. ഒരു പ്രതിഷ്ഠിതമായ സേവന ജീവിതത്തിനായുള്ള താൽപര്യം അന്ന് അച്ചാമ്മയിൽ ദർശിച്ചിരുന്ന പിതാവിന് അച്ചാമ്മയെക്കുറിച്ച് വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നു. പിൽകാലത്ത് ഇവർ മിസ്സീസ് ജോൺ മത്തായി എന്ന പേരിൽ പ്രസിദ്ധ സേവനം ഭാരതഭൂമിക്കു നൽകി.

ഇതിനുമുമ്പ് മദ്ധ്യവേനൽ അവധിക്ക് നാട്ടിൽ വന്നിരുന്നപ്പോൾ സഭാ സേവനത്തിന് തല്പരരായ ചില യുവാക്കന്മാരെ ഉന്നത വിദ്യാഭ്യാസത്തിനായി സെറാമ്പൂരിലേക്ക് കൊണ്ടുപോകണമെന്ന് നമ്മുടെ പിതാവ് ആഗ്രഹിച്ചു. ഒളശ്ശയിൽ നാലാന്ത്ര എൻ. ഐ പോത്തച്ചന്റെ സഹോദരിയെ കളപ്പുരക്കൽ ഏബ്രഹാം (തരകൻ) വിവാഹം കഴിച്ചിരുന്നു. ഭർത്താവിന്റെ മരണശേഷം കടക്കാർ കുടുംബ സ്വത്തെല്ലാം ലേലം ചെയ്തെടുത്തു. ഏഴ് മക്കളുമായി സഹോദരി പോത്തച്ചന്റെ വീട്ടിൽ വന്നു താമസമാക്കി. മൂത്തമകൻ കുഞ്ഞൂഞ്ഞ് എന്നു വിളിക്കപ്പെട്ടിരുന്ന ചാക്കോയെ സെറാമ്പൂരിലേക്ക് കൊണ്ടുപോകണമെന്ന് പിതാവ് ആഗ്രഹിച്ചു. യുവാവിനും താൽപര്യമായിരുന്നു. സ്കൂൾ ഫൈനൽ പാസ്സായി അദ്ധ്യാപകനായിരുന്ന മൂത്തപുത്രൻ കുടുംബത്തിന് ഒരു തുണയായിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന അമ്മയോട് സ്വപു

ത്രനെ സഭാസേവനത്തിനായി അർപ്പിക്കുവാൻ പിതാവ് ആവശ്യപ്പെട്ടു. സ്വകുടുംബത്തിന്റെ പരാധീനബോധം ശരിക്കുണ്ടായിരുന്നിട്ടും ആ ദൈവഭക്തയായ വിധവ "ഒരു നല്ല കാര്യത്തിനാണല്ലോ എം. എ അച്ചൻ വിളിക്കുന്നത്," എന്നുപറഞ്ഞ് മകനെ വിട്ടയച്ചു. അദ്ദേഹം യാക്കോബ് ശെമ്മാശൻ ആയിരുന്നു.

മട്ടയ്ക്കൽ ശെമ്മാശന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തെയും കൂട്ടി കൊണ്ടുപോയി. അന്നു മുതൽ പിതാവിന്റെ ഉറ്റ മിത്രങ്ങളും ആശ്രമ സ്ഥാപനത്തിലും മഠാംഗങ്ങളുടെ പരിശീലനത്തിലും സ്ഥാപകന് ഏറ്റം വലിയ സഹായികളായും ഇവർ വർത്തിച്ചു. എന്നാൽ മട്ടക്കൽ ശെമ്മാശ്ശൻ ആശ്രമസ്ഥാപനത്തിന്റെ ബാഹ്യകാര്യങ്ങളിൽ മാത്രം സദാ വ്യാപൃതനായിരുന്നതിനാൽ പൗരോഹിത്യഭിഷേക ശേഷവും കാവി വസ്ത്രധാരിയായ ഒരു പോസ്റ്റുലന്റു മാത്രമായി തുടർന്നതല്ലാതെ ആശ്രമത്തിൽ താമസിച്ച് സന്യാസ പരിശീനം നടത്താൻ ഒരിക്കലും ഇടയായില്ല. ഫാ. അലക്സിയോസ് ഒടുവിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതുമില്ല. അദ്ദേഹം പിന്നീട് യാക്കോബായ സഭയിൽ മാർ തേവോദോസ്യോസ് എന്ന പേരിൽ കൊല്ലം എപ്പിസ്കോപ്പ ആയി തീർന്നു. ബഥനി മുണ്ടൻമലയിൽ താമസിച്ച് അവിടെ മരിച്ചടക്കപ്പെട്ടു.

1915-ാം മാണ്ട് മദ്ധ്യവേനൽ അവധിക്ക് ഫാ. ഗീവർഗീസ് നാട്ടിൽ വന്നപ്പോൾ സന്യാസപരിശീലനത്തിന് ഏതാനും യുവതികളെ പൂർവ്വ ബംഗാളിലുള്ള ഓക്സ്ഫോർഡ് മിഷൻ ആസ്ഥാനമായ ബാരിസോളിൽ കൊണ്ടാക്കുന്നതിന് മദർ ഈഡിത്തുമായി വ്യവസ്ഥ ചെയ്തിരുന്നു. ഈ വിവരം സെറാമ്പൂരിലെ ശിഷ്യരിൽ അദ്ദേഹത്തിന് ഏറ്റം പ്രിയങ്കരനായ ശൂരനാട്ടുകാരൻ കോശി ശെമ്മാശ്ശനുമായി സംസാരിച്ചു. ശെമ്മാശ്ശന്റെ പിതൃസഹോദരപുത്രി മറിയാമ്മ എന്നൊരു പെൺകുട്ടിയുടെ കാര്യം അദ്ദേഹത്തെ ധരിപ്പിച്ചു.

**ആദ്യത്തെ ബാരിസോളുകാർ : ജൂൺ 1915**

1. ഇങ്ങനെ ശൂരനാട്ടു കുറ്റിയിൽ കുരിയാക്കോസ് കത്തനാരുടെ മകൾ മറിയാമ്മയാണ് ബാരിസോളിലേക്കുള്ള ആദ്യത്തെ ആളായി തീർന്നത്. (15 വയസ്)

2. ഫാ. ഗീവർഗീസിന്റെ വിശ്വസ്ത സ്നേഹിതനായി മാവേലിക്കര കല്ലറയ്ക്കൽ ഈപ്പച്ചൻ എന്നൊരു നല്ല മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് കുഞ്ഞമ്മ എന്നു വിളിക്കപ്പെട്ടിരുന്ന ഒരു മകൾ ഉണ്ടായിരുന്നു. സന്യാസപരിശീലനത്തിന് പെൺകുട്ടികളെ കൊണ്ടുപോകുന്ന കാര്യം അച്ചൻ ഈപ്പച്ചനോട് സംസാരിച്ചിരുന്നു. കുഞ്ഞമ്മയെ വിടണമെന്ന് ഈപ്പച്ചൻ ആഗ്രഹിച്ച് സമ്മതം നൽകി.



3. മാവേലിക്കര പുത്തൻ പുരയ്ക്കൽ ഷോപ്പിലെ പിലിപ്പോച്ചൻ എന്ന് അറിയപ്പെട്ടിരുന്ന ഒരു നല്ല മനുഷ്യൻ ഫാ. ഗീവർഗീസിന്റെ സ്നേഹിതനായിരുന്നു. 1902 ലോ അതിനോടടുത്തോ അദ്ദേഹത്തിന്റെ രണ്ടു പെൺമക്കൾ ടൈഫോയിഡ് വന്നു മരിച്ചു. പിന്നെ വർഷങ്ങൾക്കു ശേഷം മൂന്നാമതൊരു മകൾ അനേക ദിവസം മരണാവസ്ഥയിൽ കിടന്നു. നിരാശനായ പിതാവ് മകളെ തൊട്ടുകൊണ്ട് "ഇത് രക്ഷപ്പെട്ടാൽ ദൈവത്തിനുകൊടുത്തേക്കാം", എന്നൊരു നേർച്ച നേർന്നു. ആ കുട്ടി രക്ഷപ്പെട്ടു. എം. എ അച്ചൻ പെൺകുട്ടികളെ ബാരിസോളിനു കൊണ്ടുപോകുന്നു എന്ന് ഗ്രഹിച്ച അപ്പൻ "അച്ചാ എന്റെ മകളെ ഞാൻ ദൈവത്തിനു നേർന്നതാണ്. അവളേക്കൂടെ കൊണ്ടുപോയ്ക്കൊളുക", എന്നു പറഞ്ഞു. അങ്ങനെ പി. പി. അന്നമ്മ എന്ന് വിളിക്കപ്പെട്ടിരുന്നതും പ്രീപ്പയാററ്ററി ക്ലാസ്സിലേക്ക് മെയ് മാസത്തിൽ പ്രവേശിച്ചതുമായ 11 വയസുകാരിയും ആ ഗണത്തിൽ പെട്ടു.

ഇതിൽ മറിയാമ്മയ്ക്ക് നാട്ടിൻപുറത്ത് കളരിയിൽ നിന്നും ലഭിച്ച വിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളു. അന്ന് അവരുടെ സ്ഥലത്ത് വേറെ സ്കൂൾ ഉണ്ടായിരുന്നില്ല. കുഞ്ഞമ്മക്കു പ്രായത്തിനുതക്ക വിദ്യാഭ്യാസവും ലഭിച്ചിരുന്നില്ല. 1915 ൽ 3-ാം ക്ലാസ്സിലേക്കു കയറ്റം കിട്ടിയിരുന്നു കാണും. പഠനത്തിൽ തല്പര്യയും അല്ലായിരുന്നു.

എം. എ അച്ചൻ ജൂൺ (1915) മാസത്തിൽ സെറാംപൂരിലേക്ക് മടങ്ങിയപ്പോൾ ഈ മൂന്ന് പെൺകുട്ടികളെ കൂടാതെ കൽക്കട്ടായിലുള്ള ഡയോസിസൻ ഹൈസ്കൂളിൽ പഠിക്കുന്നതിനായി വെണ്ണിക്കുളത്തു കുടത്തുംമുറിയിൽ അവകാശം കയറിയ തിരുവല്ല വള്ളംകുളം മോണോത്തുകണ്ടത്തിൽ ഗീവർഗീസിന്റെ മകളും കോട്ടയം ബേക്കർ മെമ്മോറിയൽ ഹൈസ്കൂൾ ഫോം 4 വിദ്യാർത്ഥിനിയുമായ കെ. വി. സാറാമ്മയേയും കൂടെ കൊണ്ടുപോയി. ചൊടിചൊടിപ്പും വാക്ക് സാമർത്ഥ്യവുമുള്ള ഈ പെൺകുട്ടി പ്രതിഷ്ഠാ ജീവിതവും സഭാസേവനവും ആഗ്രഹിച്ചാണ് പോയത്.

കൽക്കട്ടായിൽ നിന്ന് 3 പെൺകുട്ടികളേയും കൊണ്ട് 350 മൈൽ അധികം ദൂരമുള്ള ബാരിസോളിലേക്ക് ഉടനെ പോകുവാൻ ഫാ.

ഗീവർഗീസിന് സാധിക്കാഞ്ഞതിനാൽ, കൽക്കട്ടായിൽ നിന്ന് 10 മൈൽ അകലെ ഓക്സ്ഫോർഡ് മിഷൻ വക ബിഹാലായിലുള്ള (ബാരിഷ) സിസ്റ്റേഴ്സിന്റെ സ്ഥാപനത്തിൽ കുറെ ദിവസത്തേക്ക് അവരെ താമസിപ്പിച്ചു. പാവം കുട്ടികൾക്ക് സിസ്റ്റേഴ്സിനോട് സംസാരിപ്പാൻ ഇംഗ്ലീഷോ, മറ്റുള്ളവരോട് സംസാരിപ്പാൻ ബംഗാളിയോ വശമില്ലാതെ വിഷമിച്ചു. ഒരാൾ വയറ്റത്തും, വായിലും തൊട്ടുകാണിച്ച് 'റൊട്ടി' എന്നു പറഞ്ഞു വിശക്കുന്നു എന്ന് അവരെ ധരിപ്പിച്ചു.

ഈ മൂന്ന് കുട്ടികളെ ബാരിസോളിലേക്ക് തനിയെ വിട്ടാലുള്ള ഫലം ഗ്രഹിച്ച ഫാ. ഗീവർഗീസ് മട്ടയ്ക്കൽ അലക്സ്സാണ്ടർ ശെമ്മാശ്ശനെക്കൂടെ ബാരിസോളിലേക്കു കൊണ്ടുപോയി. അദ്ദേഹം ഓക്സ്ഫോർഡ് മിഷൻ ഫാദേഴ്സിന്റെ കൂടെ താമസിച്ച് ഫാ. ഇ. എൽ. സ്ട്രോംഗിൽ നിന്ന് കുറെയൊക്കെ തിയോളജി പഠിക്കുകയും ദിവസവും ക്ലിപ്ത സമയത്ത് സ്ത്രീകളുടെ താമസസ്ഥലത്തു ചെന്ന് കുട്ടികളെ മലയാളവും കുറേശ്ശെ ഇംഗ്ലീഷും പഠിപ്പിക്കുകയും ചെയ്തു.

**ബാരിസോൾ ഓക്സ്ഫോർഡ് മിഷൻ ഹൗസിൽ**

മദർ ഈഡിത്ത് ബാരിസോളിൽ ബംഗാളി പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് സ്ക്കൂളും, ഒരു അനാഥാലയവും, ദുർമ്മാർഗ്ഗികളായിതീർന്ന സ്ത്രീകളെ രക്ഷിച്ച് നന്നാക്കുന്നതിനായി ഒരു സങ്കേതസ്ഥലവും സ്ഥാപിച്ചിരുന്നു. 1915 ൽ സ്ത്രീകളുടേയും അനാഥക്കുട്ടികളുടേയും ചുമതല വഹിച്ചിരുന്നത് സിസ്റ്റർ എലിയനോർ ആയിരുന്നു. സ്തീകളുടെ കെട്ടിടങ്ങൾക്കടുത്ത് ഓർഫണേജിന്റേയും വെളിയിലായി ഒരു കെട്ടിടത്തിൽ ഈ മൂന്ന് കുട്ടികളെയും താമസിപ്പിച്ചു. അവരുടെ പൊതുവായ മേൽനോട്ടം സി. എലിയനോർ തന്നെ നിർവ്വഹിച്ചു. ബംഗാളി സ്ത്രീകളോട് സംസാരിച്ച് കുറെ ബംഗാളിയും കുറെ ഇംഗ്ലീഷും വശമാക്കിയപ്പോൾ ഇവരുടെ വിഷമം അല്പം കുറഞ്ഞു. ബംഗാളികളുടെ ഭക്ഷണം അവരുടെ മുറിയിൽ കൊണ്ടുവന്ന് അവർ കഴിച്ചു. കരയില്ലാത്ത വെള്ളസാരിയാണ് അവർ ധരിച്ചിരുന്നത്. വളരെ സ്ത്രീകളുടേയും കുട്ടികളുടേയും ചുമതല വഹിച്ചിരുന്ന സി. എലിയനോറിന് ഇവരുടെ കാര്യത്തിൽ അധികമൊന്നും ശ്രദ്ധിക്കാൻ സാധ്യമായില്ല. ഇതു സാക്ഷാൽ ഒരു പ്രശ്നമായിരുന്നു. ഇവരെ സിറിയൻ ഗേൾസ് എന്ന് സിസ്റ്റേഴ്സ് മൊത്തത്തിൽ പറഞ്ഞുവന്നു. എന്നാൽ ബംഗാളികൾ അവരെ അന്നമ്മ, കുഞ്ഞമ്മ എന്നാണ് വിളിച്ചിരുന്നത്. അവധിക്ക് ആണ്ടിൽ ഒരിക്കലെങ്കിലും ഫാ. ഗീവർഗീസ് ബാരിസോൾ



സന്ദർശിച്ച് ഇവർക്ക് കുമ്പസാരം, വി. കുർബാന, ഉപദേശങ്ങൾ ഇവ നൽകിയിരുന്നു. ഹൈ ചർച്ചുകാരുടെ കുർബാന ഇവർ ദിവസവും കാണുമായിരുന്നുവെങ്കിലും അനുഭവിച്ചിരുന്നില്ല.

1916 ഏപ്രിൽ മാസത്തിൽ ഫാ. ഗീവർഗീസ് അവധിക്ക് നാട്ടിലേക്ക് പോയപ്പോൾ ഇവരും പോന്നു. ഫാ. ഗീവർഗീസ് ഒരു കന്യാസ്ത്രീ മഠം തുടങ്ങുന്നുവെന്ന് 1915ൽ തന്നെ അറിഞ്ഞ ചിലർ അന്നുമുതൽ അവരുടെ കൂട്ടത്തിൽ ചേരുന്നതിനായി ആഗ്രഹിച്ചു. യാക്കോബായ സഭയിൽ മഠങ്ങളേ ഇല്ലായിരുന്നു.

1915 മുതൽ 1917 വരെ ഫാ. അലക്സിയോസ് ഈ മൂന്ന് പെൺകുട്ടികളുടെ സഹായത്തിനായി ബാരിസോളിൽ താമസിച്ചു. 1916 മദ്ധ്യ വേനൽ കാലത്തു ഫാ. ഗീവർഗീസ് നാട്ടിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ സെറാമ്പൂർ ശിഷ്യരിൽ ഒരാളായി തീർന്ന എം. പി. പത്രോസ്സ് ശെമ്മാശ്ശന്റെ (ബി. എ. എൽ. റ്റി) താൽപര്യപ്രകാരം കൊച്ചിരാജ്യത്തുനിന്ന് പുലയ വർഗ്ഗത്തിൽപ്പെട്ട അധകൃതരെ പഠിപ്പിച്ച് മാമോദീസാ നൽകുന്നതിനായി മാന്തുരുത്തി എന്ന സ്ഥലത്തു പോയി സഹായിച്ചു.

**പുതിയ അംഗങ്ങൾ ഒരുങ്ങുന്നു**

4.എം. പി. പത്രോസ് ശെമ്മാശ്ശന്റെ നേരേ മൂത്ത ഒരു സഹോദരി കുഞ്ഞിളച്ചി എന്നുവിളിക്കപ്പെട്ടിരുന്ന ശോശാമ്മ (മൂക്കഞ്ചേരി, തൃപ്പൂണിത്ര) ആ നാട്ടിലെ അന്നത്തെ നടപ്പനുസരിച്ച് 7 അല്ലെങ്കിൽ 8 വയസ്സുള്ളപ്പോൾ കോലഞ്ചേരിൽ വിവാഹം കഴിക്കപ്പെട്ടു. ആറോ ഏഴോ വർഷം കഴിഞ്ഞപ്പോൾ മൂക്കഞ്ചേരിയിൽ എം. പി. വർക്കിയുടെ ഭാര്യക്കും കുഞ്ഞിളച്ചിക്കും ടൈഫോയിഡു പിടിപ്പെട്ടു. കുഞ്ഞിളച്ചി കഷ്ടിച്ചു രക്ഷപ്പെട്ടു. രോഗിയെ കാണാൻ വന്ന കുഞ്ഞിളച്ചിയുടെ ഭർത്താവ് വീട്ടിൽ തിരിച്ചുചെന്നപ്പോൾ ടൈഫോയിഡ് പിടിപ്പെട്ട് പെട്ടെന്ന് മരിച്ചു. സുഖമായ കുഞ്ഞിളച്ചി പിന്നിടുണ്ടായ വിവാഹാലോചനകളെല്ലാം നിരസിച്ച് പ്രാർത്ഥനയിലും ഉപവാസത്തിലും സമയം കഴിച്ചിരുന്നു. ശെമ്മാശനെക്കാൾ 2 വയസ്സു മൂപ്പുണ്ടായിരുന്ന ഈ സഹോദരിയെ അദ്ദേഹം ഇച്ചേച്ചി എന്നാണ് വിളിച്ചിരുന്നത്. സെറാമ്പൂരിൽ പോകും മുമ്പുതന്നെ ഇച്ചേച്ചിയുടെ വിവരങ്ങൾ അദ്ദേഹം എം. എ അച്ചനെ ധരിപ്പിച്ചിരുന്നു. അദ്ദേഹം (എം. എ. അച്ചൻ ) ഈ മിഷൻ യാത്രയിൽ കുഞ്ഞിളച്ചിയെ കണ്ടു സംസാരിച്ച് വേണ്ട പ്രോത്സാഹനങ്ങൾ നൽകി.

5. ബാരിസോളിലെ പെൺകുട്ടികൾ 1916 മദ്ധ്യവേനലിന് നാട്ടിൽ വന്നപ്പോൾ കൊല്ലത്തുനിന്ന് കെട്ടുവള്ളത്തിൽ കയറി കായംകുളത്ത് ഇറങ്ങിയത് ഒരു ഞായറാഴ്ചയായിരുന്നു. ഇവരെക്കുറിച്ച് എം. എം അലക്സ്സാണ്ടർ ശെമ്മാശ്ശന്റെ (മട്ടയ്ക്കൽ) ഒരു ഉറ്റ സ്നേഹിതനും കായംകുളം എം. എം സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ശെമ്മാശ്ശപട്ടം സ്വീകരിച്ചയാളുമായ തേവലക്കര തെക്കേതയ്യിൽ റ്റി. കെ. തോമസ്സ് ശെമ്മാശ്ശനിൽ നിന്ന് പുതുപ്പള്ളിൽ താമസിച്ചിരുന്ന കായംകുളം പൊൻവാണിഭവം വീട്ടിൽ ആച്ചിയമ്മ കേട്ടു. ഒൻപതോ പത്തോ വയസ്സുള്ളപ്പോൾ ഊഞ്ഞാലിൽ നിന്നു വീണു കൈ ഒടിഞ്ഞുപോയ ആച്ചിയമ്മക്കു പല വിവാഹാലോചനകൾ നടന്നുവെങ്കിലും കൈ ഒടിഞ്ഞുപോയ കാരണത്താൽ എല്ലാവരും പിന്മാറിയിരുന്നു. തത്സമയം 20 വയസ്സായിരുന്ന ആച്ചിയമ്മ 1915 മുതൽ സ്വമാതുല ഗൃഹമായ കറ്റാനത്ത് ആന്നിയിൽ രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും പോയി കുമ്പസാരിക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്ത് ഒരു ഭക്ത ജീവിതം നയിച്ചുവന്നു. മാതുലന്റെ പുത്രിമാരായ പതിനാലുവയസ്സുള്ള തങ്കമ്മയും അനുജത്തി അന്നമ്മയും, സ്വന്തം അനുജത്തി ഏലിയാമ്മയും ഇതിൽ പങ്കുകൊണ്ടിരുന്നു. റ്റി. കെ തോമസ്സ് ശെമ്മാശ്ശൻ ഇവർക്കുവേണ്ടത്ര ആത്മീയ പ്രചോദനം നൽകത്തക്ക പുസ്തകങ്ങൾ കോട്ടയത്തുനിന്നും കൊണ്ടു കൊടുത്തുമിരുന്നു. ശെമ്മാശ്ശൻ മൂലം എം. എം അലക്സാണ്ടർ ശെമ്മാശ്ശൻ വേണ്ട ഏർപ്പാടുകൾ ചെയ്തു തുടങ്ങി. എങ്കിലും വീട്ടുകാരുടെ ശക്തിയായ എതിർപ്പുമൂലം രണ്ടുവർഷം കാത്തിരിക്കേണ്ടിവന്നു.

6. കറ്റാനത്ത് ആന്നിയിൽ പി.റ്റി. അന്നമ്മ എന്നൊരുകുട്ടി (13 വയസ്സ്) പുന്നൂസ് റമ്പാൻ എഴുതിയ വിശുദ്ധ സ്ത്രീകളുടെ ജീവചരിത്രം, വിശുദ്ധന്മാരുടെ ജീവചരിത്രം ഇവ വായിച്ച് അങ്ങിനെയുള്ള ഒരു ജീവിതം ആഗ്രഹിച്ചു. പിതൃസഹോദരിപുത്രിയായ പൊൻവാണിഭവം ആച്ചിയമ്മ മൂലം തേവലക്കര ശെമ്മാശ്ശനിൽ നിന്ന് ബാരിസോളിലെ വിവരങ്ങൾ അറിഞ്ഞ് അവിടെ പോകണമെന്ന് അതിയായി താല്പര്യപ്പെട്ടു. പക്ഷെ അനുവാദം കിട്ടാൻ വളരെ തടസ്സങ്ങളുണ്ടായി. ശൂരനാട്ടുകാരി മറിയാമ്മയുടെ പിതൃസഹോദരിപുത്രൻ പുതുപ്പുരയ്ക്കൽ (കറ്റാനം) ശെമ്മാശ്ശൻ മൂലവും ഇവരുടെ വിവരങ്ങൾ ഗ്രഹിച്ചു. ബാരിസോളിൽ വിട്ടില്ലെങ്കിൽ സ്കൂളിൽ പോകില്ലെന്ന് ശഠിച്ചുനോക്കി. മാങ്കാവിൽ എം. ജി. സാമുവേൽ അച്ചൻവഴി രണ്ടുവർഷം മുഴു



വൻ അമ്മയുടെ അനുവാദത്തിനു ശ്രമിച്ചു. റ്റി. കെ തോമസ്സ് ശെമ്മാശ്ശൻ അപ്പോൾ മുതൽ ബാരിസോളിൽ താമസിച്ചിരുന്ന എം. എം. അലക്സ്സാണ്ടർ ശെമ്മാശ്ശനുമായി വേണ്ട എഴുത്തുകുത്തുകൾ ചെയ്തുകൊണ്ടുമിരുന്നു. ഒടുവിൽ സ്വസഹോദരി തങ്കമ്മ പിൻതുണ നൽകി. പ്രാർത്ഥനകൊണ്ടും മകളുടെ സമ്മർദ്ദംകൊണ്ടും അമ്മ അനുവദിച്ചു.

**ബാരിസോളിലെ സജ്ജീകരണങ്ങൾ**

ബാരിസോളിൽ സിറിയൻ ഗേൾസിനു വേണ്ടി ചെയ്തിരുന്ന സജ്ജീകരണങ്ങൾ തികച്ചും പര്യാപ്തമല്ല എന്ന ബോദ്ധ്യം മദർ ഈഡിത്തിനും ഫാ. ഗീവർഗീസ്സിനും ഉണ്ടായി. ഒരു പരീക്ഷണമായി ആരംഭിച്ച സംരംഭം പുരോഗമിക്കുന്നത് ബന്ധപ്പെട്ടവർക്കെല്ലാം സന്തോഷകരമായിരുന്നു. ബംഗാളി സ്ത്രീകൾക്കുള്ള സ്ഥലത്തുനിന്നും അൽപ്പം അകലെയായി മറ്റു കെട്ടിടങ്ങളെക്കാൾ മെച്ചപ്പെട്ട കെട്ടിടം അവർക്കായി മദർ ഈഡിത്ത് പണികഴിപ്പിച്ചു. അവരുടെ കാര്യങ്ങൾ നോക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി സിസ്റ്റർ ഹെലൻ (ഹെലൻ ഹെറോൺ ഡയക്ക്) എന്ന സൽഗുണയും വിദ്യാസമ്പന്നയുമായ ഒരു സിസ്റ്ററിനെയും മദർ ഈഡിത്ത് നിർദ്ദേശിച്ചു. ഇങ്ങനെ രണ്ടാമത്തെ ഗണത്തിൽ പെട്ട മൂന്നുപേർ എത്തുംമുമ്പേ ഇവയെല്ലാം ശരിപ്പെടുത്തി ആദ്യത്തെ മൂന്നുപേരെയും പുതിയകെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു.

1917-മാണ്ട് മദ്ധ്യവേനൽ കാലത്ത് ഫാ. ഗീവർഗീസ്സും ബാരിസോളിലെ പെൺകുട്ടികളും നാട്ടിലേക്ക് വന്നില്ല. അലക്സ്സാണ്ടർ ശെമ്മാശൻ നാട്ടിൽ വന്ന് ഈ ഒരുങ്ങിയിരിക്കുന്ന മൂന്നുപേരെയും ചെന്നു കണ്ടു വിവരങ്ങൾ സ്ഥാപകനെ അറിയിച്ചു. ഇതിൽ മൂന്നാമത്തെയാൾ അന്ന് ഫോം 3 ൽ പഠിക്കുകയായിരുന്നതിനാൽ കുറെക്കൂടെ പഠിച്ചിട്ടു ചെന്നാൽ പോരേ എന്ന് അദ്ദേഹം ശെമ്മാശ്ശനെഴുതി. ആ കുട്ടി അത്യധികം ആഗ്രഹിക്കുന്നതിനാൽ തടഞ്ഞാൽ മരിച്ചുപോകും എന്നായിരുന്നു ശെമ്മാശ്ശന്റെ മറുപടി.

മദ്ധ്യവേനൽഅവധി കഴിഞ്ഞ് സെറാമ്പൂർ വിദ്യാർത്ഥികൾ മടങ്ങിയ കൂട്ടത്തിൽ ബാരിസോളിലെ രണ്ടാമത്തെ ഗണമായ 3 പേർ അലക്സ്സാണ്ടർ ശെമ്മാശ്ശന്റെ സംരക്ഷണയിൽ പോയി. ഹൗറാ സ്റ്റേഷനിൽ എത്തിയപ്പോൾ കത്തോലിക്കാ പുരോഹിതരെപ്പോലെ കാസക്ക് ധരിച്ച മുപ്പത്തഞ്ചുകാരൻ ഫാ. ഗീവർഗീസ് അവരെ സ്വീകരിക്കാൻ കാത്തു

നിൽപ്പുണ്ടായിരുന്നു. ഫാ. ഗീവർഗീസിന് അവരൊന്നിച്ച് ബാരിസോളിലേക്ക് പോകുവാൻ സൗകര്യം ഉടനെ ഇല്ലാഞ്ഞതിനാൽ അവരേ മൂന്നുപേരെയും അവരിൽ പ്രായം കൂടിയതും രോഗിയുമായ കുഞ്ഞിളച്ചിയുടെ സഹായത്തിനായി ശൂരനാട്ടു നിന്നും കൊണ്ടുവന്നിരുന്ന ഒരു കൊച്ചാച്ചിയെയും സെറാമ്പൂരിൽ സെക്കന്റ് സർക്കുലർ റോഡിലുള്ള ഹോസ്റ്റലിലേക്കു കൊണ്ടുപോയി. അവിടെ മുകളിലത്തെ നില അവർക്കായി ഒഴിഞ്ഞുകൊടുത്തു.

**പേരുമാറ്റങ്ങൾ**

1. കുഞ്ഞിളച്ചിയെ ശോശാമ്മ എന്ന മാമോദീസാ പേരുവിളിച്ചാൽ മതിയെന്ന് ഫാ. ഗീവർഗീസ് തിരുമാനിച്ചു. എന്നാൽ മുപ്പത്തിമൂന്ന് വയസ്സുള്ള ശോശാമ്മയെ മറ്റുള്ളവർ ഇളയമ്മ എന്നു വിളിക്കണമെന്നും അദ്ദേഹം തീരുമാനിച്ചു. അന്നുമുതൽ 1925 സെപ്റ്റംബർ വരെ ശോശാമ്മ എല്ലാവരുടേയും ഇളമ്മയായി തീർന്നു. ഫാ. ഗീവർഗീസിന്റെ ഇളയ സഹോദരി വിവധവയായ കുഞ്ഞമ്മയെ വീട്ടിൽ കുട്ടികൾ ഇളയമ്മ എന്നുവിളിച്ചിരുന്നതിനാലായിരിക്കാം ഇളയമ്മ എന്ന പദത്തിനോട് അദ്ദേഹത്തിന് പ്രത്യേക താൽപര്യമുണ്ടായത്.

2. ബാരിസോളിൽ ഒരു അന്നമ്മ ഉള്ളതിനാൽ പി.റ്റി അന്നമ്മയുടെ പേരുമാറ്റിവിളിക്കണ്ടത് ആവശ്യമായിരുന്നു. ഫാ. ഗീവർഗ്ഗീസ് പല പേരുകൾ നിർദ്ദേശിച്ചു. ഒടുവിൽ എലിശുബ എന്ന പേർ നിർദ്ദേശിച്ചത് ആ പതിനഞ്ചുകാരിക്ക് സ്വീകാര്യമായി തോന്നി.

1917 ജൂൺ അവസാനത്തോടെ ഫാ. ഗീവർഗീസ്, മട്ടയ്ക്കൽ ശെമ്മാശ്ശൻ ഇവർ നാലുപേരെയും കൊണ്ട് ബാരിസോളിലേക്കു പോയി

**കെ. എ യാക്കോബ് ശെമ്മാശ്ശൻ ബാരിസോളിൽ**

യാക്കോബ് ശെമ്മാശ്ശന് ബി. എ ഓണേഴ്സ് പബ്ലിക്കു പരീക്ഷാ ദിവസങ്ങളിൽ ഏതോ മാനസികാസ്വാസ്ഥ്യം നേരിട്ടതിനാൽ പരിക്ഷക്കു ചേർന്നിരുന്നില്ല. അദ്ദേഹം അലക്സ്സാണ്ടർ ശെമ്മാശ്ശനു പകരം 1917 ജൂലൈ 27 മുതൽ ഫാ. സ്ട്രോങ്ങിന്റ കൂടെ താമസിക്കുകയും, ദിവസവും മഠത്തിൽ വന്ന് ഗ്രെയ്ഡ് അനുസരിച്ച് ഓരോരുത്തരേയും പഠിപ്പിക്കണമെന്നുള്ള വ്യവസ്ഥ അനുസരിക്കുകയും ചെയ്തിരുന്നു.

**സിസ്റ്റർ ഹെലൻ**

ഈ രണ്ടാമത്തെ ഗണം ബാരിസോളിൽ എത്തുന്നതിനു മുമ്പായി



ആദ്യത്തെ മൂന്നുപേരും പുതിയ കെട്ടിടത്തിലേക്കു മാറി. ആ കെട്ടിടത്തിനു സമീപെ ഒരു കുളിമുറിയും ഒറ്റ ഒരു കിടക്കമുറിയും മാത്രമുള്ളതും ഓലയ്ക്കു പകരം പുല്ലു മേഞ്ഞതും തറ ചെളികൊണ്ടു മെഴുകിയതുമായ ഒരു കുടിലിലേക്കു സിസ്റ്റൽ ഹെലനും താമസം മാറിയിരുന്നു. അന്ന് സിസ്റ്ററിന് 32 വയസ്സ് പ്രായമുണ്ടായിരുന്നു. സിസ്റ്ററിന്റെ സമയം മുഴുവനും സിറിയൻസിനുവേണ്ടി ചെലവഴിച്ചിരുന്നു. ദിവസത്തിൽ ഒരു ഇംഗ്ലീഷ് ക്ലാസ്സ് ഇളയമ്മക്കും ആച്ചിയമ്മക്കും വേണ്ടി എടുത്തിരുന്നു. ബാക്കി അധിക സമയവും എലിശുബായുടെ പേർക്കാണ് ചെലവാക്കിയത്. എല്ലാവർക്കും കൂടി ബൈബിൾ / റിലിജിയസ് ക്ലാസ്സ് എടുത്തിരുന്നത് എലിശുബ അപ്പോൾ തന്നെ തർജ്ജിമ ചെയ്ത് മറ്റുള്ളവരെ ഗ്രഹിപ്പിച്ചിരുന്നു.

കൂടാതെ മദർ ഈഡിത്തിന് വളരെയധികം ജോലിതിരക്കുണ്ടായിരുന്നിട്ടുപോലും സന്യാസ ജീവതത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനായി നന്നായി ഒരുങ്ങി നോട്ട് എഴുതി എല്ലാ ഞായറാഴ്ചയും ഉച്ചക്കു മുമ്പ് ഒരു മണിക്കൂർ ദീർഘിക്കുന്ന ക്ലാസ്സ് എടുത്തിരുന്നു. മദറിന് മലയാളവും സിറിയൻ ഗേൾസിന് ഇംഗ്ലീഷും അറിഞ്ഞുകൂടാഞ്ഞതിനാൽ കുറേ നാളേക്കു (4 മാസം) യാക്കോബ് ശെമ്മാശ്ശനും പിന്നെ എലിശുബായും മദറിന്റെ ഒരോ വാചകവും തർജ്ജിമ ചെയ്തു മറ്റുള്ളവരെ ഗ്രഹിപ്പിച്ചു വന്നിരുന്നു. മദർ ക്ലാസ്സ് കഴിഞ്ഞു പോകുമ്പോൾ മുഴുവൻ വിശദമായി എഴുതിയിരുന്ന നോട്ട് അവരെ ഏല്പിച്ചിരുന്നു. അത് ആദ്യമൊക്കെ ശെമ്മാശ്ശനും പിന്നീട് എലിശുബായും തർജ്ജിമ ചെയ്തു മറ്റുള്ളവർക്ക് കൊടുത്തിരുന്നു.

1917, 1918 ഈ വർഷങ്ങളിൽ മദർ ഈഡിത്തും സിസ്റ്റർ ഹെലനും തിരുവിതാംകൂർ സന്ദർശിച്ചു. ( ഫാ. ഗീവർഗീസിന്റെ താൽപര്യപ്രകാരം) കോട്ടയം, മാവേലിക്കര മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. പെരുനാട്ടിൽ ഫാ. ഗീവർഗീസിന്റെ ആശ്രമസ്ഥാപനത്തിനു പറ്റിയ സ്ഥലം, പ്ലാൻ ഇവ നിർദ്ദേശിക്കാനും തിരുവല്ലായിൽ തിരുമൂലപുരത്ത് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള പണിയിച്ചിരുന്ന കെട്ടിടം ഒരു സ്കൂൾ സ്ഥാപനത്തിന് എത്രത്തോളം ഉപകരിക്കുമെന്ന് കണ്ടറിയുന്നതിനും ഈ സന്ദർശനങ്ങൾ ഉപകരിച്ചു. മലയാളം പഠിക്കാൻ സി. ഹെലൻ കോട്ടയത്ത് 1918 ൽ കുറെ മാസം താമസിച്ചു.

സി. ഹെലൻ തിരുവിതാംകൂറിൽ ആയിരുന്ന സന്ദർഭത്തിൽ സിസ്റ്ററിന്റെ മൂത്ത സഹോദരിയും മഠത്തിൽ സിസ്റ്ററിനേക്കാൾ ഒടുവിൽ

ചേർന്നതുമായ സിസ്റ്റർ ഇസബെൽ ഇവരുടെ ചുമതല വഹിച്ചു. പിന്നീട് ആ സിസ്റ്റർ ആഗ്നസ് എന്ന സ്വന്തം പേർ സ്വീകരിച്ചു. കാരണം അറിവില്ല. സിസ്റ്ററിന്റെ വീട്ടിലെ പേർ ആഗ്നസ് എന്നായിരുന്നു.

1918 മൈക്കിൾമാസ്സ് അവധിക്ക് ഫാ. ഗീവർഗീസും എം. പി. പത്രോസ് ശെമ്മാശ്ശനും ബാരിസോളിൽ വന്ന ഫാ. സ്ട്രോംഗിന്റെ കൂടെ താമസിക്കുകയും സിറിയൻ ഗേൾസിന് വി. കുർബാന, കുമ്പസാരം ഇവയും വേണ്ട ഉപദേശങ്ങളും നൽകുകയും ചെയ്തു. ഹൂഗ്ലി നദിയിൽ ഒരു പിക്കിനിക്കിനായി അവരെയും സി. ഹെലൻ, സി. ആഗ്നസ് ഇവരേയും കൂട്ടികൊണ്ടുപോകുകയും ചെയ്തു. ഒരു പിതാവിന്റേയും മാതാവിന്റേയും സ്നേഹം ഒന്നിച്ച് അദ്ദേഹത്തിൽ അവർ ദർശിച്ചു.

ഇളയമ്മയ്ക്കു വാതത്തിന്റെ ഉപദ്രവം വർദ്ധിച്ചതിനാൽ ബാരിസോളിലെ തണുപ്പു സഹിക്കൻ നിവർത്തിയില്ലാതെ ഏകദേശം നാലു മാസങ്ങൾക്കു ശേഷം മടങ്ങിപ്പോയി ചികിത്സയിൽ കഴിഞ്ഞു. വടക്കൻ രീതിയിലുള്ള സംസാരവും മകളെ എന്ന വാത്സല്യപൂർവ്വമുള്ള വിളിയും കുട്ടികൾക്ക് ഇളയമ്മയുടെ നേരെ മക്കൾക്കടുത്ത സ്നേഹാദരങ്ങൾ ഉളവാക്കി.

1918 മദ്ധ്യ വേനൽ അവധിക്ക് ബാരിസോൾ ഗണം അവധിക്ക് നാട്ടിലേക്കു വന്നു. ഫാ. ഗീവർഗീസ് ഇപ്രാവശ്യവും വന്നില്ല. എം. എം. അലക്സ്സാണ്ടർ ശെമ്മാശ്ശനും, ചെങ്ങന്നൂർ പൂവത്തൂർ മാമ്പുഴയ്ക്കാട് എം. സി. ജോർജ്ജ് എന്ന ബി. ഡി. വിദ്യാർത്ഥിയുമാണ് അവരുടെ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധവച്ചതും വഴിക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തുതും. നാട്ടുകാരായ മറ്റു ശെമ്മാശന്മാരും വിദ്യാർത്ഥികളും അടുത്തുള്ള കംപാർട്ടുമെന്റിൽ ഉണ്ടായിരുന്നുവെങ്കിലും ഇവരുമായി ഇടപെട്ടില്ല.

**പുതുതായി 5 പേർകൂടെ**

1918 ജൂൺ മാസത്തിൽ ബാരിസോളിലേക്കു അഞ്ചുപേർകൂടെ പോകാനായി നേരത്തെ തന്നെ ഏർപ്പാടു ചെയ്തിരുന്നു.

1. പുത്തൻകാവിൽ പീടികയിൽ കെ. ജി. ചെറിയാൻ ബി. എ. എൽ. റ്റി യുടെ മകൾ ശോശാമ്മ (18 വയസ് ) പഠനം നിർത്തി വീട്ടിൽ നിന്നിരുന്നു. ചെറിയാച്ചൻ ഫാ. ഗീവർഗീസിന്റെ അടുത്ത ചർച്ചക്കാരനും ഉറ്റ മിത്രവുമായിരുന്നു. ഫാ. ഗീവർഗീസ് മഠം തുടങ്ങാൻ ശ്രമിക്കുന്ന വിവരം ശോശാമ്മ അദ്ദേഹത്തിൽ നിന്ന് അറിഞ്ഞപ്പോൾ സ്വപിതാവിന്റെ അനുമതിക്ക് വിഷമം ഉണ്ടായില്ല. 1920 ൽ സ്വമനസ്സാ മഠം വിട്ടുപോയി.



2. മാവേലിക്കര കല്ലുംപുറത്ത് തോമാശെമ്മാശ്ശന്റെ പെങ്ങൾ കൊച്ചു മറിയാമ്മ (1920 ൽ വീട്ടിൽ അയക്കപ്പെട്ടു.)

3. റാന്നി ഇടശ്ശേരിൽ ഇക്കോച്ചൻ എന്നു വിളിക്കപ്പെട്ടിരുന്ന ഐ. എം. ഇടിക്കുള (ക്നാനായ സമുദായത്തിൽ പെട്ടയാൾ) യും അദ്ദേഹത്തിന്റെ കുടുംബവും ഫാ. ഗീവർഗീസിന്റെ ഉറ്റമിത്രങ്ങളും പെരുനാട്ടിൽ താമസിച്ചിരുന്നവരും ബഥനിയുടെ സ്ഥാപനത്തിൽ വളരെയധികം സഹായിച്ചിട്ടുള്ളവരുമാണ്. ഇക്കോച്ചന്റെ ഇളയ സഹോദരി കുഞ്ഞന്നമ്മയും മഠത്തെക്കുറിച്ച് ഗ്രഹിച്ച് അനുമതി സമ്പാദിച്ചു. റിബേക്കാ എന്ന് ബാരിസോളിൽ വിളിച്ചു. 1919 നു ശേഷം മഠത്തിൽ നിന്നില്ല. 1920 ലോ 1921 ലോ മരിച്ചു.

5. 1917 ജൂണിൽ സെറാമ്പൂരിൽ ബി.ഡിക്ക് പഠിക്കാൻ പോയിരുന്ന ചെങ്ങന്നൂർ പൂവത്തൂർ മാമ്പുഴക്കാട്ടിൽ ചാക്കോയുടെ മകൻ ജോർജ്ജിന്റെ സഹോദരി എം. സി. അന്നമ്മ സ്വസഹോദരനോടുകൂടെതന്നെ 1917 ൽ പോകാൻ വളരെ ആഗ്രഹിച്ചതായിരുന്നു. കുറെക്കൂടെ വളരട്ടെ എന്നുപറഞ്ഞ് അന്നു കൊണ്ടുപോയില്ല. എം. സി. അന്നമ്മയുടെ തീഷ്ണമായ താൽപര്യം മൂലം 1918 ലെ ഗണത്തിൽ ചേർന്നു.

6. ശൂരനാട്ടു കുറ്റിയിൽ കുരിയാക്കോസ് കത്തനാരുടെ മകളും ആദ്യം 1915 ൽ പോയ മറിയാമ്മയുടെ സഹോദരി റാഹേൽ കായംകുളം മിഡിൽ സ്കൂളിൽ നിന്ന് 7-ം ക്ലാസ്സ് ജയിച്ചു. റാഹേൽ 1918 ലെ ഗണത്തിൽ ഒരാളായി തീർന്നു.

ഇങ്ങനെ കൂടുതൽ അംഗങ്ങൾ വരുന്നതിലുള്ള സന്തോഷം കൊണ്ടും അവരുടെ ആത്മീയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാണെന്നുള്ള ബോധംകൊണ്ടും മദർ ഈഡിത്ത് അവർ താമസിച്ചിരുന്ന കെട്ടിടത്തിനടുത്തായി ഒരു ചെറിയ ചാപ്പൽ പണികഴിപ്പിച്ചു. കൊട്ടാരക്കര തെക്കേടത്തു സ്ക്കറിയാ അച്ചനെ അവർക്കു വേണ്ടി വി. കുർബാന ചൊല്ലുന്നതിനായി 1918 ൽ ഫാ. ഗീവർഗീസ് ബാരിസോളിലേക്ക് അയച്ചു. അദ്ദേഹം യാക്കോബ് ശെമ്മാശ്ശനോടെന്നിച്ച് ഫാ. സ്ട്രോംഗിന്റെ കൂടെ താമസിച്ച് തിയോളജി പഠിക്കുകയും ചെയ്തു.

**ആദ്യത്തെ പോസ്റ്റുലൻസ് :-**

1918 മാർച്ചിന് പി. ഐ ആച്ചിയമ്മ പൊൻവാണിഭവം, കെ. കെ. മറിയാമ്മ ഇവരെ ഫാ. ഗീവർഗീസ് ബാരിസോളിൽ വച്ച് സന്യാസ ജീവിതത്തിന്റെ പ്രാരംഭ പടിയായ പോസ്റ്റുലൻസിയിൽ പ്രവേശിപ്പിച്ചു. അപ്പോൾ ഇളയമ്മ ചികിത്സാർത്ഥം നാട്ടിൽ ആയിരുന്നു. പ്രവേശനത്തിനുള്ള ചോദ്യോത്തരങ്ങൾ ഫാ. ഗീവർഗീസ് തന്നെ ഉണ്ടാക്കിയിരുന്നു.

രണ്ടാം പ്രാവശ്യം ബാരിസോളിൽ നിന്ന് (1918 ഓഗ) ഫാ. ഗീവർഗീസ് താൽപര്യപ്പെട്ടതനുസരിച്ച് മദർ ഈഡിത്തും, സി. ഹെലനും തിരുവിതാംകൂർ സന്ദർശിച്ചു. പെരുനാട്, തിരുവല്ല ഇവിടങ്ങളിലെ സ്ഥാപനങ്ങളുടെ കാര്യം തീരുമാനിച്ച് ഏകദേശമായ ഒരു രൂപീകരണമുണ്ടാക്കി. മലയാളം പഠിക്കുന്നതിനായി സി. ഹെലനെ കോട്ടയത്ത് മിസ്റ്റർ ഏ. പീലിപ്പോസ് വക്കീലിന്റെ വീട്ടിൽ താമസിപ്പിച്ചു. പീലിപ്പോസ് വക്കിൽ ഫാ. ഗീവർഗീസിന്റെ ഏറ്റം അടുത്ത സുഹൃത്തുക്കളിൽ ഒരാളായിരുന്നു. ശ്രീ പി. കെ. വർക്കി സിസ്റ്ററിനെ മലയാളം പഠിപ്പിച്ചു. സിസ്റ്ററിനു പകരം സിസ്റ്ററിന്റെ ജേഷ്ഠത്തി സി. ആഗ്നസ് ബാരിസോൾ സിറിയൻ ഗണത്തിന്റെ ചുമതല വഹിച്ചു.

**സി. ഹെലൻ ബാരിസോളിൽ തിരിച്ചെത്തുന്നു**

1918 ഡിസംബറിൽ സി. ഹെലൻ തിരുച്ചുവന്നപ്പോൾ കൽക്കട്ടാ ഡയോസിസൻ കോളേജിൽ പഠിച്ചിരുന്ന നിരണത്ത് ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകൾ അച്ചാമ്മ, കൂടത്തും മുറിയിൽ കീവർച്ചന്റെ മകൾ സാറാമ്മ, സ്കൂൾ വിദ്യാർത്ഥിനി കണിയാന്ത്ര കുഞ്ഞമ്മ എന്നു വിളിക്കപ്പെട്ടിരുന്ന ഏലിയാമ്മ തോമസ് ഇവർ കൂടെവന്ന് സുറിയാനി പെൺകുട്ടികളുടെ കൂടെ താമസിച്ചു. പിന്നാലെ ഫാ. ഗീവർഗീസും വന്ന് ഫാ. സ്ട്രോംഗിന്റെ കൂടെ താമസിച്ച് അവർക്ക് വേണ്ടി വി. കുർബാന ചൊല്ലുകയും കുമ്പസാരം നടത്തുകയും എല്ലാവരേയും കൊണ്ട് ഹുഗ്ലി നദിയിൽ കൂടെ ഒരു ഉല്ലാസ യാത്ര പോകുകയും ചെയ്തു. സി. ഹെലനും സി. ആഗ്നസും കൂടെ ഉണ്ടായിരുന്നു.

ഇങ്ങനെ കൽക്കട്ടായിലും ബാരിസോളിലുമായി താമസിച്ചവരിൽ നിന്ന് സന്യാസത്തിന് താൽപര്യവും യോഗ്യതയും ഉള്ളവരെ ഒന്നിച്ചു ചേർത്ത് മഠം സ്ഥാപിക്കണമെന്നായിരുന്നു ഫാ. ഗീവർഗീസിന്റെ ഉദ്ദേശം. അദ്ദേഹത്തിന്റെ എല്ലാ ഉദ്ദേശങ്ങൾക്കും മദർ ഈഡിത്ത് ഔദാര്യപൂർവ്വമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുത്തിരുന്നു.



ഇങ്ങനെ അവധിക്കാലം ഒന്നിച്ചുകഴിച്ചശേഷം അവർ മൂവരും കൽക്കട്ടായ്ക്ക് മടങ്ങിപ്പോയി. ഇവരിൽ അച്ചാമ്മ ബി. എ പാസായതിനുശേഷം തിരുമൂലപുരം സ്കൂൾ ആരംഭിച്ചപ്പോൾ ഒരു വർഷം സ്കൂളിൽ സൗജന്യ സേവനം ചെയ്തു. 1918 ൽ ഇവർ മൂവരിൽ സന്യാസത്തിന് പറ്റിയത് അച്ചാമ്മ എന്നുതോന്നുമായിരുന്നു.

മദർ ഈഡിത്തും സി. ഹെലനും ഈ രണ്ടാം യാത്രയിൽ തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന ക്രിസ്തീയ അകത്തോലിക്ക ബോർഡിംഗുകൾ സന്ദർശിച്ചു. ബാരിസോളിൽ ഉണ്ടായിരുന്നവരിൽ പി.റ്റി. എലിശുബ, പി. പി. അന്നമ്മ ഇവരെ പഠിക്കാൻ വിടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. രണ്ടോ മൂന്നോ വർഷം കൊണ്ട് മെട്രിക്കുലേറ്റ് ചെയ്യാൻ സൗകര്യമുണ്ടെന്നായിരുന്നു പി.റ്റി.എ യോട് അലക്സാണ്ടർ ശെമ്മാശ്ശൻ പറഞ്ഞിരുന്നത്. പ്രൈവറ്റ് റ്റൂഷൻ കൊണ്ടെന്നതിനേക്കാൾ സ്കൂളിൽ ചേർന്ന് പഠിക്കുന്നത് നല്ലതെന്ന് ഫാ. ഗീവർഗീസും മദർ ഈഡിത്തും നിശ്ചയിച്ചു. കോട്ടയം ബേക്കർ മെമ്മോറിയൽ സ്കൂളാണ് മദറിനും സി.ഹെലനും ഇഷ്ടപ്പെട്ടത്.

**വീണ്ടും രണ്ടു പേർ കൂടെ പ്രാരംഭ പടിയിൽ (പോസ്റ്റുലൻസ്)**

1918 ജൂൺ മാസത്തിൽ നാട്ടിൽ നിന്ന് ബാരിസോളിൽ പോയവരുടെ ഗണത്തിൽ ഇളയമ്മയും തിരിച്ചെത്തി. പുതുതായി മദർ ഈഡിത്ത് ഉണ്ടാക്കിച്ച ചാപ്പലിന്റെ കൂദാശയക്കായി ഫാ. ഗീവർഗീസ് ജൂലൈ മദ്ധ്യം വന്നു. വി. തോമ്മാശ്ലീഹായുടെ ദുക്റാനാ തിരുനാൾ യാക്കോബായ സഭ ആചരിച്ചു വന്നതായ കർക്കടകം (സുറിയാനി കണക്ക്) 3-ാം തിയതിയായ ജൂലൈ 16നു ഇളയമ്മ (എം. പി. ശോശാമ്മ) യേയും കെ. സി. ശോശാമ്മയേയും പോസ്റ്റുലന്റ്സ് ആക്കി.

**കൊച്ചമ്മ എന്നവിളി**

ബാരിസോളിലെ സുറിയാനി സമൂഹം ഐക്യത്തിലും സ്നേഹത്തിലും ഉറച്ച ആദിമ സഭയിലേതുപോലെ ഒരു കുടുംബമായിരിക്കണമെന്ന് ഫാ. ഗീവർഗീസ് അത്യധികം ആഗ്രഹിച്ചു. 1917-ൽ 23 വയസുള്ള ആച്ചിയമ്മ, 17 വയസുള്ള മറിയാമ്മ ഇവരെ ബാക്കിയുള്ള 3 കുട്ടികളും കൊച്ചമ്മ എന്നു വിളിക്കണമെന്ന് ഫാ. ഗീവർഗീസ് ആജ്ഞാപിച്ചു. പിന്നെ 1918 ൽ വന്ന കെ. സി. ശോശാമ്മയേയും കൊച്ചമ്മ എന്നുവിളിച്ചു.

### വീണ്ടും പേരുകൾ മാറ്റുന്നു

ബാരിസോളിൽ ഒരു ശോശാമ്മയും ഒരു മറിയാമ്മയും, അന്നമ്മയും ഉണ്ടായിരുന്നതിനാൽ 1918 ൽ വന്ന ശോശാമ്മയെ സൂസാമ്മ എന്നും മാവേലിക്കര സി.എം. തോമസ് ശെമ്മാശ്ശന്റെ പെങ്ങൾ മറിയാമ്മയെ മാർത്തായെന്നും റാന്നിക്കാരി അന്നമ്മയെ റിബേക്കാ എന്നും മാമ്പുഴക്കാട്ടിൽ കൊച്ചന്നാമ്മയെ സാറാമ്മയെന്നും പേരുകൾ മാറ്റി വിളിച്ചു.

ആദിമ സഭയുടെ ഒരു പ്രതീതിയാണ് ബാരിസോളിൽ ഉണ്ടായിരുന്നത്. കുട്ടികളുടെ സ്വഭാവരൂപികരണത്തിൽ സി. ഹെലൻ അതീവ ശ്രദ്ധാലുവായിരുന്നു. സ്നേഹമസൃണമായ പെരുമാറ്റവും കരുണയും ഏറ്റം പതിഞ്ഞ മൃദുവായ സംസാരവും സിസ്റ്ററിനെ അവർക്ക് ഏറ്റം പ്രിയങ്കരിയാക്കി തീർത്തു. എലിശുബ മുതൽ കീഴോട്ടുള്ളവർ സന്ധ്യ കഴിഞ്ഞ് 8 മണിക്ക് കിടക്കണമെന്നായിരുന്നു നിയമം. സി. ഹെലൻ അവരുടെ പ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞ് വന്ന് ഓരോരുത്തരുടെയും കട്ടിലിനടുത്തുചെന്ന് കൊതുകുവല മെല്ലെ നീക്കി പുതപ്പുകളെല്ലാം ശരിയായിട്ട് പുതപ്പിച്ച് ഉറങ്ങിയിട്ടില്ലാത്തവർക്ക് ഒരു ചുംബനവും ഗുഡ് നൈറ്റും കൊടുത്തിട്ടു പോകുമായിരുന്നു. അതിനുവേണ്ടി ഉറക്കമിളച്ചു കിടക്കാൻ പലപ്പോഴും അവർ ശ്രമിച്ചിരുന്നു. എല്ലാ ജോലികളും സഹകരണബുദ്ധ്യാ സ്നേഹത്തിന്റെ അരൂപിയിൽ ചെയ്യാൻ അവർ ശ്രമിച്ചുവന്നു. ആകപ്പാടെ ആദർശത്തോടുകൂടി വന്നവർക്ക് സഹോദരസ്നേഹത്തിലുള്ള ചെറിയ ന്യൂനതകൾ പോലും ഉണ്ടാകുന്നത് വിഷമമായിരുന്നു.

### തുണികൾ നനച്ചിരുന്നതുപോലും പൊതുവിൽ:-

നനയ്ക്കുന്ന ദിവസങ്ങളിൽ എല്ലാവരുടേയും തുണികൾ ഒന്നിച്ച് കുതിർത്ത് സൗകര്യവും സന്മനസ്സുമുള്ള ആരെങ്കിലും നനച്ചുവൃത്തിയാക്കുമായിരുന്നു. അതിൽ യാതൊരു അതൃപ്തിയും ആർക്കും ഇല്ലായിരുന്നു. കൈവയ്യാതിരുന്ന ആച്ചിയമ്മകൊച്ചമ്മ പോലും ഇതിൽ സംബന്ധിച്ചിരുന്നു. എന്നാൽ ഇളയമ്മ രോഗിയും അബലയും ആയിരുന്നതിനാൽ ഇതിൽ സംബന്ധിച്ചിരുന്നില്ല.

### ഇളയമ്മ വീണ്ടും നാട്ടിലേക്ക് :-

മൂന്നാമത്തെ പോസ്റ്റുലന്റ് ആയിട്ട് 1918 ജൂലൈ 16 ന് തീർന്നയാളും വലിയ വാതരോഗിയും ദുർബലയുമായിരുന്ന ഇളയമ്മക്ക് ബാരിസോളിലെ തണുപ്പ് സഹിക്കാൻ നിവർത്തിയില്ലാതെ 1918 ലും നവംബറിൽ നാട്ടിലേക്ക് പോയി ചികിത്സയിൽ കഴിഞ്ഞു.



### ഫാ. ഗീവർഗീസ് രോഗം മൂലം നാട്ടിലേക്ക് മടങ്ങുന്നു:-

സെറാമ്പൂരിലെ അതിനിഷ്കർഷമായ ജീവിതരീതിയിൽ 1917 ൽ കെ. എ യാക്കോബ് ശെമ്മാശ്ശൻ രോഗിയായി തീർന്നപ്പോൾ അൽപ്പം അയവുവരുത്തിയിരുന്നു. എങ്കിലും ഉപവാസം, പ്രായശ്ചിത്തങ്ങൾ, ജാഗരണം ഇവ ഒട്ടും കുറവല്ലായിരുന്നു.

1919 മാർച്ചുമാസത്തിൽ പരിക്ഷക്കുമുമ്പുള്ള റിവിഷൻ കാലത്ത് ഫാ. ഗീവർഗീസ്, ശെമ്മാശ്ശന്മാർക്ക് പതിവായി കൊടുത്തിരുന്നതുപോലെ ഒരു ഉപദേശം നൽകിയതിനുശേഷം നമുക്കു പ്രാർത്ഥിക്കാം എന്നുപറഞ്ഞ് നിലത്ത് കുനിഞ്ഞു. പിന്നെ എഴുന്നേൽക്കാതെയിരുന്നു. ശെമ്മാശ്ശന്മാർ ചെന്ന് നോക്കിയപ്പൾ അദ്ദേഹത്തിന് പ്രജ്ഞയില്ലായിരുന്നു. മറ്റുള്ള എല്ലാ ശെമ്മാശ്ശന്മാരെക്കാളധികമായി ഫാ. ഗീവർഗീസിനെ സ്നേഹിക്കുകയും അദ്ദേഹത്തിന്റെ എല്ലാകാര്യങ്ങളിലും ശ്രദ്ധവയ്ക്കുകയും ചെയ്തിരുന്ന മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശ്ശൻ രോഗിയായി കിടപ്പായിരുന്നു.ദീർഘനേരമായിട്ടും എഴുന്നേൽക്കുന്നില്ല എന്നുകണ്ടപ്പോൾ ആരോ ഒരാൾ അദ്ദേഹത്തെ മെല്ലെ ഒന്നുതൊട്ടു. അദ്ദേഹത്തിന് ബോധമുണ്ടായി. ഞാൻ ഒന്നുമയങ്ങിപ്പോയി എന്നുപറഞ്ഞു. ശെമ്മാശന്മാർ അദ്ദേഹത്തെ താങ്ങി മുറിയിൽ കൊണ്ടുപോയി കിടത്തി. അൽപ്പം കഴിഞ്ഞ് വീണ്ടും ബോധം കെട്ടു. തനിച്ചു എഴുന്നേൽക്കാൻപോലും വഹിയാത്ത നിലയിലായി. അദ്ദേഹത്തെ ആശ്രയിച്ചു ആ ഹോസ്റ്റലിൽ ജീവിച്ചിരുന്ന 21 പേരിൽ എം. എം. അലക്സാണ്ടർ ശെമ്മാശ്ശനും എം.സി ജോർജ്ജ് ശെമ്മാശ്ശനുമൊഴികെയുള്ള എല്ലാവരും അവരവരുടെ പഠനത്തിൽ മാത്രം മുഴുകിയിരുന്നു. പിതൃതുല്യം അവരെ സ്നേഹിച്ച് സ്വന്തം പണം ചെലവാക്കി അവരെ സംരക്ഷിച്ചിരുന്ന ഫാ. ഗീവർഗീസിന്റെ കാര്യത്തിൽ അവർക്കാർക്കും ഒരു ശ്രദ്ധയും കാണപ്പെട്ടില്ല. എം. സി ജോർജ്ജ് രാപകൽ അച്ചനെ ശുശ്രൂഷിച്ചുകൊണ്ട് അടുത്തു നിന്നു. 10 ദിവസത്തേക്ക് ജോർജ്ജ് കോളേജിൽ പോലും പോയില്ല.

ആദ്യത്തെ ദിവസം തന്നെ എം. സി. ജോർജ് ഡീക്കൻ കെ. ഡേവിഡ് ഇവർ കോളേജു ഡോക്ടറെ ചെന്നു കണ്ടു. 2 ദിവസത്തെ പൂർണ്ണ വിശ്രമം കൊണ്ട് അൽപ്പം സുഖം കിട്ടി. അദ്ദേഹത്തിന്റെ

ആത്മാവിനു വേണ്ടി കരുതുന്നത്രയും ശ്രദ്ധ ശരീരത്തിന്റെ കാര്യത്തിലും എടുക്കണമെന്ന് അദ്ദേഹത്തോട് പറയണം എന്നൊരു നിർദ്ദേശവും ഡോക്ടർ നൽകി.

ബഥനിയുടെ സ്ഥാപനം സംബന്ധിച്ച് ചില എഴുത്തുകൾ ഉണ്ടായിരുന്നത് തുടരാതെ നിവർത്തിയില്ലായിരുന്നു. അൽപ്പം സുഖം തോന്നിയപ്പോൾ അദ്ദേഹം എഴുത്തുകുത്തുകൾ തുടർന്നു. പക്ഷേ വീണ്ടും രോഗം വർദ്ധിച്ചു. പരിപൂർണ്ണ വിശ്രമം എന്ന് ഡോക്ടർ നിർദ്ദേശിച്ചു. 10 ദിവസങ്ങൾക്കുശേഷം എം. സി. ജോർജ്ജ് നന്നാ ക്ഷീണിച്ചപ്പോൾ ശെമ്മാശ്ശന്മാർ തവണമാറി അച്ചനെ ശുശ്രൂഷിച്ചു തുടങ്ങിയെങ്കിലും ആവക കാര്യങ്ങളിൽ പരിചയമില്ലാതിരുന്നതിനാൽ എം.സി ജോർജ്ജിനെ വീണ്ടും വീണ്ടും വിളിക്കേണ്ടതായി വന്നു.

**എം. എ അച്ചൻ നാട്ടിലേക്കു മടങ്ങുന്നു :-**

ഒരു സ്പെഷലിസ്റ്റിന്റെ നിർദ്ദേശം ഫാ. ഗീവർഗീസ് 6 മാസത്തേക്ക് പരിപൂർണ്ണമായി വിശ്രമിക്കണം എന്നായിരുന്നു. എം.എം അലക്സാണ്ടർ ശെമ്മാശ്ശനും അദ്ദേഹത്തോടൊന്നിച്ച് നാട്ടിലേക്കു പോകാൻ തീർച്ചയാക്കി. പെരുനാട്ടിൽ ആശ്രമം സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 6 മാസത്തെ ശമ്പളം കോളേജിൽ നിന്നും മുൻകൂട്ടി വാങ്ങി. കൂടാതെ മിസ്റ്റർ ഡാനിയൽ ഹാമിൽട്ടൻ എന്നൊരു ഇംഗ്ലീഷുകാരനിൽ നിന്ന് 7000 രൂപ ദീർഘകാല വായ്പയായും വാങ്ങി. കോട്ടയത്ത് കിരീടധാരണ വൈദ്യശാലയിൽ മൂന്ന് ദിവസം പിഴിച്ചിലും അതിന്റെ പഥ്യവുമായി കഴിച്ചു. അതിന്റെ ഉടമസ്ഥന് ഫാ. ഗീവർഗീസന്റെ നേരെ അത്യധികമായ സ്നേഹബഹുമാനാദരവുകൾ ഉണ്ടായിരുന്നു.

**പെരുനാട്ടിൽ ആശ്രമ സ്ഥാപനം**

എം. എ. അച്ചൻ സെറാമ്പൂരിൽ ആയിരിക്കുമ്പോൾ തന്നെ പെരുനാട്ടിൽ മുണ്ടൻമലയുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനായി ശൂരനാട്ടുകാരി മറിയാമ്മയും മറ്റും ഉമ്മൻ ചിറ്റപ്പൻ എന്നുവിളിച്ചിരുന്ന ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനെ ഫാ. ഗീവർഗീസ് നിയമിച്ചിരുന്നു.

**മിസ്റ്റർ എം. എ. ഇടിക്കുള :-**

റാന്നിയിൽ ഇടശ്ശേരിൽ ഇക്കോച്ചൻ എന്നുവിളിക്കപ്പെട്ടിരുന്ന മിസ്റ്റർ ഇടിക്കുളയും എം.എ. അച്ചന്റെ സഹോദരൻ മത്തായി പണിക്കരും ആരംഭത്തിൽ തന്നെ ബഥനിയുടെ സ്ഥാപനത്തിനായി



അക്ഷീണം യത്നം ചെയ്ത വ്യക്തികളാണ്. എം. എം. അലക്സാണ്ടർ ശെമ്മാശൻ പെരുനാട്ടിൽ എത്തിയത് വൈദികപട്ടം സ്വീകരിച്ച് അലക്സിയോസ് എന്നപേരുമാറ്റത്തോടുകൂടിയായിരുന്നു. 1919-ൽ തങ്ങളുടെ വത്സല പിതാവ് രോഗിയായ വിവരം കൽക്കട്ടായിൽ അന്നുണ്ടായിരുന്ന മൂന്നുപെൺകുട്ടികളും അറിഞ്ഞുവെങ്കിലും ബാരിസോളിലെ കുട്ടികളെ വിവരമൊന്നും അറിയിച്ചില്ല.

**രണ്ടുപേർ ബാരിസോൾ വിടുന്നു**

1919 മദ്ധ്യവേനൽ അവധിക്ക് ബരിസോൾഗണം നാട്ടിൽ വന്നുമടങ്ങിയപ്പോഴേക്ക് പി.റ്റി. എലിശുബാ, പി. പി. അന്നമ്മ എന്നിവർ കോട്ടയം ബേക്കർ മെമ്മോറിയൽ ഹൈസ്കൂളിൽ ചേർന്നതിനാൽ തിരിച്ചുപോയില്ല.

**റവ. റ്റി. ജെ. വറുഗീസു ശെമ്മാശ്ശൻ, റവ. വി.ഒ. ജോസഫ് ശെമ്മാശൻ**

ബാരിസോൾ ഗണം നാട്ടിലേക്ക് പോരാനായി റ്റി. ജെ. വറുഗീസ് ശെമ്മാശ്ശന്റെ ഉത്തരവാദിത്വത്തിലാണ് പോന്നത്. സെറാമ്പൂരിൽ എത്തിയപ്പോൾ റവ. വി. ഒ ജോസഫ് ശെമ്മാശൻ അവർക്ക് ഭക്ഷണം വിളമ്പി കൊടുക്കുന്നതിനും മറ്റും വളരെ സഹായിച്ചു. പിൽക്കാലത്ത് ഇദ്ദേഹം മാർ സേവറിയോസ് എന്ന പേരിൽ മെത്രാൻ ആകുകയും കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുകയും ചെയ്തു.

റ്റി. ജെ. വറുഗീസ് ശെമ്മാശ്ശൻ ഫാ. ഗീവർഗീസിന്റെ പിൻഗാമിയും പ്രതിനിധിയും എന്ന നിലയിലാണ് ബാരിസോൾ ഗണത്തെ നയിച്ചത്. എന്നാൽ കാലതാമസമെന്യേ ആശ്രമസ്ഥനാകാനുള്ള ആഗ്രഹം പരിത്യജിച്ച് വിവാഹിതനാകുകയും രണ്ടുമൂന്നുവർഷത്തിനുള്ളിൽ മരിക്കുകയും ചെയ്തു.

കെ. എ. യാക്കോബ് ശെമ്മാശ്ശൻ മദ്ധ്യവേനൽ അവധിക്കുമുമ്പു തന്നെ ബാരിസോൾ വിട്ട് പെരുനാട്ടിലേക്ക് പോയിരുന്നു.

**ആശ്രമസ്ഥാപനം -1919**

ഇലഞ്ഞിക്കൽ മിസ്റ്റർ ജോൺ വക്കീൽ ദാനം നൽകിയ 100 ഏക്കർ സ്ഥലത്തോട് തൊട്ട് അതിന്റെ ഇടയ്ക്കു കിടന്ന സ്ഥലം മിസ്റ്റർ കെ. ജി. ചെറിയാൻ, കെ.സി. മാമ്മൻ മാപ്പിള, മി. കെ. കെ. ലൂക്കോസ് എന്നീ സമുദായ സ്നേഹികളുടെ സഹകരണത്തോടെ പതിപ്പിച്ചെടു

ത്തു കഴിഞ്ഞിരുന്നു. അവിടെ ഫാ. അലക്സിയോസ്, എം. സി. ജോർജ്, ഉമ്മൻ വാദ്ധ്യാർ മുതലായവർ ചെന്ന് താമസമാക്കി. സെറാമ്പൂരിൽ വച്ചു നേരത്തേ ഫാ. ഗീവർഗീസ് നിശ്ചയിച്ചിരുന്ന പ്രകാരം ബഥനി ആശ്രമം എന്നുപേരിട്ടു. ആ പേരു തിരഞ്ഞെടുക്കാൻ സ്ഥാപകനെ പ്രേരിപ്പിച്ച ആദർശങ്ങൾ ഗിരിദീപത്തിൽ (പേജ് 69) പറഞ്ഞിട്ടുണ്ട്.

**ബാരിസോളിനോട് വിടവാങ്ങുന്നു**

1919 ജൂണിൽ 9 പേർ മാത്രം ബാരിസോളിലേക്ക് തിരിച്ചുപോയി. അവർ 1920 മാർച്ചിൽ സെറാമ്പൂർ വിദ്യാർത്ഥികൾ നാട്ടിലേക്ക് മടങ്ങുമ്പോൾ ബാരിസോളിനോട് യാത്ര പറഞ്ഞ് നാട്ടിൽ തിരിച്ചെത്തി.

**തിരുമൂലയിൽ മഠം സ്ഥാപനം**

തിരുവല്ലായിൽ തിരുമൂലപുരത്ത് കണ്ടത്തിൽ വർഗ്ഗീസു മാപ്പിള വിദ്യാലയത്തിനായി പണിയിച്ചിട്ടിരുന്ന കെട്ടിടം അനേക വർഷങ്ങളായി ഒട്ടികൾക്കും, ഊളന്മാർക്കും ഒരു സങ്കേതമായി മാത്രം കഴിഞ്ഞിരുന്നു. അവിടെ ഒരു സ്കൂൾ ആരംഭിക്കുന്നതിനായി ഇംഗ്ലണ്ടിൽ നിന്ന് മദർ ഈഡിത്തിന്റെ ഉറ്റ സ്നേഹിതയായിരുന്ന മിസ്സ്. എ. ഹോംസിനെയും മിസ് പി.ഡി. ബ്രൂക്സ് സ്മിത്തിനേയും ഫാ. ഗിവർഗീസിന്റെ താൽപര്യപ്രകാരം മദർ ഈഡിത്ത് വരുത്തി. അവർ ബാരിസോളിൽ വന്ന് കുറെ ദിവസങ്ങൾ താമസിച്ചു. സ്കൂളിൽ കുട്ടികളെ നോക്കുന്നതിനും അവരുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽശ്രദ്ധിക്കുന്നതിനും സിറിയൻ സിസ്റ്റേഴ്സ് കൂടെ തിരുവല്ലായിൽ തിരുമൂലപുരത്ത് താമസിക്കാമെങ്കിൽ മാത്രമേ അവർ അങ്ങോട്ട് പോകുകയുള്ളു എന്ന് മിസ്സ് ഹോംസ് ശഠിച്ചു. മദർ ഈഡിത്ത് ഫാ. ഗീവർഗീസുമായി സമ്പർക്കം പുലർത്തി കാര്യം തീരുമാനിച്ചു.

**മഠം പണിയാനും സ്ഥലം വാങ്ങാനും ചിറ്റയ്ക്കാട്ടു മാത്യൂസച്ചനെ ഏർപ്പെടുത്തുന്നു**

സ്ഥാപകൻ പെരുനാട്ടിൽ പോകും മുമ്പ് തിരുമൂല സ്കൂൾ ആരംഭിക്കുന്നതിനു മുൻകൈ എടുത്ത് പ്രവർത്തിച്ചു. സ്കൂളിന്റെ പറമ്പിനോട് തൊട്ട് കൊച്ചുമാലിൽകുടുംബാംഗങ്ങളുടെ വക കുറെ തരിശു ഭൂമി ഉണ്ടായിരുന്നു. അതു മഠത്തിനായി തന്റെ പേർക്ക് വിലയാധാരം എഴുതിക്കണമെന്ന് എം. എ അച്ചൻ ബ. ചിറ്റയ്ക്കാട്ടച്ചനെ അധികാരപ്പെടുത്തി. അച്ചൻ പെരുനാട്ടിൽ ചെന്ന് സ്ഥാപകനെ കണ്ടു കാര്യങ്ങൾ ആരാഞ്ഞറിഞ്ഞ് തീരുമാനമെടുത്തു.



**തടസ്സം**

നിശ്ചിത ദിവസം ചിറ്റയ്ക്കാട്ടച്ചൻ ആധാരമെഴുതിക്കാൻ തന്റെ ഭാര്യാസഹോദരന്മാരായ കൊച്ചുമാലിൽ സഹോദരന്മാരുമായി കച്ചേരിയിൽ ചെന്നു. കണ്ടത്തിൽ വർഗ്ഗീസു മാപ്പിളയുടെ മകൻ ഈപ്പൻവക്കീൽ എങ്ങനെയോ ഫാ. ഗീവർഗീസ് കൊച്ചുമാലിൽകാരുടെ സ്ഥലം വാങ്ങാൻ പോകുന്നു എന്നറിഞ്ഞിട്ടു നേരത്തെതന്നെ കഴിയുന്നത്ര തടസ്സമുണ്ടാക്കിയതിനെയെല്ലാം ചിററയ്ക്കാട്ടച്ചൻ ചെറുത്തുനിന്നു. എഴുതാൻ കച്ചേരിയിൽ ചെന്ന വിവരം അറിഞ്ഞ് ഈപ്പൻ വക്കീൽ അവിടേയും ചെന്ന് കഴിയുന്നത്ര തടയാൻ നോക്കി. ഒടുവിൽ ചിറ്റയ്ക്കാട്ടച്ചൻ വളരെ തന്റേടത്തോടെ മൂത്ത അളിയനോട് ഒപ്പുവച്ചുകൊടുക്കാൻ പറഞ്ഞു. അയാൾക്ക് മറുത്ത് നിൽക്കാൻ കഴിഞ്ഞില്ല.

**കെട്ടിടം പണിയിക്കുന്നു ചിറ്റയ്ക്കാട്ടച്ചൻ**

1920 മേയ് മാസത്തിൽ തിരുമൂല സ്കൂൾ ആരംഭിക്കുന്നതോടുകൂടി മഠം പണിതീർക്കണമെന്ന് എം. എ. അച്ചൻ ചിറ്റയ്ക്കാട്ടച്ചനെ ഏർപ്പാടുചെയ്തു. മുണ്ടൻ മലയിൽ നിന്ന് തേക്ക് തടികൾ അയച്ചു കൊടുത്തു. ബലവാനച്ചൻ എന്നു കൂട്ടുകാർ വിളിച്ചിരുന്ന അച്ചൻ അതിരാവിലെ മുതൽ തക്കസമയത്ത് ഭക്ഷണം കഴിക്കുകയോ, വിശ്രമിക്കുകയോ ചെയ്യാതെ ജോലിക്കാരുടെ അടുത്തു തന്നെ നിന്നു ജോലിചെയ്യിച്ചു എങ്കിലും നിർദ്ദിഷ്ട സമയത്ത് കെട്ടിടം തീർന്നില്ല. ശരീരാദ്ധ്വാനം മൂലം ചിറ്റയ്ക്കാട്ടച്ചന്റെ ആരോഗ്യത്തിനു കോട്ടമുണ്ടാകുകയും ചെയ്തു.

**സിസ്റ്റർ ഹെലനും പിന്നെ സിസ്റ്റർ ഡോറിനും വന്നു**

മുൻകൂട്ടി നിശ്ചയിച്ചിരുന്ന 1920 ഓഗസ്റ്റിൽ സി. ഹെലൻ, മദർ ഈഡിത്തുമായി ബാരിസോളിൽ നിന്നു വന്നുചേർന്നു. സിസ്റ്ററിനോടുകൂടി മദർ ഈഡിത്ത് കോട്ടയം സന്ദർശിച്ചു. 1920 മേയ് 20–ന് ആരംഭിച്ച മഠത്തിൽ താമസിക്കാനായി ആച്ചിയമ്മ (പൊൻവാണിഭം) മറിയാമ്മ കുറ്റിയിൽ, കെ. സി ശോശാമ്മ (സൂസാമ്മ) ഇവരും മേയ് 15ന് വന്നു. പക്ഷേ ഇവർക്ക് താമസസൗകര്യമില്ലായിരുന്നു. സ്വമാതാവിന്റെ കസിൻ പോളിച്ചിറയ്ക്കൽ പി. കെ ഉമ്മന്റെ വീട് സ്കൂളിനോട് തൊട്ടടുത്തായിരുന്നതിനാൽ ആച്ചിയമ്മ അവിടെ താമസിച്ചു.

സി. ഹെലൻ നോഹയുടെ പെട്ടകത്തിലെ പ്രാവിനെപോലെയായി. പള്ളത്ത് ബൂക്കനാൻ സ്കൂളിന്റെ ചുമതല വഹിച്ചിരുന്ന മിസ്സ്. റിച്ചാർഡിന്റെയും മിസ്സ് നേവിന്റെയും കൂടെ പണിയെല്ലാം തീർന്ന്

കെട്ടിടം വാസയോഗ്യമാകുന്നതുവരെ സിസ്റ്റർ താമസിച്ചു. സ്കൂൾ തുടങ്ങിയപ്പോൾ ആച്ചിയമ്മ, മറിയാമ്മ തുടങ്ങിയവർ മഠത്തിലേക്ക് മാറി താമസിച്ചു. 1920 നവംബർ 29 -ന് സി. ഡോറിൻ തിരുവല്ലായിൽ വന്നു ചേർന്നു.

**ഇളയമ്മ ചികിത്സയിൽ**

കൃശഗാത്രയും കാര്യമായ രോഗങ്ങൾക്ക് അധീനയുമായിരുന്ന ഇളയമ്മക്ക് തണുപ്പുകാലങ്ങളിൽ ബാരിസോളിൽ വസിക്കാൻ സാധ്യമായിരുന്നില്ല. വേറെ അസുഖങ്ങൾ ഉണ്ടായിരുന്നതിനാൽ ഡോ. മിസ്സിസ് പൂന്നൻ ലൂക്കോസിനെ കാണിച്ചു. തിരുവന്തപുരം തൈക്കാട്ട് ആശുപത്രിയിൽ വച്ച് ഒരു മേജർ ഓപ്പറേഷൻ നടത്തി. ഓപ്പറേഷന് മുമ്പും പിമ്പും കുറെ ദിവസങ്ങൾ സാറാ പോത്തന്റെ മാതാപിതാക്കൾ താമസിച്ചിരുന്ന വീട്ടിൽ താമസിച്ചു. ഒടുവിൽ തിരുമൂലപുരത്ത് എത്തിയ ശേഷവും മൂന്നു മാസത്തിലധികം പരിപൂർണ്ണ വിശ്രമത്തിൽ കഴിഞ്ഞു കൂടി.

**കൊച്ചമ്മ എന്ന വിളി തിരുമൂലബാലികാ മഠത്തിലും**

ബാരിസോളിലെ കുട്ടികൾക്ക് ഇളയമ്മ മാത്രമല്ല കൊച്ചമ്മമാരും ഉണ്ടായിരുന്നു. ആച്ചിയമ്മ എല്ലാവർക്കും കൊച്ചമ്മയായിരുന്നു. കൂടാതെ മറിയാമ്മ, സൂസാമ്മ ഇവരേയും മിക്കവരും കൊച്ചമ്മ എന്ന് ഫാ. ഗീവർഗീസിന്റെ നിർദ്ദേശപ്രകാരം വിളിച്ചിരുന്നു. തിരുമൂലപുരത്തുവന്നപ്പോൾ സ്കൂൾകുട്ടികൾ മഠത്തിലെ അംഗങ്ങളേയും സ്കൂളിലെ ടീച്ചേഴ്സിനേയും കൊച്ചമ്മ എന്നുതന്നെ വിളിച്ചുതുടങ്ങി.

ഉൽകൃഷ്ട വിദ്യാഭ്യാസവും ക്രിസ്തീയ സന്യാസവും ലഭിച്ചിട്ടുള്ള സ്ത്രീകളെകൊണ്ട് സ്വനാട്ടിലുള്ള സ്ത്രീ ജനങ്ങൾക്ക് ആദ്ധ്യാത്മികമായും വിദ്യാഭ്യാസപരമായും സാമുദായികവുമായുള്ള ഉൽകൃഷ്ടം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടെയാണ് യാക്കോബായ സഭയിൽ മഠം തുടങ്ങാൻ ഫാ. ഗീവർഗീസ് തീരുമാനിച്ചത്.

**ആ കാലത്തെ വലിയൊരു പ്രശ്നം ആരെ കണ്ടുകൊണ്ട് കുട്ടികളെ അയക്കുന്നു?**

1915 ൽ മൂന്ന് പെൺകുട്ടികൾ സന്യാസ ജീവിതത്തിനായി പോയത് അറിഞ്ഞതുമുതൽ പ്രതിഷ്ഠാജീവിതത്തിനായുള്ള ആകാംക്ഷയുള്ള പല പെൺകുട്ടികളും അങ്ങനെ ഒരു ജീവിതം ആഗ്രഹിച്ചു.



വളരെയധികം കണ്ണുനീരും നിർബന്ധവും നിമിത്തം അൽപ്പമൊരു സമ്മതം മാതാപിതാക്കളിൽ നിന്ന് ലഭിച്ചപ്പോൾ ചാർച്ചക്കാരും ബന്ധുക്കളും സ്നേഹിതരും എതിർത്തുതുടങ്ങി. റോമാക്കാർക്കാണെങ്കിൽ നല്ല ഉറപ്പുണ്ട്. ധാരാളം മഠങ്ങളുണ്ട്. ഇവിടെ എന്താണുറപ്പ്? ആരെ കണ്ടുകൊണ്ടാണ് കൊച്ചിനെ വിടുന്നത്? എം. എ അച്ചന്റെ കാലം കഴിയുമ്പോൾ എന്താകും? എന്ന ചോദ്യം പലരിൽ നിന്നുമുണ്ടാകാതിരുന്നില്ല. അന്നത്തെ യാക്കോബയക്കാർക്ക് എം. എ അച്ചനിൽ അവരുടെ സഭയിൽ എന്നതിനേക്കാൾ വിശ്വാസവും ഉറപ്പുമുണ്ടായിരുന്നു.

**തിരുമൂല വിലാസം പ്രൈമറിസ്കൂൾ**

കണ്ടത്തിൽ വറുഗീസ് മാപ്പിള സ്കൂളിനായി പണിയിച്ചിട്ടിരുന്ന കെട്ടിടത്തിൽ തിരുമൂലപള്ളി ഇടവകക്കാരായ പോളിച്ചിറയ്ക്കൽ പെരുമ്പള്ളിക്കാട്ട് പി. കെ ഏബ്രഹാമിന്റേയും മറ്റും പരിശ്രമഫലമായി ഒരു പ്രൈമറിസ്കൂൾ നടത്തിയിരുന്നു. ചെങ്ങന്നൂർ കൊട്ടാരത്തിൽ ചാണ്ടി സാർ അതിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നു. ബാലികാമഠം എന്നപേരിൽ പെൺപള്ളിക്കൂടം തുടങ്ങാൻ ഫാ. ഗീവർഗീസ് ഏർപ്പാടെല്ലാം ചെയ്തപ്പോൾ സ്ഥലത്തെ പ്രമാണികളോട് അദ്ദേഹം ആലോചിച്ച് മേൽ പറഞ്ഞ പ്രൈമറിസ്കൂൾ മഠത്തിന്റെ വക എം.സി. റോഡിനോട് അടുത്ത സ്ഥലത്ത് മാറ്റി ഒരു ഷെഡ്ഡിൽ സ്ഥാപിച്ചു. 1920 മേയ് മാസത്തിൽ മഠം സ്ഥാപിച്ചപ്പോൾ അത് വളരെ കഷ്ടസ്ഥിതിയിൽ ആയിരുന്നു. അതിന്റെ ശോച്യസ്ഥിതി അൽപ്പമെങ്കിലും എന്നല്ല അക്കാലത്ത് ഗണ്യമായി ഭേദപ്പെടുത്തുന്നതിനും ശിക്ഷണവും അഭ്യസനവും മെച്ചപ്പെടുത്തുന്നതിനും സി. ഹെലൻ വളരെയധികം ക്ലേശങ്ങൾ സഹിച്ചു. പെരുനാട്ടിൽ നിന്ന് മേൽക്കൂര ശരിയാക്കാനുള്ള തടിയും മറ്റും അയച്ചുകൊടുത്തു. സ്ഥലവാസികളിൽ രണ്ടുമൂന്നു കുടുംബങ്ങളൊഴികെ എല്ലാവരും നിർദ്ധനരുമായിരുന്നു. എല്ലാവരും എം. എ അച്ചന്റെ നേതൃത്വത്തെ സ്വാഗതം ചെയ്തു.

തിരുമൂലയിൽ ഒരു ആദ്ധ്യാത്മികചൈതന്യവും നവജീവനുമുണ്ടാകുവാൻ മഠം, ബാലികാ മഠം ഇവയുടെ സ്ഥാപനം സഹായകമായിതീർന്നു. അത് അവിടെ അവസാനിച്ചുമില്ല. ഈ സ്ഥാപനങ്ങളോട് എന്തെങ്കിലും തരത്തിൽ ഇടപ്പെട്ട എല്ലാവരിലേക്കും എം. എ അച്ചന്റെ ചൈതന്യം വ്യാപിച്ചു.

പിതാവ് സെറാമ്പൂരിൽ ആയിരിക്കുമ്പോൾ അച്ചൻ എന്നു സ്വശിഷ്യരും എം. എ അച്ചൻ എന്നു മറ്റുള്ളവരും വിളിച്ചിരുന്നു. എന്നാൽ

അദ്ദേഹം പെരുനാട്ടിൽ ബഥനി ആശ്രമം സ്ഥാപിച്ച് സന്യാസപരിശീലനത്തിന്റേയും പ്രതിഷ്ഠാജീവിതത്തിന്റേയും പ്രാരംഭ അടയാളമായി ആദ്യ അംഗങ്ങൾ കാഷായവസ്ത്രങ്ങൾ ധരിക്കുകയും ചെയ്തപ്പോൾ ആശ്രമസ്ഥർ അദ്ദേഹത്തെ പിതാവ് എന്നു വിളിച്ചുതുടങ്ങി. അദ്ദേഹം അവർക്കും തിരുമൂലപുരത്തു മഠത്തിൽ താമസിച്ച കന്യാകകൾക്കും മാത്രമല്ല, ബാലികാമഠത്തിലെ കുട്ടികൾക്കും സാക്ഷാൽ പിതാവ് തന്നെയായിരുന്നു. കാലക്രമത്തിൽ ഇങ്ങനെതന്നെ വെളിയിലുള്ള പലരും അദ്ദേഹത്തെ വിളിച്ചു.

**പെരുനാടും തിരുമൂലപുരവും**

ആശ്രമസ്ഥരെ നയിക്കുന്നതിനും അവർക്ക് ഉപദേശങ്ങൾ ഇടയ്ക്കിടെ കൊടുക്കുന്നതിനുമായി പെരുനാട്ടിലും, മഠത്തിന്റേയും തിരുമൂല ബാലികാമഠത്തിന്റേയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നതിനായി സ്ഥാപകനായ പിതാവ് തിരുമൂലപുരത്തും ഇടയ്ക്കിടെ പൊയ്ക്കൊണ്ടിരുന്നു. ഈ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ കരുതലും അവയിലെ അംഗങ്ങളുടെ നേരെയുള്ള സ്നേഹവും ഏതൊരു സ്വാഭാവിക പിതാവിന്റെയോ, മാതാവിന്റെയോ സ്നേഹത്തെ കവിയുന്നതായിരുന്നു. മഠത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിന് കൂടുതൽ ആർദ്രതയും കരുതലും ഉണ്ടായിരുന്നു.

**സിസ്റ്റർ ഹെലനിൽ പൂർണ്ണ വിശ്വാസം അർപ്പിച്ചു**

തന്റെ മക്കളെ യോഗ്യമായ രീതിയിൽ പരിശീലിപ്പിക്കാൻ എല്ലാവിധത്തിലും സി. ഹെലൻ എത്രയും യോഗ്യയായ ഒരു വനിതയാണെന്നു ഗ്രഹിച്ച പിതാവ് അവരെ പരിശീലിപ്പിക്കുന്ന കാര്യം പൂർണ്ണമായി സിസ്റ്ററിനെ ഏൽപ്പിച്ചു. സിസ്റ്റർ അത് സ്തുത്യർഹമായി ചെയ്തു. സമൂഹരൂപവൽക്കരണത്തിൽ സിസ്റ്ററിന് അതിപ്രധാനമായ പങ്കുണ്ട്.

1921 ൽ കെ. കെ റാഹേൽ പള്ളം ബുക്കനാനിൽ നിന്നു മടങ്ങിയെത്തി. 7-ാം ക്ലാസ് ട്രെയിനിങ്ങിനു തോറ്റുപോയതിനാൽ സിസ്റ്റർ ഹെലൻ റാഹേലിനെ തിരുവല്ല എം. ജി. എം . ഹൈ സ്കൂളിൽ പഠിപ്പിച്ചിരുന്ന മല്ലപ്പള്ളിക്കാരൻ വി. എ. വർഗ്ഗീസ് ബി. എ. എൽ. റ്റി യുടെ വീട്ടിൽ കുറെനാൾ താമസിപ്പിച്ചു. സാറിനേയും അദ്ദേഹത്തിന്റെ ഗുണവതിയായ ഭാര്യയേയും കുറിച്ച് പിതാവിന് വലുതായ സ്നേഹാദരങ്ങൾ ഉണ്ടായിരുന്നു. അന്ന് റാഹേൽ എന്ന ക്രിസ്തീയ നാമം അമ്മ ചേർക്കാതെയാണ് വിളിച്ചുവന്നത്.



**സ്ത്രീയോഗവും, സൺഡേ സ്കൂളും, വീടുസന്ദർശനവും**

തിരുമൂല യാക്കോബായ ഇടവകാംഗങ്ങളുടെ സ്തീകൾക്കായി ആഴ്ചതോറും മഠത്തിൽ വച്ച് സി. ഹെലൻ ഒരു ഉപദേശം കൊടുത്തിരുന്നു. മഠത്തിലെ അംഗങ്ങളോ, സ്കൂളിലേ ടീച്ചേഴ്സോ ആരെങ്കിലും അത് മലയാളത്തിൽ സ്തീകളെ പറഞ്ഞു കേൾപ്പിച്ചിരുന്നു.

സൺഡേസ്കൂളിന്റെ ചുമതലയും സിസ്റ്റർ തന്നെ ഏറ്റെടുത്തു. ഗ്രേയ്ഡ് അനുസരിച്ച് ഓരോ ക്ലാസിലും പഠിപ്പിക്കാനുള്ള പാഠത്തിന്റെ നോട്ട് ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഇംഗ്ലിഷിലും അറിയാത്തവർക്കായി മലയാളത്തിലും സിസ്റ്റർ സ്വന്തം കൈകൊണ്ട് എഴുതി, ഒരാഴ്ച മുമ്പെ അദ്ധ്യാപകരെ ഏൽപ്പിക്കുമായിരുന്നു.

താണജാതിക്കാരായി ചുറ്റും ഉണ്ടായിരുന്നവരുടേയും സുറിയാനിക്കാരുടേയും വീടുകൾ സന്ദർശിക്കുവാൻ സിസ്റ്റർ ആരുടേയെങ്കിലുംകൂടെ പോകുന്നതും ഒരു പതിവായിരുന്നു.

**ബഥനി മലയുടെ ആകർഷണ ശക്തി**

1919 ൽ ബഥനി മലയിൽ ആശ്രമക്കെട്ടിടങ്ങൾ വയ്ക്കുകയും ഭാവി അംഗങ്ങളാകാനുള്ളവർ താമസം തുടങ്ങുകയും ചെയ്തെങ്കിലും 1920 ലെ കഷ്ടാനുഭവ ആഴ്ചമുതൽ ആണ്ടുതോറും കഷ്ടാനുഭവ ആഴ്ചയിൽ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള വലിയൊരു ജനക്കൂട്ടം ബഥനി ആശ്രമപിതാവിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനും, അസാമാന്യ ഭക്തിചൈതന്യേന അദ്ദേഹം നടത്തിയിരുന്ന ശുശ്രൂഷകളിൽ പങ്കുകൊള്ളുന്നതിനുമായി, മുണ്ടൻമലയിലുള്ള ഇടവക ചാപ്പലിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. ആശ്രമ പിതാവും ആശ്രമസ്ഥരും അക്കാലത്തു കാഷായ വസ്ത്രധാരികളായിരുന്നു.

1921 ൽ തിരുമൂലപുരത്ത് മഠത്തിൽ താമസിച്ചിരുന്നവരും കഷ്ടാനുഭവ ആഴ്ചയിൽ പിതാവ് നടത്തുന്ന ശുശ്രൂഷകളിൽ സംബന്ധിക്കാനായി പെരുനാട്ടിലേക്ക് പോയി, സത്രത്തിൽ താമസിച്ചു. പ്രാർത്ഥനകൾ, പ്രസംഗങ്ങൾ ഇവയെക്കല്ലാമുള്ള സമയം ക്ലിപ്തപ്പെടുത്തിയിരുന്നു. അവയ്ക്കെല്ലാം സംബന്ധിച്ചശേഷം സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് അവർ സത്രത്തിലേക്ക് തിരിച്ചു പോന്നിരുന്നു. ഉച്ചവരെ വെള്ളം പോലും കുടിക്കാതെയുള്ള പരിപൂർണ്ണ ഉപവാസവും പൂർണ്ണമായ മൗനാനുഷ്ടാനവുമായിരുന്നു പതിവ്.

1922 ഏപ്രിൽ മാസത്തിൽ ഏലിശുബാ തിരുമൂല വന്നുചേർന്നു. ആ വർഷത്തെ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകളിൽ സംബന്ധിക്കാൻ എല്ലാവരും പോയകൂട്ടത്തിൽ ഏ. പിലിപ്പോസു വക്കീലിന്റെ മകൾ സാറാമ്മയും ഉണ്ടായിരുന്നു. ഉടനെ മഠത്തിൽ ചേരണമെന്നുള്ള ആഗ്രഹത്തോടെയാണ് അന്ന് സാറാമ്മ വന്നത് എന്നാൽ ആഗ്രഹം നിലനിന്നില്ല.

## പെരുനാട്ടിലേക്കുള്ള യാത്ര

തിരുമൂല നിന്നു ചെങ്ങന്നൂർ ഇറപ്പുഴക്കടവുവരെ നടന്ന് അവിടെ നിന്ന് വള്ളം കയറി വടശ്ശേരിക്കരയിറങ്ങി. ഊണും ഉറക്കവുമെല്ലാം വള്ളത്തിനകത്ത്. 40-ാം വെള്ളിയാഴ്ച അതിരാവിലെ വടശ്ശേരിക്കര ക്കടവിൽ ആബൂന (കൊച്ചു പിതാവ്) എന്ന് ആശ്രമസ്ഥർ വിളിച്ചു തുടങ്ങിയിരുന്ന അലക്സിയോസച്ചൻ കാത്തു നിൽക്കുന്നുണ്ടായിരുന്നു. പാറകളുടേയും കാടുകളുടേയും ഇടയിലൂടെയുള്ള ഒറ്റയടിപാതകളിലൂടെ എല്ലാവരും ആബൂനായെ അനുഗമിച്ചു. പെരുനാട് ഇടവക പള്ളിയിൽ അവരുടെ ഗണം ചെന്നയുടനെ വി. കുർബാന തുടങ്ങി. ആണ്ടുതോറുമുള്ള യാത്ര ഇങ്ങനെ തന്നെയായിരുന്നു.

## പെരുനാട്ടിലെ വിശ്രമം

മഠാംഗങ്ങൾ ആണ്ടുതോറും കഷ്ടാനുഭവ ആഴ്ചയിലെയും ഉയിർപ്പുപെരുനാളിന്റേയും ശുശ്രൂഷകളിൽ സംബന്ധിച്ചശേഷം കുറെ ദിവസങ്ങൾ വിശ്രമത്തിൽ സത്രത്തിൽ താമസിച്ചു. ഹേവോറെ ദിവസങ്ങളിൽ അവർക്ക് പലതരത്തിലുള്ള നല്ല പഴവർഗ്ഗങ്ങൾ മുകളിലുള്ള ആശ്രമത്തിൽനിന്നു കൊടുത്തയക്കുമായിരുന്നു. അവരുടെ ഇഷ്ടംപോലെ സത്രത്തിൽ കാണപ്പെടുന്ന എന്തും അവർ ആ ദിവസങ്ങളിൽ എടുത്ത് ഭക്ഷിച്ചിരുന്നു.

## ഏത്തക്കായുടെ കഥ

ഒരു പ്രാവശ്യം- 1921 ലോ, 22 ലോ ആണെന്നുതോന്നുന്നു-വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന് കൊടുത്തയക്കാൻ വേണ്ടി വളരെയധികം പഴുത്ത ഏത്തക്കാ ഉണക്കിയത് സത്രത്തിൽ വച്ചിരുന്നു. എന്തിനുവേണ്ടിയാണെന്നു അറിഞ്ഞുകൂടാതിരുന്നതിനാൽ ഹേവോറേയുടെ ഉല്ലാസ ദിവസങ്ങളിൽ അതിൽ അധികപങ്കും പോസ്റ്റുലൻസ് അകത്താക്കി. അവിടെ ആശ്രമത്തിൽ നിന്ന് ധാരാളം സാധനങ്ങൾ



അവർക്കായി കൊടുത്തയച്ചിരുന്നകൂട്ടത്തിലുള്ളതാണ് ഈ വരട്ടേത്തക്ക എന്നു അവർ ധരിച്ചു. ആരും അവരെ കുറ്റപ്പെടുത്തിയുമില്ല. എങ്കിലും വിവരം കേട്ടപ്പോൾ അവരിൽ ചിലർക്ക് ഒരുവല്ലാഴിക തോന്നാതിരുന്നില്ല.

## സിസ്റ്റർ ഡോറിൻ പെരുനാട്ടിലെ ഘോരവനത്തിൽ അകപ്പെട്ടു

ആണ്ടുതോറും മഠാംഗങ്ങൾ പെരുനാട് ബഥനിയിലേക്കു പോകുമ്പോൾ സി. ഹെലനും സി. ഡോറിനും കൂടെ പോകുമായിരുന്നു. 1921 ൽ സിസ്റ്ററിന്റെ ജോലിക്കാരിയായിരുന്ന പള്ളത്തുകാരി മറിയം വീട്ടിൽ പോയി. പകരം മിസ്സ് ഹോംസിന്റെ വേലക്കാരൻ (ബട്ലർ) തോമാ സിസ്റ്റേഴ്സിന്റെ പാചകത്തിനായി കൂടെ പോയി. സിസ്റ്റർ ഹെലന് മലയാളം അറിയാമായിരുന്നതിനാൽ പിതാവിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനായി സിസ്റ്റർ പോകുക പതിവായിരുന്നു. 1921 ഏപ്രിൽ 26 ന് ചൊവ്വാഴ്ച (ഹാശാ ആഴ്ച) പതിവുപോലെ മഠാംഗങ്ങളും സിസ്റ്റർ ഹെലനും പിതാവിന്റെ പ്രസംഗത്തിൽ സംബന്ധിച്ചു. സി. ഡോറിന് മലയാളം വശമില്ലായിരുന്നു. പ്രകൃതി സൗന്ദര്യം സിസ്റ്ററിന് എപ്പോഴും ആനന്ദകരമായിരുന്നു. വിദൂരതയിൽ ആകാശത്തെ നോക്കി മുട്ടിന്മേൽ നിന്ന് കൈകൾ കൂപ്പി പ്രാർത്ഥനയിൽ ലയിച്ച് ദീർഘ നേരം സിസ്റ്റർ കഴിയുന്നത് പലരും കണ്ടിട്ടുണ്ട്. എല്ലാവരും പള്ളിയിലായിരിക്കുന്ന ഈ ദിവസം സത്രത്തിന് നേരെ മുകളിലുള്ള മലയിൽ കയറി ഒറ്റയടിയിലൂടെ സിസ്റ്റർ നടന്നുപോകുന്നത് തോമാ കണ്ടു. പ്രസംഗം കഴിഞ്ഞപ്പോൾ സിസ്റ്റർ ഹെലൻ മടങ്ങിവന്ന് സി. ഡോറിനെ അന്വേഷിച്ചപ്പോൾ മലമുകളിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് സിസ്റ്റർ അതിലെ കയറിപ്പോയി എന്നുപറഞ്ഞു. വഴിയോ മലമുകളിലും കാടുകൾക്കിടയിലും കൂടെയുള്ള വെറും ഒരു ഒറ്റയടിപ്പാത മാത്രമായിരുന്നു. പ്രകൃതി രമണീയത ആസ്വദിച്ച് പ്രാർത്ഥനാനിരതയായി നടന്നുപോയ സിസ്റ്റർ എത്ര ദൂരം നടന്നു, എവിടെയെത്തി എന്നൊന്നും ഒരു നിശ്ചയമുമില്ലാതെയായി. നേരവും ഇരുണ്ടു. തിരിച്ചു സത്രത്തിൽ ചെന്നെത്തേണ്ടത് എങ്ങനെ? എവിടേയ്ക്കു തിരിയണം. എന്ന് യാതൊരു തുമ്പുമില്ലാതെ വിഷമിച്ചു.

സി. ഹെലൻ മലയിൽ കയറി കുറെയെല്ലാം നടന്ന് സി. ഡോറിനെ തിരക്കി. ഫലമുണ്ടായില്ല. അർത്ഥിനികളെല്ലാം സന്ധ്യാനമസ്കാരം കഴിഞ്ഞു മടങ്ങി വരുമ്പോൾ സി. ഹെലൻ സത്രത്തിനു വെളിയിൽ ഇറങ്ങിവന്ന് മുകളിലേക്കുള്ള ഒറ്റയടിപാതയിലൂടെ കയറാൻ വന്നു.

വളരെ വിഷമത്തോടും അർത്ഥിനികളുടെ ധ്യാനനിഷ്ഠക്കു ഭംഗം വരുത്താത്ത വിധത്തിൽ ഏറ്റം പതിഞ്ഞ സ്വരത്തിലും സി. ഡോറിനെ കാണാനില്ല എന്നു പറഞ്ഞു. എല്ലാവരും കഷ്ടാനുഭവആഴ്ച മുഴുവൻ മൗനനിഷ്ഠയിൽ കഴിയുകയായിരുന്നു അക്കാലത്തെ പതിവ്. അതിനാൽ വിവരം അറിഞ്ഞവർ എഴുതി കാണിച്ച് മറ്റുള്ളവരെ കാര്യം ഗ്രഹിപ്പിച്ചു. ഒരോരുത്തരം സ്വരംഅമർത്തി കരഞ്ഞുതുടങ്ങി. റാന്തൽ വിളക്കുമായി അവർ സാധാരണ കുളിക്കാൻ പോകുമായിരുന്നതും നല്ല മറവുമുള്ളതുമായ വെള്ളച്ചാട്ടത്തിന്റെ അടുത്തും പോയി നോക്കി.

ഒടുവിൽ പിതാവ് സർപ്പത്തിന്റെ കൈയ്യിൽ നിന്ന് കന്യകയെ രക്ഷിക്കാൻ വന്ന ഗീവർഗീസ് പുണ്യവാനെപ്പോലെ കുതിരപ്പുറത്തു വന്ന് സത്രത്തിന്റെ മുറ്റത്തുനിന്നു. എല്ലാവരും അടുത്ത് ഓടിയെത്തി കരഞ്ഞു തുടങ്ങി. സിസ്റ്ററിനെ ഇപ്പോൾ കൊണ്ടുവരാം, മക്കളെ കരയരുത് എന്നുപറഞ്ഞ് പിതാവ് മക്കളെ ആശ്വസിപ്പിച്ചശേഷം കാട്ടിലേക്കുകയറിപ്പോയി. ഇളയമ്മ സ്വതവേതന്നെ സഹിക്കാൻ ശക്തിയില്ലാത്ത വ്യക്തിയായിരുന്നതിനാൽ വളരെ പണിപ്പെട്ടു. "സിംഹത്തിന്റെ ഗുഹയിൽ നിന്ന് ദാനിയലിനെ രക്ഷിച്ച ദൈവം നമ്മുടെ സിസ്റ്ററിനെയും രക്ഷിക്കും, നമുക്ക് പ്രാർത്ഥിക്കാം", എന്നുപറഞ്ഞ് മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ നോക്കിയത് ഏങ്ങിക്കരഞ്ഞുകൊണ്ടാണ്. പ്രാർത്ഥനയോടും ഹൃദയവേദനയോടും കാത്തിരുന്ന ഓരോനിമിഷവും ഓരോ മണിക്കൂറുകളായി അവർക്കനുഭവപ്പെട്ടു. ഒടുവിൽ സിസ്റ്ററിനേയുംകൊണ്ട് പിതാവും അന്വേഷണത്തിൽ ഏർപ്പെട്ടിരുന്നവരും വന്നുചേർന്നപ്പോഴുള്ള സന്തോഷം വിവരിക്കുക സാധ്യമല്ല.

ഇതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഗിരിദീപത്തിൽ കാണുക (പുറം 113-122) 1956 ഡിസം. 10 നു ബാരിസോളിൽ വച്ച് സിസ്റ്റർ ഭാഗ്യമരണം പ്രാപിച്ചു. ഇതിനുശേഷമുള്ള വർഷങ്ങളിൽ സിസ്റ്റർ ഹെലനും കൂടെ ഓരോ അവസരത്തിൽ മാറിമാറി താമസിച്ചിരുന്ന സിസ്റ്ററും പെരുനാടു വാസത്തിന് ഒരുമ്പെട്ടില്ല. മദ്ധ്യവേനൽ അവധിക്ക് തെക്കെ ഇൻഡ്യയിലുള്ള ഏതെങ്കിലും ഒരു സുഖവാസ സ്ഥലത്ത് കുറെ ആഴ്ചകൾ വിശ്രമത്തിനായി അവർ പോയിരുന്നു.

**വീണ്ടും പോസ്റ്റുലൻസ്**

ഏലിശുബ എന്നവിളിക്കപ്പെട്ട പി. റ്റി അന്നാമ്മ, കെ. കെ റാഹേൽ ഇവരെ 1923 മാർച്ച് 1 7നു തിരുമൂലപുരം യാക്കോബായ പള്ളിയിൽ വച്ച് പോസ്റ്റുലൻസ് ആക്കി. (ആശ്രമ പിതാവായ ഫാ. ഗീവർഗീസ്)



**കത്തോലിക്കാ പുനരൈക്യത്തിനുള്ള പ്രേരണകൾ ലഭിക്കുന്നു**

1. ബാരിസോളിൽ താമസിച്ചിരുന്ന പെൺകുട്ടികൾക്കും കൽക്കട്ടായിൽ താമസിച്ചിരുന്നവർക്കും ലത്തീൻ രീതിയിൽ നിന്ന് വളരെ വ്യത്യസ്ഥമല്ലാത്ത ഹൈ ചർച്ച് രീതികളുമായി പരിചയം സിദ്ധിച്ചു. കത്തോലിക്കാ സഭയെക്കുറിച്ച് മതിപ്പോടുകൂടിയ പ്രസ്ഥാവനകൾ അവരുടെ മേൽ നോട്ടം വഹിച്ച സിസ്റ്റേഴ്സിൽ നിന്നും ലഭിച്ചു. ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിൽ നിന്നും കിട്ടുന്ന നിർദ്ദേശങ്ങൾ സ്വർഗ്ഗത്തിൽ നിന്നു വരുന്ന ദൂതുപോലെ അക്കാലത്ത് ബഥനി മഠാംഗങ്ങൾ സ്വീകരിച്ചിരുന്നു.

2. യാക്കോബായ സഭയിൽ അക്കാലത്തുണ്ടായിരുന്ന വട്ടിപ്പണക്കേസിന്റെ ദുരനുഭവങ്ങളും പാത്രീയർക്കീസ് മെത്രാൻകക്ഷികൾ തമ്മിലുള്ള മത്സരങ്ങളും സഭാസേവനത്തിനായി കാംക്ഷിച്ചു വന്ന മഠാംഗങ്ങളെ ചിന്താധീനരാക്കി. സന്യാസപരിശീലനത്തിനും വേദപഠനത്തിനും അവർ ഉപയോഗിച്ചിരുന്ന പുസ്തകങ്ങളിൽ നിന്ന് അവർക്ക് കത്തോലിക്കാ സഭയെപ്പറ്റി വലിയ മതിപ്പുണ്ടായി.

3. 1923 ൽ (വട്ടിപണക്കേസിൽ പരാജയപ്പെട്ടിരുന്ന) മാർ ഗീവർഗീസ് ദിവന്നാസ്യോസ് (വട്ടശ്ശേരിയിൽ മെത്രാച്ചൻ) വയസുകാലത്തു വളരെയധികം ക്ലേശങ്ങൾ സഹിച്ച് തുർക്കി രാജ്യത്തുള്ള മർദ്ദീനിൽ പോയി മുടക്കുതീർത്തുവന്നു. പക്ഷേ ചില കോട്ടയം യാക്കോബായ പ്രമാണികളുടെ ചരടുപിടിമൂലം നാട്ടിലേക്ക് മുടക്കുതീർത്ത കല്പനയുമായി മെത്രാച്ചന്റെ കൂടെവന്ന "യൂലിയോസ്"മെത്രാച്ചൻ വശം മാറി. കൽപ്പന വായിച്ചുമില്ല. ഇത് മെത്രാച്ചന്റെ ഭാഗത്തു നിന്നവർക്കെല്ലാം വലുതായ മനഃപ്രയാസം ഉളവാക്കി. ആ വിവരം അറിഞ്ഞതിന്റെ അടുത്ത ദിവസം ഞായറാഴ്ച സി. ഡോറിൻ സ്ത്രീകൾക്ക് ഉപദേശം കൊടുത്തപ്പോൾ വളരെയധികം വികാരാധീനയായി കാണപ്പെട്ടു. "നിങ്ങൾക്ക് റോമാസഭയുമായി യോജിക്കയല്ലേ നല്ലത്?" എന്നു സ്ത്രീകളോട് പറഞ്ഞത് തിരുമൂല സ്കൂൾ അദ്ധ്യാപികയായിരുന്ന കെ. വി. സാറാമ്മയാണ് തർജ്ജിമ ചെയ്തിരുന്നത്. ഈ സാറാമ്മ കൽക്കട്ടാ ഗ്രൂപ്പിലെ അംഗമായിരുന്നു. പിന്നീട് മഠത്തിൽ ചേർന്ന ആ ഗണത്തിലെ ഏകവ്യക്തിയുമാണ്.

4. സന്യാസ ജീവിതത്തിൽ അനുസരണത്തിന്റെ മാഹാത്മ്യവും ഒരു അധികാരിയുടെ ആവശ്യവും ഗ്രഹിച്ചു തുടങ്ങിയ പോസ്റ്റുലൻസിന്

സഭയിലും ഒരു പരമാധികാരി ഉണ്ടായിരിക്കേണ്ടതു ആവശ്യമെന്ന് ഗ്രഹിക്കാൻ വിഷമം ഉണ്ടായില്ല.

5. സ്ഥാപകന് കത്തോലിക്കാ സഭയോടുണ്ടായിരുന്ന മതിപ്പും യാക്കോബായ മെത്രാന്മാരുടെ സുന്നഹദോസ് അദ്ദേഹത്തെ പുനരൈക്യശ്രമങ്ങൾക്കായി നിയമിച്ചതിന്റെ സൂചനകളും എല്ലാം അപ്പോഴപ്പോൾ സിസ്റ്റേഴ്സിനെ ഗ്രഹിപ്പിച്ചു. അവരെ ക്രമേണ ഒരുക്കുന്നുണ്ടായിരുന്നു.

**മലങ്കര മെത്രാപ്പോലിത്തായുടെ മർക്കടമുഷ്ടി**

പ്രതിഷ്ഠിതമായ ജീവിതം ഉദ്ദേശിച്ചു കൽക്കാട്ടായിലേക്കും ബാരിസോളിലേക്കും പെൺകുട്ടികളെ കൊണ്ടുപോകുന്നതിനുമുമ്പായി മലങ്കരയാക്കോബായ മെത്രാപ്പോലീത്ത ആയിരുന്ന വട്ടശ്ശേരിയിൽ മാർ ദിവന്നാസ്യോസിന്റെ അനുമതി വാങ്ങിയിരുന്നു. എന്നാൽ തിരുമൂലപുരത്തു 1920 മേയ് മാസത്തിൽ ആരംഭിച്ച സ്ഥാപനത്തിൽ വസിച്ചിരുന്ന അർത്ഥിനികളെ സന്യാസ പ്രതിഷ്ഠ ചെയ്യുന്നതിന് ആശ്രമപിതാവ് തന്നെയും പാറേട്ടച്ചന്റെയടുത്തുവച്ചും പലപ്രാവശ്യം അപേക്ഷിച്ചിട്ടും തിരുമേനി സമ്മതം മൂളിയില്ല. ഒരിക്കൽ പാറേട്ടച്ചൻ "അദ്ദേഹം എത്രനാൾകൊണ്ടുപറയുന്നു അവരെയുടുപ്പിടാൻ അങ്ങനുവദിക്കരുതോ?", എന്ന് പിതാവ്കൂടെ നിൽക്കുമ്പോൾ മെത്രാപ്പെലിത്തായോടു പതുക്കെ പറഞ്ഞു. സമ്മതമില്ലാത്ത കാര്യങ്ങൾ ആരെങ്കിലും പറയുമ്പോൾ അദ്ദേഹം ചിലപ്പോഴൊക്കെ കാണിക്കുമായിരുന്നതുപോലെ താടിമീശ പതുക്കെ ഉയർത്തി കഴുത്തിൽ കൈവിരൽ അങ്ങോട്ടുമിങ്ങോട്ടും കാണിച്ചു. കഴുത്തുപോയാലും സമ്മതിക്കില്ല എന്നാണ് അർത്ഥം എന്നുഗ്രഹിച്ച പാറേട്ടച്ചൻ ആ വിവരം പിന്നാലെ പിതാവിനോട് പറഞ്ഞപ്പോൾ ആ ആംഗ്യം പിതാവും കണ്ടു എന്നു മനസ്സിലായി.

പക്ഷേ ബഥനിയുടെ പിതാവ് ഇതുകൊണ്ടൊന്നും മനസ്സുമടക്കുന്ന ആൾ അല്ലായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ മാത്രം ആശ്രയിച്ച് വന്ന പെൺകുട്ടികളെ അദ്ദേഹം തക്കസ്ഥാനത്തുതന്നെ എത്തിക്കും.

**ഈ മണ്ണിൽ ഈ ചെടിവളരുകയില്ല**

കത്തോലിക്കാസഭയുടെ അഭിവൃദ്ധിക്കും ജീവചൈതന്യത്തിനും പ്രധാന കാരണങ്ങളിൽ ഒന്ന് അതിലെ സന്യാസസമൂഹങ്ങളാണ് എന്ന് ഗ്രഹിച്ചുകൊണ്ടുതന്നെയാണ് സ്വഃസമുദായത്തിന്റെ അഭിവൃദ്ധിക്കായി



പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള സന്യാസസഭകൾ രൂപികരിക്കാൻ ഫാ. ഗീവർഗീസ് ദീർഘകാലമായി കൽക്കട്ടാ, പെരുനാട് ഇവിടങ്ങളിൽ വച്ച് പുരുഷവിഭാഗത്തിനും ബാരിസോളിൽ വച്ച് 1915 മുതൽ 1920 വരെയും, പിന്നെ തിരുമൂലപുരത്ത് 1920 മുതലും വളരെയധികം പരിശ്രമിച്ചത്. തങ്ങളെത്തന്നെ സന്യാസത്തിൽ പ്രതിഷ്ഠിക്കാനായി ഇങ്ങനെ ദീർഘകാലം കാത്തിരുന്നവരെ നിരാശപ്പെടുത്തുന്നത് അദ്ദേഹത്തിന് അത്യധികം മനോവ്യഥ ഉളവാക്കി. ഒരിക്കൽ ഇതേപ്പറ്റി തന്നോട് സംസാരിച്ച ഒരാളോട് "മകളേ ഈ ചെടി ഈ മണ്ണിൽ വളരുകയില്ല", എന്നു പറഞ്ഞു. അതായത് സന്യാസമാകുന്ന ചെടി യാക്കോബായ സഭയാകുന്ന മണ്ണിൽ വളരുകയില്ല എന്ന് ആ അർത്ഥിനി ഗ്രഹിച്ചു. സ്വന്തം ജീവനേക്കാൾ അദ്ദേഹം സ്നേഹിച്ച ആശ്രമസ്ഥരുടേയും കന്യകമാരുടേയും വളർച്ചക്കുപറ്റിയ മണ്ണ് ഏതെന്ന് ദൈവം അദ്ദേഹത്തെ കാണിച്ചുകൊടുത്തു.

**പുതിയ ഒരംഗം**

1924 മെയ് 16 ന് കൽക്കട്ടാ ഗണത്തിൽപ്പെട്ട കൂടത്തുംമുറിയിൽ സാറാമ്മ വർഗീസ് മഠത്തിൽ വന്ന് ചേർന്നു. ഒരുമാസം കഴിഞ്ഞു ജൂൺ 16 ന് സാറാമ്മയെ പോസ്റ്റുലന്റ് ആക്കി. അതിന് രണ്ടു വർഷംമുമ്പ് സാറാമ്മ ഡയോസിസൻ കോളേജിൽ നിന്ന് ഗ്രാഡുവേറ്റുചെയ്ത് തിരുമൂലപുരം സ്കൂളിൽ പഠിപ്പിക്കുകയായിരുന്നു.

**സാറാമ്മ വർഗീസ് പോസ്റ്റുലന്റ് ആയി സ്വീകരിക്കപ്പെട്ടു**

1915 മുതൽ പിതാവിന്റെ നിയന്ത്രണത്തിൽ കഴിഞ്ഞിരുന്ന സാറാമ്മ മഠത്തിൽ വന്നു. ഒരു മാസം കഴിഞ്ഞപ്പോൾ സാറാമ്മ വറുഗീസ് (കൂടത്തുംമുറിയിൽ) പോസ്റ്റുലന്റ് ആയി സ്വീകരിക്കപ്പെട്ടു.(1924 ജൂൺ 16).

**"മക്കളെ നിങ്ങളെ പ്രതി"**

യാക്കോബായ സഭയിൽ തന്റെ സന്യാസസഭകൾ രൂപമെടുക്കുന്നതിനു തന്നെ അതിദീർഘമായ പത്തുവർഷങ്ങളോളം കാത്തിരിക്കേണ്ടതായി വന്നു. പുരുഷന്മാരെ സംബന്ധിച്ചിടത്തോളം സ്ഥാപകനും അവരും കാവി ധരിച്ചിരുന്നതിനാൽ മറ്റുള്ളതൊന്നും അത്ര കാര്യമായി അവരെ ബാധിച്ചില്ല. ഇങ്ങനെയുള്ള കാത്തിരിപ്പ് ഓക്സ്ഫോർഡ് മിഷൻകാർക്ക് വളരെ വൈഷമ്യം ഉളവാക്കി. യാക്കോബായ സഭയിലെ മെത്രാൻ ആകുന്നതിന് അബ്ദൽമ്ശിഹാപാത്രിർയക്കിസ് പലപ്രാവശ്യം

അന്നു വെറും ചെറുപ്പമായിരുന്ന ഫാ. ഗീവർഗീസിനോട് നിർബന്ധിച്ചതാണ്. പിന്നെയും പല പ്രാവശ്യം ഇതേപ്രശ്നം പലർ ഉന്നയിച്ചപ്പോഴെല്ലാം അദ്ദേഹം അത് നിരസിച്ചു. എന്നാൽ തന്റെ ചെടി വളരേണ്ടത് ആവശ്യമായി കരുതിയതിനാൽ വട്ടിപ്പണക്കേസ്സ്, രാജിശ്രമങ്ങൾ ഇവയെല്ലാം തോറ്റിരുന്നകാലത്ത്, ഓർത്തഡോക്സ്കാർ എന്ന പേരിൽ പിരിഞ്ഞു മെത്രാന്മാരെ വാഴിക്കാൻ നിർബന്ധിക്കപ്പെട്ട ഘട്ടത്തിൽ, ബഥനിയുടെ എപ്പിസ്ക്കോപ്പാ ആയി വാഴിക്കപ്പെടാൻ പിതാവ് സമ്മതിച്ചു. മഠത്തിൽ വന്ന് അർത്ഥിനികളോട് ഇതേപ്പറ്റി സംസാരിച്ചപ്പോൾ "മക്കളെ നിങ്ങളെ പ്രതി ഞാൻ ഇതിനു (ഈ കുരിശുവഹിക്കാൻ) സമ്മതിച്ചു",എന്ന് പിതാവ് പറഞ്ഞു അതൊരു സാക്ഷാൽ കുരിശായി അന്ന് അദ്ദേഹം ഗണിച്ചു.

### പിടിയരി

ഈ കാലത്ത് മിക്ക സ്ഥലങ്ങളിലും, പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിൽ പിതാവിന്റെ പ്രവർത്തനങ്ങൾ നടന്നിരുന്നു. ബഥനിയുടെ ആവശ്യത്തിനായി പിടിയരിയും ഡപ്പികൾ വഴിയുള്ള പിരിവും നടക്കുന്നുണ്ടായിരുന്നു. മഠത്തിന്റെ ആവശ്യത്തിനു പിതാവും അദ്ദേഹത്തോടുകൂടെയുള്ളവരും തിരുമൂലപുരത്ത് യാക്കോബായ പള്ളിക്കു സമീപം വാങ്ങിയിരുന്ന സ്ഥലത്ത് താമസിച്ചപ്പോഴെല്ലാം അവർക്കും ധാരാളമായി വന്നിരുന്ന സന്ദർശകർക്കും ആവശ്യമുള്ള അരി ഔദാര്യപൂർവ്വം മഠത്തിൽ എത്തിച്ചുകൊടുത്തിരുന്ന സുഹൃത്തുകൾ ധാരാളമുണ്ടായിരുന്നു.

### പുതിയ ഒരു അർത്ഥിനി

1924 ജൂൺ 21 ന് (1099 മിഥുനം 8 ന്) ഒളശ്ശകളപ്പുരയ്ക്കൽ യാക്കോബ് അച്ചന്റെ സഹോദരി കെ. എ. ഏലിയാമ്മ സ്വസഹോദരനിൽ നിന്നു മഠത്തെപ്പറ്റി ഗ്രഹിച്ച് മഠത്തിൽ വന്നുചേർന്നു. ആ കാലത്ത് മഠത്തിൽ അംഗങ്ങളുടെ വരവ് വിരളമായിരുന്നു. ബാരിസോൾ ഗണത്തിൽപ്പെടാത്ത ആദ്യത്തെ അംഗമായിരുന്നു ഏലിയാമ്മ. കൊച്ചേലിയാമ്മ എന്നാണ് വിളിക്കപ്പെട്ടിരുന്നത്.

### Miss Muriel Miles

സി. ഹെലനും സി. ഡോറിനും ഫർലോയിൽ ആയിരുന്നപ്പോൾ സി. ഗ്ലാഡിസിന്റെ സഹായത്തിനായി മിസ്സ് മുരിയൽ മിൽസിനെ മദർ ഈഡിത്ത് തിരുമൂലപുരത്തു താമസിക്കാൻ അയച്ചു. ( ജൂൺ 14, 1924) അവർ വളരെ ശാന്തശീലയായിരുന്നു. അവർ തിരികെ പോകുന്നതിനു മുമ്പ് ഹൈ ചർച്ച് പുസ്തകങ്ങൾ മഠത്തിനായി വാങ്ങിത്തന്നു. പിതാവ് റമ്പാനാകുന്നതിനു മുൻപ് വളപ്പിനു താഴെയുള്ള കുടിലിന്റെ മുമ്പിൽവച്ച് പേപ്പർ വായിക്കുന്നതിനായുള്ള ഒരു പടം അവർ എടുത്തു. അവർ തിരികെ ഇംഗ്ലണ്ടിലേക്കുപോയി കുറെ കഴിഞ്ഞപ്പോൾ ബഥനിയുടെ പുനരൈക്യശേഷം കത്തോലിക്കാ സഭയിലേക്കു ചേർന്നു. പിന്നീട് ഒരു മഠത്തിലും ചേർന്നു എന്നു കേൾക്കാനിടയായി.



### പെരുനാട് ആശ്രമത്തിൽ നിന്ന് കെച്ചുകുട്ടികൾ മഠത്തിൽ വരുന്നു

**കൊച്ചുകുട്ടികൾക്കുള്ള അനാഥശാല** : സി. ഗ്ലാഡിനും സി. ഡോറിനും തിരുവല്ലായിൽ ആയിരുന്ന കാലത്ത് പെരുനാട്ടിലെ കൊച്ചുകുട്ടികളായ ഫിലിപ്പ്, കൊച്ചവറാൻ, ദാനി, താവു, അനന്തപൂവ് എന്നിവരെ തിരുമൂല കൊണ്ടുവന്ന് ഹട്ടിനുമുകളിലായി പണികഴിപ്പിച്ച അനാഥശാലയിലാക്കി. സിസ്റ്റേഴ്സിന്റെ സംരക്ഷണത്തിൽ അവർ കൂടുതൽ സന്തുഷ്ഠരായി വർത്തിച്ചു. അവധിക്കാലത്ത് പോസ്റ്റുലൻസ് വീടുകളിൽ പോയപ്പോൾ ഇളയമ്മ ദാനിയേയും, ആച്ചിയമ്മയും എലിശുബായും കൂടി കൊച്ചവറാനേയും, റാഹേലമ്മയും മറിയാമ്മയും കൂടി താവുവിനേയും, സാറാമ്മ ഫിലിപ്പിനേയും കൊണ്ടുപോയി. ആൺകുട്ടികളെ നിയന്ത്രിക്കാൻ സിസ്റ്റേഴ്സ് അത്ര പറ്റിയവരല്ലാ എന്നുകണ്ടിട്ടോ മറ്റോ കുറെകഴിഞ്ഞ് അവരെ പെരുനാട്ടിലേക്ക് തിരിച്ചുകൊണ്ടുപോയി.

### 99 ലെ വെള്ളപ്പൊക്കം

1924 ജൂലൈ മാസത്തിൽ പിതാവ് പിഴിച്ചിലായി കോട്ടയത്ത് കിരീടധാരണ വൈദ്യശാലയിൽ ആയിരുന്നു. പല്ല് അടപ്പിക്കാനായി ഏലിശുബ കോട്ടയത്തു ചെന്നു. തിരിച്ചുപോരാനായി പിതാവിനോട് യാത്രപറയാൻ ചെന്നപ്പോൾ വെള്ളം പൊങ്ങിയതിനാൽ ബസ്സ് ഓടുന്നില്ലാ എന്നറിഞ്ഞു. മനോരമ ആഫീസിൽ ജോലിയുണ്ടായിരുന്ന കണ്ടത്തിൽ മാത്തുള്ളമാപ്പിളയുടെ വീട്ടിൽ ഒരാഴ്ചയോളം താമസിച്ചു. ഒടുവിൽ തിരുമൂലസ്കൂൾടീച്ചർ താഴത്തങ്ങാടി (കോട്ടയം) പി. കെ വർക്കി സാറിന്റെ കൂടെ നടന്നും ഇടക്കിടെ വള്ളത്തിൽ കയറിയും ഒരുവിധത്തിൽ തിരുമൂലപുരത്തെത്തി. തുകലശ്ശേരിയിൽ നിന്ന് വള്ളത്തിൽ തിരുമൂല ഇറങ്ങി. അവിടെ പ്രൈമറിസ്കൂൾ നിറയെ പലജാതിയിലുംപെട്ട സ്ത്രീപുരുഷന്മാരെകൊണ്ട് നിറഞ്ഞിരുന്നു. ആറ്റുതീരത്തു താമസിച്ചിരുന്ന പാവപ്പെട്ട മനുഷ്യർ വെള്ളത്തിലായ വീടുകളിൽ താമസിക്കാൻ നിവർത്തിയില്ലാതെ അവിടെ അഭയം പ്രാപിച്ചി

രുന്നതാണ്. മഠത്തിലേക്കായി തിരുമൂലപള്ളിക്കടുത്തുള്ള സ്ഥലത്ത് കുറെ മരച്ചീനി നട്ടിരുന്നതെല്ലാം പറിച്ച് ആബൂന (ഫാ. അലക്സിയോസ്) ഈ സാധുക്കൾക്ക് ദിനംപ്രതി ആഹാരത്തിനായി നൽകി. "കപ്പയാൽ ശോഭിതേ ബഥനി, ബഥനിയാൽ കപ്പയും ശോഭിതേ," എന്ന ഒരു പാട്ട് ആബൂന രചിച്ചു.

### ദൈവവിളി പരീക്ഷണ ഘട്ടത്തിൽ

ബാരിസോളിലെ ആദ്യഗണത്തിൽ പെട്ട പി. പി. അന്നമ്മ 1920 മുതൽ 1924 വരെ തിരുമൂലപുരം സ്കൂളിൽ പഠിച്ച് ഇ. എസ്. എൽ. സി പാസ്സായി. 1924 ൽ മാതാപിതാക്കൾ അടുത്തടുത്ത കാലത്തായി മരിച്ചശേഷം മൂത്ത ജേഷ്ഠത്തി അന്നു താമസിച്ചിരുന്ന കോഴഞ്ചേരിയിൽ താമസിച്ചു. അവിടെവച്ച് മഠത്തിലേക്ക് മിക്കവാറും പോകുന്നില്ല എന്ന നിലയിലായി. ദൈവവിളിയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും യാതൊന്നും അറിയത്തക്ക പ്രായമില്ലാത്ത ഒരു കൊച്ചുകുട്ടി അപ്പന്റെ ആഗ്രഹം, നേർച്ച ഇവമൂലം മാത്രമാണ് ബാരിസോളിലേക്ക് പോയത്. ബാരിസോളിലേക്ക് ഓരോ ഘട്ടങ്ങളിലായി കൊണ്ടുപോയ ഒരുത്തരും തന്നെ മഠത്തിൽ ചേരണമെന്ന് പിതാവ് ഒരിക്കലും ഹേമിച്ചിട്ടില്ല. മറിച്ച് പ്രായമായി വരുന്തോറും നല്ലതുപോലെ ആലോചിച്ച് തീരുമാനമെടുക്കാൻ പ്രോത്സാഹനം നൽകിട്ടുണ്ട്. പോകാൻ താൽപ്പര്യമുള്ളവരേയും ദൈവവിളിയേക്കുറിച്ച് പിതാവിനു സംശയമുള്ള വ്യക്തികളേയും പിരിച്ചുവിടുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു.

പി. പി. അന്നമ്മ 1925 ൽ ഹോംസയൻസ് പഠിക്കാൻ വീണ്ടും തിരുമൂലപുരത്തേക്കു വന്നശേഷം കോഴഞ്ചേരിയിൽ മൂത്ത സഹോദരിയോടുകൂടി താമസിക്കുന്ന കാലത്ത് പിതാവ് കോഴഞ്ചേരിയിൽ പ്രസംഗയോഗം നടത്തി. അക്കാലത്ത് അന്നമ്മ ദൈവവിളിയെക്കുറിച്ച് ഗാഢമായി ചിന്തിക്കത്തക്കവണ്ണം പിതാവുമായി തുറന്നു സംസാരിച്ചത് സഹായകമായിത്തീർന്നു. അങ്ങനെ ഒടുവിൽ മഠത്തിൽ പോരാൻ തീരുമാനിച്ചു.

### കാത്തിരിപ്പിന് ഒരു അന്ത്യം

ബഥനി സന്യാസിനിസഭയാകുന്ന ചെടി 1915 ജൂൺ മുതൽ 1920 ഏപ്രിൽ വരെ പാകിമുളച്ചത് ബാരിസോളിൽ ഓക്സ്ഫോർഡ് മിഷൻ ഹൗസിൽ ആയിരുന്നു.



പിന്നീട് 1920 മേയ് 20 മുതൽ അത് തിരുമൂലപുരത്ത് സ്കൂളിനോട് തൊട്ടുപടിഞ്ഞാറു സ്ഥാപിക്കപ്പെട്ട മഠത്തിലേക്ക് പറിച്ച് നടപ്പെട്ടു. മണ്ണും കാലാവസ്ഥയും ഒന്നും തന്നെ അതിന്റെ വളർച്ചക്ക് പര്യാപ്തമായില്ല. യാക്കോബായ മേലദ്ധ്യക്ഷനായ വട്ടശ്ശേരിയിൽ മെത്രാപ്പൊലീത്താക്ക് ഫാ. ഗീവർഗീസിനോട് ആത്മാർത്ഥമായ സ്നേഹബഹുമാനാദരവുകൾ ഉണ്ടായിരുന്നെങ്കിലും സന്യാസവ്രതം ചെയ്യിക്കുന്നതിന് ആരേയും അദ്ദേഹം അനുവദിച്ചില്ല. അദ്ദേഹത്തിന് വലിയ ഭയമായിരുന്നു.

ഒടുവിൽ 1925 ജാനുവരി 28 നു വിത്തുകളെക്കുറിച്ചുള്ള വി. മാതാവിന്റെ ഓർമ്മ ദിവസം (സുറിയാനി കണക്കനുസരിച്ച് ജാനുവരി 15) തിരുമൂലപുരം യാക്കോബായ പള്ളിയിൽ വച്ച് കുണ്ടറയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്താ പിതാവിനെ റമ്പാൻ സ്ഥാനത്തേയ്ക്കുയർത്തി. മരുഭൂമിയിലെ വി. അന്തോനിയോസിന്റെ ഏകാന്തസന്യാസികളെയാണ് യാക്കോബായക്കാർ റമ്പാൻമ്മാർ എന്നുവിളിക്കുന്നത്. ഒരാൾ യാക്കോബായ മെത്രനാകുന്നതിനുമുമ്പ് റമ്പാനായി തീരണമെന്ന് നിർബന്ധമായിരുന്നുതാനും. അന്തോനിയൻ സന്യാസിമാരെക്കുറിച്ചല്ലാതെ യാക്കോബായക്കാർക്ക് പരിചയം അക്കാലത്തില്ലായിരുന്നു. പിതാവ് റമ്പാനായപ്പോൾ ആബോ ഗീവർഗീസ് എന്നാണ് പേർ വിളിച്ചത്. മസ്നപ്സായും കാവി കുപ്പായവും കാവി പുറംളോഹയും ആയിരുന്നു ആശ്രമ പിതാവിന്റെ വേഷം. വേഷം സ്വീകരിക്കുന്നതു സംബന്ധിച്ചും മറ്റെല്ലാക്കാര്യങ്ങളിലും എന്നപോലെ മദർ ഈഡിത്തുമായി പിതാവ് ആലോചിച്ചിരുന്നു. മദറിന്റെ പൂർണ്ണമായ സഹകരണം വേഷം രൂപീകരിക്കുന്നതിലും അദ്ദേഹം സ്വീകരിച്ചിരുന്നു. മുമ്പുപറഞ്ഞ കുപ്പായങ്ങൾ ഇന്ത്യൻ സന്യാസിമാരുടേതു പോലെ ലളിതമായിരുന്നു. പുറംളോഹ യാക്കോബായ മേൽപ്പട്ടക്കാരുടെ കറുത്ത പുറംളോഹപോലെയും ആയിരുന്നു. വേഷം തിരഞ്ഞെടുക്കുന്നതിൽ കൽക്കട്ടാ വാസകാലത്ത് ടാഗോറിന്റെ വിശ്വഭാരതി സന്ദർശനം അദ്ദേഹത്തിന് ഒരു പ്രേരണയായിരുന്നു.

യാക്കോബായമെത്രാപ്പൊലിത്താ പെൺകുട്ടികളുടെ സന്യാസപ്രതിഷ്ഠക്ക് അനുമതി നൽകാഞ്ഞതിൽ വിഷമിച്ചത് മെത്രാൻ ആകുന്നതിന് സമ്മതിക്കാൻ പിതാവിന് പ്രേരണ നൽകിയ ഇരുകാരണങ്ങളിൽ ഒന്നാണ്. അങ്ങിനെ 1925 മേയ് മാസം 1 ന് ആബോ ഗീവർഗ്ഗീസ് ബഥനിയുടെ മെത്രാനായി അഭിഷിക്തനായതോടെ ദീർഘ

മായ കാത്തിരിപ്പിന് ഒരു അന്ത്യമുണ്ടായി. പെൺമക്കളുടെ സന്യാസ പ്രതിഷ്ഠ നടത്താൻ വേറെ ആരേയും അദ്ദേഹത്തിന് ആശ്രയിക്കേണ്ടി വന്നില്ല. ആശ്രമസ്ഥരുടെ സന്യാസ പ്രതിഷ്ഠയെക്കാൾ രണ്ടിലധികം വർഷങ്ങൾക്ക് മുമ്പ്, അതായത് 25 മാസങ്ങൾക്ക് മുമ്പ്,മഠത്തിലെ സന്യാസപ്രതിഷ്ഠ നടത്താൻ പിതാവിനെ പ്രേരിപ്പിച്ചത് ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് - പ്രത്യേകിച്ച് മദർ ഈഡിത്തും സിസ്റ്റർ ഹെലനും ആയിരുന്നു. കത്തോലിക്കാ പുനരൈക്യത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്ന പിതാവിന് കഴിയുന്നതും വേഗം ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ സേവനം മതിയാക്കേണ്ടത് ആവശ്യമെന്ന് തോന്നിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സൂക്ഷിച്ച് ഇടപെടേണ്ടത് ആവശ്യവുമായിരുന്നു. അദ്ദേഹം നയപൂർവ്വം, യാതൊരു വിധത്തിലും അവരെ വിഷമിപ്പിക്കാതെ, വർത്തിച്ചു.

റോമൻ കത്തോലിക്കരെക്കുറിച്ച് ആംഗ്ലിക്കൻ സിസ്റ്റേഴ്സിന് വലുതായ മുൻവിധിയും തെറ്റിദ്ധാരണകളുമുണ്ടായിരുന്നതിനാൽ അവരെ നയപൂർവ്വം തിരികെ അയക്കാതെ പുനരൈക്യപരിശ്രമം പുരോഗമിക്കയില്ലെന്ന് ഗ്രഹിക്കാൻ അദ്ദേഹത്തിന് അധികതാമസമുണ്ടായില്ല. എന്നാൽ അവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ മതിപ്പിന് യാതൊരു കുറവും ഇല്ലായിരുന്നു. കേരളത്തിലോ വെളിയിലോ ഉള്ള വേറെ യാതൊരു സന്യാസസഭാംഗത്തോടും ഇവരുടെ നേരെയുള്ളതുപോലെയുള്ള മതിപ്പ് പിതാവിന് ഉണ്ടായിരുന്നില്ല.

**മദർ ഈഡിത്ത് ഒ. എം. എസ്. ഇ.**

ബഥനി മഠത്തിന്റെ അംഗങ്ങൾക്ക് ഒരിക്കലും മറക്കാനാവാത്തതും എന്നെന്നും നന്ദിയോടും അത്യന്തം സ്നേഹത്തോടും ബഹുമാനത്തോടും സ്മരിക്കേണ്ടതുമായ ഒരു വ്യക്തിയാണ് ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് ഓഫ് ദി എപ്പിഫനിയുടെ സ്ഥാപകയായ മദർ ഈഡിത്ത്. എന്നാൽ അത്യന്തം വിനീതയായ മദർ സ്ഥാപക എന്ന പേരു ഒരിക്കലും സ്വീകരിച്ചില്ല. ആ സ്ഥാനം ഫാ. ഇ. എൽ സ്ടോംഗിനാണ് മദർ നിർദ്ദേശിച്ചത്.

സ്നേഹ സമ്പന്നയും ഔദാര്യമതിയും ആദ്ധ്യാത്മീക ചൈതന്യം നിറഞ്ഞവളും, അസാധാരണ ബുദ്ധിമതിയും ആയിരുന്ന മദർ ഈഡിത്തിന്റെ നിവർന്നുള്ള നടപ്പ് സ്വഭാവവൈശിഷ്ഠ്യത്തെ വിളിച്ചറിയിക്കുന്നതായിരുന്നു. മദറിന്റെ പെരുമാറ്റത്തിൽ എല്ലാം ഒരു ശ്രേഷ്ഠത (dignity) കാണാനുണ്ടായിരുന്നു. സ്വാഭാവികമായി മൗനത്തെ സ്നേഹിച്ചിരുന്നു. പ്രാർത്ഥനയിൽ ഏറ്റം ഉത്സുകയും ആയിരുന്നു.



ഇംഗ്ലണ്ടിൽ 19-ം നൂറ്റാണ്ടിലെ വിക്ടോറിയൻ കുടുംബങ്ങളിൽ വച്ച് പ്രതാപത്തിലും ധനശേഷിയിലും മുൻപന്തിയിൽ കഴിഞ്ഞിരുന്ന ഹെൻറിലാങ്ങ് ഗ്രീഡ്ജിന്റെയും ഭാര്യയായ ഫ്ളോറാ ജെയിൻ നീപ്പോപ്പിന്റേയും രണ്ടാമത്തെ കുട്ടിയും മൂത്തപുത്രിയുമായി 1864 മാർച്ച് 21 ന് ജനിച്ചു. മൂത്ത സഹോദരന്റെ സ്വാധീനം ഈഡിത്തിന്റെ സ്വഭാവരൂപികരണത്തിൽ വളരെയധികം ഉണ്ടായിരുന്നു. കലാവാസനയിലും ബുദ്ധികൂർമ്മതയിലും മികച്ചു നിന്ന ഈഡിത്തിന് അക്കാലത്ത് ഇംഗ്ലണ്ടിലെ പെൺകുട്ടികൾക്ക് ലഭിച്ചുവന്നിരുന്നതിൽ ഏറ്റം മെച്ചമായ വിദ്യാഭ്യാസം ലഭിച്ചു. ഓക്സ്ഫോർഡിലെ ക്യൂൻസ് കോളേജിലും ലേഡിമാർഗ്ഗരറ്റ്ഹാളിലും നിന്ന് ഉന്നത ബിരുദങ്ങൾ നേടി. അക്കാലത്ത് ഗ്രീക്ക്, ലത്തീൻ ഈ ഭാഷകളിൽ നൈപുണ്യം സമ്പാദിച്ചത് മഠത്തിൽ വന്ന ശേഷം വളരെ പ്രയോജനപ്പെട്ടു. "ഇത്ര വളരെ കുറച്ച് സംസാരിക്കുകയും ഇത്രയധികം കാര്യങ്ങൾ സാധിക്കുകയും ചെയ്യുന്നവർ ചുരുക്കമാണ്", എന്നു മദറിനെക്കുറിച്ച് ഒരു സതീർഥ്യ പറഞ്ഞിട്ടുണ്ട്.

ലേഡിമാർഗ്ഗരറ്റ്ഹാളിൽ വൈസ് പ്രിൻസിപ്പൽ, ലാംബത്തിലെ ലേഡി മാർഗ്ഗരറ്റ് സെറ്റിൽമെന്റിലെ വാർഡൻ എന്നീ നിലകളിൽ സേവനമനുഷ്ടിക്കുമ്പോൾ യൂണിവേഴ്സിറ്റി മിഷൻ റ്റു സെൻട്രൽ ആഫ്രിക്കയ്ക്ക് പോകാൻ ആഗ്രഹിച്ച് നാലു ആഫ്രിക്കൻ ഭാഷകൾ പഠിച്ചു. പക്ഷേ സ്വപിതാവിന്റെ വലുതായ എതിർപ്പുമൂലം അത് ഉപേക്ഷിച്ചു. ആഫ്രിക്കയിൽ ഉപ്പ് കിട്ടാൻ വിഷമം ഉള്ളതിനാൽ അന്നുമുതൽ ഈഡിത്ത് ഉപ്പ് വർജ്ജിച്ചു.

ആ കാലത്ത് വെസ്റ്റ് മിനിസ്റ്റർ കാനൻ ആയിരുന്ന ചാൾസ്ഗോർ ഓക്സ് ഫോർഡ് മിഷന്റെ കൽക്കട്ടാ സുപ്പീരിയറായ ഫാ. ബ്രൗൺ ഇവർ ഇൻഡ്യൻ സ്ത്രീകളുടെ ഇടയിൽ ജോലിയ്ക്കായി സ്ത്രീകളെ ആഹ്വാനം ചെയ്ത് ഒരു അപ്പീൽ പ്രസിദ്ധീകരിച്ചു. അന്ന് റോച്ചസ്റ്റർ ബിഷപ്പായിരുന്ന ബിഷപ്പ് ടാൾബട്ട് ഇതിനായി സ്വയം അർപ്പിക്കാൻ ഈഡിത്തിന് ഉപദേശം നൽകി. ഒരു കന്യാസ്ത്രീ ആയി ഇൻഡ്യയിലേക്കു പോകുന്നതിനുവേണ്ടി ഈഡിത്തും കൂട്ടുകാരും ലളിതമായ വെള്ളവസ്ത്രവും ക്യാപ്പും ധരിച്ചു. അപ്പനു വലിയ അനുകൂലമുണ്ടായില്ല എങ്കിലും വിസമ്മതം ഉണ്ടായില്ല.

1902 ഒക്ടോബർ 15ന് ഈഡിത്ത് ലാങ്ഗ്രിഡ്ജും കൂട്ടുകാരി ഏഡാ ആപ്പീൾബെറിയും മറ്റും ഒരു പ്രത്യേക ശുശ്രൂഷയിൽ വച്ച് ആശീർവദിക്കപ്പെട്ടു. ഈഡിത്തും ഏഡായും ഒക്ടോബറിൽ തന്നെ കപ്പൽ കയറി. പിന്നീടുള്ള 32 വർഷം ഈഡിത്ത് ബാരിസോളിലുള്ള ഓക്സ്ഫോർഡ് മിഷൻ സിസ്റ്റർഹുഡ് ഓഫ് ദി എഫിഫനിയിൽ ആണ് ജീവിതമർപ്പിച്ചത്. ബോംബെയിൽ എത്തിയപ്പോൾ സിസ്റ്റർ ഈഡിത്തിന് ടൈഫോയിഡ് പിടിപ്പെട്ടു. താമസംവിനാ രണ്ടുപേർകൂടെ എത്തിചേർന്നപ്പോൾ അന്ന് കൽക്കട്ടായിലെ ആഗ്ലിക്കൻ ബിഷപ്പ് കോപ്പ്ലെസ്റ്റൻ അവരെ സന്യാസർത്ഥിനികൾ (probationers) ആയി സ്വീകരിച്ച് ഒരു തൽക്കാല നിയമവും നൽകി.

1903 ഫെബ്രുവരിയിൽ കൽക്കട്ടാബിഷപ്പ് ബാരിസോളിലെത്തി സിസ്റ്റേഴ്സിന്റെ കെട്ടിടം ആശീർവദിക്കുകയും സിസ്റ്റർ ഈഡിത്തിനെ സുപ്പീരിയർ ആയി നിയമിക്കുകയും ചെയ്തു. മഠത്തിന്റെ സ്ഥാപനം, അംഗങ്ങളുടെ രൂപികരണം ഇവയിലെല്ലാം റവ. ഫാ. എഡ്മണ്ട് ലിൻവുഡ് സ്ട്രോംങ്ങ് മദറിന് ഏറ്റം വലിയ സഹായി ആയിരുന്നതിനാൽ ഫാ. സ്ട്രോങ്ങിനെയാണ് സ്ഥാപകനായി മദർ എപ്പോഴും ഗണിച്ചിരുന്നത്. അസംസ്കൃതരും ,വിദ്യാഹീനരും, മൃഗതുല്യം പരിഗണിക്കപ്പെട്ടിരുന്നവരുമായ നിർദ്ധനസ്ത്രീകളുടെ ഉദ്ധാരണത്തിനായി മദർ ഈഡിത്തും കൂട്ടുകാരും വേലചെയ്തു. അവരുടെ ത്യാഗത്തെ വിലമതിക്കാനോ ഉപദേശം കേൾപ്പാനോ നന്ദികാണിക്കാനോ പ്രാപ്തിയില്ലാതിരുന്ന ആളുകളുടെ ഇടയിൽ അവർ ആവലാധിയും പിറുപിറുപ്പും കൂടാതെ ക്രിസ്തുവിനുവേണ്ടി വേലചെയ്തു. പ്രാർത്ഥനാ ജീവിതവും വി. കുർബ്ബാനയോടുള്ള ഭക്തിയും, ലളിത ജീവിതവും അവരുടെ ഒരു പ്രത്യേകത ആയിരുന്നു.

ഇംഗ്ലണ്ടിൽ അവർക്ക് മാതൃഭവനം ഇല്ലായിരുന്നു. സിസ്റ്റർഗുഡ് പരിപൂർണ്ണമായും ഓക്സ്ഫോർഡ് മിഷൻ ബ്രദർഹുഡിന്റെ നിയന്ത്രണത്തിൽ ആയിരുന്നു. അവരുടെ നിയമം ക്രോഡീകരിച്ചത് വി. ബനഡിക്ടിന്റെ നിയമത്തെ ആസ്പദമാക്കിയാണ്. അദ്ദേഹം മദർ ഈഡിത്തിന്റെ സംരക്ഷക വിശുദ്ധനായിരുന്നു. മദർ ഈഡിത്ത് രൂപീകരിച്ച സന്യാസ വസ്ത്രം വത്തിക്കാൻ സുനഹദോസിനു ശേഷം ബഥനിക്ക് എത്രയും മതിക്കപ്പെടുന്നതായി തീർന്നു. വേഷം മാത്രമല്ല, മദർ ഈഡിത്ത് രൂപീകരിച്ച സന്യാസ ശിക്ഷണവും നിയമങ്ങളും പ്രാർത്ഥനാ, പരിത്യാഗം, പരസ്നേഹ ചൈതന്യം ഇവയിൽ അധിഷ്ടിതവും ദീർഘദൃഷ്ടിയോടുകൂടിയതുമായിരുന്നു. ജീവിതകാലം മുഴുവൻ മദറിന്റെ ഓരോ പെരുമാറ്റവും സ്നേഹത്തിലും സ്വയപരിത്യാഗത്തിലും അധിഷ്ഠിതമായിരുന്നു. മറ്റുള്ളവർക്ക് വിഷമം ഉണ്ടാകാതിരിക്കാൻ മാത്രമല്ല അവർക്ക് സന്തോഷമുളവാക്കുന്നവ ചെയ്യാനും, പറയുവാനും മദർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. സംസാരം വളരെ മിതവും സൗമ്യവും ആയിരുന്നു.



ബഥനിആശ്രമം, ബഥനിമഠം ഇവയുടെ സ്ഥാപനത്തിൽ മദർ ഈഡിത്തിന് സുപ്രധാനമായ ഒരു പങ്കുണ്ട്. കൽക്കട്ടായിൽ വച്ച് ഓക്സ്ഫോർഡ് മിഷൻ ഫാദേഴ്സ് ഓഫ് എപ്പിഫനി വഴി മദർ ഈഡിത്തന്റെ പരിചയം ഫാ. ഗീവർഗീസ് സമ്പാദിച്ചു. അദ്ദേഹത്തിന്റെ ആദർശങ്ങളെപ്പറ്റിയറിഞ്ഞപ്പോൾ മദർ ഈഡിത്ത് ഹൃദയപൂർവ്വം സഹകരണം വാഗ്ദാനം ചെയ്തു. ഓക്സ്ഫോർഡ് മിഷൻ ഫാദേഴ്സ് ഇതിനകം ഫാ. ഗീവർഗീസിന്റെ ക്ഷണമനുസരിച്ച് തിരുവിതാംകൂറിൽ സ്റ്റുഡൻസ് കോൺഫറൻസിൽ പ്രാസംഗികരായി ആണ്ടുതോറും വരികപതിവുണ്ടായിരുന്നു. കുറെ കുട്ടികളെ ബാരിസോളിൽ കൊണ്ടാക്കിയാൽ അവരുടെ പരിശീലനകാര്യത്തിൽ ശ്രദ്ധിക്കാമെന്നു മദർ ഏറ്റു. 1915 ൽ മൂന്നുപേരും 1917 ൽ മൂന്നുപേരും 1918 ൽ അഞ്ചുപേരുമായി ആകെ പതിനൊന്ന് പേർ ബാരിസോളിൽ താമസിച്ച് പരിശീലിക്കപ്പെട്ടു. 1915 മുതൽ ബാരിസോളിലും 1920-26 ഡിസംബർ വരെ തിരുവല്ലായിൽ (തിരുമൂലപുരത്തും) ഇവർ ഓക്സ്ഫോർഡ് മിഷന്റെ പരിശീലനത്തിലായിരുന്നു. ഇങ്ങനെ സിറിയൻ സിസ്റ്റേഴ്സിനെ സഹായിക്കാൻ സാധിച്ചത് ഒരു പദവിയായി മദർ ഈഡിത്ത് കരുതി. ആണ്ടിൽ ഒരിക്കലോ അതു നിവർത്തിയില്ലാത്തപ്പോൾ രണ്ടുവർഷത്തിലോരിക്കലെങ്കിലുമോ മദർ ഈഡിത്ത് തിരുവല്ല സന്ദർശിച്ച് ഒരുമാസത്തോളം അവിടെ താമസിച്ചിരുന്നു. കൂടാതെ മഠാംഗങ്ങൾക്ക് വ്യക്തിപരമായ കത്തുകൾ അയച്ചും സ്നേഹബന്ധം പുലർത്തിവന്നു. ഇങ്ങനെ ആണ്ടുതോറുമുള്ള സന്ദർശനാവസരങ്ങളിൽ അവർക്കാവശ്യമുള്ളതും കൽക്കട്ടായിൽ കിട്ടാൻ എളുപ്പമുള്ളതുമായ പലസാധങ്ങളും മദർ കൊണ്ടുവന്നിരുന്നു. "സ്വർഗ്ഗത്തിൽ നമ്മുടെ സമൂഹങ്ങൾ അടുത്തായിരിക്കും", എന്ന് മദർ പറയുമായിരുന്നു.

ബാരിസോളിൽ താമസിച്ച കാലത്തെല്ലാം സിറിയൻ സിസ്റ്റേഴ്സിന്റെ ഭക്ഷണം മുതലായ ചെലവുകൾ മദർ ഈഡിത്താണ് വഹിച്ചത്. തിരുവല്ലായിൽ വന്നശേഷം സിസ്റ്റർ ഹെലന്റേയും കൂടെയുള്ള

ആളിന്റേയും സകല ചെലവുകളും മദർ തന്നെയാണ് വഹിച്ചത്. കൂടാതെ അവിടെ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ താമസത്തിനായി രണ്ടുമുറിയും മൂന്നുവശത്തും വരാന്തയുമുള്ള ഒരുകെട്ടിടവും മദർ പണിയിച്ചു. ഫാ. ഗീവർഗീസിനും അദ്ദേഹത്തിന്റെ സിസ്റ്റേഴ്സിനും വേണ്ടി എന്തും ചെയ്തുകൊടുക്കുന്നത് മദറിന് എത്രയും സന്തോഷമായിരുന്നു. സന്യാസ ജീവിതത്തെപ്പറ്റി ചെറുപ്പക്കാരായ പെൺകുട്ടികൾക്ക് മതിപ്പുണ്ടാകത്തക്കവണ്ണം എല്ലാ ഞായറാഴ്ചയും മദർ അവർക്ക് ബാരിസോളിൽ വച്ച് ഉപദേശം നൽകിയിരുന്നത് എത്രയും നന്നായി ഒരുങ്ങി നോട്ട് എഴുതി ആയിരുന്നു. ഉപദേശം കഴിയുമ്പോൾ ഈ നോട്ട് അവർക്ക് കൊടുക്കുമായിരുന്നു. കൽക്കട്ടായിലെ വായുമണ്ഡലത്തിൽ മദറിന് ആത്മാവിനെ ഞെരുക്കുന്ന ഒരു അനുഭവം തോന്നിയിരുന്നു. ഒരു മാസത്തോളം തിരുവല്ലായിൽ വന്നു താമസിക്കുമ്പോൾ ആത്മാവിനെ ഉയർത്തി ആശ്വസിപ്പിക്കുന്ന ഒരു atmosphere അനുഭവപ്പെട്ടിരുന്നു എന്നു മദർ ഒന്നിലധികം പ്രാവശ്യം സിസ്റ്റർ ഹെലനോട് പറഞ്ഞിട്ടുണ്ട്.

ഏറ്റം ഉന്നതമായ വിദ്യാഭ്യാസ തലങ്ങളിൽ അഭ്യസ്തവിദ്യരായ മനുഷ്യരുടെ ഇടയിൽ വിജയ പ്രദമായി വേലചെയ്യുവാൻ കഴിവുണ്ടായിരുന്ന മദറിന്റെ ആയുസ് അന്നത്തെ അപരിഷ്കൃതരും വിദ്യാവിഹീനരുമായ കിഴക്കൻ ബംഗാളികളുടെ ഇടയിൽ ചെലവഴിച്ചത് ഒരു പാഴ്വേലയാണെന്നു ഗണിച്ചിരുന്ന ചില സ്നേഹിതർ ഉണ്ടായിരുന്നു. എന്തു ചെയ്യുന്നു എന്നതിൽ അല്ല, എങ്ങിനെ ചെയ്യുന്നു എന്നതിൽ ആണ് ജീവിതത്തിന്റെ വില എന്നു മദറിന്റെ പ്രവൃത്തികൾ കണ്ടാൽ ഗ്രഹിക്കാമായിരുന്നു. എല്ലാ കാര്യങ്ങളും അസാമാന്യമായ പൂർണ്ണതയോടെ ചെയ്യാൻ മദറിന് കഴിഞ്ഞിരുന്നു.

മദർ ഈഡിത്തിന്റെ സ്നേഹസമ്പന്നമായ പ്രോത്സാഹനവും ഔദാര്യം, പ്രശാന്തവും ആദർശപൂർണ്ണവുമായ ദൃഷ്ടാന്തം ഇവ ഇല്ലായിരുന്നെങ്കിൽ ബഥനി സിസ്റ്റേഴ്സ് ഈ വിധത്തിൽ ആയിതീരുമായിരുന്നില്ല. പിതാവ് പലപ്രാവശ്യം തന്റെ സിസ്റ്റേഴ്സിനോട് " മക്കളേ, നിങ്ങൾ എത്ര ഭാഗ്യവതികളാണ്. നിങ്ങൾക്കു മദർ ഈഡിത്ത് ഉണ്ടല്ലോ. മദറിനെപ്പോലെ ഒരാൾ എന്റെ ചെറുപ്പത്തിൽ എന്നെ നോക്കാൻ ഉണ്ടായിരുന്നെങ്കിൽ ഞാൻ എങ്ങിനെ ആയിതീരുമായിരുന്നു", എന്നു പറയുമായിരുന്നു. അദ്ദേഹം എന്തൊരു സഹായം വേണമെന്നു സൂചന നൽകിയാൽ പോലും അതു സാധിച്ചുകൊടുക്കാൻ മദർ ഈഡിത്ത് സർവ്വകഴിവുകളും ഉപയോഗിച്ച് പരിശ്രമിച്ചു. മദറിന്റെ കഴിവുകളോ അസാധാരണവുമായിരുന്നു. അവയെല്ലാം മൂടുന്ന താഴ്മയുണ്ടായിരുന്നു. പിതാവിന് മദറിന്റെ നേരെ അത്യധികമായ ബഹുമാനാദരങ്ങൾ ഉണ്ടായിരുന്നു.



ബഥനി സിസ്റ്റേഴ്സിന്റെ വ്രതാനുഷ്ഠാനം നടക്കാത്തതിൽ അവരെക്കാളും, സ്ഥാപകനേക്കാളും, വിഷമം മദർ ഈഡിത്തിനും സിസ്റ്റർ ഹെലനും ആയിരുന്നു. ഇങ്ങനെയൊരു തടസ്സം ആംഗ്ലിക്കൻസിനു പോലും മനസ്സിലാക്കാൻ വിഷമം ആയിരുന്നു. ഇങ്ങനെ മദർ ഈഡിത്തിന്റെയും സി. ഹെലന്റേയും കാര്യം പരിഗണിച്ചാണ് സിസ്റ്റേഴ്സിന്റെ പരിശീലനഘട്ടങ്ങൾ ആശ്രമസ്ഥരുടേതിനു മുമ്പ് ആരംഭിച്ചതും അവരുടെ വ്രതാനുഷ്ഠാനം ആശ്രമസ്ഥരുടേതിനു മുമ്പ് നടത്തപ്പെട്ടതും.

## A Guide to the Religious Life

ബഥനി സന്യാസസമൂഹങ്ങൾക്ക് ഏകദേശമായ ഒരു നിയമം വി. ബസ്സേലിയോസിന്റെ ഉപദേശങ്ങളെയും മറ്റും ആസ്പദമാക്കി മദർ ഈഡിത്ത് രചിച്ച് വൃത്തിയായി ടൈപ്പു ചെയ്യിച്ച് തന്നു. പിതാവിന് ഗ്രീക്ക് അറിഞ്ഞുകൂടായിരുന്നു. മദർ ഈഡിത്തോ ഗ്രീക്ക് പണ്ഡിതയായിരുന്നു.

## സിസ്റ്റേഴ്സിന്റെ വേഷം മദർ ഈഡിത്ത് തിരഞ്ഞെടുക്കുന്നു

1925 മെയ് 1 നു ആബോ ഗീവർഗീസ് ബഥനിയുടെ മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ ആയി വാഴിക്കപ്പെട്ടപ്പോൾ സിസ്റ്റേഴ്സിന്റെ സന്യാസ പ്രതിഷ്ഠയ്ക്കുള്ള തടസ്സങ്ങൾ എല്ലാം നീങ്ങി. 1925 ആഗസ്റ്റിൽ മദർ ഈഡിത്ത് തിരുമൂലപുരത്ത് വന്ന് സിസ്റ്റേഴ്സിന്റെ വേഷം എന്തായിരിക്കണമെന്നതിനെക്കുറിച്ച് അവഗാഢം പര്യാലോചിച്ചു. സാരി ആയാൽ എന്താ? അത് ഇൻഡ്യൻ സംസ്കാരത്തിന് ചേർന്നതാണ് എന്നു മദർ പറയാതിരുന്നില്ല. പിതാവ് അതിന് അനുകൂലിച്ചില്ല. പലതും മദർ നിർദ്ദേശിച്ചു. ഒടുവിൽ അടിയിലിടുന്ന വസ്ത്രങ്ങൾ, പുറമേ ളോഹ, എസാറാ, ഒപ്പിസാ, തലയിൽ ചെറിയ മുൾകിരീടമായ മസ്നപ്സ, ദീദാ ഇങ്ങനെ വേണമെന്നുള്ള നിഗമനത്തിൽ എത്തിച്ചേർന്നു.

വ്രതാനുഷ്ഠാനശുശ്രൂഷകർ മദറിനുവേണ്ടി പിതാവ് ഇംഗ്ലീഷിൽ ആക്കി. ശുശ്രൂഷകളെക്കുറിച്ച് മദറിനു വലുതായ മതിപ്പായിരുന്നു. 1959 മെയ് 6 ന് 95 വയസ്സ് പൂർത്തിയായതിനുശേഷം മദർ സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടു. മരണം ഒരു ഉറക്കമായിരുന്നു.

### 1925 മെയ് 1. ബഥനിയുടെ മാർ ഈവാനിയോസ്

ബഥനിയുടെ പിതാവ് നിരണം യാക്കോബായ പള്ളിയിൽ വച്ച് മെത്രാനായി അഭിഷിക്തനാകുന്നതിനുവേണ്ടി മഠത്തിലെ അംഗങ്ങളെല്ലാവരും തിരുമൂലപുരത്തുനിന്ന് വള്ളം വഴി നീരണത്തേക്കു പോയി. അവരുടെ താമസത്തിനായി പള്ളിക്കടവിൽ ഡോക്ടർ നൈനാന്റെ വീട്ടിൽ വേണ്ട ഏർപ്പാടുകൾ എല്ലാം ചെയ്തിരുന്നു. മിസ്സസ്സ് നൈനാനും കുട്ടികളും അവർക്കുവേണ്ട സൗകര്യങ്ങളെല്ലാം ചെയ്തുകൊടുക്കാൻ ഉത്സുകരായിരുന്നു.

1925 ഏപ്രൽ 30 ന് വാകത്താനം മാർ പീലിക്സിനോസു മെത്രാച്ചനെ രണ്ടാമത്തെ കാതോലിക്കയായി വാഴിച്ചു. മെയ് 1ന് വെള്ളിയാഴ്ച ആശ്രമപിതാവിനെ കാതോലിക്കാ ബാവാ, മാർ ഗ്രീഗോറിയോസ് ഇവരുടെ പ്രധാന കാർമ്മികത്വത്തിൽ മെത്രാനായി അഭിഷേചിച്ചു. വി. യൂഹാനോൻ ശ്ലീഹായോടുള്ള അതീവഭക്തി ബഥനിമക്കളിൽ എല്ലാം വളർത്താൻ ശ്രമിച്ച പിതാവ് ആ പേരിൻപ്രകാരമാണ് ഈവാനിയോസ് എന്നപേർ സ്വീകരിച്ചത്.

തളർവാതം വന്ന് സംസാരശക്തി നശിച്ചിരുന്ന കണ്ടനാട്ടെ യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വടക്കു വശത്തേമുറിയിൽ നിന്നും മദ്ബഹായിൽ പ്രവേശിച്ച് അഭിഷിക്തന്റെ തലയിൽ കൈവച്ച് മെത്രാഭിഷേകം പൂർണ്ണമാക്കുകയും അംശവടി പിടിപ്പിക്കാൻ സഹായിക്കുകയും ചെയ്തു. വട്ടശ്ശേരിൽ മെത്രാച്ചൻ കേസിനെപ്രതി ഈ കർമ്മങ്ങളിലൊന്നും സംബന്ധിച്ചില്ല. എങ്കിലും എല്ലാം അദ്ദേഹത്തിന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് ചെയ്യപ്പെട്ടത്. വട്ടശ്ശേരി മെത്രാച്ചൻ നിരണത്തേക്കു വരാതെ പരുമല സെമിനാരിയിൽ വിശ്രമിച്ചു എങ്കിലും അദ്ദേഹത്തിന്റെ താൽപര്യപ്രകാരം മാത്രമാണ് മെത്രാഭിഷേകം നടന്നത്.

### സുറിയാനിക്കാരെല്ലാം ഒന്നാകേണ്ടതിന് ആഹ്വാനം

മെത്രാഭിഷേക ശേഷമുള്ള പൊതുയോഗത്തിൽ- അനുമോദന യോഗത്തിൽ- മാർ തോമാശ്ലീഹായുടെ മക്കളായ സുറിയാനിക്കാരെല്ലാവരും ഒന്നാകേണ്ടതിനെക്കുറിച്ച് മിസ്റ്റർ കെ. വി. ചാക്കോ (മല്ലപ്പള്ളി കയ്യാലകത്ത്) എന്ന മഹാനും പിതാവും അതിശക്തിയായി പ്രസംഗിച്ചു. വട്ടിപ്പണക്കേസ് തോറ്റിരുന്ന കാലസന്ധിയായിരുന്നു. ഐക്യത്തിനായി വട്ടശ്ശേരിയിൽ മെത്രാച്ചൻ ചെയ്ത എല്ലാ പരിശ്രമങ്ങളും



തോൽവിയിൽ കലാശിച്ചിരുന്നു. സമുദായ സ്നേഹികൾ ഭാവിപരിപാടികളെക്കുറിച്ച് ഗാഢമായി ചിന്തിച്ചിരുന്നു.

### ഉടമ്പടി കൊടുത്തില്ല

യാക്കോബായ പാത്രിയർക്കീസുമായുള്ള ബന്ധത്തിന്റെ ദൂഷ്യഫലങ്ങൾ മറ്റെല്ലാവരെക്കാളുമധികമായി ഗ്രഹിക്കാൻ കഴിവുണ്ടായിരുന്ന വ്യക്തി എന്ന നിലയിൽ ആ സഭയിലെ ഒരു മെത്രാനാകുവാൻ അബ്ദേദ്മ്ശിഹാ പാത്രീയർക്കീസ് 1912 ൽ വന്നപ്പോൾ മുതൽ അദ്ദേഹത്തിൻ നിന്നു തുടങ്ങി ഉണ്ടായ പ്രേരണകളെ എല്ലാം നിരസിച്ചിരുന്ന പിതാവ്, യാക്കോബായ മെത്രാന്മാർക്കോ പാത്രീയർക്കീസിനോ ഉടമ്പടി എഴുതി കൊടുത്തിട്ട് മെത്രാൻ ആകയില്ല എന്ന് തീർത്തും വ്യക്തമാക്കിയിരുന്നു. അന്നു വട്ടശ്ശേരിൽ മെത്രാച്ചന്റെ ഭാഗത്തുനിന്നവർക്ക് കേസ് പരാജയത്തിൽ കലാശിച്ചാലുള്ള ഏകാലംബം ബഥനി ആയിരുന്നു. അതിനാൽ ഉടമ്പടി ഒന്നുംകൂടാതെയും യാക്കോബായ വൈദികരും മെത്രന്മാരും ശപിക്കുന്ന കത്തോലിക്കാപിതാക്കന്മാരെ ആരെയും ശപിച്ചുപറയാതെയും ആണ് പിതാവ് മെത്രാഭിഷേകം സ്വീകരിച്ചത്.

### സിസ്റ്റർ ഗ്ലാഡിസ് മൂഡി

1923 ൽ സി. ഹെലൻ ഇംഗ്ലണ്ടിൽ ഫർലോയ്ക്കു പോയപ്പോൾ സിസ്റ്ററിനു പകരമായി സി. ഗ്ലാഡീസ് തിരുമൂലപുരം സ്കൂളിൽ ചാർജ്ജു വഹിച്ചു. സി. ഡോറിനും അക്കാലത്ത് ബാരിസോളിൽ ആയിരുന്നതിനാൽ മിസ്സ്. മുരിയൽ മിലേസ്, സി. ഗ്ലാഡീസിന് കൂട്ടായി തിരുമൂല മഠത്തിൽ താമസിച്ചു. ആ കാലഘട്ടത്തിൽ ഇളയമ്മക്ക് ചില പ്രയാസങ്ങൾ ഉണ്ടായി. സി. ഗ്ലാഡിസിന് ഇളയമ്മയുടെ ചില രീതികൾ അത്ര ഹൃദ്യമായി തോന്നിയില്ല. കാണിച്ചിരുന്ന ചില ഹിസ്റ്റീരിക്കൽ ചായ്വുകളെ സിസ്റ്റർ നിഷ്ക്കർഷയോടെ എതിർത്തു. അതു ഇളയമ്മയെ ക്ഷീണിതയാക്കി.

എം. സി. അന്നമ്മ (സാറാമ്മ) തിരുമൂലപുരം സ്കൂളിൽ ഫോം സെക്കൻഡ് മുതൽ ഫിഫ്ത്ത് വരെ പഠിച്ചു. 1924 ൽ ഫിഫ്ത്തിൽ തോറ്റു. മഠത്തിൽ സാറാമ്മ എന്നു വിളിക്കപ്പെട്ടിരുന്നു. സാറാമ്മയുടെ ചില ചപലതകൾ കണ്ടിട്ട് മാനസീകാരോഗ്യത്തെക്കുറിച്ച് സി. ഗ്ലാഡീസിന് കാര്യമായ സംശയമുണ്ടായി. മഠത്തിൽ ചേരുന്ന കാര്യം ചിന്തിക്കയേ വേണ്ടാ എന്ന് സിസ്റ്റർ സാറാമ്മയോട് പറഞ്ഞു. അത് സാറാമ്മയ്ക്ക് വലിയ വിഷമത്തിനിടയായി. മേരിനയോമിയോട് കൂടെ എം.

സി. സാറാമ്മയെ നേഴ്സിംഗ് പഠിക്കാനായി വെല്ലൂരിലേക്കയച്ചു. അങ്ങനെ മഠത്തിൽ നിന്ന് ഒഴിച്ചുവിടാമെന്ന് സിസ്റ്ററിന് ഒരു വിചാരമുണ്ടായിരുന്നു. എന്നാൽ നയോമിയ്ക്ക് മഠത്തിൽ ചേരണമെന്നുള്ള ആഗ്രഹമായിരുന്നു. സാറാമ്മയെക്കുറിച്ചുള്ള വെറും വ്യക്തിപരമായ പരിഗണനമൂലം മഠത്തിന് ഉപദ്രവം ഉണ്ടാകരുതെന്ന വിചാരം സി. ഗ്ലാഡീസിന് നന്നായി ഉണ്ടായിരുന്നു. സി. ഹെലൻ തിരികെ വന്നപ്പോൾ സി. ഗ്ലാഡീസ് ബാരിസോളിലേക്ക് തിരിച്ചുപോയി. സി. ഗ്ലാഡീസ് തിരുമൂലപുരം മഠത്തിൽ ആയിരിക്കുമ്പോൾ ഓണാവധിക്കാലത്ത് സിസ്റ്ററിന്റെ സഹോദരിയായ സി. റോസ് ഒ. എം. എസ്. ഇ തിരുമൂല വന്നു കുറെ ദിവസം താമസിച്ചു. സിസ്റ്ററിന്റെ കൂടെ സാറാമ്മയെ വെല്ലൂരിൽ നേഴ്സിംഗിന് അയച്ചു.1963 ൽ മെയ് 2 ന് രാത്രി 11.30 ബാരിസോളിൽ വച്ച് നല്ല വാർദ്ധ്യക്യത്തിൽ സമാധാനമായി സി. ഗ്ലാഡീസ് മരിച്ചു.

**സിസ്റ്റർ ഡോറിൻ**

തിരുമൂല മഠത്തിന്റെ ആരംഭം മുതൽ സി. ഹെലന് കൂട്ടായി സി. ഡോറിൻ കൂടെയുണ്ടായിരുന്നു. സിസ്റ്റർ പ്രകൃതി സൗന്ദര്യം നോക്കി പ്രാർത്ഥനാനിരതയായി നിൽക്കുന്നത് പലപ്പോഴും കാണാമായിരുന്നു. വളരെ ഉന്നതമായ ആദ്ധ്യാത്മീക ചൈതന്യം ഉണ്ടായിരുന്നു. ദീർഘ നാൾ വാതം മൂലമുള്ള കഷ്ടത വീരോചിതമായി സഹിച്ച് ബാരിസോളിൽ വച്ച് 1956 ഡിസംബർ 10 ന് ഭാഗ്യമരണം പ്രാപിച്ചു.

**മഠത്തിൽ ടൈഫോയിഡ്**

1925 ജൂലൈ ഒടുവിൽ പോസ്റ്റുലന്റ് എലിസ്ബ (അന്നമ്മ പി. റ്റി.) യ്ക്കു ഒരു പനി ആരംഭിച്ചു. രണ്ടു ദിവസം പനിയെന്നറിയാതെ കൊണ്ടുനടന്നു. ഒടുവിൽ കിടക്കുന്നത് സി. ഹെലൻ കണ്ടു. വന്നു പനി നോക്കിയപ്പോൾ 103 ഡിഗ്രി എന്നു കണ്ടു. പിറ്റേദിവസം കട്ടിലോടെ അനാഥ ശാലയ്ക്കായി ഉണ്ടാക്കിയിരുന്ന കെട്ടിടത്തിലേക്കു മാറ്റി. യാതൊന്നിനും എഴുന്നേൽക്കാൻ സമ്മതിച്ചുമില്ല. ടൈഫോയിഡ് ആണെന്ന് ആദ്യം തന്നെ സിസ്റ്റർ മനസ്സിലാക്കി. മഠത്തിൽ ഉള്ളവരിൽ ഒരാൾ മാത്രം ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. സന്ദർശകരെ ആരെയും അനുവദിച്ചില്ല. മറ്റു പോസ്റ്റുലൻസ് ഒന്നു രണ്ടു ദിവസം കാണാൻ അനുവദിച്ചപ്പോൾ പനികൂടിയതിനാൽ പിന്നെ ആരേയും അനുവദിച്ചില്ല. സി. ഹെലൻ ദിവസം പലപ്രാവശ്യം താഴെ ഇറങ്ങിച്ചെന്നു പനിനോക്കുകയും മരുന്നുകൊടുക്കുകയും ചെയ്തു. വ്രതാനുഷ്ഠാ



നത്തിനായുള്ള ധ്യാനം തുടങ്ങുന്നതുവരെ സാറാമ്മ കെ. വർഗീസ് മറ്റു ശുശ്രൂഷകൾ ചെയ്തു. ആഗസ്റ്റിൽ മദർ ഈഡിത്ത് വന്നപ്പോൾ ചിലപ്പോഴൊക്കെ മദറും ചെന്നുകണ്ടിരുന്നു. പനി 105 ഡിഗ്രി കൂടിയപ്പോൾ സ്പഞ്ചു ചെയ്തു കുറച്ചു. ഈ ഘട്ടത്തിൽ പിതാവ് പിഴിച്ചിലും പഥ്യവുമായി തിരുമൂലപുരം യാക്കോബായ പള്ളിക്കു സമീപം ഉള്ള കെട്ടിടത്തിൽ താമസമായിരുന്നു. പിതാവ് വളരെ വിഷമിച്ചു. പനികൂടിയപ്പോൾ രണ്ടുപ്രാവശ്യം ആബൂനാ (ഫാ. അലക്സിയോസ്) വന്ന് തൈലാഭിഷേകം നടത്തി. ഒന്നിടയിട്ട ദിവസങ്ങളിൽ വി. കുർബാന ആബൂനാ കൊണ്ടുകൊടുത്തിരുന്നു. ഒന്നിടയിട്ട ദിവസങ്ങളിൽ ഗ്ലിസറിൻ എനിമാ കൊടുത്തിരുന്നതിനാൽ അന്നു വി. കുർബാന കൊടുക്കാൻ പാടില്ല എന്ന് പിതാവ് പറഞ്ഞത് സി. ഹെലന് വലിയ പുത്തരിയായി തോന്നി. രോഗം കൂടിയപ്പോൾ അന്ന് തിരുവല്ലാ ഡിസ്ട്രിക്റ്റ് ആശുപത്രിയിലെ ഡോ. കുരുവിളയെ വരുത്തി. നൽകിയിരുന്ന ശുശ്രൂഷ കണ്ട് "തിരുവിതാംകൂർ മഹാറാണിയെപ്പോലും ഇതിലധികമായി ആരും നോക്കുകയില്ല", എന്ന് ഡോക്ടർ പറഞ്ഞു. ഇങ്ങനെ ആതുര സംരക്ഷണത്തിന് അത്യുത്തമമായ ഒരു പാരമ്പര്യം സി. ഹെലൻ സൃഷ്ടിച്ചു. അത് ബഥനിയിൽ തുടർന്നുകൊണ്ടിരിക്കുന്നു.

**മല്ലിട്ടി – തോമാപ്പണിക്കർ**

**മഠത്തിനു ചുറ്റും കയ്യാല കെട്ടിക്കുന്നു**

മഠത്തിന്റെ ആരംഭത്തിനുശേഷം സ്വൽപം കൂടെ സ്ഥലം വാങ്ങിയിരുന്നു. എങ്കിലും എല്ലാം തന്നെ വെട്ടുംകിളയും ഇല്ലാതെയും ചുറ്റും യാതൊരുവിധത്തിലുമുള്ള അതിരോ വേലിയോ ഇല്ലാതെയും അനാഥമായി കിടന്നിരുന്നു. പിതാവിനെ കാണാൻ തിരുമൂല എത്തിയ "വല്ല്യപ്പച്ചൻ" മഠം സന്ദർശിച്ചപ്പോൾ പറമ്പിന്റെ സ്ഥിതികണ്ട്, നല്ലൊരു കർഷകനായിരുന്ന അദ്ദേഹത്തിന് വല്ലാത്ത അസുഖം തോന്നി. അദ്ദേഹം മവേലിക്കര നിന്ന് സ്വന്തം ജോലിക്കാരെ (അന്ന് മിക്കവാറും അടിമകളായിത്തന്നെ ഗണിക്കപ്പെട്ടിരുന്ന പുലയരെ) കൊണ്ടുവന്നു മഠത്തിന്റെ വക പറമ്പിന് നാലു ചുറ്റും നല്ല പൊക്കത്തിൽ കയ്യാല കെട്ടിക്കയും പറമ്പുമുഴുവൻ കിളപ്പിക്കുകയും ചെയ്തു. പിന്നീട് കൃഷി ചെയ്യിക്കേണ്ടതിനു വേണ്ട നിർദ്ദേശങ്ങളും നൽകി. മഠത്തിൽ എല്ലാവരും അദ്ദേഹത്തെ വല്ല്യപ്പച്ചൻ എന്നു വിളിച്ചുവന്നു. മഠത്തിന്റെ കാര്യത്തിൽ മരണം വരെ അദ്ദേഹത്തിന് പ്രത്യേക താല്പര്യമുണ്ടായിരുന്നു. പണസമ്പാദനത്തിൽ തൽപ്പരനും വളരെ സൂക്ഷിച്ചു ചെലവു ചെയ്യുന്നവ

നുമായ അദ്ദേഹത്തിന്റെ കാര്യത്തിൽ മഠത്തിനുവേണ്ടി ഇങ്ങനെ പണം ചെലവാക്കിയത് വലിയൊരു ഔദാര്യമായി വിചാരിക്കേണ്ടതാണ്.

### സന്യാസ പ്രതിഷ്ഠയ്ക്കായുള്ള ധ്യാനം - സെപ്തംബർ 1925

എട്ടുനോമ്പ് യാക്കോബായ സഭയിൽ വളരെ കാര്യമായി കന്യകമാർ പ്രത്യേകിച്ച് ആചരിച്ച് വന്നിരുന്നു. ആണ്ടുതോറും പിതാവിന്റെ പ്രത്യേക മേൽനോട്ടത്തിൽ തിരുവല്ലാ ബഥനിപള്ളിയിൽ എട്ടുനോമ്പാചരിച്ചുവന്നിരുന്നു. മഠത്തിലെ ചാപ്പലും മാതാവിന്റെ നാമത്തിലായിരുന്നു. പിതാവിന്റെ ജനനം മാതാവിന്റെ ജനനതീയതിയായി യാക്കോബായക്കാർ ആചരിച്ചു വന്നിരുന്ന സുറിയാനി കണക്ക് കന്നി 8 ന് അതായത് സെപ്റ്റംബർ 21 ന് ആയിരുന്നു. അന്ന് സന്യാസ പ്രതിഷ്ഠ നടത്തക്കവണ്ണം 1. എം. പി. ശോശാമ്മ, 2. പി. ഐ ആച്ചിയമ്മ, 3. സാറാമ്മ വർഗീസ് ഇവർ ധ്യാനം തുടങ്ങി. പിതാവിന്റെ പഥ്യം കഴിഞ്ഞിരുന്നതിനാൽ പിതാവു തന്നെ ധ്യാന പ്രസംഗം നടത്തി.

സെപ്റ്റംബർ 21 പിതാവിന്റെ ജന്മദിനം ആയിരുന്നതുകൊണ്ടും മാതാവിനോടുള്ള അതീവ ഭക്തിമൂലവും മദർ ഈഡിത്തിന് സംബന്ധിക്കാൻ സൗകര്യമുള്ള കാലവും നോക്കിയാണ് സെപ്റ്റംബർ 21 ന് സന്യാസ പ്രതിഷ്ഠയ്ക്കായി തിരഞ്ഞെടുത്തത്. മിക്കവർഷങ്ങളിലും ആഗസ്റ്റ് 3-ാം ആഴ്ചയോടെ മദർ ഈഡിത്ത് തിരുമൂലപുരത്ത് വന്ന് താമസിച്ചിട്ട് സെപ്റ്റംബർ 3-ാം ആഴ്ച കഴിയുമ്പോൾ തിരിച്ചുപോവുക പതിവായിരുന്നു.

### ദീർഘമായ കാത്തിരിപ്പിന്റെ അന്ത്യം

അങ്ങനെ 1925 സെപ്റ്റംബർ 20 ന് വൈകിട്ട് ബഥനിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങി. വീടുകളിൽ നിന്ന് മാതാപിതാക്കളോ അടുത്തവരോ ആയി ചുരുക്കം പേർ വരാൻ അനുവദിച്ചിരുന്നു. പ്രതിഷ്ഠിതരെ സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ സുറിയാനിയിൽ നിന്ന് മദർ ഈഡിത്തിനുവേണ്ടി ഇംഗ്ലീഷിലേക്കും പൊതു ഉപയോഗത്തിനായി മലയാളത്തിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ടിരുന്നു. ആ ശുശ്രൂഷയിൽ വച്ച് ഇളയമ്മ എന്നുവിളിക്കപ്പെട്ടിരുന്ന

1. എം. പി. ശോശാമ്മയ്ക്ക് ശൈനാ എന്നും ( സാമാധാനം )
2. പി. ഐ ആച്ചിയമ്മക്ക് ഹൂബാ എന്നും (സ്നേഹം )
3. സാറാമ്മ വർഗീസിന് ദനഹാ എന്നും പേർ വിളിക്കപ്പെട്ടു.



ഉൾവസ്ത്രങ്ങൾ വൈകിട്ടത്തെ ശുശ്രൂഷയിൽ വച്ച് ആശീർവദിച്ച് കൊടുത്തത് ഇട്ടുകൊണ്ട് രാത്രി ഉറങ്ങി. പിറ്റെ ദിവസം സന്യാസപട്ടം വെട്ടുന്നതിന്റെ സൗകര്യത്തിനായി സന്ധ്യക്കുള്ള ശുശ്രൂഷകൾക്ക് ശേഷം മദർ ഈഡിത്ത് മൂന്നുപേരുടേയും തലമുടി ബോബ് ചെയ്തു.

### ബഥനിയിലെ ആദ്യത്തെ സന്യാസ പ്രതിഷ്ഠ

#### 1925 സെപ്റ്റംബർ 21 സ്മരണീയ ദിനം

അങ്ങനെ ആനന്ദകരമായ ആ സുദിനത്തിൽ ബഥനിയിലെ ആദ്യ അംഗങ്ങളിൽ ഏറ്റം പ്രായം കൂടിയ മൂന്നുപേർ നിത്യമായ ഒരു യാഗമായി തങ്ങളെത്തന്നെ ആത്മാക്കളുടെ മണവാളനായ മിശിഹായ്ക്ക് പ്രതിഷ്ഠിച്ചു. ഇത് തികച്ചും പൗരസ്ത്യമായ രീതിയിൽ തന്നെയായിരുന്നു. പാശ്ചാത്യരുടെ ഇടയിൽ നടപ്പുള്ള മൂന്ന് നേർച്ചകൾ ആശ്രമ പിതാവിന് അറിയാമായിരുന്നു എങ്കിലും ആദ്യത്തെ നാലു അംഗങ്ങളുടേത് പരിപൂർണ്ണമായ അർപ്പണം മാത്രമായിരുന്നു. അവരെ സംബന്ധിച്ച് ദീർഘമായ കാത്തിരിപ്പ് അല്ലാതെ നോവിഷ്യേറ്റ് ഉണ്ടായിരുന്നില്ല. താൽക്കാല വ്രതം എന്നതും ആദ്യത്തെ നാല് അംഗങ്ങളെ സംബന്ധിച്ച് ഉണ്ടായിരുന്നില്ല. പൗരസ്ത്യ ആചാരങ്ങളെക്കുറിച്ച് പിതാവിന് മതിപ്പുണ്ടായിരുന്നു. സുറിയാനിയിൽ ഉണ്ടായിരുന്ന പ്രതിഷ്ഠാക്രമങ്ങളിൽ ഒന്നും തന്നെ വിട്ടുകളഞ്ഞില്ല.

### പട്ടം വെട്ട്

സന്യാസപ്രതിഷ്ഠയുടെ അടയാളമായി ശെമ്മാശ്ശന്മാർ, വൈദികർ, ഇവർക്ക് പൗരസ്ത്യരുടെ ഇടയിൽ ചെയ്യുന്നതുപോലെ തലയിൽ നിന്ന് കുരിശാകൃതിയിൽ 4 സ്ഥലങ്ങളിൽ നിന്ന് മുടിവെട്ടിയെടുത്തു. അതു താഴെയെങ്ങും വീഴിക്കാതെ ഒരുകടലാസിൽ വാങ്ങി ഓരോരുത്തരുടേയും പേർ എഴുതി മടക്കി ഭദ്രമായി സൂക്ഷിച്ചു.

### പ്രതിജ്ഞാപത്രം

വൈദീകർ, മേൽപ്പട്ടക്കാർ ആദിയായവരുടെ അഭിഷേകാവസരങ്ങളിൽ എഴുതിക്കൊടുക്കുന്നതുപോലെ പേരും വയസും പറഞ്ഞു ഒരു പ്രതിജ്ഞാ പത്രം സാധാരണ നോട്ടുബുക്കിന്റെ പകുതിവലുപ്പത്തിൽ ഒരു ചെറിയ ബുക്കിൽ സ്വന്തം കൈപ്പടയിൽ എഴുതി ചാപ്പലിൽ വച്ച് പ്രതിഷ്ഠാ സമയം ഒപ്പിട്ട് ഓരോരുത്തരും നൽകി.

തിരുമൂലപുരം സ്കൂളും ബഥനിമഠവും കാര്യത്തിൽ ഒന്നായിത്ത

ന്നെയാണ് അക്കാലത്ത് കരുതപ്പെട്ടിരുന്നത്. അതിനാൽ സെപ്റ്റംബർ 20ന് വൈകിട്ടത്തേയും 21 ന് രാവിലത്തേയും ശുശ്രൂഷകളിൽ എല്ലാം, തിരുമൂലപുരം ബാലികാമഠത്തിലെ കുട്ടികൾ സംബന്ധിച്ചു. വീട്ടുകാർ വരുന്നതിനെക്കുറിച്ചു ചില നിബന്ധനകൾ ഏർപ്പെടുത്തിയിരുന്നു. ചുരുക്കം പേരെ മാത്രമേ അനുവദിച്ചിരുന്നുള്ളു.

**ഒരു പോസ്റ്റുലന്റ് ഇതിലൊന്നും സംബന്ധിച്ചില്ല**

ടൈഫോയിഡ് പൊറുത്ത് കുളിച്ച് അൽപ്പദിവസം മാത്രമായ എലിശുബാ പൂർണ്ണ വിശ്രമത്തിൽ ആയിരുന്നതിനാൽ ഈ ചടങ്ങുകളിലൊന്നിലും സംബന്ധിക്കാൻ അനുവദിക്കപ്പെട്ടില്ല. ഉടുപ്പുകൊടുക്കുന്ന സമയത്തുമാത്രം ചാപ്പലിൽ ചെന്നിട്ട് അതുകഴിഞ്ഞയുടൻ തിരികെ പോകാൻ അനുവദിക്കപ്പെട്ടു.

**പെട്ടെന്നുള്ള നിവേശനം-ഒരു പോസ്റ്റുലന്റ് കൂടെ**

ആദ്യത്തെ മൂന്ന് അംഗങ്ങളുടെ സന്യാസപ്രതിഷ്ഠകഴിഞ്ഞ് അതിഥികൾ പോയി കഴിഞ്ഞപ്പോൾ മദർ ഈഡിത്ത് തിരികെ പോകും മുമ്പേ കെ. എ. ഏലിയാമ്മയെ പോസ്റ്റുലന്റ് ആയി സ്വീകരിക്കണമെന്ന് ഒരു ആഗ്രഹം പ്രകടമാക്കി. വിവരം ഗ്രഹിച്ചയുടനെ പിതാവ് അതിന് സമ്മതിച്ചു. ഉടനെതന്നെ കൊച്ചേലിയാമ്മയെ വിളിച്ച് ചാപ്പലിലേക്കു കൊണ്ടുപോയി പോസ്റ്റുലന്റ് ആക്കുകയും ചെയ്തു. മദർ ഈഡിത്തിനോട് സ്ഥാപകപിതാവിന് അത്രയധികം ആദരവും സ്നേഹ ബഹുമാനങ്ങളും ഉണ്ടായിരുന്നു.

**സിസ്റ്റേഴ്സ് വ്രതാനുഷ്ഠാനത്തിൽ ആശ്രമസ്ഥരെ പിന്നിട്ടു**

പോസ്റ്റുലൻസിയിലേക്കുള്ള സ്വീകരണത്തിലും അതുകഴിഞ്ഞ് പലവർഷങ്ങൾക്കുശേഷമുള്ള സന്യാസപ്രതിഷ്ഠയിലും സിസ്റ്റേഴ്സിനാണ് മുൻഗണന ലഭിച്ചത്.

*മഠത്തിലെ ആദ്യ പോസ്റ്റുലന്റ്സ്*

| | |
|---|---|
| 1. പി.ഐ. ആച്ചിയമ്മ | ബാരിസോൾ മാർച്ച് 1, 1918 |
| 2. കെ. കെ. മറിയാമ്മ | മാർച്ച് 1, 1918 |
| 3. എം. പി. ശോശാമ്മ | ജൂലൈ 23, 1918 |
| 4, കെ.സി. ശോശാമ്മ | ജൂലൈ 23, 1918 |
| 5. പി.റ്റി. എലിസ്ബാ (അന്നമ്മ) | മാർച്ച് 17, 1923 |
| 6. കെ. കെ. റാഹേൽ | മാർച്ച 17, 1923 |



ഇതിൽ 1 - 4 രെയുള്ളവർ ബാരിസോളിൽ വച്ചും, 5, 6 നമ്പറുകൾ തിരുമൂലപുരത്തുവച്ചുമാണ് പോസ്റ്റുലന്റ് ആയത്.

**ആശ്രമത്തിലെ ആദ്യ പോസ്റ്റുലന്റ്സ് (കാവിക്കാർ )**

പെന്തിക്കൊസ്തി 1920 (യാക്കോബായ കണക്കിന് )

1. ഫാദർ അലക്സിയോസ്-മട്ടയക്കൽ -മാർ തിയോഡോഷ്യസ്- വിട്ടുപോയി

| | |
|---|---|
| 2. ഡീക്കൻ കെ. എ. യാക്കോബ് | - മാർ തിയോഫിലോസ് |
| 3. ഡീക്കൻ കോശി | - റവ. സാമുവേൽറ്റി.ഒ.സി.ഡി. വിട്ടുപോയി |
| 4. എംസി ജോർജ്ജ് | - ഫാദർ ഗീവറുഗീസ് |
| 5. യാക്കൂബ് | - ഫാ.ബർസ്ലീബാ |
| 6. ഉമ്മൻ | - ഫാ. ബർസ്ക്കീപ്പാ വിട്ടുപോയി |
| 7. ഏബ്രഹാം | - ഫാ. ഏബ്രഹാം |
| 8. ഐസക്ക് | - ഫാ. ഐസക്ക്-(യാക്കോബായ) വിട്ടുപോയി |
| 9. കെ.പി. വറുഗീസ് | - വിട്ടുപോയി |

ആശ്രമത്തിൽ ബ. ഫാ. യാക്കോബ്, ഫാ. ബർസ്ക്കീപ്പാ, ഫാ. ഏബ്രഹാം, ഫാ. ബർസ്ലീബാ, ഫാ. സ്തേപ്പാനോസ് ഇവർ 1927 ൽ ഒക്ടോബർ 21 നും ഫാ. ഗീവർഗീസ് 1928 മെയ് 25 നും പ്രതിഷ്ഠ ചെയ്തു. (സംപൂർണ്ണമായ ഒരു അർപ്പണം) നിത്യയാഗം മാത്രം. അവർക്കും തൽക്കാല വ്രതം ഇല്ലായിരുന്നു.

**11 വർഷങ്ങൾ കാത്തിരുന്നിട്ടും സ്വീകരിക്കപ്പെട്ടില്ല**

വരം ലഭിച്ചവർക്കല്ലാതെ മറ്റാർക്കും ഇതു സാധ്യമല്ല" എന്ന് നമ്മുടെ കർത്താവ് അരുളിയിട്ടുള്ള വാക്കുകൾ ബഥനിയിൽ സന്യാസജീവിതം ആഗ്രഹിച്ചു വന്നിട്ടുള്ള പലരെ സംബന്ധിച്ചും യാഥാർത്ഥ്യമായിരുന്നു. ഒന്നാമത്തെ അംഗമായി ബാരിസോളിലേക്കു പോയ മറിയാമ്മയെ സംബന്ധിച്ച് ഇതു തികച്ചും അന്വർത്ഥമായി തീർന്നു. വിവാഹ ജീവിതത്തോട് ഒരു വിരസത വളരെ ചെറുപ്പത്തിലെ

തോന്നിയ മറിയാമ്മയെ കന്യത്വ ജീവിതത്തിലേക്ക് ഒരു മാലാഖ പ്രത്യക്ഷമായി ആഹ്വാനം ചെയ്തു എന്ന് ആ പാവം വിശ്വസിച്ചു വന്നു. 9 വർഷത്തിലധികം ബാരിസോളിലും തിരുമൂലപരത്തുമായി താമസിച്ചപ്പോഴേക്ക് പിതാവിനും മറ്റ് അർത്ഥിനികൾക്കും മറിയാമ്മയുടെ ദൈവവിളിയെപ്പറ്റി സംശയിക്കാൻ കാരണങ്ങളുണ്ടായി. കൂട്ട ജീവിതത്തിന് പറ്റാത്ത ആളെന്നു ബോദ്ധ്യമായപ്പോൾ പരീക്ഷണാർത്ഥം ഒന്നുവീട്ടിൽ വിട്ടു. സെപ്റ്റംബർ (1925) ൽ ആദ്യത്തെ സിസ്റ്റേഴ്സിന്റെ പ്രതിഷ്ഠക്കു മുമ്പായി തിരികെവരുത്തി ഒരു അവസരം കൂടെ നൽകി. എന്നിട്ടും പ്രയോജനപ്പെടുകയില്ല എന്നു കണ്ടതിനാൽ കുറെ മാസങ്ങൾക്കു ശേഷം 1926 മാർച്ചിൽ വീട്ടിൽ അയ്ക്കപ്പെട്ടു.

മദർ ഈഡിത്ത്, സി. ഹെലൻ, സി. ഗ്ലാഡിസ് മുതലായവർ സുറിയാനി പെൺകുട്ടികളുടെ പരിശീലനത്തിൽ ശ്രദ്ധിച്ചിരുന്ന എല്ലാവരുടേയും ദൃഷ്ടിയിൽ മറിയാമ്മ അത്യുത്തമയായ ഒരു അർത്ഥിനിയായിരുന്നു. മറ്റുള്ളവർക്ക് വഹിക്കാൻ നിവർത്തിയില്ല എന്ന് ബോദ്ധ്യമായപ്പോൾ ഒരു പരീക്ഷണാർത്ഥം 1924 ജൂൺ 24 ന് മറിയാമ്മയെ വീട്ടിലേയ്ക്ക് (ശൂരനാട്ട് കുറ്റിയിൽ) വിട്ടു. അക്കാലത്ത് സി. ഹെലൻ അവധിയിൽ ഇംഗ്ലണ്ടിൽ ആയിരുന്നു. പകരം സി. ഗ്ലാഡിസ് ആയിരുന്നു തിരുമൂലമഠത്തിന്റെ ചാർജ്ജ് വഹിച്ചിരുന്നത്. മറിയാമ്മയോടുള്ള സ്നേഹതാൽപ്പര്യം മൂലം സി. ഗ്ലാഡിസ് ഒരു കാളവണ്ടിയിൽ തിരുമൂലനിന്ന് ശൂരനാട്ട് വരെ യാത്രചെയ്ത് മറിയാമ്മയെ കാണാനായി അവരുടെ വീട്ടിൽ പോയതുതന്നെ അവർക്ക് (ഓക്സ്ഫോർഡ് മിഷൻ സിസിറ്റേഴ്സിന്) മറിയാമ്മയോടുണ്ടായിരുന്ന താൽപ്പര്യത്തിന്റെ അടയാളമായിരുന്നു. അവരെ പ്രീതിപ്പെടുത്തുകയും സ്വന്തം മഠത്തിനകത്ത് സ്നേഹത്തിലും രമ്യതയിലും കഴിയാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നത് ഇംഗ്ലീഷ് സിസ്റ്റേഴ്സിന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും കാര്യങ്ങൾ ശരിക്കും ഗ്രഹിച്ചപ്പോൾ നടപടികൾ സ്വീകരിച്ച് പിതാവ് തന്നെ ശരിയായ ഒരു പാരമ്പര്യം തുടങ്ങി, ഭാവിയിലേക്ക് ഒരു മാതൃക നൽകി.

ഒരു വർഷം കഴിഞ്ഞ് മറിയാമ്മ മഠത്തിൽ തിരികെ വന്നു. എങ്കിലും കൂട്ട ജീവിതത്തിന് പറ്റുകയില്ലാ എന്ന് ബോദ്ധ്യമായതിനാൽ 1926 ൽ തിരിച്ചയക്കപ്പെട്ടു.



**ഒരു മഹദ് വ്രതം**

മഹദ് പ്രതിഷ്ഠയുള്ള ഒരു സ്ഥാപനമായിരിക്കണം ബഥനിമഠം എന്നായിരുന്നു വന്ദ്യപിതാവിന്റെ ആദ്യ ചിന്ത. ആദ്യപ്രതിഷ്ഠ തന്നെ നിത്യകാലത്തേക്കായിരുന്നു. 25 വയസ്സ് പൂർത്തിയായതിനുശേഷം ആദ്യപ്രതിഷ്ഠയും 40 വയസ്സ് പൂർത്തിയായതിനുശേഷം മഹൽ പ്രതിഷ്ഠയും എന്നായിരുന്നു അന്നത്തെ തീരുമാനം. അതനുസരിച്ച് 1925 സെപ്റ്റംബറിൽ പ്രതിഷ്ഠിതരായ മൂന്നു പേരിൽ സി. ശൈനായ്ക്കു മാത്രമേ 40 വയസ്സ് കഴിഞ്ഞിരുന്നുള്ളു.

1926 സെപ്റ്റംബറിൽ പതിവു പോലെ മദർ ഈഡിത്ത് തിരുവല്ലായിൽ ഉണ്ടായിരുന്നു. സി. ശൈനായ്ക്ക് കറുപ്പ് വെയിൽ (ദീദാ )യും കറുത്ത കുബ്നായും ഉണ്ടാക്കുന്നതിനുള്ള തുണി കൽക്കട്ടായിൽ നിന്ന് മദർ ഈഡിത്ത് തന്നെ വാങ്ങികൊണ്ടുവന്നു. 1926 സെപ്റ്റംബർ 21 ന് സി. ശൈനാ മഹൽ പ്രതിഷ്ഠ ചെയ്തു. വെള്ളയ്ക്ക് പകരം കറുത്ത കുബ്ഊനായും ദീദായും ധരിച്ചു.

**കുബ്ഊനാ മെത്രന്മാർ ധരിക്കുന്ന മസ്നപ്സാ തന്നെ**

എന്നാൽ മെത്രന്മാരിൽ നിന്നും റമ്പാന്മാരിൽ നിന്നും വ്യത്യാസം ഉണ്ടായിരിക്കണമെന്നും മെത്രാന്മാരുടെ മസ്നപ്സായിലേതുപോലെ മുഴുവൻ നിറച്ച 12 കുരിശുകൾ ഇരു ഭാഗങ്ങളിലും തൈക്കുന്നത് ശ്രമകരമാണെന്നും പൊതുവേ ഒരു അഭിപ്രായം പ്രബലപ്പെട്ടിരുന്നതിനാൽ ചെറിയ കുരിശുകളുടെ പുറമേയുള്ള രൂപം മാത്രം ഒറ്റവരിയിൽ തൈയ്ക്കുയും പുറകുവശത്തുള്ള വലിയ കുരിശിന്റെ ആകൃതി ഭേദപ്പെടുത്തി കുരിശ് തൈയ്ക്കുകയും ചെയ്തു.

വെളിയിൽ ഇറങ്ങുമ്പോൾ മാത്രം ദീദാ ധരിക്കുകയും അകത്തിരുന്നു പഠിക്കുകയോ ജോലിചെയ്യുകയോ ചെയ്യുമ്പോൾ കുബ്ഊനാ ധരിക്കുകയും ചെയ്താൽ മതിയെന്ന് മദർ ഈഡിത്തിന് അഭിപ്രായം ഉണ്ടായിരുന്നതിനാൽ ആദ്യത്തെ മൂന്ന് അംഗങ്ങൾ 1926 അവസാനം വരെ അങ്ങനെ ചെയ്തു.

**ഇത് എങ്ങിനെ മാറി**

സമൂഹത്തിൽ നാലാമത്തെഅംഗം പ്രതിഷ്ഠയുടെ ശേഷം അൽപ്പദിവസത്തേക്ക് ഇങ്ങനെ തന്നെ ചെയ്തു. പൊതുമുറിയിൽ തനിയെ ഇരുന്ന് പഠിക്കുമ്പോൾ ഒരു ദിവസം ബാലികാമഠം

ഹെഡ്മിസ്ട്രസ് മിസ് ബ്രൂക്ക്സ്മിത്ത് കയറിവന്നു. ഇരുക്കൂട്ടർക്കും എന്തോ ഒരു പന്തികേട് അനുഭവപ്പെട്ടു. അന്നുമുതൽ ആ സിസ്റ്റർ നിരന്തരമായി ദീദാ ധരിച്ചു തുടങ്ങി. താമസം വിനാ മറ്റുള്ളവരും അതു പോലെ തന്നെ ചെയ്തുതുടങ്ങി.

മഹദ് പ്രതിഷ്ഠ നടത്തിയ സിസ്റ്റർ ശൈനായുടെ കൂബ്ഉനായിൽ 12+1 കുരിശും മറ്റുള്ളവർക്ക് 6+1 കുരിശും ആയി 1942 വരെ തുടർന്നു. അന്ന് എല്ലാവരുടേതും ഒരുപോലെയാക്കി. അതു മുതൽ പുറകിൽ ഒരു കുരിശും മാത്രം തൈച്ചു വരുന്നു. കുരിശ് വ്യത്യസ്ഥപ്പെട്ടിരിക്കുന്നതിനെ മഹദ് പ്രതിഷ്ഠ നടത്തീട്ടില്ലാത്ത സിസ്റ്റേഴ്സ് ശക്തിയായി പ്രതിഷേധിച്ചതിനാലാണ് ഒരുപോലെ ആക്കിയത്.

**സിസ്റ്റർ റൂഥ്**

1923 ൽ ആണെന്നു തോന്നുന്നു, മിസ്സ് ബ്രൂക്ക്സ്മിത്ത് ഫർലോയ്ക്ക് ഇംഗ്ലണ്ടിലേയ്ക്ക് പോയി. ആ കാലത്ത് തിരുമൂലപുരം സ്കൂളിന് (ബാലികാമഠം) വളരെ കടമുണ്ടായിരുന്നു. സ്കൂളിന്റെ കടം വീട്ടുന്നതിനും കാര്യക്ഷമമായ നടത്തിപ്പിനുംവേണ്ടി പിതാവും മദർ ഈഡിത്തും കൂടി ഒരു പദ്ധതി രൂപീകരിച്ചു. മദ്രാസിൽ സെന്റ് എബ്ബാസ് ഹൈസ്കൂളിൽ ദീർഘ കാലം ഹെഡ്മിസ്ട്രസ്സ് ആയിരുന്നശേഷം ബാരിസോളിൽ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റർ ആയി ത്തീർന്ന സി. റൂത്തിനെ സി. ഹെലന് കൂട്ടും, ബാലികാമഠം ഹെഡ്മിസ്ട്രസ്സും ആയി തിരുമൂലപുരം മഠത്തിലേക്കു നിയമിച്ചു. സിസ്റ്ററിന്റെ സ്കൂൾ ഭരണ കാലംകൊണ്ട് സ്കൂളിലെ കടമെല്ലാം വീട്ടി, അതിനെ ഒരു നല്ല നിലയിൽ ആക്കി. 1926 ഡിസംബർ പകുതിയോടെ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് തിരുമൂലപുരം വിട്ടുപോയതുവരെ സി. റൂത്ത് സി. ഹെലനു കൂട്ടായി താമസിച്ചു. ഒരു വലിയ ഗ്രീക്ക്പണ്ഡിതയായിരുന്ന സി. റൂത്ത് മിസ്സ് ബ്രൂക്ക്സ്മിത്ത് തിരിച്ചു വന്നശേഷം സ്കൂളിൽ നിന്ന് മാറി. സാറാമ്മ, എലിശ്ബാ എന്നീ പോസ്റ്റുലന്റ്സിനെ ഗ്രീക്ക് പഠിപ്പിച്ചു. ബഥനി സിസ്റ്റേഴ്സിന്റെ നേരെ എന്നും തൽപ്പരയുമായിരുന്നു. 1967 ജൂലൈ 25 ന് സിസ്റ്റർ ബാരിസോളിൽ വച്ച് മരിച്ചു.

**ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് യാത്ര പറയുന്ന സാഹചര്യം**

ബഥനി സിസ്റ്റേഴ്സിനെ സാക്ഷാൽരൂപീകരിച്ചത് അവരുടെ സ്ഥാപകന്റെ ആഗ്രഹാനുസരണം സി. ഹെലൻ ആയിരുന്നു.



1917 ജൂലൈ- ൽ ആണ് സി. ഹെലൻ അവരുടെ പരിശീലനത്തിൽ ഏർപ്പെട്ടത്.

1915-17 സി. എലിയനോർ പൊതുവായ ഒരു മേൽനോട്ടം വഹിച്ചു

1917-20 സി. ഹെലൻ ബാരിസോളിൽ വച്ച് മുഴുവൻ സമയവും പിന്നീട്

1920-26 ഡിസംബർ 14 സി. ഹെലൻ തിരുമൂലപുരത്തുവച്ചും അവരുടെ പരിശീലനത്തിൽ മാത്രവും ഏർപ്പെട്ടിരുന്നു.

കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിൽ ബഥനി മാത്രമല്ല അന്നത്തെ മെത്രാൻ കക്ഷി എന്നു വിളിക്കപ്പെട്ടിരുന്ന ഓർത്തഡോക്സുകാർ ഒന്നാകെ ലയിക്കുമെന്നുള്ള പ്രത്യാശയ്ക്കു വഴിതെളിച്ച അനേകം സംഭവങ്ങൾ 1923 മുതൽ ഉണ്ടായിക്കൊണ്ടിരുന്നു. ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ തുടർന്നുള്ള സാന്നിദ്ധ്യം അതിനൊരു തടസ്സമായേക്കുമെന്ന് വന്ദ്യ പിതാവ് ചിന്തിച്ചുകാണും. അവർ തിരിച്ചു പോകുന്നതു സംബന്ധിച്ച് എന്തു നിർദ്ദേശം, ആരിൽ നിന്നുണ്ടായി എന്നൊന്നും മഠാംഗങ്ങൾക്ക് ആർക്കും അറിവുണ്ടായില്ല എന്നു വിചാരിക്കേണ്ടിരിക്കുന്നു.

ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ സേവനം സംബന്ധിച്ച് വന്ദ്യ പിതാവിന് അത്യധികമായ മതിപ്പും നന്ദിയും ഉണ്ടായിരുന്നു. അവരെ തിരിച്ചുവിളിക്കുന്നതു സംബന്ധമായി മദർ ഈഡിത്തുമായി വന്ദ്യ പിതാവ് വേണ്ട ഏർപ്പാടുകൾ ചെയ്തു. സി. ഹെലന് എന്തോ വിഷമം ഉണ്ടായതായി പിന്നീട് പിതാവിന്റെ സംസാരത്തിൽ നിന്ന് വെളിപ്പെട്ടു. അപ്പോഴും സിസ്റ്ററിന്റെ സ്വഭാവശുദ്ധിയേയും താഴ്മയേയും വന്ദ്യ പിതാവ് ശ്ലാഘിച്ചാണ് സംസാരിച്ചത്.

**സമൂഹത്തിലെ രണ്ടാമത്തെ സന്യാസ പ്രതിഷ്ഠയ്ക്കുള്ള ഒരുക്കം**

സി.ഹെലനും, സി. റൂഥും പോകുന്നതിനു മുമ്പായി എലിശുബായുടെ സന്യാസപ്രതിഷ്ഠ നടത്തണമെന്നു തീരുമാനിച്ചു. അതിനുവേണ്ട ഉടുപ്പുകൾ എല്ലാം തൈച്ച് ശരിപ്പെടുത്തി, ധ്യാനവും തുടങ്ങി.

**വട്ടശ്ശേരിൽ മെത്രാച്ചന്റെ കണ്ണ് ഓപ്പറേഷൻ**

ദീർഘകാലമായി തിമിരം ബാധിച്ചു, കാഴ്ചയില്ലാതിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നോസ്യോസിന്റെ കണ്ണുഓപ്പറേഷനായി വന്ദ്യ പിതാവ്

മാർ ഈവാനിയോസും, പാറേട്ടച്ചനും കൂടി അദ്ദേഹത്തോടൊന്നിച്ച് തിരുപ്പത്തൂർക്ക് പോയി. ഡിസംബർ ആദ്യം തിരിച്ചെത്താമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ ആദ്യത്തെ ഓപ്പറേഷൻ വിജയകരമായില്ല. എലിശുബായുടെ സന്യാസപ്രതിഷ്ഠയ്ക്കു നിശ്ചയിച്ചിരുന്ന ദിവസം അദ്ദേഹത്തിന് വേറെ ഒരു ഓപ്പറേഷൻ വേണമെന്ന് ഡോക്ടേഴ്സ് നിശ്ചയിച്ചു.

അങ്ങനെ പ്രതിഷ്ഠാ തീയതി നീട്ടി. ഡിസംബർ (1926) 10- നകം വന്ദ്യ പിതാവ് വരുമെന്നറിയിച്ചതിനാൽ ധ്യാനം തുടർന്നുപോകാൻ സി. ഹെലൻ കുറിച്ചുകൊടുത്തു. ഇത്ര ഗൗരവമായ ഒരു കാര്യം അറിയിക്കാൻ പോലും, ധ്യാനത്തിലിരിക്കുന്നവരോട് സംസാരിക്കുക അന്ന് പതിവില്ലായിരുന്നു. അങ്ങനെ ധ്യാനം നീട്ടി.

**ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് യാത്രപറയുന്നു**

രണ്ടാം പ്രാവശ്യവും പിതാവിന് വരാൻ സാധിക്കയില്ല എന്നു അറിയിച്ചു. സി. ഹെലൻ ധർമ്മസങ്കടത്തിലായി. "I am very sorry. Mar Ivanios is not able to come. You come out of retreat", എന്നൊരു ചെറിയ കുറിപ്പെഴുതി ചാപ്പലിൽ എലിശ്ബാക്ക് കൊടുത്തു. ക്രിസ്മസിനു മുമ്പായി ബാരിസോളിൽ എത്തേണ്ടിയിരുന്നതിനാൽ 1926 ഡിസംബർ 13 ന് ഒരു ഗ്രൂപ്പ്ഫോട്ടോ എടുത്തു. ആ ദിവസം പ്രോഫഷൻ എന്നാണ് 3-ാം പ്രാവശ്യം നിഷ്ചയിച്ചിരുന്നത്. നിരാശയോടെ അന്നു വൈകിട്ട് സി. ഹെലനും, സി. റൂഥും ബഥനി സിസ്റ്റേഴ്സിനോട് യാത്ര പറഞ്ഞ് പിരിഞ്ഞു. ബസ്സിൽ കൊട്ടാരക്കര ചെന്നിട്ട് ട്രെയിൻ മാർഗ്ഗം കൽക്കട്ടായ്ക്കും അവിടെ നിന്ന് ബാരിസോളിലേക്കും പോയി.

എന്നാൽ സി. ഹെലൻ വളർത്തി രൂപപ്പെടുത്തിയ ബഥനി സിസ്റ്റേഴ്സിനോടുള്ള സ്നേഹവാത്സല്യങ്ങൾക്ക് യാതൊരു കുറവും ഉണ്ടായില്ല. ആഴ്ചതോറും സി. ഹെലൻ ഓരോരുത്തർക്കും എഴുത്തയയ്ക്കുമായിരുന്നു. തിരുവല്ലാ വിട്ടുപോയശേഷവും മിക്കവർഷവും സെപ്റ്റംബർ മാസത്തിൽ മദർ ഈഡിത്തിനോടൊന്നിച്ച് സി. ഹെലൻ തിരുവല്ലായിൽ വന്ന് ഒരു മാസത്തിലധികം താമസിച്ചുവന്നു. അത് ഇരുകൂട്ടർക്കും ഏറ്റമധികം സന്തോഷ ദിവസങ്ങളായിരുന്നു. (1930 സെപ്റ്റംബർ 20 വരെ)

ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് ബഥനി സിസ്റ്റേഴ്സിനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തതുപോലെ ഒരു സന്യാസ സമൂഹം വേറൊന്നിനെ സ്നേഹിക്കുകയും സഹായിക്കയും



ചെയ്തു കാണുകയില്ല. ബഥനി സിസ്റ്റേഴ്സിനു വേണ്ടി എന്തുതന്നെ ചെയ്താലും അധികപ്പറ്റായി അവർ വിചാരിച്ചില്ല. തിരുവല്ലായിൽ അവർക്കു (ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന് ) താമസിക്കാനായി ഒരു കെട്ടിടം ഉണ്ടാക്കിയതും മദർ ഈഡിത്തിന്റെ ചെലവിൽ ആയിരുന്നു. പ്രതിഫലേച്ഛയും സ്വാർത്ഥതയും അവരുടെ സ്നേഹത്തിൽ ഇല്ലായിരുന്നു. അവരാൽ പരിശീലിപ്പിക്കപ്പെട്ടത് അവസാനം വരെ നന്ദിയോടും സ്നേഹത്തോടും കൂടെ ബഥനി സിസ്റ്റേഴ്സ് സ്മരിക്കുന്നതാണ്. ബഥനിയുടെ വ്യക്തിത്വത്തെ കരുപിടിപ്പിച്ചത് പ്രധാനമായി സി. ഹെലൻ ആണ്. കെട്ടിടത്തിനുവേണ്ടി ചെലവാക്കിയ പണം മദർ ഈഡിത്ത് മഠത്തിലേക്ക് സൗജന്യമായി നൽകുകയാണുണ്ടായത്. അവർ മടങ്ങിപ്പോയപ്പോൾ അവർ ഉപയോഗിച്ചിരുന്ന സാധനങ്ങളെല്ലാം തിരുവല്ലാ മഠത്തിൽ വച്ചിട്ടാണ് പോയത്.

1932 വരെ ബഥനിസിസ്റ്റേഴ്സ് ആഴ്ചതോറും സി. ഹെലന് എഴുതിവന്നു. 1933 മുതൽ എഴുത്തുകൾ ആണ്ടിൽ മൂന്നോ നാലോ പ്രാവശ്യമായി ചുരുക്കി. 1971 മാർച്ച് 20 ന് സി. ഹെലൻ കിഴക്കൻ പാക്കിസ്ഥാനിലെ കലാപംമൂലം ഇംഗ്ലണ്ടിലേക്ക് മടങ്ങിയശേഷവും എഴുത്തുകൾ തുടർന്നുകൊണ്ടിരുന്നു. സിസ്റ്ററിന്റെ കാഴ്ച കുറഞ്ഞശേഷം പോലും എഴുതിയിരുന്നു.

**സിസ്റ്റർ ഹെലൻ ഒ. എം. എസ്സ്. ഇ**

1884 സെപ്റ്റംബർ 22 നാണ് സിസ്റ്റർ ഹെലൻ ഹിറോൺ ഡൈക്ക് ഈംഗ്ലണ്ടിൽ ലണ്ടൻ നഗരത്തിൽ ഹാംസ്റ്റെഡ് എന്ന സ്ഥലത്ത് ബിസിനസുകാരൻ ജെയിംസ് ഡൈക്കിന്റേയും ഭാര്യ ആഗ്നസ് ഡൈക്കിന്റേയും ആറു സന്താനങ്ങളിൽ ഏറ്റം ഇളയതായി ജനിച്ചത്. വൈക്കോബ് ആബിസ്ക്കൂളിൽ പഠിച്ചു. ടീച്ചേഴ്സ് ട്രെയിനിംങ് കോഴ്സ് കഴിഞ്ഞ ശേഷം തന്റെ പൂർവ്വ സ്ക്കൂളിൽ തന്നെ കുറെ നാൾ പഠിപ്പിച്ചു. ചെറുപ്പത്തിൽ ആ വീട്ടിലെ കുട്ടികളെ ,പ്രത്യേകിച്ച് സി. ഹെലനെ നോക്കുന്നതിന് ഒരു ഫ്രഞ്ച് ഗവർണസിനെ നിയമിച്ചിരുന്നതിനാൽ ഫ്രഞ്ച് ഭാഷയിൽ നല്ല അഭ്യസനവും ലഭിച്ചിരുന്നു. പിന്നീട് ഫ്രാൻസിൽ പോയി ഫ്രഞ്ച് പഠിച്ചു എന്നു കേട്ടിട്ടുണ്ട്.

1-ാം ലോകമഹായുദ്ധക്കാലത്ത് സിസ്റ്ററിന്റെ സഹോദരൻ മദ്ധ്യപൂർവ്വ ദേശത്ത് എവിടേയോ വച്ച് മുറിവേറ്റ് ഇന്ത്യയിൽ കൊണ്ടുവരപ്പെട്ടു. ആ സഹോദരനെ കാണാനായി ഹെലൻ ഹിറോൺ ഡൈക്ക് ഇന്ത്യ

യിലേക്ക് വരികയും 1911 ൽ ഓക്സ്ഫോർഡ് മിഷൻ സമൂഹവുമായി പരിചയപ്പെട്ട് ആ മഠത്തിൽ, അതായത്, ഓക്സ്ഫോർഡ് മിഷൻ ഹൗസ്, ബാരിസോളിൽ ചേരുകയും ചെയ്തു. ഇൻഡ്യയിൽ സ്വസഹോദരനെ ശുശ്രൂഷിച്ചു ജീവിച്ച കാലയളവിൽ മലേറിയ പിടപ്പെട്ടു ക്വയിന ധാരാളം കഴിച്ചതിന്റെ ഫലമായി ചെവിക്ക് കേൾവിക്കുറവുണ്ടാകുകയും ചെയ്തു.

1915 ൽ ബാരിസോളിൽ എത്തിയ മൂന്ന് പെൺകുട്ടികൾ സി. എലിയനോറിന്റെ ഭാഗികമായ ശ്രദ്ധയിൽ കഴിഞ്ഞു കൂടിയിരുന്നു. എന്നാൽ 1917 ജൂണിൽ വേറെ മൂന്ന് പേർകൂടെ ചെല്ലുന്നു എന്ന് തീർച്ചയായപ്പോൾ സിറിയൻ ഗേൾസിനുവേണ്ടി മറ്റ് ബംഗാളികൾ താമസിച്ചിരുന്ന കെട്ടിടങ്ങളിൽ നിന്നു അല്പം മാറി സാമാന്യം മെച്ചമായ ഒരു കെട്ടിടം മദർ ഈഡിത്ത് പണിയിച്ചു. അതിനു സമീപത്തായി ഒറ്റമുറിയിൽ തറ മെഴുകി, മേൽക്കൂര പുല്ലുമേഞ്ഞ ഒരു ചെറുകുടിലിൽ സി. ഹെലൻ താമസിച്ച് സിറിയൻ ഗേൾസിന്റെ പരിശീലനത്തിലും വിദ്യാഭ്യാസത്തിലും മുഴുവൻ സമയം വ്യാപൃതയായിരുന്നു. 1917 ജൂൺ - 1918 ഏപ്രിൽ 6 പേർ ബാരിസോളിൽ ഉണ്ടായിരുന്നവരിൽ എലിശുബാ പി. റ്റി യ്ക്കു വേണ്ടി സി. ഹെലന്റെ സമയത്തിൽ നല്ലൊരു ഭാഗം വിനിയോഗിച്ചിരുന്നു.

1917 സെപ്റ്റംബറിൽ സി. ഹെലൻ മദർ ഈഡിത്തിനോടൊന്നിച്ച് തിരുവിതാംകൂർ സന്ദർശിച്ച് മടങ്ങിയെത്തി. 1918 ൽ സി. ഹെലൻ 3 മാസം കോട്ടയത്ത് സർക്കാർ വക്കീലായിരുന്ന മി. എ. പീലിപ്പോസിന്റെ വീട്ടിൽ താമസിച്ച് പുത്തനങ്ങാടിക്കാരൻ മി. പി. കെ വർക്കിയിൽ നിന്ന് മലയാളം പഠിച്ചു. 1920 ൽ മദർ ഈഡിത്തിനോടൊന്നിച്ച് സി.ഹെലൻ വീണ്ടും വന്ന് പെരുനാട് ആശ്രമവും മറ്റും സന്ദർശിച്ച ശേഷം 1920 ആഗസ്റ്റ് 23 ന് തിരുമൂല എത്തി. അവിടെ മഠത്തിനായി പണിതു കൊണ്ടിരുന്ന കെട്ടിടം പൂർത്തിയാകാഞ്ഞതിനാൽ കോട്ടയത്തിനടുത്ത് പള്ളം ബുക്കാനാൻ സ്ഥാപനത്തിൽ മിസ്സ് നീവീനോടൊന്നിച്ച് കുറെ ദിവസങ്ങൾ താമസിച്ചു. പിന്നീട് തിരുമൂലമഠം ഒരുവിധം പൂർത്തിയായപ്പോൾ സി. ഹെലൻ തിരുമുലപുരം മഠത്തിൽ തിരിച്ചെത്തി. നവംബർ 30 ന് സിസ്റ്ററിന് കൂട്ടായി സി. ഡോറിൻ വന്നു ചേർന്നു. (1920) സി. ഹെലൻ മലയാളം സംസാരിക്കുകയും നല്ല വടിവുള്ള അക്ഷരത്തിൽ എഴുതുകയും ചെയ്യുമായിരുന്നു. തിരുമൂലപുരം യാക്കോബായ പള്ളിയിലെ കുട്ടികളുടെ സൺഡേസ്ക്കൂൾ, സ്ത്രീ സമാജം ഇവയുടെ



നടത്തിപ്പിൽ സിസ്റ്റർ കാര്യമായി പ്രവർത്തിച്ചു. സൺഡേസ്ക്കൂൾ ടീച്ചേഴ്സിന് ഓരോ ക്ലാസ്സിലും ഓരോ ആഴ്ചയിലും പഠിപ്പിക്കാനുള്ള ടീച്ചിങ്ങ് നോട്ട് ഇംഗ്ലീഷ് വശമില്ലാത്ത പലർക്കും വേണ്ടി മലയാളത്തിലും ഇംഗ്ലീഷ് അറിയാവുന്നവർക്കുവേണ്ടി ഇംഗ്ലീഷിലും ആഴ്ചതോറും എഴുതി അവരവർക്കു കൊടുക്കുമായിരുന്നു. പോസ്റ്റുലന്റ്സിനെ ആരെയെങ്കിലും കൂട്ടി ഇടവകയിലുള്ള ഓരോ ഭവനവും സന്ദർശനം നടത്തുന്നതും പതിവായിരുന്നു. തിരുമൂല സ്ക്കൂളിന്റെ ആരംഭത്തിനു മുമ്പ് ആ കെട്ടിടത്തിൽ നടത്തിയിരുന്ന പ്രൈമറിസ്ക്കൂൾ മഠത്തിന്റെ താഴെയുള്ള സ്ഥലത്ത് ഒരു താല്ക്കാലിക കെട്ടിടത്തിലേക്കു മാറ്റിയിരുന്നു. അതിന്റെ അഭിവൃദ്ധിക്കായി വളരെയധികം ക്ലേശങ്ങൾ സിസ്റ്റർ സഹിച്ചു. മൂന്ന് വർഷത്തോളം മഠത്തിലെ നിത്യവരവുചെലവുകണക്കുകളും സിസ്റ്റർ തന്നെയാണ് എഴുതിയിരുന്നത്. ഓരോ വ്യക്തിയുടേയും വികസനത്തിനും അഭിവൃദ്ധിക്കും എന്തും ചെയ്യാൻ സിസ്റ്റർ സർവ്വദാ സന്നദ്ധയായിരുന്നു. ഓരോരുത്തരുടേയും ആരോഗ്യം സംബന്ധിച്ചും സിസ്റ്റർ ഏറ്റം തൽപ്പരയായിരുന്നു. പതിവുള്ള ഫർലോയിക്ക് സിസ്റ്റർ ഇംഗ്ലണ്ടിൽ പോയിരുന്ന അവസരങ്ങളിലും 1926 ൽ ബാരിസോളിലേക്ക് മടങ്ങിപോയതിനുശേഷവും ആഴ്ചതോറും തിരുവല്ല മഠത്തിലുള്ള വ്യക്തികൾക്ക് സിസ്റ്റർ എഴുതുമായിരുന്നു. 1923 ലോ 1924 ലോ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ താമസത്തിനായി മദർ ഈഡിത്തിന്റെ ചെലവിൽ ഒരു ചെറിയ കെട്ടിടം പണിയിച്ചപ്പോൾ സി. ഹെലനും, സി. ഡോറിനു പകരം വന്ന സി. ഗ്ലാഡിസും അതിലേക്ക് താമസം മാറ്റി. മഠം ചാപ്പലിൽ വി. കുർബാന എഴുന്നള്ളിച്ചു വച്ചശേഷം സിസ്റ്റർ ചാപ്പലിൽ കയറുമ്പോൾ വണങ്ങി മുട്ടുകുത്തി ആരാധിക്കുന്നത് കാണുന്നത് അവരിൽ വി. കുർബാനയോടുള്ള ഭക്ത്യാദരവ് വർദ്ധിക്കാൻ പര്യാപ്തമായിരുന്നു.

വി. ബെനഡിക്റ്റ്, വി, ഫ്രാൻസിസ് അസ്സീസി, വി. ഫ്രാൻസിസ് സാലേസ്, വി. ജോൺ മേരിവിയാനി, ചാൾസ് ഡി ഫൂക്കോ ആദിയായവരോട് ബഥനി സിസ്റ്റേഴ്സിന് ഭക്ത്യാദരവുകൾ ഉണ്ടാകാൻ സി. ഹെലൻ വളരെ സഹായിച്ചു. ഫ്രഞ്ചുകാരുടെ തൊട്ടാവാടി സ്വഭാവം സിസ്റ്ററിന് ഒട്ടും രുചിച്ചിരുന്നില്ല. സിസ്റ്ററിന് വായിക്കാനും പഠിക്കാനും solid ആയ പുസ്തകങ്ങളാണ് സിസ്റ്റർ തെരഞ്ഞെടുത്തിരുന്നത്. ബഥനിസന്യാസിനി സമൂഹത്തെ വാർത്തെടുക്കുന്നതിൽ സർവ്വ പ്രധാനമായ ഒരു പങ്കാണ് സി. ഹെലൻ വഹിച്ചിട്ടുള്ളത്.

സി. ഹെലന്റെ കൂടെ സി. ഡോറിൻ, സി. ഗ്ലാഡിസ്, സി. റൂത്ത്

ഇവർ മാറിമാറി തിരുമൂല മഠത്തിൽ താമസിച്ചിരുന്നു. സി ഫർലോയിക്ക് പോയപ്പോൾ (മാർച്ച് 19, 1924– ജനു 24, 1925) കുറെ നാളേക്ക് സിസ്റ്ററിന്റെ ജേഷ്ഠത്തി സി. ആഗ്നസ് വന്നു താമസിച്ചു (ജൂൺ 17, 1924). കുറെ നാളേക്ക് മിസ്സ് മുരിയേൽ മിൽസ് സി. ഗ്ലാഡിസിനു കൂട്ടായി തിരുവല്ലായിൽ താമസിച്ചു (ജൂൺ 14, 1924– ഡിസം. 15, 1924). അവർ കുറെ അധികം പുസ്തകങ്ങൾ വരുത്തിച്ച് മഠത്തിന് ദാനമായി നൽകി. ഒടുവിൽ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ സേവനം മതിയാക്കാൻ മാർ ഈവാനിയോസ് പിതാവ് തീരുമാനിച്ചതു സംബന്ധിച്ചോ ഏതോ കാരണത്താൽ സി. ഹെലന് കുറെ വിഷമത്തിന് കാരണമുണ്ടായെങ്കിലും അതൊന്നും സിസ്റ്ററിൽ നിന്നും ആരും അറിയാൻ ഇടയായില്ല. വന്ദ്യ പിതാവ് ഒരിക്കൽ ഇതേപ്പറ്റി സൂചിപ്പിച്ച് സിസ്റ്ററിന്റെ താഴ്മയെ പ്രശംസിച്ച് സംസാരിച്ചു. 1926 ഡിസംബർ 13ന് സി. ഹെലൻ സി. റൂത്തിനോടൊന്നിച്ച് ബാരിസോളിലേക്ക് മടങ്ങി.

1962 ജാനുവരിയിൽ മദർ ജനറൽ ആയിരുന്ന മദർ മാക്സായും മദർ സൾഗായും കൂടി മദ്രാസിൽ നിന്ന് സി. ഹെലനെ കാണാനായി ബിഹാലാ (ബാരിഷാ)യ്ക്കുപോയി. ഒരാഴ്ച അവിടെ താമസിച്ചു. അതിന് ഒരുമാസം മുമ്പേ അവരെ പ്രതീക്ഷിച്ച് സി. ഹെലൻ ബാരിസോളിൽ നിന്ന് ബാരിഷായിൽ എത്തിയിരുന്നു. ഒടുവിൽ ഇംഗ്ലണ്ടിൽ 1971 മാർച്ച് 20 ന് എത്തിയ സി. ഹെലൻ ഹോളിഫാമിലി കോൺവെന്റ Holmhurst, St. Mary,The Ridge, St. Leonards- on - Sea,Sussex,England-ൽ താമസിച്ചു. സി. ഹെലന്റെ കൂടെ ഇംഗ്ലണ്ടിലേക്കു മടങ്ങിയതിൽ രണ്ടുപേർ അവിടെവച്ചു മരിച്ചു. ഒരാൾ തിരികെ ബാരിസോളിലേക്കു മടങ്ങി.

വൃദ്ധരും ശക്തിക്ഷയിച്ചവരുമായ 3 പേർ ഇംഗ്ലണ്ടിൽ താമസിച്ചു. ഒടുവിൽ സി. ഹെലൻ സെൻറ്. ജോൺ ദ ബാപ്റ്റിസ്റ്റിന്റെ മഠത്തിൽ നിന്ന് നടത്തിയിരുന്ന മഠംവക സ്ഥാപനത്തിൽ വിൻഡ്സർ ബെക്ക് സിൻ അവശതയിൽ ജീവിച്ചു. ഒടുവിൽ അന്ത്യ സമയത്ത് മാനുഷികമായ സഹായങ്ങളൊന്നും ലഭിക്കാതെ – ആരുമറിയാതെ- രാത്രിയിൽ സിസ്റ്ററിന്റെ പാവനാത്മാവ് 1979 ആഗസ്റ്റ് 28 –ന് നിത്യസമ്മാനത്തിനായി ശരീരത്തെ വിട്ടുപിരിഞ്ഞു.

**R.I.P**

ഇംഗ്ലണ്ടിൽ അവർക്ക് സ്വന്തമായ ഒരു മഠം ഇല്ലായിരുന്നു. ഇന്ത്യ



സ്വതന്ത്രമായശേഷം എപ്പിഫനി സിസ്റ്റേഴ്സ് എന്നപേരിൽ മാത്രം അവർ അറിയപ്പെട്ടുതുടങ്ങി. ഓക്സ്ഫോർഡ് മിഷന്റെ സഹായം നിലച്ചു. ഇംഗ്ലീഷ് വനിതകൾ ആരുംതന്നെ ബാരിസോൾ മഠത്തിലേക്ക് വരാതെയായി. കിഴക്കൻ ബംഗാൾ പാക്കിസ്ഥാൻ ഭരണത്തിൻ കീഴിൽ ആയപ്പോൾ ബംഗ്ലാദേശ് എന്നറിയപ്പെട്ടു. ബാരിസോളിൽ നിന്ന് കൽക്കട്ടായിലേയ്ക്കോ, ബിഹാലായിലേയ്ക്കോ, ഷില്ലോങ്ങിലേയ്ക്കോ പോകാൻ വീസ വേണമെന്ന നിലയായി. അതിനുമുമ്പ് അവിടെ ജോലിചെയ്യാൻ നിവർത്തിയില്ലാത്തവർ ഇംഗ്ലണ്ടിലേക്ക് മടങ്ങിപോകണമെന്ന് ബ്രിട്ടീഷ് ഹൈകമ്മീഷ്ണർ ആവശ്യപ്പെട്ടു. സി. ഹെലനും കൂടെ മൂന്ന് സിസ്റ്റേഴ്സും ബംഗ്ലാദേശിൽ നിന്ന് ജപ്പാനിലേക്ക് പറന്നു. അവിടെ നിന്ന് ഇംഗ്ലണ്ടിലേക്കുള്ള പ്ലെയിനിൽ പോയി.

സിസ്റ്റർ എപ്പോഴെങ്കിലും അവധിക്ക് പോയിരുന്നപ്പോഴും 1926 ഡിസംബറിൽ ബാരിസോളിലേക്ക് പോയശേഷവും ആഴ്ചതോറും അങ്ങോട്ടും ഇങ്ങോട്ടും ഞങ്ങൾ എഴുതുക പതിവായിരുന്നു. 1932 ൽ സി. ദനഹായും സി. സൽഗായും കൊല്ലം ഹോളിക്രോസിലെ ഒരു വർഷത്തെ പരിശീലനം കഴിഞ്ഞു വന്നശേഷം എഴുത്തുകൾ ബഥനി സിസ്റ്റേഴ്സ് വളരെ ചുരുക്കി. അതിനു ശേഷം സി. ഹെലനും (സ്വഭവനങ്ങളിലേക്കും) മാസത്തിൽ ഒരെഴുത്തുമാത്രം എഴുതുക പതിവാക്കി. സിസ്റ്ററിന്റെ കണ്ണിന്റെ കാഴ്ച വളരെ കുറഞ്ഞതിനുശേഷംപോലും എഴുതിവന്നു. ഒടുവിൽ എഴുതിയിരുന്ന എഴുത്തുകൾ വരികോടിയവയും അവ്യക്തവുമായിരുന്നു. സിസ്റ്ററിന്റെ മരണവാർത്ത ബാരിസോളിൽ നിന്ന് ഇവിടെ അറിയിച്ചു.

**ബഥനി സിസ്റ്റേഴ്സിന് സ്ഥാപകയില്ല**

ബഥനി സിസ്റ്റേഴ്സിന്റെ സ്ഥാപകനും സ്ഥാപകയും എല്ലാം പിൽക്കാലത്ത് മാർ ഈവാനിയോസ് എന്നപേരിൽ ബഥനിയുടെ മെത്രാനായി തീർന്ന പി. റ്റി. ഗീവർഗീസ് ആയിരുന്നു. ആദ്യം 1915 ൽ അദ്ദേഹം ബാരിസോളിൽ താമസിപ്പിച്ചിരുന്നവരിൽ രണ്ടുപേർ വർഷങ്ങൾക്കു ശേഷം സന്യാസത്തിന് അയോഗ്യരായി കാണപ്പെട്ടു. മൂന്നാമത്തെ ആൾ അപ്പന്റെ നേർച്ചയുടെ ഫലമായി 1915– 19 വരെ ബാരിസോളിൽ താമസിച്ചശേഷം പഠന സൗകര്യത്തിനായി തിരിച്ചുപോന്നു. 1917 ൽ രണ്ടാം ബാച്ചിൽ പോയ മൂന്നുപേരും സമൂഹത്തിൽ നിലനിന്നു. അവരിൽ പ്പെട്ട ആച്ചിയമ്മയും ഒന്നാം ബാച്ചിൽപ്പെട്ട മറിയാമ്മയും ആണ് ആദ്യമായി 1918 മാർച്ച് 1-ന് പോസ്റ്റുലന്റ് ആയത്. സന്യാസപ്രതിഷ്ഠാ സമയം

പ്രായത്തിൽ മൂത്തആൾ ആദ്യം പ്രതിഷ്ഠ നടത്തി. സ്ഥാപകനായ പിതാവിന്റെ താൽപ്പര്യപ്രകാരം രൂപികരണം മുഴുവനായും ചെയ്തത് സി. ഹെലൻ ആയിരുന്നു. ബഥനിമഠത്തിന് സ്ഥാപകൻ അല്ലാതെ സ്ഥാപക ഇല്ല. പ്രതിഷ്ഠ നടത്തിയ ആദ്യത്തെ നാല് അംഗങ്ങളെ മഠത്തിന്റെ സ്ഥാപകകളായി മദർ ഈഡിത്ത് ഗണിച്ചു.

രണ്ടാമത്തെ സന്യാസ പ്രതിഷ്ഠ ഒടുവിൽ 1926 സിസംബർ 27 ന് അനാഡംബരമായി മഠം ചാപ്പലിൽ വച്ചു നടത്തപ്പെട്ടു. തിയതി പല പ്രാവശ്യം മാറ്റി പറഞ്ഞതിനാൽ വീട്ടുകാർ പോലും ആരും വന്നില്ല. പുതിയ സിസ്റ്ററിന് സൽഗാ എന്ന പേർ നൽകപ്പെട്ടു.

**ദൈവവിളി ഉണ്ടായി**

ബാരിസോളിൽ ആദ്യഗണത്തിൽപ്പെട്ട പി. പി. അന്നമ്മ 1915- 19 വരെ ബാരിസോളിൽ താമസിച്ചശേഷം തിരിച്ച് നാട്ടിൽ വന്ന് ഒരുവർഷം കോട്ടയം ബേക്കർ മെമ്മോറിയൽ സ്ക്കൂളിലും നാലുവർഷം തിരുമൂലപുരം ബാലികാ മഠത്തിലും പഠിച്ചു. പിന്നെ ഒരുവർഷം ഹോം സയൻസ് പഠിച്ചു. മാതാപിതാക്കൾ അടുത്തടുത്തായി മരിച്ചശേഷം മൂത്ത സഹോദരി അന്നു താമസിച്ചിരുന്ന കോഴഞ്ചേരിയിൽ താമസിച്ചുകൊണ്ടിരുന്നു. ദൈവവിളിയെപ്പറ്റി ചഞ്ചലിച്ചുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ പിതാവ് കോഴഞ്ചേരിയിൽ കുറെനാൾ താമസിച്ച് ഒരു പ്രസംഗയോഗം നടത്തി. ആ കാലത്ത് മിക്ക ദിവസവും പിതാവിനെ ചെന്നു കണ്ടു സംസാരിച്ചതിന്റെ ഫലമായി മഠത്തിലേക്കു വരുവാൻ തീരുമാനിച്ചു. 1927 ൽ വീണ്ടും മഠത്തിലേക്കു വന്നു ചേർന്നു. 1927 സെപ് 17-ം തിയതി പോസ്റ്റുലന്റ് ആയി.

**ബഥനി സന്യാസിനി സമൂഹത്തിലെ ആദ്യത്തെ നോവിസ്സസ്**

1928 മെയ് മാസം 28 ന് പി. പി. അന്നമ്മ കെ. എ. ഏലിയാമ്മ ഇവർ നോവിസ്സസ് ആയി. സി. ദനഹാ നോവിസ്സ് മിസ്ട്രസ് ആയിരുന്നു. ആദിയിൽ അനാഥശാലക്കായി പണിയിച്ചിരുന്ന കെട്ടിടമായിരുന്നു നോവിഷ്യേറ്റ് മന്ദിരം. അന്ന് നോവിസ്സസ് വ്രതസ്തരിൽ നിന്ന് പരിപൂർണ്ണമായി വേർപ്പെട്ടതാണെന്നു വകവച്ചുകൊടുക്കാൻ കഴിയാത്ത വ്യക്തിയും സമൂഹത്തിൽ ഉണ്ടായിരുന്നു.

മി. എൻ. ഐ. പോത്തൻ വന്ദ്യ പിതാവിന്റെ ഏറ്റം അടുത്ത സുഹൃത്തുക്കളിൽ ഒരാളായിരുന്നു. ബഥനി ആശ്രമത്തിന്റെ മൂന്നാം സഭയിലെ ഒരംഗമായി ചേർന്ന് അദ്ദേഹം കത്തോലിക്കാ പുനരൈക്യത്തിന് അനുകൂലിയായിരിക്കുമെന്ന് പിതാവിന് വലിയ പ്രതീക്ഷയുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന് അത്ര അനുകൂലമില്ലായിരുന്നു.



1928 ലോ അതിന് അല്പംമുമ്പോ പിതാവ് പോത്തച്ചനെ ശെമ്മാശ്ശനാക്കി. അന്നുമുതൽ അദ്ദേഹം പിലിപ്പോസ്ശെമ്മാശ്ശാൻ എന്നറിയപ്പെട്ടിരുന്നു. കുറെ മാസം രോഗിയായി കിടന്നതിനുശേഷം 1929 ഓക്ടോബർ 31 ന് അദ്ദേഹം മരിച്ചു. ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റേയും പിതാവിന്റേയും ഉത്തമ സുഹൃത്തുക്കളായിരുന്ന മിസ്റ്റർ എ. പിലിപ്പോസ്, കെ. വി. ചാക്കോ ഇവരോടൊപ്പം ചിലപ്പോൾ അദ്ദേഹവും പുനരൈക്യപ്പെടുമായിരുന്നു എന്ന് ചിലരെങ്കിലും വിചാരിച്ചു.

**വീണ്ടും സന്യാസ പ്രതിഷ്ഠ 5-ാമത്തെ ആൾ**

രണ്ടുപേർ ഒന്നിച്ച് നോവ്യഷ്യേറ്റ് തുടങ്ങിയ ശേഷം ഉടുപ്പിടുന്നതിന് അല്പം മുമ്പായി ഒരാൾ വീട്ടിലേക്ക് ചികിത്സക്ക് അയക്കപ്പെട്ടതിനാൽ പി. പി. അന്നമ്മ മാത്രം 1929 മേയ് 29 ന് തൽക്കാല വ്രതം ചെയ്ത് (മുമ്പുള്ള നാല് പേരും എന്നേയ്ക്കുമായി ഒരു പ്രതിഷ്ഠമാത്രമാണ് ചെയ്തിരുന്നത്). സി. മാക്സാ എന്നപേർ വിളിക്കപ്പെട്ടു. തൽക്കാലവ്രതസ്ഥർക്ക് വെള്ളകുമ്പുനായും വെള്ളവെയിലും കുരിശ് ഭാഷയിൽ അൽപ്പം വ്യത്യസ്ഥവും ആയിരുന്നു.

**സി. സൽഗാ, സി. മാക്സാ ഇവരെ ബാരിസോളിലെ ട്രെയിനിംഗ് സ്ക്കൂളിൽ അയ്ക്കാനുള്ള ആലോചന**

സി. ഹെലൻ, സി. റൂത്ത് ഇവർ പോയശേഷം ഒന്നുരണ്ടുവർഷം കഴിഞ്ഞപ്പോൾ ബാരിസോളിലെ സ്ക്കൂളിൽ ടീച്ചേഴ്സ് ട്രെയിനിംഗിന് സി. സൽഗാ, സി. മാക്സാ ഇവരെ വിടുന്നത് നല്ലതാണെന്ന് സി.ഹെലൻ എഴുതി അയച്ചു. അക്കാലത്ത് സി. ശൈന സുപ്പീരിയർ ആയിരുന്നു. പോകുന്നതിന് പിതാവ് അനുവദിച്ചു. ആലോചനകൾ പുരോഗമിച്ചു. അന്ന് സൗത്ത് ഇന്ത്യൻ റയിൽവേയിൽ ജോലിയായിരുന്ന സി. ഹൂബായുടെ ഇളയ സഹോദരൻ രണ്ടുപേർക്കും ഫ്രീ റെയിൽവേ പാസും അയച്ചുകൊടുത്തു. പോകുന്നതിനുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയായി. (1930 ജനുവരി)

**യാത്രാനുവാദം പിൻവലിക്കപ്പെടുന്നു**

അപ്പോൾ പെട്ടെന്നൊരു ദിവസം ഫാ. ഏബ്രഹാം ഒ. ഐ. സി പിതാവിന്റെ ഒരു കൽപ്പനയുമായി പെരുനാട്ടിൽ നിന്ന് ധൃതിയിൽ തിരു

വല്ലായിൽ എത്തി. സിസ്റ്റേഴ്സിനെ ബാരിസോളിൽ വിടേണ്ടാ എന്നായിരുന്നു കൽപ്പനയുടെ ഉള്ളടക്കം. (1930 ജനുവരി 27-ന്) വളരെയധികം പ്രത്യാശയോടെ അവർ നോക്കിപ്പാർത്തിരുന്ന ആ ബാരിസോൾയാത്ര അങ്ങനെ വിഘ്നപ്പെട്ടതിൽ അവർക്കും സി. ഹെലനും ഇതു വലിയ ദുഃഖമുണ്ടാകാതിരുന്നില്ല എങ്കിലും കാരണം ഗ്രഹിച്ചപ്പോൾ അവരിരുവരും സംതൃപ്തരായി. മദർ ഈഡിത്തിനും സി.ഹെലനും ഇതു വലിയ ദുഃഖത്തിനിടയാക്കി.

പുനരൈക്യം സംബന്ധിച്ച ആലോചനകൾ പുരോഗമിച്ചുകൊണ്ടിരുന്നതിനാൽ ബാരിസോളിലേക്ക് ഇവരെ വിടുന്നത് അവർ പിരിഞ്ഞുനിൽക്കാൻ കാരണമാകുമെന്ന് ബോദ്ധ്യമായതുകൊണ്ടാണ് പിതാവ് പോകേണ്ടാ എന്ന് കൽപ്പന അയച്ചത്. ഈ കാലത്ത് ബഥനിക്കുവേണ്ടി ധനശേഖരണത്തിന് സിംഗപ്പൂർ, മലയാ ഇവിടങ്ങളിൽ പോയിരുന്ന ഫാ. അല്കസിയോസ് തിരികെ പോരുന്ന വഴി മദ്രാസിൽ വച്ച് ഇവരോടൊന്നിച്ച് ചേർന്ന് ബാരിസോളിലേക്ക് പോകാമെന്ന് പലപ്രാവശ്യം സി. സൽഗായ്ക്ക് എഴുതിയിരുന്നു താനും. അന്ന് അവർ പോയിരുന്നെങ്കിൽ ബഥനി സിസ്റ്റേഴ്സ് ഒന്നടങ്കം പുനരൈക്യപ്പെടുമായിരുന്നോ എന്നു വളരെ സംശയിക്കണം. ഇല്ലെന്നു തീർച്ച.

**ഫാദർ അലക്സിയോസ്- ആബൂനാ**

ബഥനി മഠത്തിന്റെ ആരംഭമായ 1915 മുതൽ 1930 വരെ അതിന്റെ അഭിവൃദ്ധിയ്ക്കായി സ്ഥാപകന്റെ വലംകൈ ആയി നിന്ന് സഹായിക്കുകയും പരിശ്രമിക്കുകയും ചെയ്തിട്ടുള്ള ആബൂനാ- അതായത് കൊച്ചു പിതാവ് ആണ് ഫാ. അലക്സിയോസ്. അദ്ദേഹം മനുഷ്യരോട് വേഗത്തിൽ പരിചയപ്പെടുന്ന സ്നേഹസ്വഭാവക്കാരൻ ആയിരുന്നു. സി. ഹൂബാ, സി. സൽഗാ, സി. ഹൈമനൂസ്, സി. ത്രീസ്യൂസ് എന്നിവരുടെയൊക്കെ മഠപ്രവേശനത്തിൽ അദ്ദേഹത്തിന് ഒരു പ്രധാന പങ്കുണ്ടായിരുന്നു. മട്ടയ്ക്കൽ ശെമ്മാശ്ശനായിരിക്കുമ്പോൾ ഫാ. ഗീവർഗീസിന്റെ പ്രതിനിധിയായി സന്യാസ പരിശീലനത്തിന് ബാരിസോളിൽപോയ കുട്ടികളെ അനുഗമിക്കുന്നതിനും പെരുനാട്ടിലും തിരുമൂലയിലും വച്ച് അവരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പെരുമാറ്റത്തിൽ പിതാവിന്റേതുപോലെയുള്ള ഗാംഭീര്യം ഇല്ലാഞ്ഞതിനാൽ അദ്ദേഹത്തെ സമീപിച്ച് തങ്ങളുടെ കാര്യങ്ങൾ പറയാൻ സിസ്റ്റേഴ്സിന് എളുപ്പമായിരുന്നു. അവർക്കുവേണ്ട എന്തു സഹായവും ചെയ്തുകൊടുപ്പാൻ അദ്ദേഹം സന്നദ്ധനുമായിരുന്നു. ആഴബുദ്ധിയും ചിന്താശീലവും കുറവുണ്ടായതിനാൽ സിസ്റ്റേഴ്സിന് സന്യാസജീവിതം സംബന്ധിച്ചുള്ള പ്രായോഗികഉപദേശങ്ങൾ കൊടുക്കുന്നതിന് അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നില്ല. ബഥനിയുടെ ബാഹ്യകാര്യങ്ങളിൽ സദാ വ്യാപൃതനായിരുന്നതിനാൽ സന്യാസജീവിതത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം എന്നും കാവി വസ്ത്രധാരിയായ ഒരു പ്രാരംഭപരിശീലകൻ (പോസ്റ്റുലന്റ്) മാത്രമായിരുന്നു എന്നത് വെളിയിലാർക്കും അറിവായിരുന്നില്ല.



ബഥനിയുടെ ആരംഭ കാലത്ത് 1919-ൽ അദ്ദേഹം പെരുനാട്ടിൽ ചെന്ന് മലവെട്ടി തെളിയിക്കുന്നതിനും ആശ്രമത്തിനുവേണ്ടി ഷെഡ്കെട്ടിക്കുന്നതിനും മറ്റും വളരെ കഷ്ടപ്പെട്ടു രോഗിയായി. രോഗം കൂടിയപ്പോൾ അന്നു പണിക്കരുവീട്ടിൽ പഥ്യത്തൽ വിശ്രമിച്ചിരുന്ന പിതാവ് വളരെ വിഷമിച്ചു. മിസ്റ്റർ കെ. ജി. ചെറിയാൻ ബി. എ. എൽ. റ്റിയോട് കൂടി ഒരു ചെറിയ കെട്ടുവള്ളത്തിൽ ഉടനെ പെരുനാട്ടിനു പുറപ്പെട്ടു. വള്ളത്തിൽ വച്ച് പിതാവ് വളരെ അസ്വസ്ഥനായി കാണപ്പെട്ടു. മനസ്സിന്റെ വിഷമം ശരീരത്തിലും അനുഭവപ്പെട്ടു. നെഞ്ചും കയ്യും തിരുമ്മിക്കൊണ്ട്, "അയാൾ പോയെങ്കിൽ എന്റെ വലതുകൈപോയി എന്ന് പലപ്രാവശ്യം ആവർത്തിച്ചു." ഫാ. അക്സിയോസ് ബാരിസോളിൽ താമസിച്ച രണ്ടുവർഷം ഫാ. ഇ. എൽ സ്ടോങ്ങിന്റെ കീഴിൽ തിയോളജി പഠിച്ചതുകൊണ്ട് പിതാവിനും അദ്ദേഹത്തോടുകൂടി സെറാംപൂരിൽ പഠിച്ചവർക്കും ഉണ്ടായിരുന്നതുപോലെ കത്തോലിക്കാ സഭയോട് അനുകൂല മനഃസ്ഥിതി ഉണ്ടായില്ല. ആഴമായി ചിന്തിക്കുന്നതിന് അദ്ദേഹത്തിന് കഴിവില്ലാതിരുന്നത് അതിനൊരു പ്രധാന കാരണമാണ്. അദ്ദേഹത്തിന് വളരെ വളരെ കരുണയും സ്നേഹവുമുള്ള സ്വഭാവമായിരുന്നതിനാൽ ബഥനിയുടെ മിഷൻ പ്രവർത്തനങ്ങൾ നടന്നിരുന്നിടങ്ങളിൽ എല്ലാം അദ്ദേഹം പ്രിയങ്കരൻ ആയിരുന്നു.

1929 ൽ ബഥനിക്കുവേണ്ടി ധനശേഖരണത്തിന് സിംഗപ്പൂരിൽ പോയിരുന്നപ്പോൾ പുനരൈക്യപരിശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പിതൃസഹോദരൻ മട്ടയ്ക്കൽ മല്പാനച്ചൻ വൃദ്ധനായ എന്നെ വിട്ടേച്ചു താൻ പോകരുതേ എന്നുംമറ്റും എഴുതി അയച്ചു. വീട്ടിൽ നിന്നും പലരും അദ്ദേഹത്തെ പിന്തിരിപ്പിക്കത്തക്ക വിധത്തിൽ എഴുതി. അനാരോഗ്യം മൂലം വലുതായ പിരിവൊന്നും കൂടാതെ 1930- ൽ അദ്ദേഹം തിരിച്ച് നാട്ടിൽ എത്തിയപ്പോഴേക്കും കാര്യങ്ങൾ വളരെ പുരോഗമിച്ചിരുന്നു. സിസ്റ്റേഴ്സ് ദീർഘമായ പഠനം നടത്തിയി

രുന്നതിനാൽ അവരും പിതാവിനെ അനുഗമിച്ചേക്കുമെന്ന് ഫാ. അലക്സിയോസിന് ഏറെക്കുറെ തീർച്ചയായി. ഒരുവശത്ത് ആബൂനായിൽ നിന്നുള്ള വേർപാടുണ്ടായേക്കുമോ എന്നുള്ള ആശങ്ക സിസ്റ്റേഴ്സിനെ ആകുലപ്പെടുത്തി. സിംഗപ്പൂരിൽ നിന്ന് ഒരെഴുത്തിൽ "യരുശലേമേ, നിന്നെ ഞാൻ മറക്കുന്നുവെങ്കിൽ എന്റെ വലങ്കൈ മറന്നുപോകട്ടെ", എന്നു സങ്കീർത്തകൻ പാടിയതുപോലെ എന്റെ സിസ്റ്റേഴ്സിനെ ഞാൻ മറക്കുന്നുവെങ്കിൽ എന്റെ വലങ്കൈ മറന്നുപോകട്ടെ എന്ന് വേറൊരു സിസ്റ്ററിന് (സി. സൽഗായ്ക്ക്) എഴുതത്തക്കവണ്ണം സിസ്റ്റേഴ്സിനെ അദ്ദേഹം സ്നേഹിച്ചിരുന്നു. അവർക്കുവേണ്ടി എത്രമാത്രം കഷ്ടപ്പെടാനും അദ്ദേഹം ഒരുക്കമായിരുന്നു. സി. ദനഹാ, സി. സൽഗാ ഇവരോടുള്ള സംസാരത്തിൽ നിന്ന് അവർ ശരിക്കും കാര്യങ്ങൾ ഗ്രഹിച്ച് ഉറച്ചിട്ടുണ്ടെന്നു ഗ്രഹിച്ചതിനാൽ മറ്റവരെമാറ്റി നിർത്താൻ അദ്ദേഹം ആവുന്നത്ര പ്രയത്നിച്ചു. അദ്ദേഹത്തിന് ഒരു മഠം തുടങ്ങുന്നതിന് അവരെ ആയുധമാക്കാൻ ഉദ്ദേശിച്ച് പുനരൈക്യപ്പെട്ടശേഷം ശൂരനാട്ടെ റാഹേലമ്മയെ അവരുടെ അടുക്കൽ അയച്ച് രഹസ്യമായ ആലോചനകൾ നടത്തിയതിനും അവർ വഴിപ്പെട്ടില്ല. ആയിടയ്ക്ക് അവർക്ക് പുനരൈക്യത്തിലുള്ള വിശ്വാസത്തെക്കാൾ പിതാവിലുള്ള വിശ്വാസവും സ്നേഹവും ഏറ്റം ശക്തിമത്തായിരുന്നു.

മലയായിൽ നിന്ന് തിരിച്ചുവന്ന് പെരുനാട്ടിൽ എത്തിയ ശേഷം പിതാവിനും കത്തോലിക്കാ പുനരൈക്യത്തിനും എതിരായി ആശ്രമത്തിൽ ഒരു അടിയൊഴുക്കുണ്ടാക്കുവാൻ അദ്ദേഹം കഴിയുന്നത്ര ശ്രമിച്ചു. കാര്യവിവരവും വിദ്യാഭ്യാസവുമുള്ള എല്ലാവരും പിതാവിനോടൊന്നിച്ച് അവർ സ്നേഹിച്ചിരുന്ന ബഥനിയെ വിട്ടിറങ്ങിയപ്പോൾ സുഖമില്ലാതെ കിടപ്പിലായിരുന്ന ആബൂനാ കൈകാലുകൾ കട്ടിലിൽ ഇട്ട് അടിച്ച് കരയുകയായിരുന്നു. പിതാവ് അടുത്ത് ചെന്ന് അദ്ദേഹം ഉപയോഗിച്ചിരുന്ന വിലപിടിച്ച സ്വർണ്ണവാച്ച് അഴിച്ച് ആബൂനായ്ക്ക് കൊടുത്തു. അങ്ങനെ ആ വലിയ സ്നേഹബന്ധം വേർപെട്ടു. പിന്നീട് ബഥനികേസ് ഉണ്ടാക്കിയതിൽ എല്ലാം ആബൂനയ്ക്കാണ് തെറ്റ് പറ്റിയത്.

1953 ൽ പിതാവിന് രോഗം വർദ്ധിച്ച് മരിക്കാറായി എന്നറിഞ്ഞപ്പോൾ ഹാശാ ആഴ്ച കഴിക്കാനായി ഇടവകപ്പള്ളിയിൽ എത്തി താമസിച്ചിരുന്ന Mar Theodosius വിവരമറിഞ്ഞു ബോധരഹിതനായി വീണു. ചില മാനസികാസ്വസ്തകളെല്ലാം തുടർന്നു പ്രത്യക്ഷപ്പെട്ടു. പിതാവ് കത്തോലിക്കാ സഭയിൽ ചേർന്നതിനു പകരമെന്നപോലെ



യാക്കോബായക്കാർ അദ്ദേഹത്തെ തേവദോസ്യോസ് എന്ന പേരിൽ മെത്രാൻ ആക്കിയിരുന്നു. ദീർഘ നാളത്തെ ചികിത്സമൂലം ഇടയ്ക്കിടെ സുഖമുണ്ടായി.

ബഥനിയിൽ ചേരാനായി ഒരുങ്ങിയിരുന്ന കെ. എ ദീനാമ്മ, സി. ഇസഡ്. അന്നമ്മ ഇവരെ അദ്ദേഹം തുടങ്ങുന്ന ബഥനിമഠത്തിൽ ചേർത്താൽ മതിയെന്ന് പറഞ്ഞു മാറ്റിനിർത്തി. ഒടുവിൽ അവരെ സിലോണിൽ അയച്ചു പരിശീലിപ്പിച്ച് ബഥനി മഠം പെരുനാട്ടിൽ ആരംഭിച്ചു. ഇരവി പേരൂർക്കാരി കുഞ്ഞമ്മ, തേവലക്കരക്കാരി റ്റി. കെ. തങ്കമ്മ ഇവർക്ക് നമ്മുടെ മഠത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നതാണ്. അവരെയും പെരുനാട്ടിൽ തുടങ്ങിയ മാർ തേവദോസ്യോസിന്റെ ബഥനിയിൽ സ്വീകരിച്ചു. ഇരുകൂട്ടർക്കും വേഷത്തിൽ വളരെ സാമ്യമുണ്ട്. കറുത്ത ദീദാ കെട്ടുന്നതിൽ മാത്രം അല്പം വ്യത്യാസമുള്ളൂ. പുനരൈക്യത്തിനുമുമ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ബഥനിയ്ക്കുണ്ടായിരുന്ന അനുഭവം തന്നെയാണ് മാർ തേവദോസ്യോസിന്റെ ബഥനിയുടെയും അനുഭവം. ചെടി വളരുന്നില്ല, വളക്കൂറുള്ള മണ്ണല്ല എന്നതെളിവാണ്.

മാർ തേവദോസ്യോസ് കാലം ചെയ്യുന്നതിനു മുമ്പ് പുനരൈക്യപ്പെട്ട ബഥനിസിസ്റ്റേഴ്സിൽ ആരെയെങ്കിലും തിരികെ കിട്ടണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്ന് അവർക്ക് അറിയാൻ ഇടയായിട്ടുണ്ട്. ഒരു കാലത്ത് അദ്ദേഹം ഏറ്റമധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന പിതാവിനെക്കുറിച്ച് പല കുറ്റങ്ങളും അദ്ദേഹം പറയാതിരുന്നിട്ടില്ല.

1930 ൽ പുനരൈക്യപ്പെട്ടവരിൽ നിന്ന് സി. ശൈനായേയോ, സി. ഹൂബായേയോ അദ്ദേഹത്തിന് മഠം തുടങ്ങുന്നതിലേയ്ക്കായി പിടിച്ചെടുക്കാൻ വേണ്ടി തിരുമൂല നിന്നും അനാരോഗ്യം മൂലം പിരിച്ചയക്കപ്പെട്ടിരുന്ന ശൂരനാട്ട് കെ. കെ. റാഹേൽമുലം അദ്ദേഹം കഴിയുന്നത്ര ശ്രമം ചെയ്തിട്ടും ഫലം ഉണ്ടായില്ല.

### ഒരു സർപ്പദംശനം

1929 ഏപ്രിൽ മാസത്തിലാണ് കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളിൽ സംബന്ധിക്കാനായിട്ടാണ് തിരുവല്ലയിൽ നിന്ന് അവസാനത്തെ പ്രാവശ്യം സിസ്റ്റേഴ്സ് പെരുനാട്ടിൽ പോയത്. അന്ന് ഏപ്രിൽ 28 ന് ആയിരുന്നു ഹോശാന ഞായർ. വി. കുർബാന, ഹോശാന

ശുശ്രൂഷ ഇവ കഴിഞ്ഞ് മഠാംഗങ്ങൾ സത്രത്തിൽ എത്തിയത് 12.30 ആണ്. മുൻ ആണ്ടുകളിൽ പതിവുണ്ടായിരുന്നതുപോലെ ഈ വർഷം കഞ്ഞികൊടുക്കാഞ്ഞതുകൊണ്ടാണ് ഇത്രയും നേരത്തെ വന്നത്. റോമായിലേക്ക് ബഥനിക്കാരെല്ലാം പോകുന്നു എന്ന ഒരു ശ്രുതി വട്ടശ്ശേരി മെത്രാനച്ചൻ വെളിയിൽ പ്രചരിപ്പിച്ചതിന്റെ ഫലമായിട്ടാണ് ഈ വർഷം കൂടിയ ജനത്തിനെല്ലാം കഞ്ഞികൊടുക്കാൻ സാധ്യമല്ലാതെ വന്നത്.

അന്ന് വൈകീട്ട് സന്ധ്യാനമസ്ക്കാരത്തോടുകൂടി പിതാവിന്റെ പ്രസംഗവും, അതേ തുടർന്ന് "തുറമുഖത്തുവന്ന് അടുത്തു" എന്നർത്ഥമുള്ള " വാദേദ് തൽമീനോ" എന്നുപറയപ്പെടുന്ന ഒരു ശുശ്രൂഷയുമുണ്ടായിരുന്നു. അതുകഴിഞ്ഞ് കാട്ടുമലയിൽകൂടി വെട്ടപ്പെട്ടിരുന്ന വഴിയിൽകൂടി ആറും ഏഴും പേരായി നടന്നുപോരുമ്പോൾ മറ്റുള്ളവർ വെളിച്ചം കണ്ടുപോരേണ്ടതിന് സി. ദനഹാ ഒരു അരികിലേക്കു മാറിനിന്നു. അപ്പോൾ എന്തോ ഒന്ന് കാലിൽ കടിച്ചു എന്നു പറഞ്ഞു. കൂടെയുള്ളവർ നിന്നു. പുറകെ വന്നവരിൽ നിന്ന് തീപ്പെട്ടി വാങ്ങി കത്തിച്ച് അടയാളം കണ്ടിടം പൊള്ളിച്ചു. സത്രത്തിൽ വന്നയുടൻ പൊട്ടാസ്യംപെർമാഗനേറ്റ് ഇട്ടു തിരുമി. കാട്ടൂർക്കാരൻ വല്ല്യപ്പന്റെ മകൻ പാപ്പിയെ വിളിപ്പിച്ച് പിതാവിനെ വിവരം അറിയിച്ചു. ഡോ. തോമസ്പണിക്കർ അച്ചനോടുകൂടെ പിതാവ് വന്നു. അച്ചൻ കാൽപാദം കീറി മരുന്നുവച്ചു. അത്ര സാരമുള്ളതൊന്നുമല്ല എന്നു പിറ്റെ ദിവസം രാവിലെ ഗ്രഹിച്ചു. ഇതിനുവേണ്ടിയും ഒരുത്തരും കഷ്ടാനുഭവ ആഴ്ചയിൽ പതിവുള്ള ഭജനവും മൗലവും ലംഘിച്ചില്ല. അത്യാവശ്യപ്പെട്ടതു മാത്രം സിസ്റ്റർ സുപ്പീരിയർ (സി. ശൈനാ) സംസാരിച്ചു. ആ കാലത്ത് മൗനപാലനത്തിൽ വലുതായ നിഷ്ഠയുണ്ടായിരുന്നു.

**കാട്ടൂർ വല്ല്യപ്പന്റെ മക്കൾ**

ബഥനിയോടും അതിന്റെ സ്ഥാപകനോടുമുള്ള അത്യധികമായ ഭക്തി സ്നേഹങ്ങളാൽ പ്രേരിതനായ കാട്ടൂർകാരൻ ഗീവർഗീസ് എന്നു വിളിക്കപ്പെട്ടിരുന്ന വല്ല്യപ്പൻ സ്വകുടുംബത്തെ മുഴുവൻ ബഥനിയുടെ സേവനത്തിനായി കൊടുക്കാൻ ഒരുക്കമായിരുന്നു. അദ്ദേഹം ബഥനിക്കുവേണ്ടി ചുറ്റിനടന്ന് അരി, തേങ്ങ മുതലായവ പിരിച്ചുകൊണ്ടുവരുന്നതിനും മലവെട്ടിതെളിയിച്ച് അതാത് സമയങ്ങളിൽ കൃഷിചെയ്യുന്നതിനും അത്യുൽസാഹിയായിരുന്നു. ആൺമക്കളിൽ മൂത്തയാളായ പാപ്പിയേയും ബഥനിക്കുവേണ്ടി മുഴുവൻ സമയവും ജോലി ചെയ്യുന്നതിനായി പെരുനാട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ചു. മറ്റുമക്കൾ കുറെകൂടി ചെറുപ്പമായിരുന്നെങ്കിലും അപ്പന്റെ ആഗ്രഹവും തീക്ഷ്ണതയും അവരിലും സ്പുരിച്ചിരുന്നു.



പെൺമക്കളെക്കുറിച്ചുപോലും വല്യപ്പൻ ദാക്ഷിണ്യം കാണിച്ചില്ല. അദ്ദേഹം പറയുന്നത് അവർ സന്തോഷപൂർവ്വം അനുസരിച്ചുമിരുന്നു. പാപ്പിയുടെ ഇളയ ഒരു പെൺകുട്ടി കുഞ്ഞമ്മ വിവാഹം കഴിച്ചിരുന്നെങ്കിലും ഭർത്തൃഗൃഹത്തിൽ അത്ര സന്തോഷം അനുഭവപ്പെടാതെ വീട്ടിൽ വന്നുനിന്നു. തിരുവല്ലായിൽ മാത്രമേ അന്ന് മഠം ഉണ്ടായിരുന്നുള്ളു. അവിടെ അടുക്കളയിൽ സഹായിക്കാൻ ആളില്ലാതെ വന്നപ്പോൾ വല്ല്യപ്പൻ ആ മകളെ കുറെ മാസങ്ങൾ അയച്ചുതന്നു സഹായിച്ചു.

അവൾ ഭർതൃ ഗ്രഹത്തിലേക്ക് പോകേണ്ടിവന്നപ്പോൾ അവളുടെ അനുജത്തി ഏലിയാമ്മയെ അയച്ചുതന്നു. ആ കാലത്ത് അവരുടെ അടുത്തെങ്ങും സ്ക്കൂൾ ഇല്ലാഞ്ഞതിനാൽ ആ കുട്ടി അധികംഒന്നും പഠിച്ചിരുന്നില്ല. പിന്നെ സ്കൂളിൽ അയയ്ക്കാനുള്ള പ്രായവും കവിഞ്ഞിരുന്നതിനാൽ ആ നല്ല അപ്പന്റെ താൽപ്പര്യപ്രകാരം അടുക്കളയിൽ സഹായിച്ച് കുറെ മാസങ്ങൾ ബഥനിക്കു സേവനം ചെയ്തു.

ഒടുവിൽ വല്യപ്പന്റെ ഇളയ മകൾ 4-ാം ക്ലാസ്സ് ജയിച്ച ശോശാമ്മയെ മഠത്തിൽ കൊണ്ടാക്കി. 1930 ജൂൺ 4 ന് പാലിയേക്കര സ്ക്കൂളിൽ ചേർത്തു, 5, 6 ക്ലാസ്സുകൾ പഠിപ്പിച്ചു. പിന്നെ നങ്യാർകുളം ഹൈസ്ക്കൂളിൽ ആക്കി. പഠനത്തിൽ അത്ര ഗുണമായിരുന്നില്ല. ഫോറം 5 ൽ തോറ്റ ശേഷം പഠിച്ചില്ല. പിതാവും മഠാംഗങ്ങളും പുനരൈക്യപ്പെട്ടു കുറെ നാൾ കഴിഞ്ഞശേഷം ശോശാമ്മയും പുനരൈക്യപ്പെട്ടു. 1938ൽ മാർത്താണ്ഡത്ത് ഒരു മഠം സ്ഥാപിക്കാൻ ബ. കുഴഞ്ഞാലിൽ അച്ചൻ 3 സ്ത്രീകളെ കൊണ്ടുവന്നു. പിതാവിന്റെ അതിരൂപതവകയായ ആ മഠത്തിൽ സ്വന്തം റീത്തിൽ നിന്ന് ഒരാളെങ്കിലും ഉണ്ടാകണമെന്നുള്ള താൽപര്യത്താൽ ശോശാമ്മയെ അങ്ങോട്ടുവിട്ടു. പരിശീലനത്തിനു ശേഷം തെരീസാ എന്നപേരിൽ അവിടെ സിസ്റ്റർ ആയിതീർന്നു. ശോശാമ്മക്കുപോകാൻ തീരെ മനസ്സില്ലായിരുന്നു. ഇവിടെയാണെങ്കിൽ അവർ നിന്നെ പറഞ്ഞുവിട്ടുകളയും എന്നുപറഞ്ഞാണ് പിതാവ് സമ്മതിപ്പിച്ച് വിട്ടത്. ശോശാമ്മ പിന്നീട് മാർത്താണ്ഡം മഠത്തിൽ ആദ്യ വ്രതം അനുഷ്ടിച്ച മൂവരിൽ ഒരാളായി സി. തെരീസാ എന്ന പേർ സ്വീകരിച്ചു.

**രണ്ടു മറിയാമ്മമാർ**

1. സി. ഹൂബായുടെ പിതൃസഹോദരൻ മിസ്റ്റർ പി. എ ദാനിയേലിന്റെ മൂത്തമകൾ മറിയാമ്മ ദാനിയേൽ അപ്പന്റെ പെൻഷനുശേഷം കായംകുളത്തിനടുത്ത് കൊയ്പ്പള്ളികാരാഴ്മ എന്ന സ്ഥലത്ത് മാതാപിതാക്കളോടൊന്നിച്ച് വന്നു താമസമാക്കിയിരുന്നപ്പോൾ വളരെ പരിശ്രമിച്ചതിന്റെ ഫലമായി കുറെ നാൾ തിരുവല്ലായിൽ മഠത്തിൽ വന്നു താമസിക്കാൻ അപ്പന്റെ അനുവാദം ലഭിച്ചു.അങ്ങനെ 1927 ൽ ജൂലൈ 3 ന് ശനിയാഴ്ച മറിയാമ്മ മഠത്തിൽ വന്നുചേർന്നു. ആദ്യം ലഭിച്ച അനുവാദം വെറും പരീക്ഷണാർത്ഥം ഒരു വിശ്രമത്തിനുവേണ്ടി മാത്രമായിരുന്നു. ഒരുമാസം കൊണ്ട് മകളുടെ മനസ്സിന്റെ സന്തോഷവും ശാരീരാരോഗ്യപുരോഗതിയും കണ്ട് തൃപ്തനായ സ്വപിതാവിൽ നിന്ന് മഠത്തിൽ തുടർന്ന് ജീവിക്കാനുള്ള അനുവാദം കിട്ടാൻ അത്ര പ്രയാസം ഉണ്ടായില്ല.

2. വെണ്ണിക്കുളത്ത് കൂടത്തും മുറിയിൽ പടിഞ്ഞാറെമുറിയിൽ പെരുമാട്ടിക്കാട്ടിൽ കൊച്ചുകുഞ്ഞെന്നു വിളിക്കപ്പെട്ടിരുന്ന ഈപ്പന്റെ മകൾ കൃശഗാത്രയെങ്കിലും നല്ല ചുറുചുറുക്കുള്ള മറിയാമ്മ പിതാവ്, ആബൂനാ, ഗുരു മുതലായവരുടെയെല്ലാം പ്രവർത്തനരംഗത്ത് ദീർഘനാൾ ഒരു സജീവ പ്രവർത്തക തന്നെ ആയിരുന്നു. വെണ്ണിക്കുളം സ്കൂളിൽ നിന്ന് തേർഡ്ഫോം പാസായശേഷം തിരുമൂലപുരം സ്കൂളിൽ ഒരു വർഷത്തോളം ഹോംസയൻസ് പഠിച്ചു. പഠനത്തിൽ പിന്നോക്കമായിരുന്നു. മഠത്തിൽ വരാൻ ദീർഘനാൾ കാത്തിരുന്നശേഷം 1927 ഡിസംബർ 3 ന് തിരുമൂലപുരം മഠത്തിൽ വന്നുചേർന്നു. അപ്പോഴെക്കും കെ. എം. അച്ചാമ്മ പോസ്റ്റുലന്റ് ആയിരുന്നു.

**രണ്ടു മറിയാമ്മമാർ പോസ്റ്റുലൻസ്**

1929 ഫെബ്രുവരി 23 ന് മറിയാമ്മ ദാനിയോൽ, മറിയാമ്മ ഈപ്പൻ ഇവർ പോസ്റ്റുലന്റ്സ് ആയി സ്വീകരിക്കപ്പെട്ടു. അതിനു മുമ്പായി എം. സി. സാറാമ്മ (കൊച്ചന്നമ്മ) വെല്ലൂരെ നേഴ്സിങ്ങ് പഠനം കഴിഞ്ഞ് 1927 നവംബർ 26ന് മഠത്തിൽ വന്നുചേർന്നിരുന്നു. 1928 ജൂൺ 25 ന് സാറാമ്മയേയും കറ്റോട്ടെ അച്ചാമ്മയേയും പോസ്റ്റുലന്റ്സ് ആക്കിയിരുന്നു. സാറാമ്മ നേഴ്സിങ്ങ് പഠനം കഴിഞ്ഞപ്പോൾ മിഡ്വൈഫറി പഠിക്കാതെ പോരാൻ കൽപ്പന ലഭിച്ചതനുസരിച്ച് പോന്നു. മേരിനയോമി മിഡ്വൈഫറി കൂടെ പഠിച്ച ശേഷം 1928 ഡിസംബർ 3 ന് തിരുവല്ലാമഠത്തിൽ വന്നുചേർന്നു. ആ കാലത്ത് മഠത്തിൽ ചേരണമെന്നായിരുന്നു നയോമിയുടെ ആഗ്രഹം.



മദർ ഈഡിത്ത് ബാരിസോളിൽ നയോമിയുടെ സേവനം ആറു മാസത്തേക്ക് ആവശ്യപ്പെട്ടു. മദർ ചോദിക്കുന്നത് പിതാവുപോലും ഒരിക്കലും നിരസ്സിച്ചിരുന്നില്ല. അങ്ങിനെ 1929 ൽ ഒക്ടോബർ 10 ന് നയോമി ബാരിസോളിലേക്കു പോയി. പിന്നീട് ബഥനിക്കുണ്ടായ മാറ്റം നയോമിയെ ബഥനിയിൽ നിന്ന് അന്യയാക്കിത്തീർത്തു. പോകാതിരുന്നെങ്കിൽ ഫലം വ്യത്യസ്ഥമായിരുന്നു.

**മൂന്ന്പേർ പെരുനാട്ടിൽ വച്ച് നോവിസ്സസായി – ഏപ്രിൽ 6. 1929**

എം.സി. സാറാമ്മ (കൊച്ചന്നാമ്മ ) കെ. എം അച്ചാമ്മ, മറിയാമ്മ ദാനിയേൽ ഇവരെ പെരുനാട്ടു ബഥനി ആശ്രമ ചാപ്പലിൽ വച്ച് (സിസ്റ്റേഴ്സും പോസ്റ്റുലന്റ്സും പെരുനാട്ടിൽ ചെന്നു താമസിക്കുന്ന കാലത്ത്) നോവിഷ്യേറ്റിൽ പ്രവേശിപ്പിച്ചു. തിരുവല്ലായിൽ തിരിച്ചു ചെന്ന ശേഷം നോവീഷ്യേറ്റ് തുടർന്നുകൊണ്ടുപോകാമെന്ന് പിതാവ് കൽപ്പിച്ചു.

**മഠവും ആശ്രമവും പിതാവിന്റെ ചിന്താവിഷയം**

ചെയ്യുന്നതൊക്കെ ഏറ്റം നന്നായി ചെയ്യുന്ന ആളായിരുന്നു പിതാവ്. മഠത്തിനുവേണ്ടിയുള്ള പ്രാരംഭപരിശീലനകാലം മുതൽ ദൈവം വിളിച്ചുകൊണ്ടുവന്ന് തന്റെ സൂക്ഷ്മത്തിൽ ഭരമേൽപ്പിച്ച മക്കളെ അദ്ദേഹം അത്യധികം സ്നേഹിച്ചു. ആശ്രമത്തെ സംബന്ധിച്ചും അങ്ങനെ തന്നെ. എന്നാൽ പെൺമക്കളുടെ കാര്യത്തിൽ അദ്ദേഹത്തിനു വളരെ കൂടുതൽ കരുതൽ ഉണ്ടായിരുന്നു. അംഗങ്ങൾ ഓരോരുത്തരുടേയും ചെറുതായ വിഷമങ്ങളിൽപോലും ഒരു അമ്മയേക്കാൾ കൂടുതൽ അനുകമ്പയും ആർദ്രതയും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. മഠവും ആശ്രമവും അദ്ദേഹത്തിന്റെ ജീവനാഡികളായിരുന്നു എന്നു പറയാം. മഠത്തിന്റെ കാര്യങ്ങൾ സി. ഹെലൻ നോക്കിയിരുന്ന കാലത്ത് എല്ലാം നന്നായി പോകുമെന്ന് അദ്ദേഹത്തിന് ഉത്തമ വിശ്വാസം ഉണ്ടായിരുന്നു. എല്ലാം ഏറ്റം നന്നായി തന്നെ കഴിഞ്ഞു.

പിന്നീട് സി. ശൈനാ സിസ്റ്റർ സുപ്പീരിയർ എന്ന നിലയിൽ മഠത്തിന്റെ ചുമതല നടത്തി തുടങ്ങിയപ്പോൾ വ്യക്തിയുടെ അപ്രാപ്തിയെ കണക്കാക്കി എത്രയും ചെറിയ കാര്യങ്ങളിൽ പോലും വേണ്ട നിർദ്ദേശങ്ങൾ അദ്ദേഹം നൽകിക്കൊണ്ടിരുന്നു. ഒരോ വ്യക്തിക്കും അദ്ദേ

ഹത്തെ സമീപിച്ച് തങ്ങളുടെ പ്രയാസങ്ങൾ അറിയിക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവരുടെ ആദ്ധ്യാത്മീക പുരോഗതിയിലും ആരോഗ്യം നിലനിർത്തുന്നതിലും അദ്ദേഹം ഏറ്റം ശ്രദ്ധാലുവായിരുന്നു. തിരുമൂലപുരത്ത് യാക്കോബായപള്ളിക്കു സമീപം പിൻകാലത്ത് സെന്റ് തോമസ് ഹൈസ്ക്കൂൾ സ്ഥാപിച്ച സ്ഥലത്ത് ഒരു ചെറിയ ഓല മേഞ്ഞ കെട്ടിടത്തിൽ അദ്ദേഹവും ഫാ. യാക്കോബും (പിന്നീട് മാർ തിയോഫിലസ്) പലപ്പോഴും താമസിച്ച് സിസ്റ്റേഴ്സിനെ പഠിപ്പിക്കാനായി മഠത്തിൽ വന്നിരുന്നു. ഓരോരുത്തർക്കും വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്ന എഴുത്തുകൾ അദ്ദേഹം എഴുതിക്കൊണ്ടുമിരുന്നു. സി. ഹെലൻ പോയതുകൊണ്ട് പലകാര്യങ്ങളിലും അയവുണ്ടാകുമെന്ന് അദ്ദേഹത്തിന് ഭയമുണ്ടായിരുന്നതുകൊണ്ട് കൂടുതൽ സൂക്ഷിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സിസ്റ്റർ സുപ്പീരിയറിനും ഓരോ വ്യക്തിക്കും നൽകിക്കൊണ്ടിരുന്നു. ഒരു പിതാവിന്റേയും മാതാവിന്റേയും ആർദ്രത, കരുതൽ ഇവയോടുകൂടി ഓരോ വ്യക്തിയോടും അദ്ദേഹം വർത്തിച്ചു. ആരുടേയും സങ്കടം കാണാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല.

**പുനരൈക്യ പരിശ്രമങ്ങൾ അനുകൂലമാകുന്നു**

യാക്കോബായ സഭയിലെ വ്യവഹാരങ്ങൾ, കലഹങ്ങൾ ഇവയ്ക്കു പരിഹാരമുണ്ടാക്കാൻ സാധിക്കാഞ്ഞതിൽ പ്രത്യേകിച്ച് വട്ടശ്ശേരിയിൽ മെത്രാച്ചൻ മുടക്കു തീർക്കുന്നതിനായി യാക്കോബായ പാത്രിയർക്കീസിനെ മർദ്ദീനിലോ ആലപ്പോയിലോ പോയികണ്ട് വയസുകാലത്ത് നിരാശനായി തിരിച്ചുവന്നതിൽ നിന്നുളവായ പ്രത്യാഘാതങ്ങൾ മാർ ഈവാനിയോസിനെ ചിന്താധീനനാക്കി. മാർ തോമ്മാശ്ലീഹായുടെ മക്കളെല്ലാവരും ഒന്നായിരിക്കണമെന്ന് അദ്ദേഹം വൈദീകനാകുന്നതിനു മുമ്പുതന്നെ പലപ്പോഴും ആഗ്രഹിച്ചിരുന്നു. 1923 ൽ മുടക്കു തീർക്കാനുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ അന്ത്യോക്യായാക്കോബായ സഭയേക്കാൾ മെച്ചപ്പെട്ട കത്തോലിക്കാ സഭയിലേക്ക് അദ്ദേഹത്തിന്റെ ചിന്തകൾ കൂടുതലായി തിരിഞ്ഞു. കൊന്തയോട് 1923 ൽ അദ്ദേഹത്തിന് എന്തോവലുതായ ആകർഷണം തോന്നി എന്നു വിചാരിക്കേണ്ടിരിക്കുന്നു. വട്ടശ്ശേരി മാർ ദിവന്ന്യാസ്യോസ് അന്ത്യോക്യാ പാത്രിയർക്കീസിനെ സന്ദർശിച്ചു മടങ്ങിവന്നപ്പോൾ ഫാദർ ഗീവർഗീസ് അദ്ദേഹത്തെ സ്വീകരിക്കാനായി ബോംബെയിൽ പോയി മടങ്ങിവന്നപ്പോൾ 4 കൊന്ത കൊണ്ടുവന്ന് മഠത്തിൽ അന്നുണ്ടായിരുന്ന അംഗങ്ങൾക്കു നൽകി.



പക്ഷേ കൊന്ത ചൊല്ലുവാൻ അദ്ദേഹത്തിനോ മഠാംഗങ്ങൾക്കോ അറിഞ്ഞുകൂടായിരുന്നു. കൊന്ത ഉപയോഗിച്ച് സിസ്റ്റേഴ്സ് നിമിഷ പ്രാർത്ഥനകൾ ചൊല്ലിവന്നു.

ആശ്രമത്തിലേയും മഠത്തിലേയും അംഗങ്ങൾ പിതാവിന്റെ ചിന്താഗതി ഗ്രഹിക്കത്തക്കവിധം വേണ്ട ഉപദേശങ്ങളും സൂചനകളും ഇടയ്ക്കിടെ നൽകിക്കൊണ്ടിരുന്നു. എങ്കിലും ഒന്നും തന്നെ അത്ര വ്യക്തമായി പറയാൻ ആദ്യകാലങ്ങളിൽ നിവർത്തിയില്ലായിരുന്നു. യാക്കോബായ സഭയിലെ അന്നത്തെ മെത്രാൻ വിഭാഗക്കാരെയെങ്കിലും ഒന്നടങ്കം കത്തോലിക്കാസഭയിലേക്ക് ആനയിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആകാംക്ഷ. വട്ടിപ്പണക്കേസ് വട്ടശ്ശേരി മെത്രാച്ചന് പ്രതികൂലമായിരുന്ന കാലത്ത് വേണ്ടിവന്നാൽ യാക്കോബായ ട്രസ്റ്റിൽ നിന്ന് മാറിനിൽക്കാൻ ഉദ്ദേശിച്ചാണ് ദ്വിതിയ കാതോലിക്കായെ വാഴിച്ചതും ഫാ. ഗീവർഗീസിനെ 1925 മെയ് 1 ന് ബഥനിയുടെ മെത്രാനായി അഭിഷേകിച്ചതും. തുടർന്ന് മെത്രാന്മാരുടെ സുന്നഹദോസിൽ വട്ടശ്ശേരിയിൽ മെത്രാച്ചൻ ഒഴികെ ബാക്കി എല്ലാവരും ചേർന്നു 1926 നവംബർ 1 ന് പരുമല വച്ച് കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം സംബന്ധിച്ച് കത്തിടപാടുകൾ നടത്തുവാൻ ബഥനി മെത്രാൻ മാർ ഈവനിയോസിനെ അധികാരപ്പെടുത്തി. മലങ്കരയിൽ യാക്കോബായക്കാർ ഉപയോഗിക്കുന്ന റീത്ത് അനുവദിച്ചുകിട്ടുമോ എന്ന് നിശ്ചയമില്ലാതിരുന്നതിനാൽ ബെയ്റൂട്ടിലെ റഹമാനി പാത്രിയക്കീസുമായിട്ടാണ് എഴുത്തുകുത്തുകൾ തുടങ്ങിയത്. അതിന്റെ അസ്സൽപ്രതി അന്നത്തെ കാതോലിക്കായായിരുന്ന മാർ ബസ്സേലിയോസ് ദ്വിതീയന്റെ സ്വന്തകൈപ്പടയിലാണ് എഴുതി അയച്ചത്. അതിനുമുമ്പുതന്നെ റഹമാനി പാത്രിയർക്കീസിന്റെ ഒരു കത്ത് മാർ ദിവന്ന്യാസ്യോസിനു വന്നതിനു മറുപടി മാർ ഈവാനിയോസിനെകൊണ്ട് എഴുതിച്ച് അദ്ദേഹം അയച്ചിരുന്നു. റഹമാനി പാത്രിയർക്കീസ് ബെയിറൂട്ടിലെ തക്സായും സുറിയാനിയിൽ അടിച്ചിരുന്ന വേറെ ചില പുസ്തകങ്ങളും അയച്ചുകൊടുത്തതിൽ പലതും കുറെ അധികകാലത്തേക്ക് തിരുമൂലപുരം മഠത്തിൽ സൂക്ഷിച്ചിരുന്നു. സുറിയാനി ഗീതങ്ങൾ നോട്ടനുസരിച്ച് (മ്യൂസിക്കൽ നോട്ട്) അതിൽ ഉണ്ടായിരുന്നത് കൊട്ടിപഠിപ്പിക്കാനായി ഒരിക്കൽ ആ പുസ്തകം തിരുമൂല ബാലികാമഠം ഹെഡ്മിസ്ട്രസ് മിസ്സ് ബ്രൂക്ക്സ്മിത്തിന്റെ കൈയ്യിൽ കൊടുത്തു. അതിന്റെ ആദ്യ പേജ് നോക്കീട്ട് അവർ അലപം പരുങ്ങലോടെ സിസ്റ്റേഴ്സിനെ നോക്കി എങ്കിലും അവർ ഒന്നും സംസാരിച്ചില്ല.

പരുമല സുന്നഹദോസിന്റെ നിശ്ചയ പ്രകാരം മാർ ഈവാനിയോസ് വീണ്ടും റഹമാനി പാത്രയർക്കീസിന് എഴുതിയെങ്കിലും മറുപടി വരുവാൻ താമസമുണ്ടായി. ഈ ആലോചനകളിലെല്ലാം വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ മൗനാനുവാദം ഉണ്ടായിരുന്നു. വട്ടിപ്പണക്കേസ് നടന്നുകൊണ്ടിരുന്നതിനാൽ മാത്രമായിരുന്നു അദ്ദേഹം പ്രത്യക്ഷപ്പെടാതെ ഒഴിഞ്ഞു നിന്നത്. കേസിൽ ദോഷമുണ്ടാകരുതെന്നുള്ള ചിന്തയുണ്ടായിരുന്നു.

തൃശൂർക്കാരൻ പോലിസ് സൂപ്രണ്ടായിരുന്ന മി. എം. എ ചാക്കോ, നിരണത്ത് ഇലഞ്ഞിക്കൽ മി. ഇ. ജെ ജോൺ വക്കീൽ ഇവർ അന്ത്യോക്യാബന്ധത്തിന് അനുകൂലിച്ചില്ല. റോമുമായി നേരിട്ട് ബന്ധം പുലർത്താൻ അവർ മാർ ഈവാനിയോസിനെ ഗുണദോഷിച്ചു. വട്ടിപ്പണക്കേസ്സിൽ തൽപ്പരരായിരുന്ന പല വക്കീൽമാരും റോമൻകാനോനകൾ പരിശോധിച്ച് കത്തോലിക്കാ സഭയുടെ നേർക്ക് ഭക്തിയുള്ളവരായിതീർന്നു.

ഇതിനോടകം ഇതര മെത്രാന്മാരുടെ ആലോചനയോടുകൂടി മാർപ്പാപ്പയുടെ നേരിട്ടുള്ള ഭരണത്തിൽ സ്വീകരിക്കപ്പെടുന്നതിനു വേണ്ടതെന്തെന്ന് ചങ്ങനാശ്ശേരി ബിഷപ്പ് മാർ ജെയിംസ് കാളാശ്ശേരി, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ ഇവരുടേയും അഭിപ്രായം ആരാഞ്ഞശേഷം റോമിലേക്ക് പേരുവയ്ക്കാതെ 1926 ൽ ഒരെഴുത്തയച്ചു. അതിനു പേരുവയ്ക്കാതെയുള്ള മറുപടി മാവേലിക്കരക്കാരൻ ഫാ.ദബേരാ വഴി ലഭിച്ചു. പിന്നീട് 1927 ൽ വീണ്ടും എഴുതി.

ഇതേ സമയം മഠാംഗങ്ങളിൽ ഇംഗ്ലീഷ് ഗ്രഹിക്കാവുന്നവർ രണ്ടു പേരും കാതലിക്ക് എൻസൈക്ലോപ്പീടിയായിൽ നിന്ന് മാർപ്പാപ്പയുടെ പരമാധികാരം, അപ്രമാദിത്വം, സഭകളുടെ ഐക്യം, വി. മാതാവിന്റെ അമലോൽഭവം എന്ന വിഷയങ്ങളെക്കുറിച്ചുള്ള ആർട്ടിക്കിൾസ് പഠിച്ചുകൊണ്ടിരുന്നു.

### പുനരൈക്യ സൂചന

1928 ഏപ്രിൽ 19 ന് കഷ്ടാനുഭവ ആഴ്ചയിൽ പിതാവ് നടത്തുന്ന ശുശ്രൂഷകളിൽ സംബന്ധിയ്ക്കാനായി പെരുനാട്ടിലേയ്ക്ക് പോകുവാൻ സി. ശൈനാ, സി. ഹൂബാ, സി. ദനഹാ, സി. സൽഗാ ഇവർ ഒരുങ്ങി കാത്തിരിക്കയായിരുന്നു. ബാക്കിയുണ്ടായിരുന്നവരെ വീട്ടിലേക്ക് അവധിക്കായി വിട്ടു. നാലുമണിയോടുകൂടി പിതാവ് അവിടേയ്ക്കു വന്ന്



മഠത്തിന്റെ കിഴക്കുവശത്തെ മുറ്റത്തേക്ക് സിസ്റ്റേഴ്സിനെ നാലുപേരേയും വിളിച്ച് ആ പുൽപ്പുറത്ത് ഇരുത്തി. പിതാവ് ഒരു കസേരയിൽ ഇരുന്നു. യാക്കോബായസഭയിൽ നിലനിന്നുപോകുവാൻ സാധ്യമല്ലായെന്നും ഏതെങ്കിലും പുരാതനസഭയോട് യോജിക്കേണ്ടത് ആവശ്യമാണെന്നും എവിടേയ്ക്ക്, എങ്ങോട്ട്, എപ്പോൾ എന്നൊക്കെ ദൈവം നടത്തിക്കുന്നതിനായി പ്രാർത്ഥിക്കണമെന്നും രഹസ്യമായി പറഞ്ഞ് ഭാവിയെക്കുറിച്ച് വ്യക്ത സൂചന നൽകി.

മുൻകാലങ്ങളിൽ യാക്കോബായ മേലദ്ധ്യക്ഷന്മാർ നടത്തിയ പുനരൈക്യ ആലോചനകൾ പരാജയപ്പെട്ടത് പ്രാർത്ഥനയ്ക്കും പിൻതുണയ്ക്കുമായി പുറകിൽ ആരും ഇല്ലാതിരുന്നതിനാലാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. യാക്കോബായിലെ മറ്റ് മേലദ്ധ്യക്ഷന്മാരുടെ വിശ്വസ്ഥത, സ്ഥിരത ഇവയ്ക്കു കോട്ടം സംഭവിച്ചാലും തനിക്കു വിശ്വസിക്കാവുന്ന ഒരു ചെറിയ ഗണത്തെ വാർത്തെടുക്കാൻ ബുദ്ധിമാനായ അദ്ദേഹം ശ്രമിച്ചു. അങ്ങനെ ആശ്രമസ്ഥരുടേയും മഠാംഗങ്ങളുടേയും മനോഗതിയെ പുനരൈക്യപന്ഥാവിലേക്ക് തിരിച്ചുവിടത്തക്ക ഉപദേശങ്ങളും പഠനങ്ങളും അവർക്ക് അവർ മനപൂർവ്വം അറിയാതെ തന്നെ ലഭിച്ചുകൊണ്ടിരുന്നു.

ഇതിനിടെ വട്ടിപ്പണക്കേസ് വട്ടശ്ശേരിയിൽ മെത്രാച്ചന് അനുകൂമായി വിധിക്കപ്പെട്ടു. അതു പ്രതികൂലമായി വരുന്ന പക്ഷം മെത്രാച്ചന് അഭയസ്ഥാനമായിരിക്കത്തക്കവണ്ണം അദ്ദേഹം പണം കൊടുത്ത് തിരുവല്ലായിൽ അന്നു ബഥനിപ്പള്ളി ഉണ്ടായിരുന്നതിനടുത്തായി ഒരു അരമന പണിയിപ്പിച്ചു. പുനരൈക്യത്തിന് പരോക്ഷമായി പിൻതുണ നൽകിയിരുന്ന ത്രിതീയ കാതോലിക്കായുടെ വാഴ്ച്ചയ്ക്ക് തൊട്ടുമുമ്പ് ബഥനിയുടെ എപ്പിസ്കോപ്പ ആയിരുന്ന മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലിത്തായായും, പാമ്പാടി റമ്പാച്ചനെ മാർ ഗ്രീഗോറിയോസ് എന്ന നാമത്തിലും ബഥനിയിലെ യാക്കോബ് റമ്പാച്ചനെ (ഫാ. കെ. എ. യാക്കോബ്) ബഥനിയുടെ എപ്പിസ്കോപ്പാ ആയി മാർ തിയോഫിലസ് എന്ന നാമത്തിലും അതേദിവസം തന്നെ കോട്ടയം എം. ഡി. സെമിനാരി വളപ്പിലുണ്ടാക്കിയിരുന്ന പന്തലിൽ വച്ച് അഭിഷേകം ചെയ്തിരുന്നു (ഫെ. 15, 1929).

മറ്റുള്ളവർ തങ്ങളുടെ പിൻതുണയും സഹകരണവും പിൻവലിച്ചേക്കുമെന്ന് മാർ ഈവാനിയോസിന് സംശയമുണ്ടായിരുന്നതുകൊണ്ടാണ് ഫാ. യാക്കോബിനെ റമ്പാൻ ആക്കുന്നതിനും മെത്രാൻ സ്ഥാന

ത്തേക്ക് ഉയർത്തുന്നതിനും മാർ ഈവാനിയോസ് മനസ്സായത്. ഈ സംഭവങ്ങൾക്കു ശേഷമാണ് കേസ് ഗുണകരമായി വിധിക്കപ്പെട്ടത്.

മറ്റുള്ളവർ പിൻമാറിയതുകൊണ്ട് പുറകോട്ടുതിരിയുന്ന ആളല്ലായിരുന്നു മാർ ഈവാനിയോസ്. കേസ് ജയിച്ചു കഴിഞ്ഞപ്പോൾ ബഥനിക്കാർ റോമായിൽ പോകുന്നു എന്നൊരു ശ്രുതി സാവധാനം പരന്നു തുടങ്ങി. സ്വജീവനെപ്പോലെ താൻ സ്നേഹിച്ചിരുന്ന മാർ ഈവാനിയോസ് പിരിഞ്ഞു പോകുമോ എന്നുള്ള ഭയത്താൽ അതു തടയുന്നതിനായി സമുദായഗംങ്ങൾ ബഥനിക്കു നൽകികൊണ്ടിരുന്ന ഉദാരമായ സഹായങ്ങൾ നിറുത്തലാക്കാൻ മാർ ദിവന്നാസ്യോസ് പരിശ്രമിച്ചു. പിതാവിനോട് വിവാദവിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനായി ദിനംപ്രതി തിരുമൂലപുരത്ത് പിതാവ് താമസിച്ചിരുന്ന ചെറിയകെട്ടിടത്തിൽ അനവധി ആളുകൾ വരിക പതിവായി. അവർക്ക് ഭക്ഷണം കൊടുക്കുന്നതിനായി എപ്പോഴും മഠത്തിലേയ്ക്ക് ജോലിക്കാരെ പറഞ്ഞയച്ചുവന്നു (പിതാവിന്റെ ഭക്ഷണം മഠത്തിൽ നിന്നാണ് കൊടുത്തയച്ചിരുന്നത്). തൽഫലമായി മഠത്തിൽ ചിലർ പലപ്പോഴും പട്ടിണി കിടന്നിട്ടുണ്ട്. പിടിയരി മുതലായ സംഭാവനകൾ നിറുത്തലാക്കപ്പെട്ടപ്പോൾ കൂടുതൽ വിരുന്നുകാർക്ക് ഭക്ഷണം കൊടുക്കേണ്ടതായി വന്നതിനാൽ മഠാംഗങ്ങൾ വളരെ ഞെരുങ്ങേണ്ടതായി വന്നുകൂടി. പക്ഷേ അതിൽ അവർക്ക് സന്തോഷമാണുണ്ടായത്.

1925 നു ശേഷം പലസ്ഥലങ്ങളിലും ബഥനിപള്ളികൾ സ്ഥാപിച്ച് അവിടങ്ങളിൽ ആശ്രമസ്ഥർ പ്രവർത്തനം നടത്തിയിരുന്നതുമൂലവും ബഥനിയുടെ പുനരൈക്യ പ്രസ്ഥാനത്തിന് അനുകൂലികളായി പലരുണ്ടായി. ഒടുവിൽ മേലാൽ ബഥനിപള്ളികൾ വച്ചുകൂടായെന്ന് മാർ ദിവന്നാസ്യോസ് ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചു. സ്വതന്ത്രമായി സ്ഥാപിക്കപ്പെട്ടിരുന്ന ബഥനി പള്ളികളെ മെത്രാപ്പോലിത്തായുടെ അധികാരത്തിൽ കീഴാക്കാനുള്ള ഒരു ശ്രമവും ഉണ്ടായി. 1929 ഫെ. 15ന് ശേഷം മാർ തിയോഫിലോസ് എല്ലാ കാര്യങ്ങളിലും മാർ ഈവാനിയോസിന് അനുകൂലിയായി ഉണ്ടായിരുന്നു. അങ്ങനെ ദീർഘകാലത്തെ പരിശ്രമത്തിന്റേയും എഴുത്തുകുത്തുകളുടേയും ഫലമായി റോമിൽ നിന്ന് അനുകൂലമായ മറുപടി ഒടുവിൽ വന്നുചേർന്നു.

1930 ഫെബ്രു 10, 11, 12 ഈ ദിവസങ്ങളിൽ മുന്നുനോമ്പിൽ മാക്കാംകുന്നിൽ വച്ച് മുൻപതിവുപോലുള്ള (കൺവൻഷൻ) പ്രസംഗയോഗം നടത്തി വളരെ ക്ഷീണിതനായി പിതാവ് തിരുമൂലയ്ക്ക് 13 ന് തിരിച്ചു



വരുംമുമ്പ് കാതോലിക്കാ ബാവായെ കണ്ടു. സഭയുടെ സ്ഥിതിയെപ്പറ്റി മെത്രാച്ചന്മാരോട് വീണ്ടും സകലതും തുറന്നുപറയുകയും അതിനെ രക്ഷിക്കാൻ അവർ ഒന്നും ചെയ്യാത്തപക്ഷം താൻ തീർച്ചയായും ചെയ്യും എന്ന് അദ്ദേഹം പറഞ്ഞുവെന്നും അന്ന് സിസ്റ്റേഴ്സിനോട് പറഞ്ഞു. സംഗതികളെല്ലാം എഴുതി പരസ്യപ്പെടുത്തുമെന്നും, ജനങ്ങൾക്ക് തിരഞ്ഞെടുക്കാൻ ഒരു അവസരം നൽകണമെന്നും പിതാവ് പറഞ്ഞു.

### തിരുമൂല സ്ക്കൂൾ കുട്ടികൾക്ക് വലുതായ സങ്കടം

പിതാവിനേയും ബഥനി സിസ്റ്റേഴ്സിനേയും തിരുമൂലപുരം ബാലികാമഠത്തിലെ കുട്ടികൾ അത്യധികമായി സ്നേഹിച്ചിരുന്നു. ബഥനിക്കാർ റോമായിൽ പോകുന്നു എന്ന ശ്രുതി അവരെ വളരെയധികം അസ്വസ്തരാക്കി. മാക്കാംകുന്ന് കൺവെൻഷനിലെ പ്രസംഗങ്ങളിൽ നിന്ന ജനങ്ങൾ ഗ്രഹിച്ച കാര്യങ്ങൾ അന്നുതന്നെ കുട്ടികൾ അറിഞ്ഞിരുന്നു. കുട്ടികളിൽ ചിലർക്ക് രാത്രി ഉറക്കം വന്നില്ല. അവർ തങ്ങളുടെ സങ്കടവുമായി സിസ്റ്റേഴ്സിനെ സമീപിച്ചു. മഠത്തിൽ ചേരണമെന്ന് ആഗ്രഹിച്ചിരുന്നവർക്ക് കൂടുതൽ സങ്കടവും നിരാശയുമുണ്ടായി.

### ഫാ. അലക്സിയോസ് തിരിച്ചെത്തി

1930 ഫെ. 17 ന് രാത്രി ഫാ. അലക്സിയോസ് സിംഗപ്പൂർ, മലയാ ഈ സ്ഥലങ്ങളിൽ പണപ്പിരിവിനായി പോയിട്ട് തിരിച്ചെത്തി. 18 നു രാവിലെ ആശ്രമ ചാപ്പലിൽ (തിരുമൂല) മാർ തിയോഫിലോസ് തിരുമേനി വി. കുർബാനചൊല്ലി. ആശ്രമാംഗങ്ങളിൽ പലരും മഠാംഗങ്ങളും അതിൽ വന്നു സംബന്ധിച്ചു. ആബൂനാ (ഫാ. അലക്സിയോസ്) യ്ക്കു വലിയ സങ്കടമായിരുന്നു. വി. കുർബാന സമയം മുഴുവൻ അദ്ദേഹംകരയുകയായിരുന്നു

### പെരുനാട് ബഥനി ആശ്രമത്തിൽ എതിർ പ്രചരണം

1930 ഫെബ്രു. 19 ന് പിതാവും തിയോഫിലോസ് തിരുമേനിയും ഫാ. അലക്സിയോസും പെരുനാട് ബഥനി ആശ്രമത്തിലേക്കു പോയി. അവിടെ ആശ്രമത്തിൽ വച്ച് ഒരു യോഗം 20ന് കൂടി. ആ ദിവസം മഠാംഗങ്ങൾ ഉച്ചവരെ ധ്യാനമെടുക്കുകയും തുടർച്ചയായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തു. ഈ യോഗത്തിൽ ബഥനിയുടെ അതുവരെയുള്ള നിലപാട് പൊതുജനപ്രതിനിധികൾക്കും, ബഥനിയുടെ ഉന്നമനത്തിന് സഹായം ചെയ്തിട്ടുള്ളവർക്കും വെളിവായി. ആളുക

ളുടെ തെറ്റിധാരണ വളരെയധികം തീർക്കുന്നതിന് ഈ യോഗം സഹായിച്ചു.

യോഗാനന്തരം അതിൽ സംബന്ധിക്കാൻ എത്തിയ പലരും പിതാവിനോടൊന്നിച്ച് 1930 ഫെബ്രുവരി 22 ശനിയാഴ്ച ഉച്ചയ്ക്കു മുമ്പായി തിരുമൂലപുരം ആശ്രമത്തിൽ എത്തി. അവർ ആരും അന്നു രാവിലെ യാതൊന്നും കഴിച്ചിരുന്നില്ല. മഠത്തിൽ തയ്യാറാക്കിയിരുന്ന ഭക്ഷണം മുഴുവൻ പിതാവിനെ കാണാൻ വരുന്ന സന്ദർശകർക്കായി സന്തോഷപൂർവ്വം കൊടുത്തയച്ചു. ഈ കാലഘട്ടത്തിൽ ഇങ്ങനെ പലപ്രാവശ്യം സിസ്റ്റേഴ്സ് അവർക്കായി തയ്യാറാക്കിയിരുന്ന ഭക്ഷണം പിതാവിനെ കാണാൻ വരുന്ന സന്ദർശകർക്കായി കൊടുത്തയച്ചിട്ടുണ്ട്. ഇതുവരെ പുനരൈക്യം സംബന്ധിച്ച വിവരങ്ങൾ സിസ്റ്റേഴ്സിനോട് മാത്രമേ പിതാവ് പറഞ്ഞിരുന്നുള്ളു. എന്നാൽ പെരുനാട്ടിലെ പൊതുയോഗം കഴിഞ്ഞ് വന്നപ്പോൾ മഠത്തിലുണ്ടായിരുന്ന മറ്റ് അംഗങ്ങളെയും വിളിച്ച് എല്ലാവരോടും സംഗതികൾ പറഞ്ഞു. പിതാവിന്റെ നീക്കങ്ങളെക്കുറിച്ച് എല്ലാവർക്കും മതിപ്പാണുണ്ടായിരുന്നത്.

സാധുക്കളെയും ശെമ്മാശ്ശന്മാരെയും അച്ചന്മാരെയും രഹസ്യമായി ഒറ്റയ്ക്കു കണ്ട് അവരെ വശത്താക്കാനും കുഴപ്പമുണ്ടാക്കാനും ആബൂനാ പരിശ്രമിച്ചു തുടങ്ങി. ഇതു മനസ്സിലായ യോശുവാ അച്ചൻ, പിതാവും തിയോഫിലോസ് തിരുമേനിയും സ്ഥലത്തെത്തി വേണ്ടതു പോലെ ചെയ്തില്ലെങ്കിൽ ഉണ്ടാകാവുന്ന കുഴപ്പങ്ങളെപ്പറ്റി പിതാവിനെ അറിയിച്ചു. ഉടനെ (1930 ജൂൺ 24ന്) പിതാവും തിരുമേനിയും പെരുനാട് ആശ്രമത്തിൽ എത്തി ക്ലാസ്സുകൾ എടുത്തും കണ്ടുസംസാരിച്ചും സംഗതികൾ ആശ്രമസ്ഥരെ ഗ്രഹിപ്പിച്ചു. പിതാവും കൊച്ചുതിരുമേനിയും ചെന്നതിൽ ആബൂനാ സന്തോഷം പ്രദർശിപ്പിച്ചു. എങ്കിലും അദ്ദേഹത്തിന്റെ മനസ്ഥിതിക്കോ, എത്രയും രഹസ്യമായി എതിർ പ്രചരണം നടത്തുന്നതിലോ വ്യത്യാസമുണ്ടായില്ല.

എന്നാൽ പുനരൈക്യ സംബന്ധമായ കാര്യങ്ങളുടെ ആലോചനകൾ പലരുമായി സമ്പർക്കം പുലർത്തുന്നതിനുള്ള സൗകര്യം പ്രമാണിച്ച് പലപ്പോഴും പിതാവിന് തിരുമൂലപുരത്ത് വന്ന് താമസിക്കേണ്ട ആവശ്യമുണ്ടായി. പിതാവിന്റെ അസാന്നിദ്ധ്യം അലക്സിയോസ് അച്ചന്റെ എതിർപ്രചരണങ്ങൾ സൈ്വര്യമായി തുടരുന്നതിന് സഹായകമായി തീർന്നു. പക്ഷേ അദ്ദേഹം വിചാരിച്ചതുപോലെയുള്ള ഗുണമുണ്ടായില്ല. പുന്നൂസ്സാധു, ചെറിയാൻസാധു, മത്തായിസാധു. മുതലായി



ചുരുക്കം ചിലരെ മാത്രമേ സ്വാധീനപ്പെടുത്താൻ സാധിച്ചുള്ളു. പുനരൈക്യസമയം വെണ്ണിക്കുളത്ത് താമസിച്ചിരുന്ന ബർസ്കീപ്പാ അച്ചൻ കുറെ കഴിഞ്ഞ് ഫാ. അലക്സിയോസിനോട്കൂടെ ചെന്നുചേർന്നെങ്കിലും താമസംവിനാ അവർ തമ്മിൽ പിണങ്ങി പിരിഞ്ഞു.

## ചില ചിന്താകുഴപ്പങ്ങൾ

പിതാവിന്റെ ഉപദേശങ്ങൾ വേണ്ടത്ര ഗ്രഹിക്കാഞ്ഞതിലോ മുൻവിധികൾ മൂലമോ റോമാക്കാർ എന്നു പറയുമ്പോൾ അറപ്പുകാണിച്ചിരുന്ന രണ്ടു വ്യക്തികൾ ഉണ്ടായിരുന്നു. സി. ശൈനായ്ക്ക് പിതാവിന്റെ നേരെ അത്യധികമായ സ്നേഹബഹുമാനവും പൂർണ്ണമായ വിശ്വാസവും ഉണ്ടായിരുന്നു. അദ്ദേഹം ഓരോ വ്യക്തിക്കുംവേണ്ടി ഏറ്റം നല്ലതുമാത്രമേ ചെയ്കയുള്ള എന്ന് സിസ്റ്റർ സുപ്പീരിയറിന് ദൃഢമായ വിശ്വാസമുണ്ടായിരുന്നു. ഒരു നിരീശ്വരവാദിയായിരുന്ന സ്വസഹോദരൻ എം. പി. വർക്കി, സഹോദരപുത്രന്മാർ, ചാർച്ചക്കാർ ആദിയായ പലരും ബഥനിക്കാർ റോമയിൽ പോകുന്നു എന്ന് കേൾക്കുന്നല്ലോ എന്ന് പറഞ്ഞു എഴുതി അയച്ചപ്പോൾ അത് വെറും ഉണ്ടയില്ലാത്ത വെടിയാണ് എന്ന് സിസ്റ്റർ മറുപടികൊടുത്തു. റോമയ്ക്കു പോകുന്നില്ല, നിന്നിടത്തുതന്നെ നിൽക്കുകയാണ് എന്നാണ് അർത്ഥമാക്കിയത്. തുടർന്ന് അവർ രൂക്ഷമായ പല കത്തുകളും എഴുതി സി. ശൈനായെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു. തിരിച്ച് വീട്ടിൽ ചെന്നാൽ അവിടെ ഒരു മഠം ഉണ്ടാക്കാം എന്നെല്ലാം സ്നേഹപൂർവ്വം സഹോദരപുത്രനും സഹോദർ എം. പി. പത്രോസ്കത്തനാരും എഴുതി. കൂടാതെ ആബൂന എന്ന് മഠാംഗങ്ങൾ വിളിച്ചിരുന്ന ഫാ. അലക്സിയോസും കഴിയുന്നത്ര ശ്രമിച്ചു നോക്കി.

സി. ഹൂബായ്ക്ക് പിതാവ് ചെയ്യുന്നതെന്തും ശരിയാണ്. ഒരിക്കലും തങ്ങളെ തെറ്റിൽ അകപ്പെടുത്തുകയില്ല എന്ന പൂർണ്ണമായ സുരക്ഷിതബോധം പിതാവിനെ പിന്തുടരാൻ അവർക്കും ധൈര്യം നൽകി. മറ്റു മുൻ വിധികളെല്ലാം വഴിമാറിക്കൊടുത്തു.

## രണ്ടു അർത്ഥിനികൾ

1. തിരുമൂലപുരം സ്ക്കൂളിൽ ഡൊമസ്റ്റിക്സയൻസ് പഠിച്ചിരുന്ന വെണ്ണിക്കുളം കൂടത്തുംമുറിയിൽ മറിയാമ്മ ഈപ്പൻ വളരെ തീക്ഷ്ണമായി ആഗ്രഹിച്ചു കാത്തിരുന്നശേഷം 1928 ജാനു 28 ൽ മഠത്തിൽ വന്നു ചേർന്നു. കൃശാഗാത്രിയും ചുറുചുറുപ്പുമുള്ള ഒരു കൊച്ചുമിടു

ക്കി. പല വർഷങ്ങളായി വെണ്ണിക്കുളം ബഥനിയുടെ ഒരു പ്രധാന പ്രവർത്തനകേന്ദ്രം ആയിരുന്നു.

2. തിരുമൂലപുരം ബാലികാമഠത്തിൽ അദ്ധ്യാപികയായി വന്ന കോട്ടയം തിരുവഞ്ചിയൂർ വേങ്കിടത്ത് അന്നമ്മ ഐപ്പ് 1928ൽ മഠത്തിൽ വന്നു ചേർന്നു.

ഇവർക്കു യഥാസമയം പുനരൈക്യം സംബന്ധിച്ച് വേണ്ട ജ്ഞാനം ലഭിച്ചുകൊണ്ടിരുന്നതിനാൽ സമയമായപ്പോൾ അവർക്ക് യാതൊരു കുലുക്കവും ഉണ്ടായില്ല.

**തക്സാ ഇംഗ്ലീഷിലേക്ക് പരിഭാഷ**

ഇന്ത്യ വൈസ്രോയി എർവിൽ പ്രഭു ഓക്സ്ഫോർഡ് മിഷന്റെ പ്രധാനമായ വലിയ ഗുണകാംക്ഷിയായിരുന്ന ലോർഡ് ഹാലിഫാക്സ് പ്രഭുവിന്റെ പുത്രൻ കേരളം സന്ദർശിച്ചു തിരുവന്തപുരം യാക്കോബായ പള്ളിയിൽ വി. കുർബാന കാണാൻ ഉദ്ദേശിച്ചിരുന്നതിനുവേണ്ടി അച്ച ടിപ്പിക്കാനോ മദർ ഈഡിത്തിന് പൗരസ്ത്യ സഭകളോടും സുറിയാനി ക്കാരോടുമുള്ള താൽപ്പര്യം മൂലമോ കുർബാന ക്രമം ഇംഗ്ലീഷിൽ തർജ്ജമ ചെയ്തുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അതിനു മുമ്പ് മാമോദീസാക്രമം സി. ഗ്ലാഡീസിനുവേണ്ടി തർജ്ജമ ചെയ്തുകൊടു ത്തിരുന്നു. അങ്ങനെ 1928 ൽ പിതാവ് ഇടയ്ക്കിടെ കൊടുത്ത നിർദ്ദേ ശങ്ങളും പുലിക്കോട്ട് ജോസഫ് റമ്പാൻ മലയാളത്തിൽ അടിപ്പിച്ചിരുന്ന കുർബാന തക്സായും മലയാളത്തിലുള്ള കുർബാന ക്രമവും നോക്കി സി. സൽഗാ കുർബാന ക്രമം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു തുട ങ്ങി. തിരുമൂലപുരത്ത് സി. ഹെലനും മദർ ഈഡിത്തും അവധിക്കായി വന്നിരുന്നപ്പോൾ സി. ഹെലൻ വേണ്ട തിരുത്തലുകൾ ഭാഷയിൽ ചെയ്തുകൊടുത്തു. പിന്നീട് തിരുമൂലപുരം സ്ക്കൂൾ ഹെഡ്മിസ്ട്രസ് മിസ്സ് ബ്രൂക്ക് സ്മിത്ത് സമയം ലഭിച്ചിരുന്നപ്പോൾ തിരുത്തികൊടുത്തു. അവസാനമായി പിതാവ് മുഴുവൻ നോക്കി വേണ്ട തിരുത്തലുകൾ ചെയ്തു. ഒടുവിൽ മുഴുവൻ പകർത്തി ഒരു ബുക്കായി/ബയന്റു ചെയ്തു മദർ ഈഡിത്തിനു കൊടുത്തു. (1930 ൽ) എത്രയും അത് ചുരുക്കി തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അടിപ്പിച്ചത് ലോർഡ് ഇർവിൻ യാക്കോബായ പള്ളിയിൽ കുർബാന കാണാൻ വന്നപ്പോൾ കൊടു ത്തു. പക്ഷേ ഈ സമയത്തെങ്ങും പിതാവ് വരുകയോ, സ്വീകരണ ത്തിൽ സംബന്ധിക്കുകയോ ചെയ്യാതെ പെരുനാട്ടിലെ ഏകാന്തതയിൽ കഴിയുകയാണ് ചെയ്തത്.



**മിസ്സ് ബ്രൂക്ക്സ്മിത്തിന്റെ ആകുലത**

ബഥനിക്കാർ റോമായിൽ പോകുന്നു എന്നു കേട്ട് ചില പ്രത്യേക ഉപദേശങ്ങളോടുകൂടി ഒരു ദിവസം മിസ്സ് ബ്രൂക്ക് സ്മിത്ത് മഠത്തിൽ വന്നു. നിങ്ങളെല്ലാവരും ഇവിടെനിന്ന് പോകുകയാണെന്ന് കേട്ടല്ലോ, പിന്നെ ഞാൻ എങ്ങിനെയാണ് എന്നു പറഞ്ഞു. സിസ്റ്റർ സുപ്പീരിയറി നുവേണ്ടി സി. സൽഗാ പരിഭാഷപ്പെടുത്തി. ഞങ്ങൾ എങ്ങും പോകു ന്നില്ല, ഇവിയെത്തന്നെ താമസിക്കുന്നതേയുള്ളു എന്ന് സിസ്റ്റർ സുപ്പീ രിയർ . സ്ഥലത്തോട് ഒരു പ്രതിപത്തി ഉണ്ടാകരുതല്ലോ. നിങ്ങൾ പോകു ന്നെങ്കിൽ ഈ സ്ഥലം ഞങ്ങൾക്കുവേണം എന്ന് മിസ്സ് ബ്രൂക്ക്സ്മിത്ത് പറഞ്ഞു. അവർക്ക് വേണ്ടത്ര സ്ഥലമില്ലാഞ്ഞതിൽ ആരോ പറഞ്ഞു കൊടുത്തതുകൊണ്ടായിരിക്കണം മദാമ്മ നയത്തിൽ വന്നു ചോദിച്ചത്.

വിവരങ്ങൾ സിസ്റ്റേഴ്സ് പിതാവിനെ അറിയിച്ചു. പുനരൈക്യം സംബന്ധിച്ച കാര്യങ്ങളെല്ലാം വിശദമായി പിതാവ് അവരുടെപേർക്ക് എഴുതി അയച്ചു.ആ എഴുത്ത് മിസ്സ് എ. ഹോംസിനും അയച്ചുകൊടു ക്കണമെന്നും ആവശ്യപ്പെട്ടുവെങ്കിലും മിസ്സ് ബ്രൂക്ക്സ്മിത്ത് അയച്ചു കൊടുത്തില്ല. പിന്നീട് മഠത്തിന്റെ സ്ഥലത്തിന് മി. ബ്രൂക്ക്സ്മിത്ത് എന്തുവില തരും എന്ന് പിതാവ് അന്വേഷിച്ചപ്പോൾ 6000 എന്ന് മറു പടി ലഭിച്ചു.

**ഒരു നോവിസ്സിനുണ്ടായ അനുഭവം**

പുനരൈക്യപരിശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോ ഴെയ്ക്കു റോമയിൽ പോകുന്ന ശ്രുതി സമുദായസ്നേഹികളെ പിടിച്ചുകുലുക്കി. ഇരുത്തി ചിന്തിപ്പിച്ചു. മുൻവിധികളെ വർദ്ധിപ്പിച്ചു. സംസാരംപരന്നു. മഠാംഗങ്ങളുടെ വീട്ടുകാർ തങ്ങളുടെ മക്കൾ ഏതോ വേണ്ടാത്ത ഏടാകൂടത്തിൽ ചെന്നകപ്പെടുമല്ലോ എന്നു ഭയന്നു. പലർക്കും ആകുലതയായി. മക്കളെ തിരിച്ചുകൊണ്ടുപോകണമെന്ന് അവർ സ്വാഭാവികമായി ആഗ്രഹിച്ചു. എങ്കിലും പരസ്യമായി മക്ക ളോടോ സഹോദരികളോടോ അല്ലാതെ പറയാൻ മടിച്ചു. വെളിയി ലുള്ളവരുടെ സംസാരവും അവർക്കു വിഷമമുണ്ടാക്കി.

**ഒരു അമ്മയുടെ വിദ്യ**

അന്ന് നോവീസായിരുന്ന മറിയാമ്മ ഡാനിയേലിന്റെ അമ്മ മകളുടെ പേർക്ക് ഒരു കത്തയച്ചു. മകൾ വീട്ടിലേക്ക് ഒന്ന് ചെല്ലണം.

മി. ഡാനിയേലിനു സുഖമില്ല. റോമയിൽ പോകുന്ന കാര്യങ്ങൾ അറിയാൻ ആഗ്രഹമുണ്ട്. അവരും വേണ്ട സഹായങ്ങളൊക്കെ ചെയ്യാം എന്നൊക്കെയായിരുന്നു സാരം. അങ്ങനെ മറിയാമ്മ ഡാനിയേൽ വീട്ടിലേക്കു പോയി (ഫെബ്രു. 25, 1930) തിരിച്ചു പൊരേണ്ടതിന് അതുവഴി കടന്നുപോരുന്ന എബനേസർ എന്ന ഒരു ബസ്സേ ആ കാലത്ത് ഉണ്ടായിരുന്നുള്ളു. അത് വെളുപ്പിനെ നാലിനും അഞ്ചിനും ഇടയ്ക്കാണ് അതുവഴി കടന്നു പോയിരുന്നത്. തിരിച്ചു വരേണ്ട ദിവസം മറിയാമ്മ എഴുന്നേറ്റ് ഒരുങ്ങി അമ്മയുടെ അടുത്തു ചോദിച്ചു. ഉപ്പാപ്പനോട് ചോദിക്കാ എന്നായി. അപ്പനെ ഉപ്പാപ്പൻ എന്നാണ് അവർ വിളിച്ചിരുന്നത്. മകൾ ഉപ്പാപ്പന്റെ അടുത്ത് ചെന്നു. ആൾ ഉണർന്നു കിടക്കുകയായിരുന്നു. ഉപ്പാപ്പാ ഞാൻ പോകട്ടെ എന്നു ചോദിച്ചു. മറുപടി ഒന്നുമില്ല. വീണ്ടും വിളിച്ച് ചോദിച്ചു. ആൾ തിരിഞ്ഞു കിടന്നു. അങ്ങനെ യാത്ര മുടങ്ങി. ഇങ്ങനെ രണ്ടുമൂന്ന് ദിവസം ആവർത്തിക്കപ്പെട്ടപ്പോൾ മറിയാമ്മ വിവരം മഠത്തിൽ അറിയിച്ചു. മഠത്തിൽ നിന്ന് ചില നിർദ്ദേശങ്ങൾ എഴുതി അയച്ചു. ഫലം കണ്ടില്ല. മഠത്തിലും വിഷമമായി.

### രക്ഷപ്പെടുത്തിയ സംഭവം

മറിയാമ്മ ഡാനിയേൽ വളരെ വിഷമിച്ച് മഠത്തിലേക്ക് എഴുതുകയും എല്ലാവരും പ്രാർത്ഥിക്കുകയും ചെയ്തു. ഒടുവിൽ ഒരു വിദ്യ തോന്നി. ആ കാലത്ത് കാറുകളും ബസ്സും അത്ര സുലഭമല്ലായിരുന്നു. എവിടെനിന്നോ ഒരു അഷ്ഠാസന ബസ്സ് (എട്ടുപേർക്കിരിക്കാവുന്ന) കൂലിക്കെടുത്ത് സിസ്റ്റർ സുപ്പീരിയർ, സി. ഹൂബാ, സി. ദനഹാ, സി. മാക്സാ ഇവർ നങ്ങ്യാർകുളങ്ങരെ വരെ പോകാൻ ചെന്നതാണ് എന്ന രീതിയിൽ കൊയ്പ്പള്ളികാരാഴ്മ എന്ന സ്ഥലത്തുള്ള പൊൻവാണിഭം വീട്ടിൽ ചെന്നു. മറിയാമ്മയ്ക്ക് ആശ്വാസമായി. ഒടുവിൽ അവർ യാത്ര പറഞ്ഞ് ഇറങ്ങിയപ്പോൾ ഞാനും കൂടെ പോകയാണ് എന്നു ധൈര്യപൂർവ്വം പറഞ്ഞ് മറിയാമ്മയും പിന്നാലെ ഇറങ്ങി വന്നു ബസ്സിൽ കയറി. എല്ലാവർക്കും സന്തോഷമായി പിന്നെ ഫാ. അലക്സിയോസ് മറിയാമ്മയെ കണ്ടപ്പോൾ സിംഹങ്ങളുടെ കുഴിയിൽ നിന്ന് ഡാനിയേലിനെ രക്ഷപ്പെടുത്തിയല്ലോ എന്നു പറഞ്ഞു.

### പതിവ് ലംഘിക്കപ്പെട്ടു

1920 മുതൽ എല്ലാവർഷവും കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളിൽ സംബന്ധിക്കാനായി പെരുനാട്ടിൽ സത്രത്തിൽ ചെന്ന് താമസിച്ചശേഷം അൽപ്പദിവസങ്ങൾ കൂടെ അവിടെ താമസിച്ചിട്ടാണ് മഠാംഗങ്ങൾ തിരിച്ചു പോന്നിരുന്നത്. പുനരൈക്യ പരിശ്രമങ്ങൾ വളരെയധികം പുരോഗമിക്കുകയും വട്ടശ്ശേരിൽ മെത്രാച്ചന്റെ എതിർപ്പു വർദ്ധിക്കുകയും ചെയ്തതിനാലോ എന്തോ 1930 ൽ ഈ പതിവ് ലംഘിക്കപ്പെട്ടു. അന്ന് ആരും മഠത്തിൽ നിന്ന് പെരുനാട്ടിലേക്കു പോയില്ല.



### നീലാർ മഠം

ദീർഘദൃഷ്ടിയായിരുന്ന മാർ ഈവാനിയോസ് 1930 ആരംഭത്തിലോ അതിനു മുമ്പോ നങ്ങ്യാർകുളങ്ങര കവലക്ക് അല്പം കിഴക്കായി നീലാർമഠം എന്നറിയപ്പെട്ടിരുന്ന ഒരു ബ്രാഹ്മണ മഠം വിലയ്ക്കു വാങ്ങിയിരുന്നു. വളരെ പ്രതാപത്തോടുകൂടിയ ഒരു എട്ടുകെട്ട് അതിനു വളരെ മുമ്പായി അവിടെ താമസിച്ച പോറ്റിമാരുടെ വകയായി ഉണ്ടായിരുന്നു. അക്കാലത്ത് ഒരിക്കൽ കാർത്തികപ്പള്ളി പള്ളി സന്ദർശിച്ച പുലിക്കോട്ട് മാർ ജോസഫമെത്രാച്ചൻ ആ ഇല്ലം കാണാൻ കയറി. അതിന്റെ പ്രതാപം കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. എല്ലാം നോക്കിയശേഷം തടിയിൽ അലങ്കാരമായി കൊത്തിയിരുന്ന കുരിശിന്റെ ആകൃതി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. ഈ വലിയ കെട്ടിടത്തിൽ കുരിശിനാണ് പ്രാധാന്യം, ഇത് ക്രിസ്ത്യാനികളുടെ കൈയ്യിൽ ആകും, ഇതൊരു മഠം ആകും എന്നുപറഞ്ഞു. അക്കാലത്ത് യാക്കോബായക്കാർക്ക് സന്യാസി മഠങ്ങളേ ഉണ്ടായിരുന്നുമില്ല.

### നീലാർ മഠത്തിൽ ഒരു ചാപ്പൽ ഷെഡ്

1930 ഫെബ്രു. 17 ന് മലയായിൽ പണപ്പിരിവിനായി പോയിരുന്ന ഫാ. അലക്സിയോസ് തിരിച്ചെത്തിയതിനെ തുടർന്ന് പെരുനാട് ആശ്രമത്തിൽ പിതാവിന്റെ പുനരൈക്യപരിശ്രമങ്ങൾക്ക് എതിരായി അദ്ദേഹം ഒരു അടിയൊഴുക്കുണ്ടാക്കിയതിനാലോ എന്തോ ചില കാരണങ്ങളാൽ 1930 ലെ കഷ്ടാനുഭവആഴ്ച നീലാർ മഠത്തിൽ കഴിക്കുന്നതിനു തീരുമാനിച്ച് അവിടെ ഒരു ഷെഡ് ഉണ്ടാക്കിച്ച് പിതാവും ചേപ്പാട്ട് പിലിപ്പോസ് റമ്പാച്ചനും അവിടെ ഹാശാശുശ്രൂഷകൾ നടത്തി. ഇങ്ങനെ പത്തുവർഷമായി പെരുനാട്ടിൽ ഹാശാശുശ്രൂഷ നടത്തിവന്ന പതിവ് ലംഘിക്കപ്പെട്ടു. നങ്ങ്യാർകുളത്ത് സ്വൽപ്പം കിഴക്കുള്ള മുട്ടത്ത് പുളിമൂട്ടിൽ ധാരാളം സ്ഥലമുള്ള ഒരു വീട് ഉണ്ടായിരുന്നു. സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് പെരുനാട്ടിലെ പതിവുപോലെ പ്രാർത്ഥനകൾക്കും ശുശ്രൂഷകൾക്കുമായി നീലാർ മഠത്തിലേക്കു പോയി.

### ഇഴവർ ഒന്നടങ്കം ക്രിസ്ത്യാനികളോ മഹമ്മദീയരോ ആകാൻ ശ്രമം

ആക്കാലത്ത് ഇഴവർ പല അവശതകൾ അനുഭവിച്ചിരുന്നു. മതം മാറ്റത്തിന് കാര്യമായ ആലോചനകൾ അവരുടെ ഇടയിൽ നടന്നു. മുട്ടത്ത് വളരെ ധനികരായ ഇഴവർ ഉണ്ടായിരുന്നു. വലിയ ഒരു യോഗം സംഘടിപ്പിച്ച് അതിൽ പ്രസംഗിക്കാനായി മാർ ഈവാനിയോസ് തിരുമേനിയെ അവർ ക്ഷണിച്ചു. അതിൽ അദ്ദേഹം ക്രിസ്തീയ വിശ്വാസസത്യങ്ങൾ വിവരിച്ചു പ്രസംഗിച്ചപ്പോൾ ഈഴവസ്ത്രീകൾ ഇരുന്ന് കരയുകയായിരുന്നു. മതം മാറ്റത്തെ തടയാനായി സർക്കാർ അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകിയതിനാൽ അവർ പഴയതുപോലെ ഈഴവരായി തന്നെ നിന്നു.

പുനരൈക്യം സംബന്ധിച്ച വിവരങ്ങളും വട്ടശ്ശേരിൽ മെത്രാച്ചന്റേയും ഫാ. അലക്സിയോസിന്റേയും എതിർ പ്രചരണങ്ങളും യഥാവസരം പിതാവ് മഠാംഗങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അവർക്ക് പരിപൂർണ്ണ വിശ്വാസവും അദ്ദേഹം രൂപീകരിക്കുന്ന പ്രസ്ഥാനത്തെക്കുറിച്ച് അതിരറ്റ മതിപ്പും ഉണ്ടാകത്തക്കവണ്ണം അദ്ദേഹം അവരെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തു. “To the end of the world with such a Leader” എന്ന് അവരിൽ ഒരാൾ ആകാലത്തു പറഞ്ഞു.

### യാക്കോബായ സഭാധികാരികളുടെ എതിർപ്പ് മൂർദ്ധന്യത്തിൽ

1930 ആദ്യം വട്ടിപ്പണക്കേസ് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന് അനുകൂലമായി തീർന്നപ്പോഴെക്ക് ആകപ്പാടെ അന്തരീക്ഷം പ്രക്ഷുബ്ദമായി. 1930 ഏപ്രിൽ 30 ന് അന്നത്തെ കാതോലിക്കാ ഗ്രീഗോറിയോസ് മാർ ബസ്സേലിയോസ് തൃദീയൻ ആശ്രമത്തിൽ (തിരുമൂല) പിതാവിനെ കാണാനായി ചെന്നു. അതിനു മുമ്പ് മേലാൽ ബഥനിപള്ളികൾ വയ്ക്കരുത് എന്നൊരു നിരോധനാജ്ഞ യാക്കോബായ മെത്രാന്മാർ പുറപ്പെടുവിച്ചതിനാൽ അദ്ദേഹം വന്നപ്പോൾ  മാർ ഈവാനിയോസ് പിതാവ് പതിവുപോലുള്ള ലോംശ്ലോമോ (ആശ്ലേഷം) നൽകിയില്ല. അക്കാലത്ത് മർത്തോമ്മ സഭയിലെ പുരോഗമനവാദിയായിരുന്ന കെ. എൻ ഡാനിയേൽ ഐ. സി ചാക്കോ എന്നൊരു കത്തോലിക്കനുമായി ഒരു മാനനഷ്ടകേസ് നടത്തികൊണ്ടിരിക്കുകയായിരുന്നു. കേസിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി കെ. എൻ. ഡാനിയേൽ കാതോലിക് എൻസൈക്ലോപ്പിഡിയായും കാനോൻ പുസ്തകങ്ങളും നോക്കുന്നതി



നായി തിരുമൂലപുരം ആശ്രമത്തിൽ ഇടയ്ക്കിടെ വരാറുണ്ടായിരുന്നു. കാതോലിക്കാ ബാവാ ചെന്നപ്പോൾ പിതാവ് കെ. എൻ. ഡാനിയേലുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ഇറങ്ങിവന്ന് കഴിഞ്ഞ കല്പനയ്ക്കു ശേഷം ലോം ശ്ലോമോ  ആവശ്യമില്ലല്ലോ. ഞാൻ ഉടനെ വരാം എന്നു പറഞ്ഞുകൊണ്ട് ഡാനിയേലിനെ പറഞ്ഞയക്കാനായി പോയി. ബാവാ ഇരിക്കാൻ മാർ തിയോഫിലോസ് പറഞ്ഞു. എന്നാൽ അദ്ദേഹം ഉടൻ തന്നെ കാറിൽ കോട്ടയത്തേക്കു പോയി.

പോകുന്ന വഴി അദ്ദേഹം കലയക്കാട്ടിൽ അച്ചന്റെ ബാങ്കിൽ ഇറങ്ങി ബഥനി മെത്രാച്ചൻ നമ്മെ കണ്ടിട്ട് ആശ്ലേഷം നൽകിയില്ല, എന്നെല്ലാം വളരെ ദണ്ഡമായി കുറെ സംസാരിച്ചു. അച്ചൻ പിതാവിനെ അനുകൂലിച്ച് കുറെ സംസാരിച്ചു. കാതോലിക്കയെ കൂടാതെ ഒരു പുനരൈക്യത്തിനാണോ ബഥനി മെത്രാച്ചൻ ശ്രമിക്കുന്നത് എന്ന് ബാവ അച്ചനെ അളക്കാനായി ചോദിച്ചു. അല്ല കാതോലിക്കയെ മുമ്പിൽ നിറുത്തിയുള്ള പുനരൈക്യത്തിനാണ് ശ്രമം എന്ന് അച്ചൻ മറുപടി പറഞ്ഞു. ബാവാ പോയി കഴിഞ്ഞയുടൻ അച്ചൻ തിരുമൂല ആശ്രമത്തിൽ വന്ന് വിവരങ്ങളെല്ലാം പിതാവിനെ അറിയിച്ചു.

പ്രചരണങ്ങൾ പിതാവിനെതിരായി ശക്തിയായി നടക്കുന്നുണ്ടായിരുന്നെങ്കിലും മുൻ പതിവുപോലെ 1930 ഏപ്രിൽ 29, 30 ഈ തിയതികളിൽ തിരുമൂലപുരം ബാലികാമഠത്തിൽ വച്ച് മെൻസ് റിട്രീറ്റ് നടത്തുന്നതിനും, തുടർന്ന് മെയ് 1 മുതൽ സ്റ്റുഡൻസ് കോൺഫ്രൻസ് നടത്തുന്നതിനും പിതാവ് നേതൃത്വം വഹിച്ചു.

### 1930 മെയ് 2 ന് നടന്ന കൂടികാഴ്ചയുടെ ദുഃഖപൂർണ്ണ പര്യവസാനം

സ്റ്റുഡൻസ് കോൺഫ്രൻസ് നടന്നുകൊണ്ടിരിക്കുമ്പോൾ മാർ ഈവാനിയോസ് പ്രഭാത ഭക്ഷണത്തിനായി തിരുമൂല ബാലികാമഠത്തിൽ നിന്നു മഠത്തിലേക്കു വന്നു. അല്പം കഴിഞ്ഞ് സ്കൂൾ ടീച്ചർ കെ. എ. ഫിലിപ്പ് പിതാവിനെ കാണാൻ മഠത്തിനു സമീപം ഉണ്ടായിരുന്ന ടെന്നീസ്  കോർട്ടിലേക്ക് വന്നു. സാറിനെ കണ്ട ശേഷം പിതാവ് ചാപ്പിലിലേക്ക് പോയി. ദീർഘ സമയം പ്രാർത്ഥനയിൽ ചെലവിട്ടു. മാർ ദിവന്നാസ്യോസ് സ്കൂളിൽ വന്നു എന്ന് പിന്നീട് സിസ്റ്റേഴ്സ് ഗ്രഹിച്ചു. പിതാവിനെ തേടി മി. കെ. സി ചാക്കോ മഠത്തിൽ വന്നു. പിതാവ് ആശ്രമത്തിലേക്ക് പോയി. പതിവനുസരിച്ച് മാർ ദിവന്നാസ്യോസിന് ഉച്ചമേശ മഠത്തിൽ ഒരുക്കി. ഒരു യോജിപ്പിൽ ഇരുവരും എത്തിയില്ലെ

ങ്കിൽ ഇരുവരും ഒന്നിച്ച് മേശകഴിക്കില്ലാ എന്നായിരുന്നു മറ്റുള്ളവരുടെ ധാരണ. സിസ്റ്റേഴ്സ് ചാപ്പലിലും മുറികളിലും പോയി പ്രാർത്ഥി ച്ചുകൊണ്ടിരുന്നു. ദീർഘ സമയം കഴിഞ്ഞ് പുത്തൻകാവിൽ ഗീവർഗീസ് റമ്പാനച്ചനോടുകൂടി പിതാവ് ഒരു കാറിൽ മഠത്തിൽ വന്ന് ചാപ്പലി ലേക്കും റമ്പാച്ചനും കെ. സി. ചാക്കോയും സ്ക്കൂൾ ഹോസ്റ്റലിലേക്കും പോയി. ഉച്ചകഴിഞ്ഞ് പിതാവ് മഠത്തിൽ വന്ന് വളരെ ആകാംക്ഷയോടെ കാത്തിരുന്ന സിസ്റ്റേഴ്സിനെ വിവരങ്ങൾ അറിയിച്ചു.

മാർ ദിവന്നാസ്യോസ് സ്കൂളിൽ വന്നു എന്നറിഞ്ഞപ്പോൾ ഒടു വിൽ ഇറക്കിയ കല്പനയ്ക്കു ശേഷം നാം തമ്മിൽ കണ്ടാൽ അവി ടുത്തെ ആശ്ലേഷം ഞാൻ അർഹിക്കുന്നില്ല, എന്നൊരു കുറിപ്പ് പിതാവ് മെത്രാനച്ചന് കൊടുത്തയച്ചിരുന്നു. പിതാവ് ആശ്രമചാപ്പലിൽ പോയി പ്രാർത്ഥിച്ച് മെത്രാച്ചനോട് പറയാനുള്ളത് കുറിച്ചുവച്ചു. ആ കുറിപ്പ് മഠാംഗങ്ങളെ കാണിച്ചു. അദ്ദേഹത്തിന്റെ എല്ലാ പരീക്ഷണങ്ങളിലും വിഷമസന്ധികളിലും സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയ്ക്കും സഹതാപ ത്തിനും അദ്ദേഹം വലുതായ വില കല്പിച്ചിരുന്നു. എല്ലാ കാര്യങ്ങളും അവരോടുതുറന്നുപറയത്തക്കവണ്ണം അവരെ അദ്ദേഹം വിശ്വസിച്ചി രുന്നു.

സ്ക്കൂൾ ഹോസ്റ്റലിൽ മെത്രാച്ചനെ കാണാൻ പിതാവ് ചെന്ന പ്പോൾ ഗീവർഗീസ് റമ്പാച്ചനും കെ.സി. ചാക്കോയും കൂടെ ഉണ്ടായി രുന്നു. മുറിയിൽ പ്രവേശിച്ച ഉടനെ പിതാവ് മാർ ദിവന്നാസ്യോസിന്റെ പാദത്തിങ്കൽ വീണു. ഉടനെ മാർ ദിവന്നാസ്യോസ് ഇതൊക്കെ എന്തി നാണ്? എന്നു പറഞ്ഞുകൊണ്ട് തിരിഞ്ഞ് മുറിയുടെ ഒരു മൂലയിലേക്ക് മാറിപ്പോയി. ഗീവർഗീസ് റമ്പാച്ചൻ വന്ന് പിതാവിനെ എഴുനേൽപ്പി ക്കുവാൻ ശ്രമിച്ചു. ഞാൻ അലപം വിശ്രമിക്കട്ടെ എന്നു പറഞ്ഞു. സ്വല്പം കഴിഞ്ഞ് പിതാവ് എഴുന്നേറ്റപ്പോൾ മാർ ദിവന്നാസ്യോസ് അടു ത്തുവന്ന് പിതാവിനെ ആശ്ലേഷിച്ചു. പിതാവ് അദ്ദേഹത്തിന്റെ കൈപി ടിച്ച് മുത്തി. പിന്നീട് അവർ ഇരുന്ന് സംസാരിച്ചു. തൽക്കാലത്തേക്കെ ങ്കിലും പിതാവിനെ പിന്തിരിപ്പിക്കാനുള്ള ശ്രമം നടന്നു. എന്റെ ആദർശ ങ്ങൾ ഒന്നും പരിത്യജിക്കാൻ ഞാൻ തയ്യാറില്ല. എന്നു പിതാവ് വ്യക്ത മായി പറഞ്ഞു. കുറെ നേരം സംസാരിച്ചു കഴിഞ്ഞപ്പോൾ ആ കൽപ്പന അങ്ങ് പിൻവലിക്കരുതോ എന്ന് ഗീവർഗീസ് റമ്പാച്ചൻ മാർ ദിവന്നാ സ്യോസിനോട് ചോദിച്ചു. പിതാവ് തലകുനിച്ച് നിൽക്കുകയായിരുന്നു. മെത്രാച്ചൻ താടി മീശ പയ്യെ ഉയർത്തി കഴുത്തിന് കുറുകെ മുമ്പോട്ടും



പിറകോട്ടും ആഗ്യം കാണിച്ചു. റമ്പാനച്ചൻ അതേ ചോദ്യം തന്നെ വീണ്ടും ആവർത്തിച്ചു. അതേ ആഗ്യം തന്നെ വീണ്ടും മാർ ദിവന്നാ സ്യോസ് കാണിച്ചു. പിതാവ് തല ഉയർത്തി. കഴുത്തുപോയാലും കല്പന പിൻവലിക്കില്ല എന്നല്ലേ തിരുമേനി ഉദ്ദേശിക്കുന്നത്. എന്ന് പിതാവ് ചോദിച്ചു. മാർ ദിവന്നാസ്യോസ് അനുരഞ്ജന ഭാവത്തിൽ മയമായി സംസാരിച്ചു തുടങ്ങി. ഭരണഘടന എല്ലാം ശരിപ്പെടുമ്പോൾ പിൻവലിക്കാം എന്നു പറഞ്ഞു. ഈ ആഗ്യം അത്ര പുത്തരി ആയിരു ന്നില്ല. ദീർഘകാലം പരിശീലനം കഴിഞ്ഞ് മഠത്തിലും ആശ്രമത്തിലും കാത്തിരുന്ന അംഗങ്ങളെ സന്യാസ വസ്ത്രം കൊടുത്ത് പ്രതിഷ്ഠിത രാക്കുന്ന കാര്യത്തിന് പിതാവ് പല പ്രാവശ്യം പറഞ്ഞിട്ടും അനുവദി ക്കാതിരുന്ന മെത്രാച്ചനോട് ഒരിക്കൽ പിതാവും പാറേട്ടച്ചനും കൂടെയു ള്ളപ്പോൾ പാറേട്ടച്ചൻ മെത്രാച്ചനോട് സംസാരിച്ചു. അപ്പോഴും ഇതേ ആംഗ്യം തന്നെ കാണിച്ചു എന്നും പിതാവ് ഈ സന്ദർഭത്തിൽ ഓർപ്പി ച്ചു. എം. എം. അലക്സാണ്ടർ ശെമ്മാശ്ശനെ വൈദീകനാക്കുന്നതിനും ആശ്രമസ്ഥർക്കു കാവി വസ്ത്രം നൽകുന്നതിനും അദ്ദേഹത്തിന്റെ എതിർപ്പ് ഈ വിധം തന്നെ പ്രകടിപ്പിച്ചിരുന്നു.

രണ്ടു മെത്രാന്മാരും തമ്മിൽ കൂടിക്കണ്ടു കാര്യമെല്ലാം ശരിയായി തീർന്നു എന്ന് കോൺഫ്രൻസിനു വന്ന സ്റ്റുഡന്റ്സ് സംസാരമായി. എന്നാൽ കാര്യങ്ങൾ അങ്ങനെയൊന്നുമല്ല എന്ന് പിതാവ് കെ.വി. ചാക്കോയോട് പറഞ്ഞു.

### പ്രസിഡന്റ് സ്ഥാനം പിതാവ് രാജിവച്ചു

സിറിയൻ സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ ജനയിതാവായ പിതാവ് 1930 മെയ് 3 വരെ അതിന്റെ പ്രസിഡന്റ് ജോലി നിർവഹിച്ചു. മെയ് 3 ന് വി. കുർബാനയ്ക്കു ശേഷം തിരുമൂല മഠം വക സന്ദർശന മുറിയിൽ വളപ്പിന് വെളിയിൽ പോയി (Hut). അവിടേയ്ക്ക് ധാരാളം പേർ വരികയും പോകുകയും ചെയ്യുന്ന കാഴ്ച മഠാംഗങ്ങൾ കണ്ടു. വൈകിട്ട് പിതാവ് മഠത്തിൽ വന്ന്, ബിസിനസ് മീറ്റിംങ്ങിൽ വച്ച് പ്രസി ഡന്റ് സ്ഥാനം പരിത്യജിച്ചതായി അംഗങ്ങളോട് പറഞ്ഞു. തുടർന്നു നടത്തിയ ബിസിനസ് മീറ്റിംങ്ങിൽ അവർ പിതാവിനെ തന്നെ വീണ്ടും തിരഞ്ഞെടുത്തു.

കോൺഫ്രൻസിനു വന്ന അംഗങ്ങളോട് പിതാവ് കാര്യങ്ങൾ വിശ ദീകരിച്ചു. പ്രാസംഗികനായി വന്ന ഫാ. ജെയിംസ് എന്ന ആംഗ്ലിക്കൻ

വൈദീകനോട് ദീർഘനേരം രഹസ്യമായി പിതാവ് സംസാരിച്ചു. അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലായി. എല്ലാവരും കൂടി ഒന്നിച്ചാൽ വളരെ നല്ലതാണെന്നും ബഥനിക്കാർ മാത്രം പോയാൽ അത് സുറിയാനി സഭയെ (യാക്കോബായ) വളരെ ദരിദ്രമാക്കി തീർക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**വീണ്ടും രണ്ടുപേരുടെ സന്യാസ പ്രതിഷ്ഠ മെയ് 30, 1930**

1930 മെയ് 30 ന് വൈകിട്ട് എം. സി. സാറാമ്മ, മറിയാമ്മ ഡാനിയേൽ ഇവരെ സന്യാസനാമം നൽകി തൈബൂസ്, ബാസിം എന്ന പുതിയ പേരുകളിൽ സന്യാസ പ്രതിഷ്ഠയ്ക്കായി സ്വീകരിച്ചു. മെയ് 31 ന് അവർ ഇരുവർക്കും സന്യാസ വസ്ത്രങ്ങൾ നൽകി വ്രതവാഗ്ദാനവും ചെയ്തു. സി. തൈബൂസിന്റെ സഹോദരനും കുടുംബവും അതിൽ സംബന്ധിച്ചു. എന്നാൽ സി. ബാസിമിന്റെ വീട്ടുകാർ ആരും വന്നിരുന്നില്ല. അവരുടെ എതിർപ്പു മൂലം ഉടുപ്പിടുന്ന കാര്യം അവരെ അറിയിച്ചിരുന്നുമില്ല.

**രണ്ടു സഹോദരികളുടെ കൂടികാഴ്ച**

മെയ് 13, 1930 തിരുമൂല വച്ച് നടന്ന സ്ത്രീകളുടെ ധ്യാനത്തിൽ സംബന്ധിക്കാൻ എത്തിയിരുന്ന സി. ബാസിമിന്റെ സഹോദരി കുഞ്ഞമ്മ ഡാനിയേൽ മഠത്തിലേക്ക് വരുന്നതുകണ്ട് സി. ബാസീം സെല്ലിലേക്ക് പോയി. ആൾ ആകപ്പാടെ വിളറിയിരുന്നു. വീട്ടുകാർക്ക് വലിയ എതിർപ്പുണ്ടായിരുന്നതുകൊണ്ടും, വിവരമൊന്നും അവരെ അറിയിയ്ക്കാഞ്ഞതിനാലും ഉടുപ്പിടീൽ നടന്നതായി കുഞ്ഞമ്മ വിശ്വസിച്ചിരുന്നില്ല. 12 ന് ഉടുപ്പിടീൽ സമയം കുഞ്ഞമ്മ സ്ക്കൂളിൽ (തിരുമൂല) ഉണ്ടായിരുന്നുതാനും. കുറെ കഴിഞ്ഞ് സിസ്റ്റർ ബാസിമിനെ വിളിപ്പിച്ചു. സിസ്റ്റർ വന്നപ്പോൾ കുഞ്ഞമ്മയുടെ മുഖഭാവം ആകപ്പടെ മാറി കീഴോട്ട് കുനിഞ്ഞു നിൽപ്പായി. കുറെ സമയത്തേയ്ക്ക് ഇരുവരും സംസാരിച്ചില്ല. ഒടുവിൽ യാത്രയെപ്പറ്റി ചോദിച്ച് സിസ്റ്റർ മൗനം ലംഘിച്ചെങ്കിലും വളരെ ശുഷ്കമായി സ്വല്പംനേരം സംസാരിപ്പാനെ ഇരുവർക്കും സാധിച്ചുള്ളു.

ധ്യാനത്തിനു വന്ന പെൺകുട്ടികളോടും ബഥനിയെക്കുറിച്ചുള്ള കേൾവിയാൽ അസ്വസ്ഥരായി പലയിടത്തുനിന്നും വന്നവരോടും സംഗതികൾ വിവരിച്ച് പറഞ്ഞ് അവരുടെ ഉള്ളിൽ ശരിയായ ഒര ധാരണ ഉണ്ടാക്കുന്നതിനും അവരെ തെല്ല് ആശ്വസിപ്പിക്കുന്നതിനും ആ കാലങ്ങളിൽ സി. ദനഹാ, സി. സൽഗാ ഇവർ ധാരാളം സമയം ചെലവഴിച്ചുവന്നു.



**രണ്ടു അർത്ഥിനികൾ**

1929 ഏപ്രിൽ 20 ന് മറിയാമ്മ ഈപ്പൻ (കുടത്തും മുറി വെണ്ണിക്കുളം) അന്നമ്മ ഐപ്പ് (വേങ്കടത്ത്, തിരുവഞ്ചിയൂർ) ഇവരെ പോസ്റ്റുലന്റ്സ് ആയി സ്വീകരിച്ചു. വളരെ പ്രത്യാശകളോടും സ്ഥാപകനിലുള്ള വിശ്വാസത്തോടുമാണ് ദൈവവിളിയെ നിരുത്സാഹിപ്പിച്ചവരുടെ പ്രതിബന്ധങ്ങളെ ജയിച്ച് അവർ ഇരുവരും വന്നത്.

**കാതോലിക്കാ ബാവാ (മാർ ബസ്സേലിയോസ് ത്രിതീയൻ)യുടെ തിരിച്ചിൽ**

പുനരൈക്യാലോചനകളുടെ ആരംഭത്തിൽ പിതാവിനോട് അനുകൂലിച്ച് നിൽക്കുകയും ഒരു യാക്കോബായക്കാരനായി ജിവിക്കുന്നതിനെക്കാൾ മേത്തനായി ജീവിക്കുന്നത് നന്നായിരുന്നു എന്ന് പറയുകയും ചെയ്ത ബാവ കേസിന്റെ ഗുണകരമായ പര്യവസാനത്തോടെ എതിരായി തീർന്നു. അദ്ദേഹം അന്ന് കുണ്ടറ സെമിനാരിയിൽ ആണ് താമസിച്ചിരുന്നത്. 1930 മെയ് 30 ന് പിതാവ് അദ്ദേഹത്തെ കാണാൻ പോയി. സി. എം. തോമാ ശെമ്മാശ്ശൻ അവിടെ ഉണ്ടായിരുന്നെങ്കിലും പിതാവ് വിളിക്കുന്നതുവരെ അദ്ദേഹം പിതാവിനെ കാണാൻ ചെന്നില്ല. കാരണമുണ്ടായിരുന്നു.

ബഥനിക്കെതിരായി മലയാള മനോരമയിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ച് കുറെ കാര്യങ്ങൾ കാതോലിക്കാ ബാവാ പറഞ്ഞുകൊടുത്ത് ശെമ്മാശ്ശനെക്കൊണ്ട് എഴുതിച്ച്, തിരുത്തിച്ച് മി. കെ. സി. മാമ്മൻ മാപ്പിളയുടെ പേർക്ക് മലയാള മനോരമയിൽ പ്രസിദ്ധീകരിക്കുന്നതിനായി അയച്ചുകൊടുത്തു. എന്നാൽ ബഥനിക്ക് എതിരായി യാതൊന്നും തന്റെ പത്രത്തിൽ ഇടരുതെന്ന് മാമ്മൻ മാപ്പിള നിഷ്കർഷിച്ചിരുന്നതിനാൽ അത് പ്രസിദ്ധീകരിച്ചില്ല. ലേഖനം തിരികെ കിട്ടണമെന്ന് സി. എം. തോമാ ശെമ്മാശ്ശൻ (പിന്നീട് അദ്ദേഹം നിരണം ഭദ്രാസനത്തിൽ മാർ ദിവന്നാസ്യോസ് ആയി അഭിക്ഷിക്തനായി) ആവശ്യപ്പെട്ടു. പക്ഷേ തിരിച്ചുകൊടുക്കാതെ അവർ അത് പിതാവിന്റെ പേർക്ക് അയച്ചുകൊടുത്തിരുന്നു. സി. എം. തോമാ ശെമ്മാശ്ശൻ പിതാവിനോട് വളരെയധകം കടപ്പെട്ടൊരാൾ ആയിരുന്നു. ഈ കാര്യത്തേക്കുറിച്ച് മത്തായിപണി

ക്കർ സ്വല്പം പുച്ഛമായി ശെമ്മാശ്ശനോട് സംസാരിച്ചപ്പോൾ അദ്ദേഹം ആകപ്പാടെ അമ്പരന്നു. പിതാവിന്റ തെറ്റിധാരണകൾ നീക്കണമെന്നും മറ്റും കുറെ താണ് പറഞ്ഞു. ഞാൻ ഒന്നും നീക്കാൻ പോകുന്നില്ല എന്ന് മത്തായിപണിക്കർ മറുപടി പറഞ്ഞു.

ഇതൊന്നും അറിയാതെ ഒടുവിൽ പിതാവ് ശെമ്മാശ്ശനെ വിളിച്ച് കണ്ടു. കാതോലിക്കാ ബാവാ പുനരൈക്യത്തിന് എതിരായി തിരിഞ്ഞു എന്ന് ഇതോടെ പിതാവിന് പൂർണ്ണ ബോദ്ധ്യമായി. ഇങ്ങനെയൊക്കെ വന്നേക്കാൻ ഇടയുണ്ടെന്ന് വളരെ മുമ്പുതന്നെ സംശയമുണ്ടാകാതിരുന്നില്ല. ആരെല്ലാം പിന്മാറിയാലും നല്ലതെന്നു പൂർണ്ണ ബോദ്ധ്യമായ ഒരു കാര്യത്തിൽ നിന്ന് പിന്മാറുന്ന പ്രകൃതം പിതാവിന് ഇല്ലായിരുന്നു.

**പിന്മാറ്റാനുള്ള ചില സ്നേഹിതരുടെ പരിശ്രമങ്ങൾ**

എങ്ങനെയെങ്കിലും ബഥനിക്കാരെ പിടിച്ചുനിറുത്താൻ ആ കാലത്ത് പല സുഹൃത്തുക്കളും ദീർഘയാത്ര ചെയ്തു തന്നെ ,വരുകയും പലവാദമുഖങ്ങൾ ഉന്നയിച്ചും കരഞ്ഞും പിന്തിരിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്തുവന്നു. അവരെല്ലാം തന്നെ ബഥനിയെ ആത്മാർത്ഥമായി സ്നേഹിച്ചവരും ബഥനിയിൽ നിന്ന് സമൂദായ നന്മ പ്രതീക്ഷിച്ചിരുന്നവരും ആയിരുന്നു. ശ്രുതികൾ കേട്ട് പിന്തിരിപ്പിക്കാൻ വന്നവരുടെ കൂട്ടതിൽ 1930 മെയ് 24 ന് ഒളശ്ശയിൽ നിന്ന് മാർ തിയോഫിലോസ് തിരുമേനിയുടെ മൂത്ത അമ്മാച്ചനും, തിരുമേനിയുടെ അനുജൻ മാത്തുക്കുട്ടിയും വന്നു. പലകാര്യങ്ങൾ പറഞ്ഞ് സിസ്റ്റേഴ്സിനോട് അവർ തർക്കിച്ചു. പിതാവിനോട് വാദിച്ചു. അവരെല്ലാവരും കൂടെ തിരുവല്ലായിൽ സത്യഗ്രഹം അനുഷ്ഠിച്ച് ബഥനിക്കാരെ വിടാതിരിക്കും എന്നു പറഞ്ഞു.

കോൺഫ്രൻസ്, ധ്യാനം ഇവയ്ക്കായി വന്ന സ്ത്രീപുരുഷന്മാരായ ബുദ്ധിജീവികളും പല വാദമുഖങ്ങൾ പ്രയോഗിച്ച് എങ്ങിനെയെങ്കിലും ബഥനിയെ തടയാൻ നോക്കി. അവരോടൊക്കെയും സംഗതികൾ വിവരിച്ചു പറഞ്ഞു കൊടുത്തു. തിരുമൂല സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥികളുടെ യോഗം 1930 മേയ് 31 ന് നടന്നു. അവർക്കും റോമയിൽ പോകുന്ന കാര്യമായിരുന്നു കേൾക്കേണ്ടത്. മഠത്തിൽ വന്നവരോട് പിതാവ്തന്നെ പറഞ്ഞു മനസ്സിലാക്കി. സ്ക്കൂളിലേക്ക് പോയി അവരോട് സംസാരിക്കാൻ പിതാവ് ഇഷ്ടപ്പെട്ടില്ല.



**ഇടവകയിലെ സൺഡേ സ്ക്കൂൾ കുട്ടികൾ പരിഹസിച്ചു**

1930 ജൂൺ 1 ന് സൺഡേസ്ക്കൂൾ നടത്താനായി സിസ്റ്റേഴ്സ് ചെന്നപ്പോൾ ഇടവകയിലെ കുട്ടികൾ റോമ, ബന്തിങ്ങാ എന്നെല്ലാം പറഞ്ഞു പരിഹസിക്കുന്നുണ്ടായിരുന്നു. ആരും അത് കേട്ടതായി ഭാവിച്ചില്ല.

**റോമാക്കാർ ചതിക്കും എന്ന്**

സൺഡേസ്ക്കൂൾ കഴിഞ്ഞ് മടങ്ങി വന്നപ്പോൾ തിരുമൂലം ബാലികാമഠം ഹെഡ് മിസ്ട്രസ് മിസ്സ്. ബ്രൂക്ക്സ്മിത്ത് സി. ദനഹായെ കണ്ടു. റോമാക്കാർ നിങ്ങളെ ചതിക്കും എന്ന് പറഞ്ഞു കുറെയെല്ലാം സംസാരിച്ചു.

**സ്ക്കൂൾ കുട്ടികൾക്കൊരു നിരോധനം**

ബഥനിക്കാരുടെ റോമായിൽ പോക്കിനെപ്പറ്റി തിരുമൂല ബാലികാമഠത്തിൽ വലുതായ അസ്വസ്തതയും സദാസംസാരവും ഉണ്ടായി. ഒടുവിൽ ബഥനിയേയും റോമയേയുംകുറിച്ച് ഇനി സംസാരിക്കരുതെന്ന് കുട്ടികൾ എല്ലാവരോടും മിസ്സ്. ബ്രൂക്ക്സ്മിത്ത് പറഞ്ഞു.

**സിസ്റ്റർ സുപ്പീരിയർ കുലുങ്ങുന്നു**

സ്വതവെ ചഞ്ചലമനസ്ക്കയായിരുന്ന സിസ്റ്റർ സുപ്പീരിയറിന് വീട്ടുകാരിൽ നിന്നുള്ള ചില എഴുത്തുകൾ മൂലം വളരെയധികം മനചാഞ്ചല്യം ഉണ്ടായി. സ്വസഹോദര പുത്രനും ഒരു ഉത്തമ മതഭക്തനുമായിരുന്ന കെ.സി. വർക്കി സിസ്റ്ററിനെ പിന്തിരിപ്പിക്കാൻ സ്നേഹപൂർവ്വം പല എഴുത്തുകൾ അയച്ചു. സ്വസഹോദരനും ഒരു നിരീശ്വരവാദിയുമായിരുന്ന മി. എം. പി. വർക്കി വളരെ രൂക്ഷമായി പിതാവിനെ വിമർശിച്ച് എഴുതി. കുന്ദക്കുരുടി രാമനാട്ട് സ്വസഹോദരിയുടെ ഭർത്താവും വളരെ രൂക്ഷമായ വിമർശനങ്ങൾ എഴുതി അയച്ചു. "ധൃതിയായി ഒന്നും ചെയ്യരുത് കാതോലിക്കാ ബാവായും വട്ടശ്ശേരിൽ മെത്രാച്ചനും എല്ലാവരും കൂടെ ഉണ്ടെങ്കിൽ തരക്കേടില്ലായിരുന്നു. വട്ടശ്ശേരി മെത്രാച്ചൻ ഒരു ആംഗ്യം കാണിച്ചാൽ ദുഷ്ടരായ കേഡികൾ പിതാവിനെ എന്തും ചെയ്യും, കുറെക്കൂടെ കാത്തിരിക്കാൻ എന്റെ ഉള്ളിൽ എന്തോ ഒന്ന് എന്നെ നിർബന്ധിക്കുന്നു. അത് ദൈവത്തിൽ നിന്നാണോ, പിശാചിൽ നിന്നാണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്റെ മനസ്സ് ഉറപ്പില്ലാത്തതാണെന്ന് ഞാൻ പിതാവിനോട് പലപ്പോഴും പറ

ഞ്ഞിട്ടുണ്ട്. പിതാവിന്റെ പ്രാർത്ഥനയാൽ എത്രയോ പേരെ സുഖമാക്കിയിട്ടുണ്ട്. എനിക്കും പിതാവിന്റെ പ്രാർത്ഥനയാൽ സുഖം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ പിതാവിനോട് അപേക്ഷിച്ചു. നമ്മൾ ധൃതിവച്ച് എന്തെങ്കിലും ചെയ്താൽ തീർച്ചയായും ആപത്തുണ്ടാകും. കൂടെ ചേരാമെന്നു പറയുന്നവരിൽ എത്ര പേർ സമയമാകുമ്പോൾ കാണും എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ ഇടയനെ അടിക്കും, ആടുകൾ ചിതറിപ്പോകും. എന്നു പറഞ്ഞതുപോലെ വല്ലതും സംഭവിച്ചാൽ എന്തചെയ്യും. നമ്മുടെ കൊച്ചു തിരുമേനി ഇവിടെ വന്നപ്പോൾ എന്റെ ഭയമെല്ലാം ഞാൻ അദ്ദേഹത്തോട് കുറെ നേരം ഇതേക്കുറിച്ചെല്ലാം സംസാരിച്ചു. ഇതിനെല്ലാം പുറമേ നമ്മുടെ ആബുനാ ഒട്ടും അനുകൂലമല്ല. ധൃതിയിൽ ഒന്നും ചെയ്യാതിരിക്കാൻ പെൺമക്കൾ വേണം പിതാവിനെ നിർബന്ധിക്കേണ്ടത്. എല്ലാവരും കൂടെ ഒന്നിച്ചാണെങ്കിൽ ചേരുന്നത് കൊള്ളാം. എന്നെല്ലാം അദ്ദേഹം എഴുതിയിരുക്കുന്നു.'' എന്നു പറഞ്ഞ് അദ്ദേഹത്തിന്റെ കത്തിന്റെ പ്രധാന ഭാഗങ്ങളെല്ലാം സി. ദനഹാ, സി. സൽഗാ ഇവരോട് പറഞ്ഞുകൊണ്ട് മുക്കാൽ മണിക്കൂർ കഴിച്ചു. മറ്റു സിസ്റ്റേഴ്സിന്റെ പ്രാർത്ഥന അപേക്ഷിച്ചു. വീട്ടുകാരെ വേണ്ടതുപോലെ അറിക്കണമെന്നായിരുന്നു സിസ്റ്റർ സുപ്പീരിയറിന്റെ ആഗ്രഹം. എന്നാൽ ആരോടും കാര്യങ്ങൾ തുറന്നുപറയുന്നതിന് പിതാവ് വിലക്കിയിരുന്നില്ല.

### സിസ്റ്റേഴ്സ് ആഴ്ചയിൽ ഒരു ദിവസം വീതം ഭജനം അനുഷ്ഠിക്കുന്നു

പുറമേ നിന്നുള്ള മർദ്ദനങ്ങൾ ശക്തിപ്പെട്ടു തുടങ്ങിയപ്പോൾ പുനരൈക്യത്തെ സംബന്ധിച്ച് കൂടുതൽ നിശ്ചയ ദാർഢ്യം അനുഭവപ്പെട്ടു. സമൂഹാംഗങ്ങളെ ഉറപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന ഉപദേശങ്ങൾ പിതാവ് നൽകിക്കൊണ്ടിരുന്നു. 1930 ജൂൺ 6 മുതൽ ദൈവത്തോട് കൂടുതൽ അടുക്കുന്നതിനും അംഗങ്ങളുടെ നടപടികൾ പരിശുദ്ധമാക്കിത്തീർക്കുന്നതിനും (മനഃശുദ്ധി, ഉദ്ദേശ ശുദ്ധി) വേണ്ടി ആഴ്ചയിൽ ഒരു ദിവസം ഭജനം അനുഷ്ഠിക്കുകയും അതു സാധിക്കാത്തവർ ആഴ്ചയിൽ രണ്ടു ദിവസമായി പകുതി ദിവസം വീതം ഭജനമനുഷ്ഠിക്കുകയും ദൈവമഹത്വത്തിനായി നമ്മെ മുഴുവനായി വിനിയോഗിക്കുന്നതിനുവേണ്ടിയും വി. കുർബാന ചൊല്ലുക, കാണുക, അനുഭവിക്കുക, മുമ്പും പിമ്പും പ്രാർത്ഥിക്കുക, മദ്ധ്യസ്ഥത നടത്തുക എന്നിത്യാദി അനുഷ്ഠാനങ്ങൾ എല്ലാവർക്കുമായി പിതാവ് നിർദ്ദേശിച്ചു.



### ഉള്ളന്നൂർ (പന്തളം), വെണ്ണിക്കുളം ആദിയായ സ്ഥലങ്ങളിൽ പിന്തുണ

ഈ കാലയളവിൽ പിതാവിന്റെ നീക്കങ്ങളോട് അനുഭാവമുള്ള ചില സ്ഥലങ്ങളിൽ പിതാവിനെ കൊണ്ടുപോയി പ്രസംഗിപ്പിച്ചിരുന്നു. ഉള്ളന്നൂർ വച്ച് ഒൻപതോ, പത്തോ വൈദീകർ പിതാവിനെ അനുഗമിപ്പാൻ തയ്യാറാണെന്ന് പറഞ്ഞു. ആ കാലത്ത് പിതാവിനോട് ഏറ്റം കുറച്ച് എതിർപ്പ് പ്രദർശിപ്പിച്ച സ്ഥലം വെണ്ണിക്കുളം ആയിരുന്നു.

### ആറുപേരുടെ രഹസ്യം

1930 ജൂൺ 6 മുതൽ 9 വരെ പിതാവ് വെണ്ണിക്കുളത്തായിരിക്കുമ്പോൾ കോട്ടയത്ത് നിന്ന് ആറ് മാന്യന്മാർ പിതാവിനെ കാണാൻ തിരുമൂലപുരം ആശ്രമത്തിൽ ചെന്നു. പിതാവ് വെണ്ണിക്കുളത്ത് പോയിരിക്കുകയാണെന്ന് പുലിക്കോട്ട് ജോസഫ് റമ്പാച്ചൻ പറഞ്ഞിട്ട് അവർക്ക് വിശ്വാസമായില്ല. വെണ്ണിക്കുളത്തു ചെന്നാൽ പിതാവിനെ കാണാൻ ഒക്കുമോ? അതോ കൊല്ലത്തേയ്ക്കാണോ പോയിരിക്കുന്നത് എന്ന് അവർ ചോദിച്ചു? ''വെണ്ണിക്കുളത്ത് പോകുന്നു എന്നുപറഞ്ഞ് കൊല്ലത്തുപോകേണ്ട ആവശ്യം ബഥനി മെത്രാച്ചന് ഇല്ല എന്ന് റമ്പാച്ചൻ മറുപടി പറഞ്ഞു.'' പെന്തിക്കോസ്തി ദിവസം പിതാവ് കത്തോലിക്കാ സഭയിൽ ചേരും എന്നൊരു പ്രചരണം ആരോ നടത്തിയിരുന്നതിനാലായിരിക്കണം അവർ സംശയിച്ചത്.

ഏതായാലും അവർ വെണ്ണിക്കുളത്ത് ചെന്ന് പിതാവിനെ കണ്ടു. അവർക്ക് പിതാവിനോടൊരു രഹസ്യം പറയാനുണ്ട് എന്നു പറഞ്ഞു. ആറുപേരും കേൾക്കെ പറയുന്ന കാര്യം രഹസ്യമായിരിക്കുന്നതെങ്ങനെയാണ്? നിങ്ങളിൽ ഒരാളെ തെരഞ്ഞെടുത്ത് ആ ആൾ വന്ന് കാര്യം പറയട്ടെ. അത് രഹസ്യം ആയിരിക്കും. പിതാവ് ആളിനോട് പറയുന്നതും രഹസ്യമായിരിക്കണം എന്ന് പിതാവ് പറഞ്ഞു.

### ബർസ്കീപ്പാ അച്ചൻ

ബഥനിയുടെ ഒരു പ്രാധാന പ്രവർത്തന കേന്ദ്രമായ വെണ്ണിക്കുളത്ത് ദീർഘ കാലമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബർസ്കീപ്പാ അച്ചന് ഫാ. അലക്സിയോസിനോട് വ്യക്തിപരമായ താല്പര്യം ഉണ്ടായിരുന്നു. ബഥനിക്കാർ റോമിൽ പോകുന്നു എന്ന ശ്രുതി കേട്ടപ്പോൾ അച്ചൻ അത് അത്ര വിശ്വസിച്ചില്ല. പെരുനാട്ടിൽ താമസിച്ചിരുന്നവർക്ക്

ബ. ജോഷ്വാഅച്ചൻ മാർ തിയോഫിലോസ് തിരുമേനി, പിതാവ് ഇവർ എടുത്തിരുന്ന ക്ലാസ്സുകളിൽ നിന്ന് പുനരൈക്യത്തിന്റെ ആവശ്യം ഗ്രഹിക്കാൻ സാധിച്ചിരുന്നു. ദീർഘകാലമായി ആശ്രമത്തിനു വെളിയിൽ താമസിച്ചിരുന്നതിനാൽ അച്ചന്റെ ചിന്താഗതി മറ്റേവരുടേതിനൊപ്പം വികസിച്ചിരുന്നില്ല. കാര്യങ്ങൾ അദ്ദേഹം ഗ്രഹിച്ചിരുന്നുമില്ല.

**അച്ചന്റെ ആനക്കഥ**

ബഥനിക്കാരെല്ലാം റോമായിൽ പോകുന്നു എന്നു പറഞ്ഞവരോട് ബർസ്ക്കീപ്പാ അച്ചൻ ഒരു കഥ പറഞ്ഞു. ഒരു അഞ്ചൽ ഓട്ടക്കാരൻ ഇടയ്ക്കിടെ ദണ്ഡും കിലുക്കി ഓടിപോകുന്ന ശബ്ദം വഴിനടന്നു പോയ ഒരു മനുഷ്യൻ കേട്ടു. ആന ഭ്രാന്തെടുത്തു വരികയാണെന്ന് വിചാരിച്ച് യാത്രക്കാരൻ വേഗത്തിൽ നടന്നു തുടങ്ങി. ശബ്ദം അടുത്ത് വരുന്നതുകേട്ട് അയാൾ ഓട്ടമായി. നന്നായി ക്ഷീണിച്ചപ്പോഴെക്കും അഞ്ചലോട്ടക്കാരൻ ഓടിഒപ്പമെത്തി. അപ്പോഴാണ് അയാളുടെ ഭയം അസ്ഥാനത്തായിപ്പോയി എന്നു മലസ്സിലായത്. അതുപോലെയാണ് ഇതും എന്നു പറഞ്ഞ് അച്ചൻ മനുഷ്യരെ സമാധാനപ്പെടുത്തി.

ശുദ്ധഗതിക്കാരനും ചഞ്ചലചിത്തനുമായ ഫാ. ബർസ്ക്കീപ്പാ പിതാവിനെ അനുഗമിക്കുമോ എന്ന പിതാവിനും സിസ്റ്റേഴ്സിനും സംശയമുണ്ടായിരുന്നു.

**ആശ്രമസ്ഥരെല്ലാവർക്കും ഏകമനസ്സ്**

1930 ജൂൺ 18 ന് ബഥനി ആശ്രമസ്ഥരെല്ലാം തിരുമൂലപുരത്തുണ്ടായിരുന്ന ചെറിയ ആശ്രമത്തിൽ സമ്മേളിച്ചു. അവരെല്ലാം ഒരു പോലെ പിതാവിന്റെ ആശയങ്ങളോട് യോജിച്ചു. എന്നാൽ ബർസ്ക്കീപ്പാ അച്ചൻ ആദ്യം അനുകൂലമില്ലായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ ആരോ ഇരുന്ന് "ഇത് ദൈവീകമാണ്", എന്നു വീണ്ടും വീണ്ടും പറഞ്ഞതുപോലെ തോന്നി. അതിനെ എതിർക്കാൻ കഴിഞ്ഞില്ലാ എന്നു പിതാവിനോട് അദ്ദേഹം വന്നുപറഞ്ഞു.

എങ്കിലും അദ്ദേഹം സ്ഥിര ചിത്തനായിരുന്നില്ല. 1930 സെപ്റ്റംബറിൽ ആശ്രമസ്ഥർ വെണ്ണിക്കുളത്ത് സ്ഥാപിച്ചിരുന്ന താൽക്കാലിക ആശ്രമത്തിൽ വച്ച് പുനരൈക്യപ്പെട്ടപ്പോൾ ബർ സ്ക്കീപ്പാ അച്ചൻ അക്കൂട്ടത്തിൽ ചേർന്നില്ല. കുറെ നാൾ കഴിഞ്ഞപ്പോൾ അദ്ദേഹം മാനസികമായ ചില ചപലതകൾ പ്രത്യക്ഷപ്പെടുത്തി. ഒടുവിൽ ഒരു ദിവസം



ആരോടും പറയാതെ ആശ്രമത്തിൽ നിന്ന് ഓടിപ്പോയി. ഈ സംഗതി യാക്കോബായക്കാർ അവരുടെ പ്രസിദ്ധീകരണങ്ങളിൽ കൊട്ടിഘോഷിച്ചു. ഫാ. അലക്സിയോസിനോട് കൂടി ചെന്നുചേർന്ന ബർസ്ക്കീപ്പാ അച്ചൻ അല്പനാളുകൾക്കുള്ളിൽ അദ്ദേഹത്തോട് പിണങ്ങി പാത്രിയർക്കകക്ഷിയിൽ ചേർന്ന് വീണ്ടും വൈദീക പട്ടം സ്വീകരിച്ച് റമ്പാനായി തീർന്നു. പലപ്രസ്ഥാനങ്ങൾ തുടങ്ങി. എല്ലാം പരാജയത്തിൽ കലാശിച്ചു. അനേകതരത്തിലുള്ള വിഷമങ്ങൾ സഹിച്ചു. ചില കാര്യങ്ങൾ സാധിക്കാനായി പലവർഷങ്ങൾക്കു ശേഷം മാർ ഈവാനിയോസ് പിതാവിനെ കാണാൻ അരമന (പട്ടം)യിൽ വന്നു. പലദിവസം താമസിച്ചു. പക്ഷേ ഉദ്ദേശം സാധിച്ചില്ല.

**പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പ്രേഷിത പ്രവർത്തനം**

1926 ന് ശേഷം പിതാവിന്റെ ഒരു അമേരിക്കൻ സുഹൃത്ത് ബഥനി സിസ്റ്റേഴ്സിനായി ഒരു ചെറിയ പ്രസ് സമ്മാനിച്ചു. അത് ആദ്യം തിരുമൂലപുരം ആശ്രമത്തിൽ സ്ഥാപിച്ചു, എങ്കിലും താമസിയാതെ തിരുവല്ലായിൽ അന്നത്തെ ബഥനി പള്ളിയിൽ നിന്ന് അധികം അകലെ അല്ലാത്ത ഒരു സ്ഥലത്ത് സ്ഥാപിച്ചു. അവിടെ നിന്ന് തുടർച്ചയായി അനവധി ചെറുഗ്രന്ഥങ്ങളും സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കുമുള്ള പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു തുടങ്ങി. ആദ്യകാലങ്ങളിൽ ഫാ. യാക്കോബ് (മാർ തിയോഫിലോസ്) അതിന്റെ പ്രസാധകനായി വർത്തിച്ചു. പിന്നീട് അലക്സാണ്ടർ ശെമ്മാശ്ശനെ (ഫാദർ സെറാഫിയോൻ) അതിന്റെ ചുമതല ഏൽപ്പിച്ചു. പ്രസ്സിലെ ആദായത്തിൽ നിന്ന് പ്രതിമാസം 50 രൂപ അലക്സാണ്ടർ ശെമ്മാശ്ശൻ മഠത്തിൽ ഏൽപ്പിച്ചുവന്നു. അതിനു മുമ്പുതന്നെ "ബഥനി മാസിക", പ്രസിദ്ധീകരിക്കുന്നുണ്ടായിരുന്നു.

ആശ്രമ സ്ഥാപനത്തിന് വളരെ മുമ്പ് പിതാവ് എഴുതി പ്രസിദ്ധീകരിച്ച പാപമോചനം നാല് ഭാഗമായി വീണ്ടു അടിപ്പിച്ചു. വി. സഭോപദേശം സിസ്റ്റേഴ്സ് തന്നെ എഴുതി. സൺഡേ സ്ക്കൂൾ കുട്ടികളുടെ ആവശ്യത്തിനായി കുറെ പാഠങ്ങൾ ആരോ എഴുതിയത് പ്രൂഫ് നോക്കാനായി മഠത്തിലേക്ക് കൊടുത്തയച്ചത് മിക്കവാറും പുതിയതായി തന്നെ സിസ്റ്റേഴ്സിൽ ഒരാൾ എഴുതി ഓരോ പാഠവും കൊടുത്തയച്ചത് മാർ തിയോഫിലോസ് തിരുമേനി നോക്കി അംഗീകരിച്ച് നമ്മുടെ കർത്താവിന്റെ ജീവചരിത്രം എന്ന പേരിൽ അച്ചടിപ്പിച്ചു. അതിന് മുമ്പും പിമ്പു

മായി സന്യാസ ജീവിത സഹായി, ദൈവസ്നേഹം (30 ധ്യാനങ്ങൾ) താഴ്മ (30 ധ്യാനങ്ങൾ) ധ്യാന സഹായി, ധ്യാന ശ്രേണിക എന്നിങ്ങനെ സന്യാസിമാർക്ക് പ്രത്യേകമുള്ള പുസ്തകങ്ങളും, ജീവപ്രകാശം, കുരിശടയാളം, കൊടിയടയാളം, ഇത്യാദി പുസ്തകങ്ങൾ സൺഡേസ്ക്കൂൾ കുട്ടികളുടെ ഉപയോഗത്തിനായും ബഥനിയിൽ നിന്ന് പ്രസിദ്ധീകരിച്ചു.

ഈ പ്രസിദ്ധീകരണങ്ങൾ മൂലം യാക്കോബായസഭയ്ക്ക് ഒരു നവജീവൻ നൽകാൻ സാക്ഷാൽ ബഥനി ആശ്രമത്തിന് സാധിച്ചു. യാക്കോബായക്കാരിൽ ഓർത്തഡോക്സ് എന്നപേർ സ്വീകരിച്ച കക്ഷിക്കാർക്ക് ഏതു വിധത്തിലും അഭിമാനിക്കാവുന്ന ഒരു സ്ഥാപനമായിട്ടാണ് ബഥനി നിലകൊണ്ടിരുന്നത്.

### ഗിരിദീപവും കുഴൽ കണ്ണാടിയും

പുനരൈക്യത്തിന് പിതാവിനെ ദൈവം നടത്തിയതെങ്ങനെയെന്ന് ബഥനിയുടെ ഗുണ കാംക്ഷികളേയും സ്നേഹിതരേയും ഗ്രഹിപ്പിക്കുന്നതിന് ഒരു മാർഗ്ഗമായിട്ടാണ് ഗിരിദീപം എഴുതിയത്. അത് വെറും പ്രൈവറ്റ് സർക്കുലേഷനുവേണ്ടി മാത്രം ഉദ്ദേശിച്ചുള്ളതായിരുന്നു. തിരുമൂലപുരത്ത് പിതാവും കൊച്ചുതിരുമേനിയും അച്ചന്മാരും വരുമ്പോൾ താമസിക്കുന്ന സ്ഥലമായതുകൊണ്ട് അതിനെ ആശ്രമം എന്നുവിളിച്ചിരുന്നു. അവിടെ ചാപ്പൽ ആയി ഒരു ഷെഡ്ഡും പിതാവിന്റേയും അച്ചന്മാരുടേയും താമസത്തിനായി ഒരു ചെറിയ കെട്ടിടവും മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ വച്ച് പിതാവ് പറഞ്ഞുകൊടുത്ത കാര്യങ്ങൾ പുലിക്കോട്ട്റമ്പാച്ചൻ തന്മയത്തോടെ എഴുതിയത് റോമായിൽപ്പോക്കിനെപ്പറ്റിയുള്ള ബഹളങ്ങൾ മനുഷ്യരുടെ ഇടയിൽ പ്രചരിച്ചുകൊണ്ടിരുക്കുമ്പോഴായിരുന്നു. എന്തെല്ലാം അനുഭവങ്ങളാണ് പുനരൈക്യത്തിലേക്ക് അദ്ദേഹത്തെ വഴി നടത്തിച്ചത് എന്ന് അതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗിരിദീപം എഴുതികൊണ്ടിരിക്കുമ്പോൾ ചില വിശ്രമവേളകളിൽ മഠത്തിൽ വന്ന് സിസ്റ്റേഴ്സിനോട് യാക്കോബായസഭാ സേവനത്തിൽ തനിക്ക് അനുഭവപ്പെട്ട ചില സംഭവങ്ങൾ പറയുമായിരുന്നു.

പിതാവിന്റേയും ആശ്രമാംഗങ്ങളുടേയും പുനരൈക്യത്തെ തുടർന്നുണ്ടായ ആഘാതമേറ്റ ജനതയ്ക്ക് വീണ്ടും ചില പരമാർത്ഥങ്ങൾ കാണിച്ചുകൊടുക്കേണ്ടതിനായി പുലിക്കോട്ട്, ചേപ്പാട് റമ്പാച്ചന്മാരുടെ പുനരൈക്യത്തിന് മുമ്പായി കുഴൽകണ്ണാടി പുറത്തുവന്നു. അതിലെ സത്യങ്ങൾ വേർപെട്ടുനിന്ന സഹോദരങ്ങളെ വല്ലാതെ ചൊടി



പ്പിച്ചു. മാർ ഈവാനിയോസ് മെത്രാപ്പൊലിത്തായേയും ആശ്രമസ്ഥരേയും മഠാംഗങ്ങളേയും പുനരൈക്യപ്പെട്ടവരേയും തെറിപറഞ്ഞുകൊണ്ട് ഓർത്തഡോക്സുകാർ മലങ്കര സഭയുടെ ഭൂതക്കണ്ണാടി എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു.

### ബഥനി പ്രസ്സ്

ബഥനി സിസ്റ്റേഴ്സിനായി ഒരു അമേരിക്കൻ മഹിളയുടെ സമ്മാനമായി ഒരു പ്രസ്സ് ലഭിച്ചത് തിരുവല്ലായിൽ സ്ഥാപിച്ചു. അലക്സാണ്ടർ ശെമ്മാശ്ശനെ അതിന്റെ ചുമതല ഏൽപ്പിച്ചു. 1930 സെപ്റ്റംബർ 1 ന് ബ. കലയക്കാട്ടിലച്ചന്റെ മൂത്തമകൻ കുഞ്ഞൂഞ്ഞിന് അത് വിലയ്ക്ക് സിസ്റ്റർ സുപ്പീരിയർ എഴുതി കൊടുത്തു. സി. ഹൂബാ, സി. ദനഹാ, സി. സൽഗാ എന്നിവർ സാക്ഷികളായി ഒപ്പുവച്ചു. പുനരൈക്യശേഷം അത് തിരിച്ചെടുത്ത് ആശ്രമസ്ഥരെകൊണ്ട് നടത്തിക്കാമെന്ന് പിതാവിന് വിചാരമുണ്ടായിരുന്നു. പ്രസ്സിന്റെ ആദായമായി പ്രതിമാസം 50 രൂപ അലക്സാണ്ടർ ശെമ്മാശ്ശൻ മഠത്തിൽ ക്രമമായി തന്നുകൊണ്ടിരുന്നത് മഠം തിരുവനന്തപുരത്തേക്ക് മാറ്റിയ ശേഷവും അരമനയിൽ നിന്ന് തന്നുകൊണ്ടിരിക്കുന്നു. 1944ന് ശേഷം 5 രൂപ കൂട്ടിയിട്ടുണ്ട്. പ്രസ്സ് കൈവശപ്പെടുത്താൻ തിരുവല്ലായിൽ യാക്കോബായക്കാർ പരിശ്രമിച്ചു. ഒടുവിൽ അതിന്റെ ചില ഭാഗങ്ങൾ മോഷ്ടിച്ച് പുഞ്ചയിൽ കൊണ്ടു താഴ്ത്തി. ഇതെല്ലാം മുൻകൂട്ടി കണ്ടാണ് പ്രസ്സ് വിറ്റത്. പ്രസ്സിൽ ഉരുണ്ടുകയറാൻ അവർ ശ്രമിക്കുന്നതറിഞ്ഞ് ചങ്ങനാശ്ശേരിയിൽ നിന്ന് 2 ബസ്സ് നിറയെ ആളുകൾ സഹായത്തിനു വന്നു. അപ്പോഴേക്ക് പ്രസ്സ് കലയക്കാട്ടിൽ കുഞ്ഞൂഞ്ഞിന്റേതാണെന്ന് അറിഞ്ഞതിനാൽ യാക്കോബായക്കാർ പിന്തിരിഞ്ഞു.

### തിരുമൂലപുരം ബാലികാമഠവമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു

1930 ജൂൺ 24 ന് പിതാവ് അയച്ച ഒരു കത്തിന് മറുപടിയായി സിസ്റ്റേഴ്സ് സ്ക്കൂളിലേ മതാദ്ധ്യായങ്ങൾ നിറുത്തുന്ന പക്ഷം ഇപ്പോൾ നിറുത്തുകയാണ് നല്ലതെന്ന് കാണിച്ച് മിസ്സ് ബ്രൂക്ക്സ്മിത്ത്, പിതാവിന്റെ പേർക്ക് എഴുതി. എന്തു വേണ്ടു എന്ന് പിതാവ് മഠത്തിലേക്ക് എഴുതി ചോദിച്ചു. അതേക്കുറിച്ച് സിസ്റ്റർ സുപ്പീരിയർ മറ്റു സിസ്റ്റേഴ്സുമായി ആലോചിച്ചു. സ്ക്കൂളിൽ പഠിപ്പിക്കുന്നത് നിറുത്താൻ സിസ്റ്റർ സുപ്പീരിയർ വിചാരിക്കുന്നുവെന്നും കത്തോലിക്കാ പുനരൈക്യം വരെ ചാപ്പലിന്റെ ജോലികൾ ചെയ്യുന്നതിന് സുപ്പീരിയറിന് ഇഷ്ടമാണെന്നും

സി. ദനഹാ മി. ബ്രൂക്കസ്മിത്തിനോട് 1930 ജൂലൈ 9 ന് പറഞ്ഞു. അവർ സി. ദനഹായെ നോക്കുക പോലും ചെയ്യാതെ വളരെ ദേഷ്യത്തോടെ എല്ലാറ്റിനും ഞാൻ ഏർപ്പാട് ചെയ്തിട്ടുണ്ട് എന്നു പറഞ്ഞു. പിറ്റെ ദിവസം അവർ സിസ്റ്റർ സൽഗായെ നോക്കി ചിരിച്ചു. ഒരു പക്ഷേ രമ്യപ്പെടണമെന്ന് ആഗ്രഹിച്ചിരിക്കാം.

ജൂലൈ 15 ന് മി. ബ്രൂക്ക്സ്മിത്ത് മഠത്തിൽ വന്നു. സി. ദനഹാ അവരെ കണ്ട് ഇറങ്ങിചെന്നു. വളരെ വ്യത്യസ്തമായ ഒരു മനോഭാവമാണ് അപ്പോൾ പ്രദർശിപ്പിച്ചത്. ഉടനെയെങ്ങും പഠിപ്പിക്കുന്നത് നിറുത്താൻ അവർ ഉദ്ദേശിച്ചില്ല എന്നും അങ്ങനെ നിറുത്തിയാൽ സൺഡേസ്ക്കൂളിന്റെ കാര്യത്തിൽ അവർക്ക് വളരെ വൈഷമ്യം ഉണ്ടാകുമെന്നും പറഞ്ഞു. ഒരു റ്റേം അവസാനിക്കും വരെ ബഥനി സിസ്റ്റേഴ്സ് തുടർന്ന് പഠിപ്പിച്ചാൽ അടുത്ത റ്റേമിലേക്ക് അവർ വേറെ ഏർപ്പാടുകൾ ചെയ്തുകൊള്ളാമെന്ന് പറഞ്ഞു. എങ്കിലും പിതാവ് അതിന് സമ്മതിക്കുമോ എന്ന് അവർക്ക് സംശയമായിരുന്നു. പിതാവിനോട് ചോദിക്കാം എന്ന് പറഞ്ഞ് അവരെ വിട്ടു.

ജൂലൈ 16 ന് ഉച്ചയ്ക്ക് മി. ബ്രൂക്ക്സ്മിത്ത് വീണ്ടും മഠത്തിൽ വന്ന് ഹൃദ്യമായി സംസാരിക്കുകയും ദുക്റാനയുടെ പ്രത്യേക ശുശ്രൂഷ സ്ക്കൂളിൽ നടത്തുന്നതിന് ചെല്ലാൻ സിസ്റ്റേഴ്സിനെ ക്ഷണിക്കുകയും ചെയ്തു. സി. ദനഹാ, സി. സൽഗാ, സി. ബാസിം, സി. തൈബൂസ് അന്നമ്മാ ഐപ്പ്, മറിയാമ്മ ഈപ്പൻ ഇവർ അതിൽ സംബന്ധിപ്പാനായി പോയി. എങ്കിലും സ്ക്കൂളുമായുള്ള ബന്ധം വിഛേദിക്കപ്പെട്ടു.

സ്ക്കൂൾ തുറന്നപ്പോഴേക്ക് പുനരൈക്യ ആലോചനകൾ ഏറെക്കുറെ ക്ലിപ്തമായി തീർന്നിരുന്നതിനാൽ ആദ്യം തന്നെ സ്ക്കൂളിലേ ജോലി ഏൽക്കാതിരിക്കുക നന്നായിരുന്നു എന്ന് സിസ്റ്റേഴ്സിൽ ഒന്നു രണ്ടുപേർക്ക് തോന്നാതിരുന്നില്ല. എങ്കിലും മി. ബ്രൂക്ക്സ്മിത്തിന്റെ താല്പര്യ പ്രകാരം 1930 ആഗസ്റ്റ് 22 വരെ ക്ലാസ്സ് തുടർന്നു എടുത്തു. 21 ന് പിതാവും ആശ്രമസ്ഥരും പെരുനാട് ആശ്രമം വിട്ട് ഇറങ്ങുമെന്ന് അന്നു വൈകിട്ട് ഒരാൾ വന്ന് മഠത്തിൽ അറിയിച്ചിരുന്നു. അതിൽ പിന്നെ സ്ക്കൂളിൽ ആരും ഒന്നും പഠിപ്പിച്ചില്ല.

### ഒരു ശവസംസ്കാരംസംബന്ധിച്ച എതിർപ്പ്

തിരുവല്ലായിൽ ചേരിയിൽ കൊച്ചുകുഞ്ഞ് എന്നു വിളിക്കപ്പെട്ടിരുന്ന ആൾ പുനരൈക്യത്തിന് ഏറ്റം അനുകൂലിയായിരുന്നു. 1930 ജൂലൈ 17 ന് അദ്ദേഹം മരിച്ചു. തിരുവല്ലായിൽ ഒരു പുതിയ ശവക്കോട്ട തുറന്ന് അദ്ദേഹത്തെ അതിൽ അടക്കണമെന്ന പ്രതീക്ഷയോടെ അതിനായി സിസ്റ്റേഴ്സ് പ്രാർത്ഥിക്കണമെന്നു പറഞ്ഞിട്ട് പിതാവ് വി. കുർബാന ചൊല്ലാതെ സിസ്റ്റേഴ്സിന് വി. കുർബാന കൊടുത്തിട്ട് തിരുവല്ലായ്ക്ക് പോയി.



കുറെ മണിക്കൂറുകൾ കഴിഞ്ഞപ്പോൾ തിരുവല്ലായിൽ ശവമടക്കുന്നതിന് എതിർപ്പുണ്ടായതിനാൽ മൃതദേഹം തിരുമൂലപുരം ആശ്രമത്തിലേക്ക് കൊണ്ടുവന്നു എന്നു കേട്ടു. ഒരു വലിയ തണ്ടിൽ വളരെയധികം (70 നും 100 നും ഇടയ്ക്ക്) വെള്ളപ്പൂക്കൾ വിരിഞ്ഞ ഒരു കമ്പ് റോസ് മഠത്തിൽ പാകമായി നിന്നത് വെട്ടി മഞ്ചത്തിൽ വയ്ക്കുന്നതിനായി കൊടുത്തയച്ചു. തിരുവല്ലായിൽ നിന്ന് വളരെയധികം ആളുകൾ ആശ്രമചാപ്പലിൽ വന്നിരുന്നു എന്ന് വേലക്കാർ മഠത്തിൽ വന്നു പറഞ്ഞു. ശവസംസ്ക്കാരം കഴിഞ്ഞപ്പോഴേക്ക് 2 മണി ആയി. വൈകിട്ട് പിതാവ് മഠത്തിൽ വന്ന് കാര്യങ്ങളെല്ലാം സിസ്റ്റേഴ്സിനോട് പറഞ്ഞു.

### വി. കുർബാന സംബന്ധിച്ച ഒരു അത്ഭുതം

ചേരിൽ കൊച്ചുകുഞ്ഞ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കഠിനരോഗത്തിൽ കിടക്കുമ്പോൾ തൈലാഭിഷേകവും വി. കുർബാനയും കൊടുക്കുന്നതിനായി മാർ തിയോഫിലോസ് തിരുമേനി പോയി. കൊച്ചു കുഞ്ഞ് വായിൽ കൂടെ യാതൊരു ആഹാരവും ഇറക്കിയിട്ട് പല ദിവസങ്ങളായി. തിരുമേനി വി. കുർബാന കൊണ്ടുചെന്നപ്പോൾ ഇറക്കുവാൻ സാധിക്കയില്ലാ എന്ന് ശുശ്രൂഷ നൽകിയ സിസ്റ്റേഴ്സും മറ്റാളുകളും പറഞ്ഞു. കൂടാതെ യാക്കോബായ സഭയിലെ വി. കുർബാന വളരെ ഘനമുള്ളതുമായിരുന്നു. തിരുമേനി ഒട്ടും സംശയിക്കാതെ " ഇതാരാണ് എഴുന്നള്ളി ചെല്ലുന്നത്, ഭയപ്പെടേണ്ട ഇറക്കികൊള്ളു", എന്നു പറഞ്ഞ് വി. കുർബാന കൊണ്ടുകൊടുത്തു. യാതൊരു വിഷമവും കൂടാതെ ആ രോഗി വി. കുർബാന അനുഭവിച്ചു.

### പരേതനെ ശ്ലാഘിക്കുന്നു

അടുത്ത രണ്ടു ദിവസങ്ങളിൽ (ജൂലൈ 18, 19 ) പരേതനു വേണ്ടി തിരുമൂല ആശ്രമ ചാപ്പലിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. പരേതന്റെ ബന്ധുക്കൾ ആദ്യ ദിവസവും രണ്ടാം ദിവസവും തിരുവല്ലായിൽ നിന്ന് ബന്ധുക്കളും സ്നേഹിതരുമായി വളരെപ്പേരും വന്നു. പരേതർക്ക് വേണ്ടിയുള്ള വി. കുർബാനയെക്കുറിച്ച് വി. കുർബാന തുടങ്ങുന്നതിനു

മുമ്പ് പിതാവ് ഒരു പ്രസംഗം പറഞ്ഞു. അതിൽ പരേതനെ വളരെ ശ്ലാഘിച്ചു. എന്റെ സ്നേഹിതൻ ദൈവഭക്തൻ എന്നെല്ലാം അദ്ദേഹത്തെ വിശേഷിപ്പിച്ചു. പിതാവിന്റെ സ്വരം ഒടുവിൽ ഇടറിപ്പോയി.

**കത്തുകൾ എഴുതുന്നതിന് സിസ്റ്റർ ദനഹാ സഹായിക്കുന്നു**

പുനരൈക്യ പരിശ്രമങ്ങൾ ഏറെക്കുറെ സാധിതമാകുന്നു. കാതോലിക്കായും മറ്റു മെത്രാന്മാരും പിന്മാറി എന്നു ബോദ്ധ്യമായപ്പോൾ പുനരൈക്യം സംബന്ധിച്ച് പല എഴുത്തുകൾ എഴുതുന്നതിന് പിതാവിനെ സിസ്റ്റർ ദനഹാ സഹായിച്ചു. പിതാവ് പറയുന്നത് എഴുതുകയും തിരുത്തി എഴുതുകയും ചെയ്തു.

**മേറിനയോമിയുടെ പ്രശ്നം**

മതപരിവർത്തനം മുതൽ ബഥനിയുടെ ഒരു അംഗത്തെപ്പോലെ സ്വന്തമായി അന്യോന്യം വിചാരിച്ചിരുന്ന മേറിനയോമി 1930 ജൂണിലോ മേയിലോ തിരുമൂലപുരം (തിരുവല്ല) മഠത്തിൽ വന്ന് പതിവുപോലെ അവധികാലം കഴിച്ചു. എന്നാൽ പുനരൈക്യം സംബന്ധിച്ച് അവിടെ നടന്നിരുന്ന സംഭാഷണങ്ങളെല്ലാം തന്നെ ഏറെക്കുറെ ഗ്രഹിക്കാൻ ഇടയായ നയോമിക്ക് അതിൽ വിപ്രതിപത്തിയാണുണ്ടായത്. തിരുവല്ലാ മഠത്തിൽ താമസിക്കാൻ താൽപര്യമില്ല എന്ന് കാണിച്ച് സി. ഹെലൻ, മദർ ഈഡിത്ത്, ഫാ. ഇ. എൽ. സ്ട്രോംങ്ങ് ഇവരുടെ പേർക്ക് കത്ത് അയച്ചിരുന്നു.

തിരുവല്ലായ്ക്കടുത്ത് വാരിക്കോട്ട് ബഥേലിൽ മിസ്സ് നീവ് എന്ന മദാമ്മയുടെ പേർക്ക് നയോമിയെ അവിടെ എടുക്കണമെന്നു കാണിച്ച് മദർ ഈഡിത്ത് എഴുതി സിസ്റ്റർ സുപ്പീരിയറിന് എഴുതിയ എഴുത്ത് 1930 ജൂലൈ 24 ന് കിട്ടി. അതിൽ നയോമിക്ക് കൊടുക്കാനായി മദർ ഈഡിത്തിന്റെ ഒരു എഴുത്തും ഉണ്ടായിരുന്നു. നയോമിക്ക് ബഥേലിൽ പോകാൻ അശ്ശേഷം താല്പര്യമുണ്ടായിരുന്നില്ല. തിരുവല്ലായിൽ ഇഷ്ടമില്ലെന്ന് എഴുതിയത് കത്തോലിക്കാ പുനരൈക്യം അത്ര ഇഷ്ടമാകാഞ്ഞതിനാൽ മാത്രമാണെന്ന് നയോമി പറഞ്ഞു. ഈ വിവരത്തിന് നയോമി തന്നെ മദർ ഈഡിത്ത്, സി. ഹെലൻ, മി. നീവ് ഇവർക്ക് എഴുതി.

1930 ജൂലൈ 26 ന് മദർ ഈഡിത്തിന്റെ കത്തിലെ താല്പര്യമനുസരിച്ച് നയോമിയെ കൊണ്ടുപോകാനായി മിസ്സ് നീവ്, മിസ്സ് റാഹേൽ



ജോസഫിനെ (കൊച്ചു റാഹേൽ) അയച്ചുവെങ്കിലും നയോമി പോയില്ല. മിസ്സ് ജോസഫിനെ സമാധാനം പറഞ്ഞ് അയച്ചു. അവധി കഴിയുന്നതു വരെ നയോമി തിരുവല്ലാ മഠത്തിൽതന്നെ താമസിച്ചു. പിന്നീട് നയോമി നാട്ടിലേക്ക് തിരിച്ചു വന്നിട്ടില്ല. അത്രമാത്രം കത്തോലിക്കാ സഭയോട് നയോമിക്ക് അകൽച്ചയുണ്ടായിരുന്നു.

1930 ആഗസ്റ്റ് 21 ന് നയോമി ബഥനി സിസ്റ്റേഴ്സിനോട് യാത്ര പറഞ്ഞ് മദ്രാസിൽ ജോലിക്കായി പോയി. നയോമിക്ക് ഈ വേർപാട് ഏറ്റം ദു:ഖകരമായിരുന്നു.

**മദർ ഈഡിത്തിന്റേയും സിസ്റ്റർ ഹെലന്റേയും അവസാനത്തെ തിരുവല്ലാ സന്ദർശനം**

1926 ഡിസംബറിൽ സി. ഹെലനും സി. റൂഥും ബാരിസോളിലേക്ക് പോയശേഷവും മിക്ക വർഷവും സെപ്റ്റംബർ മാസത്തിൽ മദർ ഈഡിത്തും, സി. ഹെലനുംകൂടി തിരുവല്ലായിൽ വന്ന് അവരുടെ അവധിക്കാലം ചെലവഴിക്കുക പതിവായിരുന്നു.

ഫാ. അലക്സിയോസിൽ നിന്ന് പുനരൈക്യത്തിന്റെ പ്രതികൂല വശങ്ങൾ അവർ ധാരാളം അറിഞ്ഞിരിക്കണം. കൂടാതെ സി.ദനഹായും, സി. സൽഗായും ഇതേ സംബന്ധിച്ച് അവർ ഇരുവർക്കും എഴുതിയിരുന്നു.

1930 ആഗസ്റ്റിൽ മുൻപതിവുപോലെ മദർ ഈഡിത്തും സി. ഹെലനും തിരുല്ലായ്ക്കു വരാൻ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുമ്പോഴേക്ക് കത്തോലിക്കാ സഭയിലേയ്ക്കുള്ള പുനരൈക്യത്തെക്കുറിച്ച് റോമുമായി മാർ ഈവാനിയോസ് തിരുമേനി ചെയ്തുകൊണ്ടിരുന്ന കത്തിടപാടുകളും പുരോഗമിക്കുകയും, പിതാവ് ആവശ്യപ്പെട്ട വ്യവസ്ഥകളെല്ലാം തന്നെ റോമിൽ നിന്ന് അംഗീകരിച്ച് കത്തു കിട്ടുകയും ചെയ്തു. സംഗതികൾ ഇത്രയും പുരോഗമിച്ചപ്പോൾ മദർ ഈഡിത്തും സി. ഹെലനും ഈ അവസരത്തിൽ വരുന്നത് ഇരുകൂട്ടർക്കും വിഷമത്തിനും അസൗകര്യങ്ങൾക്കും ഇടയാകുമെന്ന് പിതാവിന് കാര്യമായ ഭയമുണ്ടായി. ഫാ. അലക്സിയോസിൽ നിന്നുള്ള അനുഭവം ഒരുപക്ഷേ ഇതിന് പ്രേരകമായിരുന്നിരിക്കാം.

1930 ആഗസ്റ്റ് 15 ന് സിസ്റ്റർ സുപ്പീരിയറിന് (സി. ശൈനാ) പിതാവിന്റെ ഒരു കൽപ്പനയുമായി പെരുനാട്ടിൽ നിന്ന് ബ. ഏബ്രഹാം,

ബ. യോബ് എന്നീ അച്ചന്മാർ വന്നു. മദർ ഈഡിത്തും സി. ഹെലനും ഇപ്പോൾ വരേണ്ടാ എന്ന് കമ്പി അടിക്കണമെന്ന്. കൽപന കണ്ടപ്പോൾ എല്ലാവർക്കും എത്രയുമധികം വിഷമവും നിരാശയും ഉണ്ടായി. എങ്കിലും ചുരുങ്ങിയ വാചകത്തിൽ കമ്പി അടിക്ക തന്നെ ചെയ്തു. ആ നിരാശയ്ക്ക് ഒരു പ്രതിവിധിയായി സംഗതികളെല്ലാം ഗ്രഹിപ്പിക്കാൻ ഒരു കത്ത് അന്ന് തന്നെ ബാരിസോളിലേക്ക് സി. സൽഗാ എഴുതുകയും ചെയ്തു.

ആഗസ്റ്റ് 18 ന് രാവിലെ മദർ ഈഡിത്തിന്റെ ഒരു കമ്പികിട്ടി. വേറെ സമയമൊന്നും അവർക്ക് സൗകര്യമില്ലാത്തതിനാൽ ഇപ്പോൾതന്നെ മുൻക്രമീകരണപ്രകാരം അവർ വരട്ടേ എന്നായിരുന്നു കമ്പി. എന്തുചെയ്യണമെന്നറിയാതെ സിസ്റ്റേഴ്സ് വിഷമിച്ചു. ഒടുവിൽ പുലിക്കോട്ട് ജോസഫ് റമ്പാച്ചനെ വരുത്തി സിസ്റ്റർ സുപ്പീരിയർ ആലോചിച്ചു. അദ്ദേഹത്തിന് മദർ ഈഡിത്തിനേയും സി. ഹെലനേയും പരിചയമില്ലാഞ്ഞതിനാൽ തീരുമാനിച്ച് പറഞ്ഞില്ല. ഒടുവിൽ സിസ്റ്റർ സുപ്പീരിയറും സി. ദനഹായും ഓരോ കത്തെഴുതി അവർ വരാൻ അനുവദിക്കണമെന്നപേക്ഷിച്ച്, ആ വന്ന കമ്പിയുമായി പിറ്റേ ദിവസം രാവിലെ വടശ്ശേരിക്കരയ്ക്ക് ഒരാളിനെ അയച്ചു. ഇത് മദർ ഈഡിത്തിന്റേയും സി. ഹെലന്റേയും അവസാനത്തെ സന്ദർശനമായിരിക്കുമെന്ന് എല്ലാവർക്കും തീർച്ചയുണ്ടായിരുന്നു. കത്തുമായി പോകാൻ ആശ്രമത്തിൽ നിന്ന് ആളിനെ വളരെ താമസിച്ചുമാത്രം അയച്ചതറിയാതെ മറുപടിക്ക് മഠത്തിൽ അക്ഷമയോടെ കാത്തിരുന്നു. എന്നാൽ ആശ്രമത്തിൽ നിന്ന് വളരെ താമസിച്ചുമാത്രമേ ആളയച്ചുള്ളൂ. അന്നു വൈകിട്ടുതന്നെ അതിനു മറുപടി എഴുതി കൊടുത്തയച്ചു. ആഗസ്റ്റ് 20ന് രാവിലെ മറുപടി ലഭിച്ചു. "Metropolitan and we most cordially welcome you. Do come" എന്ന വാചകം കണ്ടപ്പോഴേ മിക്കവരുടേയും കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു.

(ആ കത്തിൽ തന്നെ 20 ന് രാവിലെ പിതാവും ആശ്രമസ്ഥരും പെരുനാട് മുണ്ടൻ മല ആശ്രമം വിട്ട് ഇറങ്ങുകയാണെന്നുണ്ടായിരുന്നു)

മദർ ഈഡിത്തിനേയും സി. ഹെലനേയും സ്വാഗതം ചെയ്യുന്ന ഒരെഴുത്തും പിതാവ് എഴുതിയിരുന്നു. എന്നാൽ കമ്പി അടിക്കാൻ ഫാ. ഏബ്രഹാം ഒ. ഐ. സി യെ ഏൽപ്പിച്ച് അദ്ദേഹത്തിന്റെ ചില സംശയങ്ങൾ മൂലം അയക്കാൻ താമസിച്ചു. എത്രതന്നെ നിർബന്ധം സിസ്റ്റർ സുപ്പീരിയർ ചെലുത്തിയിട്ടും എന്തായാലും എനിക്ക് പിതാവി



നോട് ചിലത് പറയാനുണ്ട് എന്ന് അദ്ദേഹം ശാഠ്യം പിടിച്ചു. ഒടുവിൽ കമ്പി അടിച്ചു എന്നറിഞ്ഞത് സിസ്റ്റേഴ്സിന് സമാധാനം നൽകി. തിരുമൂല ബാലികാ മഠം ക്ലർക്ക് മി. വി.ജി. വർഗ്ഗീസിനോട് മദർ ഈഡിത്തും സി. ഹെലനും കൊട്ടാരക്കര എത്തുമ്പോൾ അവരെ അവിടെ സ്വീകരിച്ച് കൂട്ടികൊണ്ടുവരാൻ ഏർപ്പാട് ചെയ്തു.

**വേറൊരു തടസം**

1930 ആഗസ്റ്റ് 20 ന് പെരുനാട് ആശ്രമം വിട്ടിറങ്ങിയ പിതാവ് 22 ന് സന്ധ്യയോടെ മഠം വളപ്പിന് വെളിയിൽ ഉണ്ടായിരുന്ന ചെറിയ ഹട്ടിൽവന്നു സിസ്റ്റേഴ്സിനെ വിളിച്ചു കണ്ടു. കൂട്ടത്തിൽ വന്നിരുന്ന കാരയ്ക്കൽകാരൻ ഒരു ഫാ. ജെയ്ക്കബ് പിതാവിനെ വെളിയിലേക്ക് വിളിച്ചു. അദ്ദേഹം ചില ശ്രുതികൾ കേട്ടിരുന്നതിനാൽ സിസ്റ്റർ ഇവിടെ താമസമുണ്ടോ, വരുന്നുണ്ടോ?, എന്ന് വളരെ സംശയിച്ച് ചോദിച്ചു. ഉണ്ട് എന്ന് ആരോ മറുപടി പറഞ്ഞു. അപ്പോൾ അച്ചൻ പിതാവിനെ വെളിയിലേക്ക് വിളിച്ച് സി. ഹെലൻ വരുമ്പോൾ ബഥനി സിസ്റ്റേഴ്സിന്റെ ഇടയിൽ ഒരു ഭിന്നത ഉണ്ടാകാൻ ചിലർ പരിശ്രമിക്കുന്നുണ്ട് എന്ന് രഹസ്യമായി പറഞ്ഞു. പിതാവ് അത് സിസ്റ്റേഴ്സിനോട് ഇംഗ്ലീഷിൽ പറഞ്ഞു. അവർ ഒരുനാളും അങ്ങിനെ ചെയ്യില്ലാ എന്ന് സി. ദനഹായും സി. സൽഗായും ഉറപ്പു പറഞ്ഞു. നിങ്ങൾക്കാർക്കെങ്കിലും പോകണമെങ്കിൽ എല്ലാവരും പൊയ്ക്കോള്ളുവിൻ എന്ന് പിതാവ് പറഞ്ഞു.

അങ്ങനെ ഒടുവിൽ 1930 ആഗസ്റ്റ് 30 ന് ശനിയാഴ്ച രാവിലെ മദർ ഈഡിത്തും സി. ഹെലനും പ്രഭാത പ്രാർത്ഥന കഴിഞ്ഞയുടൻ വന്നെത്തി. അവർ വരാതിരുന്നെങ്കിൽ അത് സഹിക്കാവതായിരുന്നില്ല എന്ന് മദർ പറഞ്ഞപ്പോൾ മദറിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. 10 മണിയോടെ എല്ലാവരും മദറിനെയും സിസ്റ്ററിനേയും അവരുടെ മുറിയിൽ പോയി കണ്ടു.

മദർ എപ്പോഴും മറ്റുള്ളവരെപ്പറ്റി കരുതിയിരുന്നു. എല്ലാവരും കാണാൻ ചെന്നപ്പോൾ എന്തെങ്കിലും തൈച്ചു തരാൻ ഉണ്ടോ എന്ന് മദർ ചോദിച്ചു. ഫാ. അലക്സിയോസ് സിംഗപ്പൂരിൽ നിന്നും കൊണ്ടുവന്ന കാപ്പത്തുണികൾ മദറിനെ കാണിച്ചു. പള്ളിക്ക് വേണ്ടുന്ന സാധനങ്ങൾ ഒന്നും തന്നെ മെഷീനിൽ അടിക്കുന്ന പതിവ് മദറിന് ഇല്ലായിരുന്നു. പിതാവിന് വേണ്ടി കാപ്പയ്ക്ക് മദർ തന്നെ വെട്ടി തന്നു. പിതാവിനുവേണ്ടി മെത്രാഭിഷേക സമയം വട്ടശ്ശേരി മാർ ദിവന്നാസ്യോസ്

സമ്മാനിച്ചിരുന്ന മനോഹരമായ പത്രസീൻ അദ്ദേഹത്തിന് തിരികെ വേണമെന്ന് ആവശ്യപ്പെട്ടതിനാൽ തിരികെ കൊടുത്തു. പിതാവിന് ഒരു പത്രസീന്റെ കാര്യം സന്ദർഭവശാൽ സിസ്റ്റേഴ്സ് മദറിനോട് പറഞ്ഞു. ഉടനെ തന്നെ മദർ ബാരിസോളിലേക്ക് എഴുതി അവിടെ സൂക്ഷിച്ചിരുന്ന മനോഹരമായ എംബ്രോയിഡറി വരുത്തിതന്നു. പുനരൈക്യം സംബന്ധിച്ച തിരക്കിട്ട ആലോചനകൾക്കായി പല മാന്യന്മാർ മഠംവകഹട്ടിൽ വന്ന് പിതാവിനെ കാണുകയും സിസ്റ്റേഴ്സിനെ പലദിവസങ്ങളിലും ഹട്ടിൽ പിതാവ് വിളിപ്പിച്ച് കാണുകയും മറ്റും ചെയ്യുന്നുണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യം ഇതൊന്നിനും യാതൊരു വിധത്തിലും വിഷമം ഉണ്ടാകാത്തവിധത്തിൽ അത്ര കരുതലോടും സ്നേഹത്തോടുമാണ് അവർ ഇരുവരും വർത്തിച്ചത്. പുനരൈക്യം സംബന്ധിച്ച് ഒരുത്തർക്കും യാതൊരു പ്രയാസവും ഉണ്ടാക്കുന്ന യാതൊന്നും പറയരുതെന്ന് മദർ ഈഡിത്ത് സി. ഹെലന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. ഉല്ലാസ സമയങ്ങളിൽ എല്ലാവരും ഒന്നിച്ച് കമ്മ്യൂണിറ്റി കൂടിയ അവസരങ്ങളിലും, ചില സിസ്റ്റേഴ്സ് തനിച്ച് മദറിനെ കണ്ട് സംസാരിച്ചപ്പോഴും അവരുടെ താല്പര്യപ്രകാരം മദർ ഈഡിത്ത് മദറിന്റെ മാതാപിതാക്കളെയും സഹോദരങ്ങളേയും കുറിച്ച് പറഞ്ഞു. അതിവിശാലമായ ആ ഹൃദയം കരുണയുടേയും സ്നേഹത്തിന്റേയും പ്രതീകമായി അനുഭവപ്പെട്ടു. ബഥനി സിസ്റ്റേഴ്സിനുവേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യാൻ ഈ അവസരത്തിലും മദർ സന്നദ്ധയായിരുന്നു. അവർ പോകുന്നതിനു രണ്ടു ദിവസം മുമ്പായി രണ്ടു മറുബഹസയും നോട്ടുബുക്കുകളും മദറിന് സമ്മാനമായി കൊടുത്തത് സന്തോഷത്തോടെ സ്വീകരിച്ചു.

അവർ ഒന്നിച്ചും മദർ തനിച്ചും പിതാവിനെ കണ്ട് പുനരൈക്യം സംബന്ധിച്ച് സംസാരിച്ചു. റോമിൽ നിന്ന് ലഭിച്ചിട്ടുള്ള റീത്തിന്റെ വ്യവസ്ഥകളെക്കുറിച്ച് മദർ താല്പര്യം പ്രദർശിപ്പിച്ചു. ഇതുവരെ ചെയ്തിരുന്നതുപോലെ ഇനിയും തുടർന്ന് സിസ്റ്റേഴ്സിന്റെ പേർക്ക് എഴുതണമെന്ന് പിതാവ് അവരെ അവസാനമായി കണ്ട ദിവസം (സെപ്റ്റം. 18, 1930) സി. ഹെലനോട് പറഞ്ഞു. ഇതുവരെ വന്നതുപോലെ മേലാലും വരുന്നതിന് ഇരുവരോടും പറഞ്ഞു.

1930 സെപ്റ്റംബർ 21 ന് സന്ധ്യയ്ക്ക് ശേഷം ഒരു കോശിസാറിന്റെ വക ബസ് തിരുമൂല ബാലികാമഠത്തിന്റെ പോർട്ടിക്കോയിൽ വന്ന് മദർ ഈഡിത്തിനെയും, സി. ഹെലനേയുംകൊണ്ട് കൊട്ടാരക്കരയ്ക്ക് പോയി. ബസ്സുവരുന്നതുവരെ മദർ ഈഡിത്ത് ബഥനി സിസ്റ്റേഴ്സിന്റെ അടുക്കലുള്ള അവസാന മണിക്കൂറുകളുടെ ഒരു വിനാഴികപോലും നഷ്ടപ്പെടാതെ അടുത്തു തന്നെ നിന്നു. എന്നാൽ സി. ഹെലൻ സ്വവികാരങ്ങളെ നിയന്ത്രിക്കാനായി കഴിയുന്നിടത്തോളം മാറി നിന്നു. കൊട്ടാരക്കരനിന്നു തീവണ്ടിമാർഗ്ഗം അവർ ബാരിസോളിലേക്ക് മടങ്ങി. പക്ഷേ ബഥനി സിസ്റ്റേഴ്സിന് അവരോടും അവർക്ക് ഇങ്ങോട്ടുമുള്ള സ്നേഹത്തിന് യാതൊരു കുറവും ഉണ്ടായില്ല.



### തിരുവല്ലാ ബഥനിപ്പള്ളി പൂട്ടുന്നു

ബഥനിക്കാർ റോമായിൽ ചേരുമെന്ന് തീർച്ചയായപ്പോൾ ബഥനിപ്പള്ളിയിൽ കുഴപ്പമുണ്ടാക്കാനായി 1930 ആഗസ്റ്റ് 12 ന് ഫാ. ഏബ്രഹാം വി. കുർബാന തുടങ്ങാറായപ്പോൾ എം. ജി. എം ൽ നിന്ന് ഒരു ശെമ്മാശ്ശൻ വി. മദ്ബഹായിൽ കടന്ന് വി. കുർബാനയ്ക്ക് കൂടണമെന്ന് ശഠിച്ചു. അച്ചൻ വി. കുർബാന തുടങ്ങാൻ താമസിക്കുന്നത് കണ്ട് ചിലർ വന്ന് മറപൊക്കി നോക്കി. ഒടുവിൽ അച്ചൻ തിരശീലയ്ക്ക് പുറത്തുവന്ന് സംഗതി അറിയിച്ചു. എം. ജി. എം ബോർഡിംഗ് മാനേജർ വന്ന് ശെമ്മാശ്ശനെ പുറത്താക്കി. എന്നാൽ തുമ്പ്ദേന്റെ സമയത്ത് പ്രസ്തുത ശെമ്മാശ്ശൻ അകത്തുകയറി. ശുശ്രൂഷകൻ ചെറിയ തുമ്പ്ദേൻ ചൊല്ലി കൊണ്ടിരിക്കുമ്പോൾ ഇടയ്ക്ക് കയറി ശെമ്മാശ്ശൻ ചൊല്ലി തുടങ്ങി.

(പുനരൈക്യആലോചനകൾ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ സാർവ്വത്രിക സഭ അംഗീകരിച്ചിട്ടുള്ള പൗരസ്ത്യ വിശുദ്ധന്മാരുടെ പേരുകൾ ചേർത്ത് വലിയ തുമ്പ്ദേനും, പേരുകൾ പറയാതെ വിശുദ്ധരെ സ്മരിച്ചുള്ള ചെറിയ തുമ്പദേനും പിതാവ് നടപ്പാക്കിയിരുന്നു.) ഒടുവിൽ ആ ശെമ്മാശ്ശൻ വിശ്വാസികളുടെ അടുക്കൽ ഒരു വിശദീകരണവും നൽകി. അന്നുതന്നെ പെരുനാടിന് ആളയച്ച് പള്ളി പൂട്ടുന്നതിനുള്ള കൽപ്പന മാർ തിയോഫിലോസ് തിരുമേനിയിൽ നിന്ന് വാങ്ങി. 1930 ആഗസ്റ്റ് 13 ന് പള്ളി പൂട്ടിയിട്ടു.

### മിസ്സ് ബ്രൂക്ക്സ്മിത്തിന്റെ ഒരു തന്ത്രം ഫലിച്ചില്ല

മഠത്തിനും തിരുമൂലസ്ക്കൂളിനും ഇടയ്ക്ക് ആ കാലത്ത് ഒരു അതിർത്തിവരമ്പുപോലും ഉണ്ടായിരുന്നില്ല. സ്ക്കൂളിലേ കുട്ടികൾ ഏതു സമയത്തും ഏതാവശ്യത്തിനും മഠത്തിൽ വരുന്നതിന് യാതൊരു വിലക്കും ഉണ്ടായിരുന്നില്ല. മഠവും സിസ്റ്റേഴ്സും അവരുടെ സ്വന്തമെ

ന്നാണ് കരുതിയിരുന്നത്. റോമായിൽ ബഥനിക്കാർ പോകുമെന്നുള്ള ശ്രുതി പരന്നുകഴിഞ്ഞപ്പോൾ ആണ് സ്ക്കൂളിനോട്തൊട്ട് ഉണ്ടാക്കിയിരുന്നതും മഠത്തിന്റെ അതിർത്തിക്ക് അടുത്തായിരുന്നതുമായ ഒരു കെട്ടിടത്തിൽ (സിക്ക് റൂം പിന്നീട്) എസ്തേർ തോമസ് എന്നൊരു കുട്ടിക്ക് രോഗശുശ്രൂഷ ചെയ്തിരുന്ന റാഹേൽ ചേട്ടത്തി രാത്രി സി. ഹെലന്റെ കെട്ടിടത്തിൽ ഉറങ്ങുവാൻ അനുവദിക്കുമോ എന്ന് മി. ബ്രൂക്ക്സ്മിത്ത് സിസ്റ്റർ സുപ്പീരിയറിനോട് ചോദിച്ചു. അതുവരെയുള്ള സംഭവവികാസങ്ങൾ സിസ്റ്റർ സുപ്പീരിയർ കണക്കിലെടുത്തുകൊണ്ടും അനുവദിച്ചാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ ഗ്രഹിച്ചുകൊണ്ടും അത് സാധിക്കയില്ലാ എന്ന് തീർത്തു പറഞ്ഞു.

(1930 ആഗസ്റ്റ് 2 ന്) അനുവദിച്ചിരുന്നെങ്കിൽ അത് ഒരു അവകാശ വാദമാകുമായിരുന്നേക്കും എന്ന് സിസ്റ്റർ ഭയപ്പെട്ടു. ഈ കെട്ടിടം സിസ്റ്റർ ഹെലനും കൂടെ ഓരോ സമയങ്ങളിൽ താമസിച്ചിരുന്ന സിസ്റ്ററിനും താമസിക്കാനായി മദർ ഈഡിത്തതിന്റെ ചെലവിൽ പണികഴിപ്പിച്ചിട്ടുള്ളതായിരുന്നു.

**പെരുനാട് ബഥനിയോട് ആശ്രമസ്ഥർ യാത്ര പറയുന്നു**

ആഗസ്റ്റ് 20, 1930 ബഥനിയുടെ ചരിത്രത്തിലെ ഒരു പ്രധാന നാഴിക കല്ല്.

തലേദിവസം പിതാവ് എഴുതി ആൾവശം കൊടുത്തയച്ചിരുന്ന ഒരു കത്തിൽ നിന്ന് ഇന്നേദിവസം പിതാവും ആശ്രമസ്ഥരും പെരുനാട് ആശ്രമം വിട്ട് ഇറങ്ങുമെന്ന് അറിഞ്ഞപ്പോൾ സിസ്റ്റേഴ്സ് എല്ലാവരുംതന്നെ പിതാവിന്റെ ശ്രേഷ്ഠമായ പെരുമാറ്റത്തെ കുറിച്ച് അഭിമാനപൂർവ്വം സന്തോഷിച്ചു. ആരെല്ലാം പിതാവിനെ അനുഗമിക്കാതിരുന്നു എന്നറിയുവാൻ മഠാംഗങ്ങൾക്ക് ഉൽക്കണ്ഠയുണ്ടായിരുന്നു. ഫാ. അലക്സിയോസിന്റെ കാര്യം ഇതിനോടകം തീർച്ചയായിരുന്നു. സാധുക്കളായ പുന്നൂസ്, അബ്രഹാം, മത്തായി, അലക്സാണ്ടർ ശെമ്മാശ്ശൻ ഇവരുടെ കാര്യം സംശയമാണെന്നറിഞ്ഞു. അലക്സാണ്ടർ ശെമ്മാശ്ശൻ പിതാവിനെ അനുഗമിക്കണമെന്ന് എല്ലാവരും ആഗ്രഹിച്ചു. മറ്റ് മൂന്ന് പേരെയും കുറിച്ച് ആർക്കും അത്ര താല്പര്യം തോന്നിയില്ല.

പിറ്റേദിവസം സന്ധ്യയോടെ ഹട്ടിൽവന്ന് സിസ്റ്റേഴ്സിനെ വിളിപ്പിച്ചു. സന്ധ്യയ്ക്കു ശേഷം സിസ്റ്റേഴ്സ് ഇറങ്ങിപോകുന്നതുകണ്ട് തിരുമൂല സ്ക്കൂൾകുട്ടികൾ വിസ്മയിച്ച് നോക്കി നിന്ന് ബഥനിയിൽ എന്തു



സംഭവിച്ചു എന്നു പറഞ്ഞു ആശ്രമസ്ഥർ തലേ ദിവസം പെരുനാട് വിട്ട് ഇറങ്ങിയതുപോലെ സിസ്റ്റേഴ്സും ഇറങ്ങുകയാണെന്ന് അവർ പറഞ്ഞു. ഇത്രമാത്രം ത്യാഗവും ധൈര്യവും ഉള്ള പിതാവിന്റെ പാദങ്ങൾ മുത്താൻ ചില സിസ്റ്റേഴ്സ് തുനിഞ്ഞു. എല്ലാവരും വന്നു കഴിഞ്ഞപ്പോൾ ആരുംതന്നെ ഒന്നും സംസാരിച്ചില്ല. പിതാവ്, നിങ്ങളിൽ ആർക്കെല്ലാം ദുഃഖമുണ്ട് എന്ന് ചോദിച്ചു. ആർക്കുമില്ല. എന്ന് എല്ലാവരും പറഞ്ഞപ്പോൾ എനിക്ക് ആദ്യം മാത്രമേ ദുഃഖമുണ്ടായിരുന്നുള്ളു എന്ന് സിസ്റ്റർ സുപ്പീരിയർ പറഞ്ഞു.

പിന്നീട് പെരുനാട്ടിൽ നിന്ന് ഇറങ്ങിയ സാഹചര്യങ്ങൾ വിവരിച്ചുപറഞ്ഞു. ആഗസ്റ്റ് 15 ന് വ്യാഴാഴ്ച വി. കുർബാന സമയത്ത്, എല്ലാം വിട്ടിട്ട് പെരുനാട്ടിൽ നിന്ന് ഇറങ്ങിപോകണമെന്ന് ഒരു ഉത്തേജനം പിതാവിന് ഉണ്ടായി. വി. കുർബാന കഴിഞ്ഞ് കൊച്ചുതിരുമേനിയോട് (മാർ തിയോഫിലസ്) ഈ വിവരം പറഞ്ഞപ്പോൾ ഇത് ദൈവീകം തന്നെ എന്ന് അദ്ദേഹം പറഞ്ഞു. പിന്നെ ഫാ. അലക്സിയോസിനോടും വിവരം പറഞ്ഞു. രണ്ടു അഭിപ്രായത്തോട് കൂടി ഒന്നിച്ച് കൂടുതൽ താമസിക്കുന്നത് അദ്ദേഹത്തിന് കൂടുതൽ സ്ട്രെയിൻ ആണെന്ന് അദ്ദേഹവും സമ്മതിച്ചു. 23 വർഷം പിതാവാണല്ലോ എന്നെ വളർത്തിയത്. എന്നെ പിതാവ് അനുഗ്രഹിക്കണം. എന്ന്പറഞ്ഞ് ഫാ. അലക്സിയോസ് പിതാവിന്റെ കാൽക്കൽ വീണു മുത്തി. ഇനി മേൽ അദ്ദേഹത്തിന് റിലീജിയസ് കടപ്പാടുകൾ ഒന്നുമില്ലാ എന്നും കാവി ധരിക്കേണ്ട എന്നും റിലീജിയസ് ആയി തുടർന്നു പോകണമെങ്കിൽ വല്ല്യ മെത്രച്ചന്റെ (മാർ ദിവന്നാസ്യോസ്) യോ ബാവാ (മാർ ബസേലിയോസ്)യുടേയോ അനുവാദം വാങ്ങി വേറെ ആരംഭിക്കണമെന്നും അദ്ദേഹത്തോട് പറഞ്ഞു. കാതോലിക് എൻസൈക്ലോപ്പിടിയ എല്ലാം അവിടെ (പെരുനാട്ടിൽ) വച്ചേയ്ക്കണമെന്ന് ആബൂനാ (ഫാ. അലക്സിയോസ്) ആവശ്യപ്പെട്ടു.

എല്ലാവരും കൂടെ ഉണ്ടായിരുന്നെങ്കിൽ ആബൂനായുടെ 99 ശതമാനം പ്രയാസങ്ങളും തീരുമെന്നും, "സൂപ്രമസി ഓഫ് ദി പോപ്പി",നെപ്പറ്റിയും മറ്റുമുള്ള പ്രയാസങ്ങൾ പിന്നെ സാരമില്ലെന്നും അദ്ദേഹം പിതാവിനോട് പറഞ്ഞപ്പോൾ, "ഇത് ദൈവത്തെനോക്കിയല്ല", എന്ന് പിതാവ് തീർച്ചപ്പെടുത്തി. ബ്രദേഴ്സിനെ എല്ലാവരേയും രാവിലെ 10 മണിക്ക് വള്ളത്തിൽ അയച്ചു. എല്ലാവരും വള്ളക്കടവിൽ വന്നു നിൽക്കുമ്പോൾ ഒരാൾ ഓടിവന്ന് സ്പിരിറ്റ് ഏഫ് സാക്രിഫൈസ് എന്ന പുസ്തകം ഫാ. അലക്സിയോസിന് വേണമെന്ന് ആവശ്യപ്പെട്ടു.

പിതാവും മാർ തിയോഫിലസ് തിരുമേനിയും 4 മണിക്കാണ് പോന്നത്. അലക്സാണ്ടർ ശെമ്മാശ്ശൻ കൂടെ പോരുന്ന ഭാവമൊന്നും അതുവരെ ഇല്ലായിരുന്നു. അദ്ദേഹത്തെ വീട്ടിൽ കൂട്ടി കൊണ്ടുപോകാനായി സ്വന്തത്തിൽപ്പെട്ട ഒരാൾ രണ്ടു മുന്നു ദിവസം മുമ്പുമുതൽ പെരുനാട് ആശ്രമത്തിൽ വന്ന് കാത്തിരിക്കുന്നുണ്ടായിരുന്നു. വേറെ ഒരു അടുത്ത ചാച്ചക്കാരനായ വർഗ്ഗീസ് വക്കീൽ (വെൺമണി) മൂലം ഫാ. അലക്സിയോസ് അലക്സാണ്ടർ ശെമ്മാശ്ശനെ സ്വാധീനപ്പെടുത്താൻ പരിശ്രമവും ഉണ്ടായിരുന്നു. ശെമ്മാശ്ശൻ കൂടെ പോരണമെന്ന് പിതാവിന് വലുതായ താല്പര്യവും ഉണ്ടായിരുന്നു. പിതാവ് പോരാറായപ്പോൾ ശെമ്മാശ്ശൻ അടുത്ത് ചെന്ന്, "പിതാവേ ഞാൻ കൂടെ പോരുന്നുണ്ട്", എന്നു പറഞ്ഞു. പിതാവിന് വലിയ സന്തോഷമായി. മറ്റവരെയൊക്കെ അവരുടെ തലയിൽ കൈവച്ച് അനുഗ്രഹിച്ച് കടമകളിൽ നിന്നെല്ലാം വിമുക്തരാക്കി. ഇങ്ങനെയെല്ലാം വിട്ട് ഇറങ്ങിപോരാൻ സാധിച്ചത് ഏറ്റം വലിയ വിജയമായി പിതാവും മറ്റെല്ലാവരും പരിഗണിച്ചു. പെരുനാട്ടിലെ സ്വത്തുക്കളെല്ലാം ട്രസ്റ്റികളുടെ കൈവശം ഏൽപ്പിച്ചിരുന്നു. എന്നാൽ മി. ഇ. ജെ ജോൺ ഇഷ്ടദാനം ചെയ്തിരുന്ന 100 ഏക്കർ സ്ഥലത്തിന്റെ പ്രമാണം മി. ജോണിനു തന്നെ തിരിച്ചുകൊടുക്കുന്നതിനും ട്രസ്റ്റുകൾക്ക് ഉപദ്രവമുണ്ടാകാതിരിക്കത്തക്ക നടപടികൾ ആലോചിക്കുന്നതിനുമായി (മി. ജോണിന്) പിതാവ് താമസംവിന തിരുവനന്തപുരത്തേക്ക് പോയി.

**മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തായുടെ ചില അവസാന ബഥനി സന്ദർശനങ്ങൾ**

**(തിരുമൂലപുരം)**

1930 ആഗസ്റ്റ് 23 വട്ടശ്ശേരിൽ മാർദിവന്നാസ്യോസ് മെത്രാച്ചൻ ആശ്രമത്തിൽ (അതായത് ബഥനി സിസ്റ്റേഴ്സിന്റെ ആവശ്യത്തിന് പിതാവ് തിരുമൂലപുരത്ത് വരുമ്പോൾ താമസിച്ചിരുന്ന ചെറിയ കെട്ടിടം പിൽക്കാലത്ത് ഇവിടെയാണ് സെൻറ് തോമസ് ഹൈസ്ക്കൂൾ സ്ഥാപിച്ചത്) വന്നിട്ടുണ്ട്. മഠത്തിൽ ചെന്ന് എനിക്ക് 12/മണിക്ക് ഉച്ചമേശ തരണമെന്ന് പറയണം എന്ന് പറഞ്ഞ് പുലിക്കോട്ട് ജോസഫ് റമ്പാച്ചന്റെ വേലക്കാരൻ വറീതിനെ മഠത്തിൽ പറഞ്ഞയച്ചു. ഇതുകേട്ടപ്പോൾ മഠത്തിൽ എല്ലാവർക്കും വളരെ സന്തോഷമായി. വട്ടശ്ശേരിൽ മെത്രാച്ചന്റെനേർക്ക് പിതാവിനുണ്ടായിരുന്നതിൽ ഒരംശം സ്നേഹബഹുമാനങ്ങൾ മഠാംഗങ്ങൾക്ക് തിരുമേനിയോടുണ്ടായിരുന്നു. എല്ലാവരും കൂടി



പലകറികൾ ശരിപ്പെടുത്തി പലതരം അച്ചാറുകളുമായി ഭക്ഷണം കൊടുത്തയച്ചു. കാപ്പിക്കും അത്താഴത്തിനും തിരുമേനി കാണുമെന്നറിഞ്ഞതിനാൽ സിസ്റ്റർ സുപ്പീരിയർ പലതരം പലഹാരങ്ങൾ ഉണ്ടാക്കിച്ചു.

അന്ന് 4 മണിക്ക് ശേഷം മെത്രാച്ചന്റെ സഹായിയായി കൂടെ നിന്നിരുന്ന വടക്കൻ മണിലിൽ യാക്കോബ് ശെമ്മാശ്ശൻ സിസ്റ്റർ സുപ്പീരിയറിനെ കാണാനായി വന്നു. അദ്ദേഹത്തിന് സിസ്റ്റർ സുപ്പീരിയറിന്റെ കുടുംബവുമായി എതോ ബന്ധമുണ്ടായിരുന്നു.

ബഥനി മെത്രാനച്ചൻ സകലതും വിട്ടുപോന്നു എന്നു കേട്ടതിൽ തിരുമേനിക്ക് സഹിക്കാൻ പാടില്ലാത്ത ദുഃഖമാണ്. അതുകൊണ്ടാണ് ഇപ്പോൾ തിരുമേനി വന്നിരിക്കുന്നത്. ഒരിക്കലും വലിയ മെത്രാച്ചൻ ബഥനിമെത്രാച്ചന് എതിരായി കേസ് കൊടുക്കയില്ല. ഇടയ്ക്ക് ഓരോരുത്തർ ഓരോന്നെല്ലാം കൂട്ടിപ്പറയുന്നുണ്ട്. ബഥനി മെത്രാച്ചനെപ്പോലെ ആരേയും വലിയ മെത്രാച്ചൻ സ്നേഹിച്ചിട്ടില്ല. പോകരുതേ എന്ന് അവസാനമായി ഒന്നുകൂടെ പറയാനാണ് അദ്ദേഹം വന്നിരിക്കുന്നത്. ബഥനി തിരുമേനിയുടെ കാര്യം പറഞ്ഞ് വല്യതിരുമേനി പലപ്പോഴും കരയാറുണ്ട് എന്നെല്ലാം വടക്കനായ ആ മണിലിൽ യാക്കോബ് ശെമ്മാശ്ശൻ സിസ്റ്റർ സുപ്പീരിയറിനോട് പറഞ്ഞു.

4 മണിക്ക് തിരുമേനിയുടെ കാപ്പിമേശക്ക് ആള് മഠത്തിൽ വന്നപ്പോൾ കറികളെല്ലാം (ഉച്ചയ്ക്കത്തെ) തിരുമേനിക്ക് വളരെ ഇഷ്ടമായി. എല്ലാംകൂട്ടി നല്ലതുപോലെ മേശകഴിച്ചു. ഇനിയും ഞാൻ എന്നാണ് ഇവിടെ നിന്ന് വല്ലതും കഴിക്കുന്നത്. റോമാമെത്രാച്ചനായാൽ പിന്നെ ഞാൻ ഇവിടെ വരുവാൻ അവർ സമ്മതിക്കുമോ? ഇത് നിങ്ങൾ ആരെങ്കിലും അവിടെ ചെന്ന് പറയുവിൻ, ഞാൻ പറയുന്നില്ല. എന്ന് തിരുമേനി കൽപ്പിച്ചതായി സിസ്റ്റർ സുപ്പീരിയറിനോട് പറഞ്ഞു. "അയ്യോ, തിരുമേനിക്ക് എന്നും ഇവിടെ വരാമല്ലോ, അത് ഞങ്ങൾക്ക് എന്തു സന്തോഷമാണ്", എന്ന് സിസ്റ്റർ സുപ്പീരിയർ അവനോട് പറഞ്ഞയച്ചു.

അത്താഴത്തിന് തിരുമേനിക്ക് പായസമാണ് ഇഷ്ടം എന്നറിഞ്ഞതിനാൽ വളരെ രുചിയുള്ള പായസം ഉണ്ടാക്കി കൊടുത്തയച്ചു. ആ രാത്രി പിതാവ് തിരുവനന്തപുരത്ത് നിന്നും മടങ്ങി വരുമ്പോൾ തിരുമേനി വന്നിട്ടുള്ള വിവരം അറിയിക്കാനായി പുലിക്കോട്ട് ജോസഫ് റമ്പാച്ചൻ ടോൾഗേറ്റിൽ ആൾ നിറുത്തി.

പിറ്റെ ദിവസം (ആഗസ്റ്റ് 24 ന്) രാവിലെ പിതാവ് മഠത്തിൽ സന്ദർശന മുറിയിൽ വന്ന് കുറെ നേരം ഉറങ്ങിയ ശേഷം 7.30 വി.കുർബാന ചൊല്ലി. ആ കുർബാന കാണണമെന്നുള്ള നിർബന്ധ ത്തോട് ഒരു വയസ്സൻഅച്ചൻ രാവിലെ മഠം ചാപ്പലിൽ വന്ന് കാത്തിരി പ്പുണ്ടായിരുന്നു. വി. കുർബാന കഴിഞ്ഞപ്പോൾ പിതാവിന് ഭക്ഷണം കഴിക്കാൻ സാധിക്കാത്തവിധം വളരെയാളുകൾ കാണാൻ വന്നിരുന്ന തിനാൽ താഴെ ഹട്ടിൽചെന്ന് (വളപ്പിന് വെളിയിൽ) അവരെയെല്ലാം കണ്ടു. ദീർഘസമയം കഴിഞ്ഞ് പ്രഭാത ഭക്ഷണം കഴിക്കാൻ വന്നപ്പോൾ (10.30 ന്) സിസ്റ്റേഴ്സ് എല്ലാവരും ചെന്നു. സംഭവവികാസങ്ങൾ അറി യാൻ എല്ലാവർക്കും ആകാംക്ഷ ആയിരുന്നു. പിന്നെ പിതാവ് വിവര ങ്ങളെല്ലാം പറഞ്ഞു.

വലിയ മെത്രാച്ചനുമായി ഞാൻ വളരെ സന്തോഷമായി സംസാ രിച്ചു എന്ന് ആദ്യമായി പിതാവ് പറഞ്ഞു. പിതാവിനെ കണ്ടയുടനെ മെത്രാച്ചൻ

"ആശ്രമവും ഒക്കെവിട്ട് ഇറങ്ങിപ്പോന്നത് എന്താണ്?", എന്ന് ചോദിച്ചു.

പിതാവ് :അങ്ങനെ നിശ്ചയിച്ചതു കൊണ്ട്

മെത്ര : റോമയിൽ പോകുമോ?

പിതാ : റോമയിൽ പോകുന്നില്ല. എന്നാൽ മാർപ്പാപ്പയാകട്ടെ, പാത്രിയർക്കീസാകട്ടെ, തിരുമേനിയാകട്ടെ, എല്ലാവരും യോജിച്ച് ഏകസഭയായി തീരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.

(പിതാവ് ചെന്നയുടനെ മുട്ടിൽമേൽ നിന്ന് തിരുമേനിയുടെ കാൽ മുത്തി. അങ്ങനെ നിന്നപ്പോൾ തിരുമേനി നിർബന്ധിച്ച് ഇരുത്തി യാണ് സംസാരിച്ചത്.

മെത്ര : എന്റെ ജനത്തെ റോമിൽ കൊണ്ടുപോകുമോ?

പിതാ: ദൈവത്തിന്റെ ജനം എന്നു പറയണം. എന്റെ ജനം എന്നല്ല പറയേണ്ടത്. പിന്നെ വേറെയും ചിലതെല്ലാം പറഞ്ഞ ശേഷം പുലിക്കോട്ട് റമ്പാച്ചനെ കാണിച്ചുകൊണ്ട്,

പിതാ : ഈ റമ്പാച്ചനെ 12 വയസ്സുള്ളപ്പോൾ ശെമ്മാശ്ശ പട്ടം കൊടുത്ത ശേഷം കോട്ടയത് പഴയ സെമിനാരിയിൽ വച്ച് പുലിക്കോട്ട്



മെത്രാച്ചൻ കൈയ്ക്ക് പിടിച്ച് എന്റെ കൈയ്യിൽ തന്ന് ഏൽപ്പിച്ചതാണ്. ഇയാളെയാണ് ഞാൻ ഇറക്കിവിടണമെന്ന് കാതോലിക്കാ ബാവാ കല്പന അയച്ചിരുന്നത്. ചേപ്പാട് റമ്പാച്ചനും ഈയാളും താമസിക്കു ന്നതിന് പഴയ സെമിനാരിയിൽ ഒരിടത്തും സൗകര്യമില്ല. രണ്ടുപേരും മലങ്കര മെത്രാപ്പോലിത്താന്മാരുടെ അനന്തരവന്മാരാണ്. അവരെ ഞാൻ ഇറക്കിവിടുകയില്ല. അവർക്കുതന്നെ തോന്നുന്നുവെങ്കിൽ ഇഷ്ടം പോലെ ചെയ്യട്ടെ. ബാവാ തന്നെ അവരുടെ പേർക്ക് കല്പന അയച്ച് വിളിപ്പിച്ചുകൊള്ളണമെന്ന് ഞാൻ മറുപടി അയച്ചു.

ആഗസ്റ്റ് 24 ന് രാവിലെ മാർ ദീവന്ന്യാസ്യോസ് ചാപ്പലിൽ ചെന്നു. ആശ്രമത്തിലെ പതിവനുസരിച്ച് പിതാവ് സംസാരിക്കാതെ നിന്നു. (ബഥ നിയിൽ മൗനപാലനത്തിൽ വളരെയധികം നിഷ്കർഷ ഉണ്ടായിരുന്നു.) മെത്രാച്ചൻ നിർബന്ധിച്ചതിനാൽ പിതാവ് അത്യാവശ്യത്തിന് സംസാ രിച്ചു. ഒടുവിൽ മാർ ദിവന്നാസ്യോസ് പതിവനുസരിച്ച് ചുംബനം നൽകി യാത്ര പറഞ്ഞ് തിരിഞ്ഞു നടന്നു. അദ്ദേഹം വാതുക്കൽ ചെന്നപ്പോൾ പിതാവ് പിറകേ ചെന്ന് ഇരുതോളിലും ഓരോ ചുംബനം കൊടുത്തു.

പിതാവ് ഇങ്ങനെ എല്ലാം വിട്ട് ഇറങ്ങിയതിൽ സങ്കടമാണെന്ന് പറഞ്ഞപ്പോൾ കുറെ സമയം പിതാവ് യാതൊന്നും പറഞ്ഞില്ല. അദ്ദേഹം പറഞ്ഞതിന്റെ ആത്മാർത്ഥതയിൽ പിതാവിന് വിശ്വസം ഉണ്ടായില്ല. എന്നാൽ എനിക്ക് ഇതൊന്നും വേണ്ടാ, മെത്രാച്ചൻ തിരിച്ച് അവിടെ പോയി താമസിക്കണം. എന്ന് ഒന്നുപറയാമായിരുന്നില്ലേ. നാം പോക യില്ല. എങ്കിലും മര്യാദക്ക് അങ്ങിനെ ഒന്നു പറയാമായിരുന്നല്ലോ എന്ന് പിതാവ് സിസ്റ്റേഴ്സിനോട് പറഞ്ഞു.

പിന്നീട് മി. ഇ. ജെ ജോൺ വക്കീലിനെ കാണാൻ തിരുവനന്ത പുരത്ത് പോയതിന്റെ വിവരങ്ങളും സിസ്റ്റേഴ്സിനോട് പറഞ്ഞു. അവർക്കെല്ലാവർക്കും വിവരങ്ങളറിഞ്ഞപ്പോൾ വളരെ സങ്കടമായിരുന്നു. വക്കീലിന്റെ മൂത്തമകൻ കൊച്ചുണ്ണി (മി. ഇ. ജെ കുരുവിള) രണ്ടാമത്തെ മകൻ കുഞ്ഞൂഞ്ഞ് ഇവർക്ക് വളരെ അനുകൂലവും അനുഗമിക്കാൻ ഒരുക്കവുമായിരുന്നു. യാക്കോബായപ്പള്ളി വികാരി ഭൂതക്കുഴിയിൽ ബ. ഏബ്രഹാം അച്ചന് ആളയച്ചു. എങ്കിലും അദ്ദേഹം പിതാവിനെ കാണാൻ ചെന്നില്ല. " I shall come again as a catholic Bishop" എന്നു പറഞ്ഞാണ് പിതാവ് അവരോട് യാത്ര പറഞ്ഞ് പിരിഞ്ഞത്.

ജോൺ വക്കീൽ കൊടുത്ത സ്ഥലത്തിന്റെ ആധാരം തിരികെ

കൊടുക്കാൻ നോക്കീട്ട് ഞാൻ തിരുമേനിക്ക് 'തന്നത് തന്നു' എന്നാണ് വക്കീൽ പറഞ്ഞത്. ആരും അത് വാങ്ങിയില്ല. ഒടുവിൽ ഞാൻ വാങ്ങാം എന്ന് പറഞ്ഞ് മിസ്സിസ് ജോൺ വാങ്ങി. ഇതിനിടെ വട്ടശ്ശേരിയിൽമെത്രാച്ചൻ ഒരു പ്രാവശ്യം പുലിക്കോട്ട് റമ്പാച്ചനോട് മഠത്തിന്റെ വസ്തുക്കളെപ്പറ്റി അന്വേഷണം ചെയ്ത് പലചോദ്യങ്ങൾ ചോദിച്ചു. അവർക്ക് എവിടെ നിന്നാണ് പണം. എല്ലാം സമുദായത്തിന്റേതല്ലേ?എന്നെല്ലാം പറഞ്ഞു. ആ വക കാര്യങ്ങളെ ക്കുറിച്ച് തനിക്ക് യാതൊരു അറിവും ഇല്ലെന്ന് റമ്പാച്ചൻ മറുപടി പറഞ്ഞു ഒഴിഞ്ഞു. ഈ കാര്യം സിസ്റ്റേഴ്സിനോട് പറഞ്ഞപ്പോൾ നിങ്ങളെയല്ല, നിങ്ങളുടെ വസ്തുക്കളാണ് അദ്ദേഹത്തിന് വേണ്ടത്. എന്ന് പിതാവ് പറഞ്ഞു.

ബഥനി മെത്രച്ചന് മതഭ്രാന്താണ്, ഞാൻ അവിടെ ചെന്നപ്പോൾ എന്റെ കാലു മുത്തുന്നു, കൈ മുത്തുന്നു, എന്തെല്ലാം ചെയ്യുന്നു. എന്നും മറ്റും മെത്രാച്ചൻ ഓരോരുത്തരോടും പറയുന്നതായും പിതാവ് സിസ്റ്റേഴ്സിനോട് പറഞ്ഞു. ബഥനി മെത്രാച്ചനെ പിന്തിരിപ്പിക്കാനുള്ള പരിശ്രമങ്ങളെല്ലാം വിഫലമായപ്പോൾ മാർ ദിവന്നാസ്യോസിന് അതിയായ ദുഃഖവും വൈരാഗ്യവും ഉണ്ടായതിൽ അത്ഭുതത്തിന് വഴിയില്ല.

അവസാനമായി 1930 സെപ്റ്റംബർ 20 ന് മാർ ദിവന്നാസ്യോസ് സ്ക്കൂൾ സംബന്ധമായ ആലോചനകൾക്ക് എന്നു പറഞ്ഞ് തിരുമൂല സ്ക്കൂളിൽ വന്നു. സിസ്റ്റേഴ്സിനെ (ബഥനി) കാണാൻ ആവശ്യപ്പെട്ടാൽ എന്തു പറയണമെന്ന് നേരത്തെ പിതാവ് നിർദ്ദേശിച്ചിരുന്നു. മദർ ഈഡിത്തിനേയും സി. ഹെലനേയും അദ്ദേഹം സ്ക്കൂളിലേക്ക് വിളിപ്പിച്ച് രണ്ടു മണിക്കൂറിലധികം സംസാരിച്ചു. അദ്ദേഹം സ്ക്കൂൾ സംബന്ധമായ കാര്യങ്ങൾക്കായി വരുന്നുണ്ടെന്നും ഒരുതരത്തിലും വിഷമിക്കാനില്ലെന്നും തലേദിവസം തന്നെ സി. ഹെലൻ സിസ്റ്റർ സുപ്പീരിയറിനെ ധൈര്യപ്പെടുത്താനായി പറഞ്ഞിരുന്നു. അദ്ദേഹം മഠത്തിൽ വരുകയോ കുറഞ്ഞപക്ഷം സിസ്റ്റേഴ്സിനെ കാണാൻ ആവശ്യപ്പെടുകയോ ചെയ്യുമെന്ന് ചിലർ പ്രതീക്ഷിച്ചുവെങ്കിലും രണ്ടും സംഭവിച്ചില്ല. വരാന്തയിൽ നിന്ന് അദ്ദേഹം മഠത്തിലേക്ക് സൂക്ഷിച്ചു നോക്കുന്നതായി ചിലർ കണ്ടു. അങ്ങനെ അദ്ദേഹവുമായുള്ള ബന്ധം അവസാനിച്ചു. പിതാവിന് അദ്ദേഹത്തോടുണ്ടായിരുന്ന താല്പര്യം മൂലം മാത്രമാണ് ബഥനി സിസ്റ്റേഴ്സിനും താല്പര്യം തോന്നിയത്.



**മാർ ഈവാനിയോസ് മദർ ഈഡിത്തിനോടും സി. ഹെലനോടും യാത്രപറയുന്നു.**

**സെപ്റ്റംബർ 18, 1930**

പിതാവും മാർ തിയോഫിലോസ് തിരുമേനിയും അലക്സാണ്ടർ ശെമ്മാശ്ശനും ഫാ. ജോണും ഒത്ത് കൊല്ലത്തുപോകാൻ തീർച്ചപ്പെടുത്തിയിരുന്ന കാര്യം രഹസ്യത്തിൽ സിസ്റ്റേഴ്സിനോട് പറഞ്ഞശേഷം മദർ ഈഡിത്തിനെ തനിയെ കണ്ടു. സി. ഹെലനേയും കണ്ടു. മദറിന്റെ അടുത്ത് ചെലവഴിച്ച അല്പ സമയം കൊണ്ട് കത്തോലിക്കാപുനരൈക്യം സംബന്ധിച്ച് വളരെയധികം കാര്യങ്ങൾ മദറിനോട് പറഞ്ഞു. പിതാവിന് അനുവദിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളെക്കുറിച്ച് വളരെ താല്പര്യപൂർവ്വം മദർ ചോദിച്ചറിഞ്ഞു. ഓക്സ്ഫോർഡ് മിഷൻ ഫാദേഴ്സിന് അവ അറിയുന്നതിന് താല്പര്യമുണ്ടെന്ന് പ്രത്യേകം പറഞ്ഞു. ഒരു ക്വേക്കർ (Quaker) ആയിരുന്ന വല്ല്യമ്മയിൽ നിന്ന് മദറിന് സ്വതവേ കത്തോലിക്കരോട് ലഭിച്ചിരുന്ന മുൻ വിധികളൊന്നും തന്നെ പ്രദർശിപ്പിക്കാതിരിക്കത്തക്ക സ്വഭാവ സംസ്ക്കാരവും അന്യരുടെ വികാരങ്ങളെക്കുറിച്ചുള്ള വലുതായ കരുതലും മദറിന് ഉണ്ടായിരുന്നു. ഏതെങ്കിലും തിയതി നിശ്ചയിച്ചിട്ടുണ്ടോ എന്ന് മദർ പിതാവിനോട് ചോദിച്ചു. ഒരു തീയതി വിചാരിച്ചുവച്ചിട്ടുണ്ട്. എന്നാൽ അത് ഇപ്പോൾ ആരോടും പറയേണ്ടാ എന്നാണ് അവർ തീരുമാനിച്ചിരിക്കുന്നത് എന്ന് പിതാവ് പറഞ്ഞു.

ഇതുവരെ ചെയ്തിരുന്നതുപോലെ തന്നെ തുടർന്നും സിസ്റ്റേഴ്സിന്റെ പേർക്ക് എഴുതി കൊണ്ടിരിക്കണമെന്നും മുമ്പു ചെയ്തിരുന്നതുപോല തന്നെ ഇനിയും വരണമെന്നും സി. ഹെലനോട് പിതാവ് പറഞ്ഞു.

**ഫാ. അലക്സിയോസ് വന്നു. പക്ഷേ ബഥനി സിസ്റ്റേഴ്സിനെ കണ്ടില്ല**

1930 സെപ്റ്റംബർ 18 ന് ഫാ. അലക്സിയോസ് തിരുമൂലപുരം ആശ്രമത്തിൽ പിതാവിനെ കാണാനായി വന്നു. അദ്ദേഹം സിസ്റ്റർ സുപ്പീരിയറിനും സിസ്റ്റേഴ്സിൽ വേറെ ചിലർക്കുംഅയച്ചിട്ടുള്ള കത്തുകൾ പുനരൈക്യത്തിൽ നിന്ന് അവരെ പിന്തിരിപ്പിക്കാൻ പ്രേരിപ്പിക്കുന്നവയായിരുന്നതിനാൽ ആ കത്തുകൾ സിസ്റ്റേഴ്സിനെ കാണിക്കുവാൻ പിതാവ് വിലക്കിയിരുന്നു. അദ്ദേഹം അവരെ കാണുന്നതിനും പിതാവിന് തൃപ്തി ഇല്ലാഞ്ഞതിനാൽ ആയിരിക്കണം അദ്ദേഹം സിസ്റ്റേ

ഴ്സിനെ കാണാൻ മഠത്തിൽ വന്നില്ല. വരുമെന്ന് അദ്ദേഹം അറിയിച്ചിരുന്നു.

20 ന് ( സെപ്റ്റം. 1930) ഫാ. അലക്സിയോസ് മദർ ഈഡിത്തിനേയും സിസ്റ്റർ ഹെലനേയും കാണാനായി മഠത്തിൽ വന്നത് സന്ധ്യയ്ക്ക് 6 മണിക്കായിരുന്നു. അപ്പോൾ സി. ദനഹാ, സി. സൽഗാ, സി. ബാസിം, കൊച്ചേലിയാമ്മ (നോവിസ്) ഇവർ മദർ ഈഡിത്തിനോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം വന്നു എന്നു കേട്ടയുടനെ അദ്ദേഹത്തിന് ഉപചാരം പറയാൻ പോലും നിൽക്കാതെ അവർ നാലുപേരും സ്ഥലം വിട്ടു. ഫാ. അലക്സിയോസ് മഠാംഗങ്ങൾക്കെല്ലാവർക്കും എത്രയും സ്നേഹിക്കപ്പെട്ട ആബൂനാ (കൊച്ചുപിതാവായതിനാൽ) ഈ പ്രവൃത്തി വളരെ വിചിത്രമായി അവർക്കുതന്നെ തോന്നി. അദ്ദേഹം 22നോ 23 നോ വന്ന് സിസ്റ്റേഴ്സിനെ കണ്ടുകൊള്ളാം അന്ന് കാണാൻ സാധിക്കാഞ്ഞതിൽ ദുഃഖമുണ്ട് എന്ന് പറഞ്ഞതായി കമ്മ്യൂണിറ്റി സമയം മദർ ഈഡിത്ത് സിസ്റ്റേഴ്സിനോട് പറഞ്ഞു. "Commentary on the rule of St. Benedict" അദ്ദേഹത്തിന് കുറെ നാളേക്ക് ഒന്നുകൊടുക്കണമെന്ന് ആഗ്രഹിക്കുന്നതായി മദർ ഈഡിത്ത് പറഞ്ഞു. കൊടുക്കാം എന്ന് സന്തോഷപൂർവ്വം സിസ്റ്റർ സൂപ്പീരിയർ പറഞ്ഞു.

പെരുനാട്ടിൽ നിന്ന് ഇറങ്ങി പോരുമ്പോൾ എന്നത്തേയ്ക്കാണ് പുനരൈക്യപ്പെടുന്നത് എന്ന് ഫാ. അലക്സിയോസ് പിതാവിനോട് ചോദിച്ചപ്പോൾ പിതാവിന്റെ ജന്മദിനത്തോട് അനുബന്ധിച്ചായിരിക്കുമെന്ന് ഒരു സൂചന അദ്ദേഹത്തിനു കൊടുത്തിരുന്നതിനാൽ ആ വിവരം അദ്ദേഹം മൂലം മറ്റുള്ളവർ ഗ്രഹിച്ചിരിക്കണം. ഫാ. അലക്സിയോസ് പുനരൈക്യപ്പെട്ടിരുന്നെങ്കിൽ ബഥനി സ്ഥാപകനും ഫാ. അലക്സിയോസിനു തന്നെയും ബഥനി സിസ്റ്റേഴ്സിന് എല്ലാവർക്കും അത് എത്രയും സന്തോഷമാകുമായിരുന്നു. എന്നാൽ ദൈവകൃപയോടുള്ള സഹകരണം ഓരോ വ്യക്തിയും സ്വതന്ത്രമായി ചെയ്യുന്ന തീരുമാനമല്ലേ.

## ചിരകാല പ്രതീക്ഷകൾ പൂവണിയുന്നു

യാക്കോബായ സഭയിലെ ആചാരനുഷ്ഠാനങ്ങൾ ഭേദപ്പെടുത്താതെ അതായത് ലത്തീൻ സഭയിലോ, കൽദായയിലോ ലയിക്കാതെയുള്ള ഒരു പുനരൈക്യത്തിനായുള്ള പരിശ്രമം പല വർഷങ്ങളായി നടത്തിക്കൊണ്ടിരുന്നത് എത്രത്തോളം വിജയിക്കുമെന്ന് പിതാവിന് തീർച്ചയുണ്ടായിരുന്നില്ല. മുമ്പോട്ടുവച്ച കാൽ പുറകോട്ട് വലിക്കുന്ന ഒരു ഭീരുവായിരുന്നില്ല പിതാവ്. അതിനാൽ ഇങ്ങനെ ഒരു പുനരൈക്യത്തിനായി പരിശ്രമിക്കാൻ അദ്ദേഹത്തോടൊന്നിച്ച് നിന്ന ഓർത്തഡോക്സ് (യാക്കോബായ മെത്രാൻ കക്ഷി) മെത്രാന്മാർ പുറകോട്ട് വലിഞ്ഞ് ഒടുവിൽ പിതാവിന് എതിരായിതന്നെ പ്രചരണങ്ങൾ തുടങ്ങിയിട്ടും പിതാവ് മുമ്പോട്ടുതന്നെ പോയി. യാക്കോബായക്കാർക്ക് ഏകസ്വഭാവമതവിപരീതം ഉണ്ടെന്നു പ്രോട്ടസ്റ്റന്റ് സഭാചരിത്രകാരന്മാർ പോലും മുദ്രകുത്തിയിരുന്നു. വിശ്വാസത്തെ സംബന്ധിച്ച് റോമിൽ നിന്ന് ഒരു ചോദ്യാവലി വന്നതിന് ഉത്തരമെന്ന നിലയിൽ ഒരു പ്രബന്ധം എഴുതി, ഞങ്ങൾ വിശ്വസിക്കുന്നത് ഇതാണ് എന്നുപറഞ്ഞ് റോമിലേക്ക് അയച്ചു. ഒടുവിൽ 1930 ആഗസ്റ്റ് അവസാനം പിതാവ് ആവശ്യപ്പെട്ട വ്യവസ്ഥകൾ അംഗീകരിച്ച് റോമിൽ നിന്ന് കൽപ്പന വന്നു.



1930 സെപ്റ്റംബർ 2 ന് ചങ്ങനാശ്ശേരി ബിഷപ്പ് ജെയിംസ് മാർ കാളാശ്ശേരി തിരുമൂലപുരത്തുവന്നു. പിതാവ് എല്ലാ വിവരങ്ങളും സിസ്റ്റേഴ്സിനോട് തുറന്ന് പറയുക പതിവായിരുന്നു. മദർ ഈഡിത്തും, സിസ്റ്റർ ഹെലനും മഠത്തിൽ ഉണ്ടായതിനാൽ ഈ ദിവസങ്ങളിൽ സിസ്റ്റേഴ്സിനോട് സ്വതന്ത്രമായി സംസാരിക്കാൻ തക്കസ്ഥലം കണ്ടെത്താൻ വിഷമം ഉണ്ടായി. പലപ്പോഴും വളപ്പിന് വെളിയിൽ ഹട്ടിൽ വിളിച്ച് സംഗതികൾ പറഞ്ഞിരുന്നു. ഈ ദിവസം (സെപ്റ്റം 2 ന്) പിതാവ് സിസ്റ്റേഴ്സിനെ ചാപ്പലിലേക്ക് വിളിച്ചു. ചങ്ങനാശ്ശേരി ബിഷപ്പും പിതാവുംകൂടെ കൊല്ലത്ത് ബിഷപ്പ് ബെൻസിഗറിന്റെയടുത്ത് പോകയാണെന്നും അവിടെ വച്ച് പുനരൈക്യത്തിന്റെ തീയതി, സ്ഥലം ഇവ തീർച്ചയാക്കുമെന്നും പറഞ്ഞു. പുനരൈക്യപ്പെടുമ്പോൾ ഉപയോഗിക്കേണ്ട വാചകങ്ങൾ പിതാവ് സിസ്റ്റേഴ്സിനെ വായിപ്പിച്ചുകേൾപ്പിച്ചു. അതേക്കുറിച്ച് ആർക്കും യാതൊരു വിഷമവും തോന്നിയില്ല.

പിന്നീട് സെപ്റ്റംബർ 4 ന് ചങ്ങനാശ്ശേരി ബിഷപ്പ് വീണ്ടും ചില ആലോചനകൾക്കായി വരുന്നതിനാൽ മഠം ചാപ്പൽ അതിനായി ഒരുക്കി. മഠത്തിലെ കസേരകൾ മദർ ഈഡിത്തിന്റെ മുറിയിൽ ആയിരുന്നതിനാൽ പിതാവിന്റെ വേലക്കാരൻ ചാക്കോച്ചേട്ടൻ ആശ്രമത്തിൽ നിന്ന് കസേരകൾ കൊണ്ടുവന്ന് മുന്നപേർക്ക് ഒരുക്കി.( മഠത്തിൽ അന്ന് കസേരകൾ വളരെ കുറവായിരുന്നു. ദാരിദ്ര്യത്തിന്റെ സാക്ഷാൽ അരൂപി ഉണ്ടായിരുന്നു).

രാവിലെ 9. 40 ന് ചങ്ങനാശ്ശേരി ബിഷപ്പ് വന്നു. പിതാവും മാർ തിയോഫിലസ് തിരുമേനിയും അദ്ദേഹത്തോടൊന്നിച്ച് 11.45 വരെ ചാപ്പലിൽ ഇരുന്ന് ആലോചനകൾ നടത്തി. സൗകര്യപ്രദമായ മറ്റ് സ്ഥലം ഇല്ലാതിരുന്നതിനാൽ ഏറ്റം ക്ഷേമമായ സ്ഥലമായി മഠം ചാപ്പലിനെ കരുതി. മറ്റു മനുഷ്യരെക്കാൾ ആശ്രമസ്ഥരെയും ആശ്രമസ്ഥരെക്കാൾ മഠത്തിൽ സിസ്റ്റേഴ്സിനേയും പിതാവ് വിശ്വസിച്ചു.

പുനരൈക്യത്തിന് സമ്മതമുള്ള സിസ്റ്റേഴ്സ് തങ്ങളുടെ സമ്മതം രേഖപ്പെടുത്തി കൊടുക്കണമെന്ന് സിസ്റ്റർ സുപ്പീരിയർ വഴി ഓരോരുത്തരോടും ആവശ്യപ്പെട്ടിരുന്നു. അങ്ങിനെ ഓരോരുത്തരും സമ്മതം രേഖപ്പെടുത്തിയിരുന്നു. സംഗതി പുരോഗമിച്ച് മിക്കവാറും തീർച്ചയായതിനാൽ ഒരു ഉടമ്പടി സിസ്റ്റേഴ്സ് എഴുതി. 1930 സെപ്റ്റംബർ 7 ന് ഉച്ചയ്ക്ക് 1.30 ന് ചാപ്പലിൽ വച്ച് ഓരോരുത്തരായി അതിൽ ഒപ്പിട്ടു. പിന്നീട് കുഴപ്പമെന്നും ഉണ്ടാകാതിരിക്കത്തക്കവണ്ണം ദീർഘ ദൃഷ്ടിയോടെയാണ് പിതാവ് വർത്തിച്ചത്.

പുനരൈക്യത്തിന്റെ തിയതി എന്നായിരിക്കുമെന്ന് സിസ്റ്റേഴ്സ് ചോദിച്ചപ്പോൾ 21 ന് എന്ന് വിചാരിച്ചുകൊള്ളുവിൻ എന്ന് ഫലിതരൂപത്തിൽ പിതാവ് പറഞ്ഞു. എന്നാൽ സംഗതി പരസ്യപ്പെടാതിരിക്കുവാൻ ഇപ്പോൾ തീർച്ചയൊന്നും പറയുന്നില്ല എന്ന് പിതാവ് പറഞ്ഞു. തിയതി അറിഞ്ഞശേഷം വേറെ ആരെങ്കിലും ചോദിച്ചാൽ സിസ്റ്റേഴ്സ് വിഷമത്തിലാകാൻ പിതാവിന് താല്പര്യമില്ലായിരുന്നു. പിന്നീട് ഒടുവിൽ 18-ന് ഇതെക്കുറിച്ച് വീണ്ടും സംസാരിച്ചപ്പോൾ സിസ്റ്റേഴ്സിന്റെ ചോദ്യങ്ങൾക്ക് മറുപടിയായി 20 നാണെന്നു വിചാരിച്ചു കൊള്ളുവിൻ. 21- ന് പിതാവിന്റെ പിറന്നാൾ ദിനം കത്തോലിക്കാ ബിഷപ്പായി വി. കുർബാന ചൊല്ലും എന്ന് എത്രയും രഹസ്യമായി അവരോട് പറഞ്ഞു.

അങ്ങനെ 1930 സെപ്റ്റംബർ 18- ന് മദർ ഈഡിത്തിനോടും സി. ഹെലനോടും ബഥനി സിസ്റ്റേഴ്സിനോടും യാത്ര പറഞ്ഞ് മാർ തിയോഫിലസ് തിരുമേനി ഫാ. ജോൺ, അലക്സാണ്ടർ ശെമ്മാശ്ശൻ ഇവരോടൊന്നിച്ച് പിതാവ് കൊല്ലത്തിന് പോകാൻ തുടങ്ങിയപ്പോൾ കിളിലേത്ത് ചാക്കോച്ചൻ അടുത്തുചെന്ന് അദ്ദേഹംകൂടെ പോരട്ടെയെന്നു ചോദിച്ചു. പിതാവ് സമ്മതിച്ചു. പിതാവിന്റെ വിശ്വസ്ത സേവകൻ ചാക്കോച്ചേട്ടനേയും കൂടെ കൊണ്ടുപോയി. എവിടേക്കാണ് പോയതെന്ന് തീർച്ച പറഞ്ഞാൽ സിസ്റ്റേഴ്സിന് വിഷമം ഉണ്ടാകുമെന്ന് കരുതി അന്ന് രാത്രി നങ്ങ്യാർ കുളത്തേക്കാണ് പോയത്. അവിടെ നിന്ന് രാത്രി വെളുക്കും മുമ്പ് തന്നെ കൊല്ലത്തേക്കു പോയി.



സെപ്റ്റംബർ 19 -ന് വെള്ളിയാഴ്ച അവർ കൊല്ലം അരമനയിൽ എത്തി. സെപ്റ്റംബർ 20- ന് ശനിയാഴ്ച പിതാവും മാർ തിയോഫിലസ് തിരുമേനിയും ഫാ. ജോണും അലക്സാണ്ടർ ശെമ്മാശ്ശനും ഉച്ച കഴിഞ്ഞ് 3 മണി (ഇരുപത്തിരണ്ടര) വരെ ഉപവസിച്ചു. 3 മണികഴിഞ്ഞപ്പോൾ ബൻസിഗർ തിരുമേനി പിതാവിനോട് അന്ന് കത്തോലിക്കാ സഭയിൽ ചേർന്നിട്ട് പിതാവിന്റെ പിറന്നാൾ ദിവസമായ 21- ന് കത്തോലിക്കാ സഭയിൽ ആദ്യമായി വി. കുർബാന ചൊല്ലുകയായിരിക്കും നല്ലതെന്ന് പറഞ്ഞു. അങ്ങനെ പിതാവും മാർ തിയോഫിലസ് തിരുമേനിയും ബൻസിഗർ തിരുമേനിയുടെ മുമ്പാകെ വച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. പിതാവും തിരുമേനിയും ദീർഘമായ ഒരു ഫോർമുലയുമല്ല ഉപയോഗിച്ചത്, എന്നാൽ വിശ്വാസികളുടെയും വൈദീകരുടെയും ഉപയോഗത്തിന് പിതാവ് തന്നെ അവിടെ വച്ച് ഒരു ഫോർമുല ഉണ്ടാക്കി. ബിഷപ്പ് ബൻസിഗർ അച്ചടിച്ചിട്ടുള്ള പലതരത്തിലുള്ള വിശ്വാസപ്രഖ്യാപനങ്ങൾ പിതാവിനെ കാണിച്ചു. ഞാൻ കത്തോലിക്കാ സഭയിൽ വിശ്വസിക്കുന്നു എന്നുമാത്രമുള്ള ഒരു പ്രഖ്യാപനം ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഞങ്ങൾക്ക് ഇതുമതിയെന്ന് പിതാവ് പറഞ്ഞു. അത് മരിക്കാറായ മനുഷ്യർക്ക് വേണ്ടിയുള്ളതാണെന്ന് ബിഷപ്പ് പറഞ്ഞു.

പിതാവിനും മാർ തിയോഫിലസ് തിരുമേനിക്കും പ്രത്യേകിച്ച് ഒരു ഫോർമുല ഉപയോഗിക്കേണ്ടിവന്നില്ല. അവരോട് ചോദിച്ച ചോദ്യങ്ങൾക്ക് അവർ ഉത്തരം നൽകുക മാത്രമാണ് ചെയ്തത്. വിശ്വാസികൾക്കും പട്ടക്കാർക്കും വേണ്ടി ഒടുവിൽ പിതാവും മാർ തിയോഫിലസ് തിരുമേനിയും കൂടെ ഒരു വിശ്വാസപ്രഖ്യാപനം ഉണ്ടാക്കി. അതിൽ ഒരുത്തരേയും ശപിക്കുന്നതായി ഇല്ലായിരുന്നു എന്ന പ്രത്യേകതയുണ്ട്. അതുവരെ സിറോമലബാറുകാരും വിദേശങ്ങളിലും ആളുകളെ കത്തോലിക്കാ സഭയിലേക്ക് ചേർക്കുന്ന ഫോർമുലയിൽ പലരെ ശപിക്കുന്ന വാചകങ്ങൾ ഉണ്ടായിരുന്നു.

### പിതാവ് രൂപീകരിച്ച പ്രഖ്യാപനം

(ഇന്നാർ) ആയ ഞാൻ ഒരു യാക്കോബായക്കാരൻ (രി) ആയി വളർന്നുവെങ്കിലും ഇപ്പോൾ കാതോലിക്കാ സത്യം അറിയുവാൻ

സംഗതി ആയിരിക്കുന്നതിനാൽ വിശുദ്ധവും, കാതോലികവും, ഏകവും, അപ്പൊസ്തോലികവുമായ തിരുസഭ പഠിപ്പിക്കയും വിശ്വസിക്കയും ചെയ്യുന്ന സകലത്തേയും ഞാൻ ഉറപ്പായി വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നു. അവൾ ഉപേക്ഷിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന സകലത്തേയും ഞാൻ തൃജിക്കയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഈ തിരുസഭയ്ക്ക് ഭൂമിയിൽ മിശിഹായുടെ വികാരിയും പരമാദ്ധ്യക്ഷനും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസിന്റെ അനന്തരഗാമിയായ മാർപ്പാപ്പാ ആകുന്നു.

റോമിൽ നിന്ന് കല്പിക്കപ്പെട്ടിട്ടുള്ളതിൽ നിന്ന് അണുമാത്രം വ്യതിചലിക്കാൻ ബിഷപ്പ് ബെൻസിഗറിന് വിഷമമായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ അദ്ദേഹം കുഴങ്ങി. അപ്പോൾ മാവേലിക്കരക്കാരൻ ഫാ. റിബേര അവിടെയെത്തി. ഒരു പക്ഷേ പുനരൈക്യം ആ ദിവസം കണ്ടേക്കുമെന്ന് അറിഞ്ഞായിരിക്കണം അദ്ദേഹം അവിടെ എത്തിയത്. (അദ്ദേഹം മൂലമായിരുന്നു പുനരൈക്യം സംബന്ധിച്ച കത്തുകൾ പിതാവ് റോമിലേക്ക് അയച്ചിരുന്നത്.) പിതാവ് റിബേരാ അച്ചനോട്, ഞാൻ ബിഷപ്പിനോട് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അത് അങ്ങനെ തന്നെ വേണമെന്ന് അദ്ദേഹത്തോട് പറയണം എന്ന് പറഞ്ഞു. അച്ചൻ പലമണിക്കൂറുകൾ ബിഷപ്പിന്റെ അടുക്കൽ ചെലവഴിച്ചു. ചങ്ങനാശ്ശേരി രൂപതയിൽ യാക്കോബായക്കാരുടെ പുനരൈക്യത്തിന് ഉപയോഗിച്ചിരുന്ന വിശ്വാസ പ്രഖ്യാപനം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നത് അച്ചൻ ചൂണ്ടിക്കാണിച്ച് അതേപ്പറ്റി വളരെ പുഛമായി സംസാരിച്ച്, ഇങ്ങനെ കോലാഹലം ഉണ്ടാക്കേണ്ട യാതൊരാവശ്യവും ഇല്ലെന്നു പറഞ്ഞു. റോമിൽ നിന്ന് ബൻസിഗർ ബിഷപ്പിന് ലഭിച്ച കേബിളിൽ 'accept them in the best posible way' എന്നുണ്ടായിരുന്നു. ഒടുവിൽ പിതാവ് നിർദ്ദേശിച്ച ഫോർമുല തന്നെ സ്വീകരിക്കാൻ ആ രാത്രി അദ്ദേഹം തീരുമാനിച്ചു.

### പെട്ടെന്നൊരു നിവേശനം

3 മണിക്ക് പതിവുപോലെ ഇരുപത്തിരണ്ടരയുടെ നമസ്ക്കാരത്തിന് ചാപ്പലിൽ ചെന്നപ്പോഴാണ് തിരുമേനി അഭിപ്രായപ്പെട്ട പ്രകാരം പിതാവും തിയോഫിലസ് തിരുമേനിയും കത്തോലിക്കാ സഭയിൽ ചേർന്നത്. പിന്നീട് അവരെല്ലാവരുകൂടി അരമനയ്ക്കടുത്തുള്ള കടൽപ്പുറത്തേക്ക് പോയി. ചങ്ങനാശ്ശേരി ബിഷപ്പ് ജെയിംസ് മാർ കാളാശ്ശേരി ഇതിനായി കൊല്ലം അരമനയിൽ എത്തിയിരുന്നു. കടൽപ്പുറത്ത് വച്ച് പിതാവിന് പെട്ടെന്നൊരു നിവേശനം ഉണ്ടായി. മെത്രാപ്പോലിത്താ, മെത്രാൻ, പട്ടക്കാരൻ, ശെമ്മാശ്ശൻ, അത്മായൻ ഇത്രയും പേർ ചേർന്നാൽ ഒരു "സഭ", മുഴുവൻ ചേരുമെന്ന്. ബൻസിഗർ തിരുമേനിയോട് ജോണച്ചൻ, അലക്സാണ്ടർ ശെമ്മാശ്ശൻ, കിളിലേത്ത് ചാക്കോ ഇവരെക്കൂടെ അദ്ദേഹം തന്നെ സ്വീകരിക്കണമെന്ന് പിതാവ് പറഞ്ഞു. ഉടനെ തിരികെ അരമനയിൽ ചെന്ന് ചാപ്പലിൽ പ്രവേശിച്ച് അവരെ മൂന്ന്പേരേയും കൂടെ സ്വീകരിച്ചു. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാസഭ അഞ്ച് പേരിൽ അന്ന് അടിസ്ഥാനമിട്ടു. അതായത് 1). മാർ ഈവാനിയോസ് മെത്രാപ്പൊലിത്താ, 2). മാർ തിയോഫിലസ് എപ്പിസ്ക്കോപ്പാ, 3) ഫാ. ജോൺ ഒ. ഐ. സി, 4). അലക്സാണ്ടർ ശെമ്മാശ്ശൻ, 5). കിളിലേത്ത് ചാക്കോ

ഇതിൽ ആദ്യത്തെ നാലുപേരും ബഥനി സന്യാസ സമൂഹാംഗങ്ങളായിരുന്നതിനാൽ മലങ്കര സുറിയാനികത്തോലിക്കരെ പൊതുവായി- പ്രത്യേകിച്ച് പഴേസുറിയാനിക്കാർ, ബഥനിക്കാർ എന്ന് വിളിച്ചുവന്നു. യാക്കോബായക്കാരും അങ്ങിനെ തന്നെ വിളിച്ചു.

### ബഥനി സിസ്റ്റേഴ്സ് ഒന്നടങ്കം പുനരൈക്യപ്പെടുന്നു.

**1930 സെപ്റ്റംബർ 22**

സെപ്റ്റംബർ 21-ന് രാത്രി സിസ്റ്റേഴ്സ് മദർ ഈഡിത്തിനേയും സി. ഹെലനേയും യാത്ര അയച്ചതിനുശേഷം കിടക്കാൻ പോകുന്നതിനു മുമ്പ് പിതാവും കൊച്ചു തിരുമേനിയും മറ്റും ആശ്രമത്തിൽ എത്തിയതായി അറിഞ്ഞു. 22 തിങ്കളാഴ്ച രാവിലെ പിതാവ് ജോണച്ചനോടൊന്നിച്ച് ചാപ്പലിൽ വന്നു. പതിവുള്ള ലുത്തിനിയ കഴിഞ്ഞശേഷം സിസ്റ്റേഴ്സിനോട് ഒരു ചെറിയ ഉപദേശം പറഞ്ഞു. പുനരൈക്യത്തിന്റെ പ്രതിജ്ഞാ വാചകം ഇംഗ്ലീഷിലും മലയാളത്തിലും എല്ലാവരേയും വായിച്ചുകേൾപ്പിച്ചു. പിന്നീട് പിതാവ് സി. ഹെലന്റെ കെട്ടിടത്തിലേക്ക് പോയി. സിസ്റ്റേഴ്സിനെ ഒരോരുത്തരായി വിളിച്ച് കണ്ടു. ഒരുത്തരേയും നിർബന്ധിച്ചില്ല. എല്ലാവരുടേയും സഹകരണം ലഭിക്കതക്കവിധം നേരത്തെ തന്നെ എല്ലാം അവരോട് തുറന്നു പറയുന്നുണ്ടായിരുന്നതിനാൽ അവർ ഒരുങ്ങിയിരുന്നു. എങ്കിലും പോകുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെന്ന് ഓരോരുത്തരോടും പറഞ്ഞു.

സിസ്റ്റർ സുപ്പീരിയറും, സി.ഹൂബായും അധിക സമയം എടുത്തില്ല. കത്തോലിക്കാ സഭയുടെ ഉപദേശങ്ങളെയും, അവർക്ക് അരോ

ചകമായി തോന്നിയിരുന്ന ചില അനുഷ്ഠാനങ്ങളെയും എല്ലാം കവിഞ്ഞ് പിതാവിൽ അവർക്ക് പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു. അദ്ദേഹം യാതൊരു തെറ്റിലേക്കും തന്റെ മക്കളെ കൊണ്ടുചാടിക്കില്ല എന്ന വിശ്വസം എല്ലാ മുൻവിധികളേയും ജയിക്കാൻ അവരെ സഹായിച്ചു.

സി. ഹൂബായും സി. സൽഗായും വളരെക്കാലമായി കാത്തലിക്ക് എൻസൈക്ലോപിഡിയായിൽ നിന്ന് വിവാദ വിഷയങ്ങളെക്കുറിച്ച് പഠിക്കുകയും ഇടയ്ക്കിടെ പിതാവിനോട് നേരിട്ട് ചോദിച്ച് അവരുടെ സംശയങ്ങൾക്ക് നിവാരണം വരുത്തുകയും ചെയ്തിരുന്നുവെങ്കിലും സി. ദനഹാ ദീർഘനേരം ചില തർക്കങ്ങൾ ഉന്നയിച്ചു. അടുത്തയാൾ കാത്തിരുന്ന് മുഷിഞ്ഞു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനോടുണ്ടായിരുന്ന ബന്ധവും സ്വതസിദ്ധമായുണ്ടായിരുന്ന തർക്കമനോഭാവവും സന്യാസജീവിതത്തോടും താൻ ചേർന്നിരിക്കുന്ന ബഥനിയോടും ഉണ്ടായിരുന്ന ബന്ധത്തിൻ മുമ്പിൽ പരാജയമടഞ്ഞു. സി. ദനഹാ പിതാവിനോട് ഇങ്ങനെ സംശയനിവാരണം വരുത്തിയെങ്കിലും മറ്റുള്ളവരുടെ അടുക്കൽ മറിച്ചായിരുന്നു. കത്തോലിക്കാ പുനരൈക്യത്തിനുവേണ്ടി സ്ക്കൂൾ കുട്ടികളോടും സംശയനിവാരണത്തിനായി തുടരെ വന്നിരുന്ന ബഥനി സ്നേഹിതരോടും ഈ രണ്ടു വ്യക്തികളും വാദിക്കുന്നുണ്ടായിരുന്നു.

വന്ദ്യ പിതാവ്, ഇങ്ങനെ സിസ്റ്റേഴ്സിനെയും, നോവീസായിരുന്ന കൊച്ചേലിയാമ്മ, പോസ്റ്റുലൻസ് ആയിരുന്ന മറിയാമ്മ ഈപ്പൻ, അന്നമ്മ ഐപ്പ് ഇവരെ ഓരോരുത്തരായി വിളിച്ച് കണ്ടു സംസാരിച്ചു. ആർക്കെങ്കിലും സമ്മതമില്ലെങ്കിൽ തിരിച്ചുപോകാമെന്ന് പറഞ്ഞു. എന്നാൽ എല്ലാവർക്കും അനുകൂലമുണ്ടാകുന്ന സാഹചര്യങ്ങൾ നേരത്തേ പിതാവ് വിവേകപൂർവ്വം സൃഷ്ടിച്ചിരുന്നു. ഒടുവിൽ അടുക്കളയിൽ സിസ്റ്റർ സുപ്പീരിയറിന്റെ ഭക്ഷണം, വ്യക്തിപരമായ ആവശ്യങ്ങൾ ഇവയിൽ പ്രത്യേകം ശ്രദ്ധവച്ചിരുന്ന പുതുപ്പള്ളിക്കാരി മാർത്തായേയും പിതാവ് വിളിച്ചുകണ്ടു. ഓമല്ലൂർകാരി ശോശ വന്നിട്ട് അധികംനാൾ കഴിഞ്ഞിരുന്നില്ല. അതിനാൽ ശലോമി എന്നുപേരുമാറ്റി മഠത്തിൽ വിളിച്ച ശോശയും കാട്ടൂർക്കാരി റ്റി. വി ശോശാമ്മയും ഉടനെ ചേരണ്ട എന്ന് പിതാവ് തീരുമാനിച്ചു.

എല്ലാവരേയും കണ്ട് തനിച്ചു സംസാരിച്ചശേഷം പിതാവ് ചാപ്പലിലേക്ക് മടങ്ങിവന്ന് ആദ്യമായി സിസ്റ്റേഴ്സിനെ രണ്ടുവരിയായി നിറു



ത്തി. പിതാവ് ചൊല്ലിത്തന്ന പുനരൈക്യത്തിന്റെ വാചകം ആവർത്തിച്ച് ചൊല്ലണമെന്ന് ആർക്കും നിശ്ചയമില്ലാതിരുന്നതിനാൽ അല്പനേരം എല്ലാവരും അങ്ങനെ മൗനമായി നിന്നു. കേട്ടു നിന്നാൽ മതിയെന്ന് ധരിച്ചുപോയി. എല്ലാവരുംകൂടെ ഉച്ചത്തിൽ ചൊല്ലാൻ പിതാവ് നിർദ്ദേശിച്ചപ്പോൾ എല്ലാവരുംകൂടി ഒന്നിച്ച് ചൊല്ലി. ആദ്യം ഏഴ് സിസ്റ്റേഴ്സ് വാചകം ചൊല്ലിയ ശേഷം ഓരോരുത്തരായി വി. വേദപുസ്തകം മുത്തി. പിന്നീട് നോവിസസ്, പോസ്റ്റുലൻസ്, മാർത്താ ഇവരും അങ്ങിനെ ചെയ്തു. അതിനുശേഷം പിതാവ് വി. കുർ ബാന ചൊല്ലി. അങ്ങനെ ആദ്യ അഞ്ചുപേർക്ക് ശേഷം പുനരൈക്യപ്പെട്ടത് ബഥനി മഠത്തിലെ അംഗങ്ങൾ ഒന്നടങ്കം ആയിരുന്നു എന്നത് സ്മരണീയമാണ് ഒരാളെങ്കിലും മാറി നിന്നിരുന്നെങ്കിൽ ബഥനി മഠത്തിന്റെ മാത്രമല്ല പുനരൈക്യ ചരിത്രത്തിലും കാര്യമായ വ്യതിയാനം ഉണ്ടാകുമായിരുന്നു. മഠാംഗങ്ങൾ ഒന്നടങ്കം പുനരൈക്യപ്പെട്ടതിനാൽ ആശ്രമത്തിൽ സംഭവിച്ചതുപോലെ മഠം വിട്ട് ഇറങ്ങി പോകേണ്ടതായി വന്നില്ല. പുനരൈക്യപ്പെട്ട സിസ്റ്റേഴ്സിനെ അവരുടെ മഠത്തിൽ നിന്ന് ഇറക്കിവിടാൻ കാംക്ഷിച്ചിരുന്ന ചിലർ ഉണ്ടായിരുന്നു.

**ആശ്രമസ്ഥരെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നു**

മഠത്തിൽ എല്ലാവരേയും കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ച ശേഷം പിതാവ് വെണ്ണിക്കുളത്ത് ആശ്രമസ്ഥർ താമസിച്ചിരുന്നിടത്തേക്ക് പോയി. ബർസ്ക്കീപ്പാഅച്ചൻ ഒഴികെ അവിടെ ഉണ്ടായിരുന്ന ആശ്രമസ്ഥരെയെല്ലാം കത്തോലിക്കാ സഭയിലേയ്ക്ക് ചേർത്തു. ഫാ. അലക്സിയോസ് അദ്ദേഹത്തെ (ബർസ്ക്കീപാ അച്ചനെ) വശത്താക്കാൻ ചെയ്ത ശ്രമത്തിന് ഏറെക്കുറെ അധീനപ്പെട്ടിരുന്നതിനാലോ എന്തോ അദ്ദേഹം സുഖക്കേട് ഭാവിച്ച് കിടപ്പായി. പിതാവ് വെണ്ണിക്കുളത്ത് പോകുന്നതിന് മുമ്പുതന്നെ ബ. പുലിക്കോട്ട് ജോസഫ് റമ്പാച്ചനെ കത്തോലിക്കാ സഭയിൽ ചേർത്തതിനാൽ മഠത്തിൽ വി. കുർബാനയ്ക്ക് മുടക്കമുണ്ടായില്ല.

**തിരുമൂല സ്ക്കൂൾ ടീച്ചേഴ്സ് സിസ്റ്റേഴ്സിന്റെ സഹായം തേടുന്നു**

Doctrine Lessons ഇതുവരെ സി. സൽഗായാണ് സ്ക്കൂളിൽ എടുത്തിരുന്നത്. അത് സംബന്ധിച്ചുവേണ്ട നിർദ്ദേശങ്ങൾക്കായി സ്ക്കൂളിലെ ടീച്ചേഴ്സ് മഠത്തിൽ വന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ചു.

### കുട്ടികൾക്ക് മുടക്ക്

ഇതുവരെ ഏതുസമയവും സ്വതന്ത്ര്യമായി ഏകസ്ഥാപനം എന്നപോലെ മഠത്തിൽ വരികയും സിസ്റ്റേഴ്സ് അവർക്ക് വേണ്ട എന്തുസഹായവും ചെയ്യുകയും പതിവായിരുന്നു. ബഥനിക്കാർ റോമായിൽ ചേർന്നു എന്നു പരസ്യമായപ്പോൾ കുട്ടികൾ സ്വല്പം അകലെ സ്ക്കൂൾ പറമ്പിന്റെ അതിർത്തിയിൽ വന്നുനിന്നു. സിസ്റ്റേഴ്സിനെ നോക്കി നിൽക്കുന്നത് കണ്ട് ഒരു സിസ്റ്റർ വന്ന് ചേദിച്ചപ്പോൾ അവർ ആരും സിസ്റ്റേഴ്സിന്റെ അടുത്ത് വരികയോ അവരോട് സംസാരിക്കുകയോ ചെയ്യരുതെന്ന് സ്ക്കൂൾ മുഴുവനേയും വിളിച്ചുകൂട്ടി മിസ് ബ്രൂക്ക്സ്മിത്ത് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. നാല് ദിവസങ്ങൾക്ക് ശേഷം സെപ്റ്റംബർ 28- ന് സിസ്റ്റർ ദനഹായുടെ അനുജത്തിമാർ (ഇരട്ടകൾ) സിസ്റ്റേഴ്സിനെ കാണാൻ സ്ക്കൂളിൽ നിന്ന് വന്നപ്പോൾ മാർ ദിവന്നാസ്യോസ് മെത്രാച്ചന്റെ (വട്ടശ്ശരിൽ) അടുക്കൽ കുട്ടികളെ മഠത്തിൽ വരുന്നതിനോ സിസ്റ്റേഴ്സിനോട് സംസാരിക്കുന്നതിനോ സമ്മതിക്കില്ല എന്ന് മിസ്സ് ബ്രൂക്ക്സ്സ്മിത്ത് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും, സിസ്റ്റേഴ്സ് അവർക്ക് വളരെ സഹായമായിട്ടുണ്ട്, സിസ്റ്റേഴ്സിനോട് എല്ലാവരും കരുണയായി വർത്തിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കണം എന്നും മറ്റുംഅവർ കുട്ടികളെ എല്ലാവരേയും വിളിച്ചുകൂട്ടി പറഞ്ഞതായി പറഞ്ഞു.

### കെട്ടിടം കൈവശം ആക്കാനുള്ള വേറൊരു തന്ത്രം

സി. ഹെലനും കൂടെയുള്ള സിസ്റ്ററിനും താമസിക്കാനായി മദർ ഈഡിത്ത് ചെലവുചെയ്ത് പണിയിച്ചിരുന്ന കെട്ടിടം കൈവശമാക്കാനുള്ള ഒരു ശ്രമം പരാജയപ്പെട്ടതുകൊണ്ട് അവർക്ക് തൃപ്തിയായില്ല. മദർ ഈഡിത്തും സി. ഹെലനും പോകുന്നതിന് മുമ്പ് ഫാ.അലക്സിയോസ്, വട്ടശ്ശേരിൽ മെത്രാച്ചൻ, മിസ്സ് ബ്രൂക്ക്സ്മിത്ത് ഇവർ ഇതേക്കുറിച്ച് എന്തെങ്കിലും മദറിനോട് സംസാരിച്ചു, കാണണം. പക്ഷേ അതൊന്നും വെളിപ്പെട്ടിട്ടില്ല. ഒടുവിൽ ബ്രൂക്ക് സ്മിത്ത് ഒരു അവസാന പരിശ്രമം നടത്തി.

1930 സെപ്റ്റംബർ 25-ന് സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം സിസ്റ്റേഴ്സ് ഭക്തിവായനനടത്തികൊണ്ടിരിക്കുമ്പോൾ മിസ്സ് ബ്രൂക്ക്സ്മിത്ത് മഠത്തിൽ വന്ന് അവർക്ക് രണ്ട് വിസിറ്റേഴ്സ് വരുന്നു.



അവരുടെ താമസത്തിനായി സി. ഹെലന്റെ കെട്ടിടം ഒന്ന് കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ഈ വിവരം ഒരു സിസ്റ്ററിനോടാണ് പറഞ്ഞത്. ആ സിസ്റ്റർ അത് സിസ്റ്റർ സുപ്പീരിയറിനെ അറിയിച്ചു. ഇങ്ങനെയുള്ള തന്ത്രങ്ങളെക്കുറിച്ചൊന്നും സിസ്റ്റേഴ്സിന് അന്ന് അറിഞ്ഞുകൂടായിരുന്നു. അത് സാധ്യമല്ലാ എന്ന് സിസ്റ്റർ സുപ്പീരിയർ തീർത്തു പറഞ്ഞു. അങ്ങനെ ആ പരിശ്രമം അവസാനിച്ചു. മിസ്സ് ബ്രൂക്ക്സ്മിത്തിന്റെ പ്രതീക്ഷക്ക് നേരെ വിരുദ്ധമായിരുന്നു ഈ മറുപടി. അവർ വല്ലാതെ വിളറി. ഓൾ റൈറ്റ് എന്ന് പറഞ്ഞ് വേഗം സ്ഥലം വിട്ടു. ഇത്രയും ബുദ്ധിയായി സിസ്റ്റർ സുപ്പീരിയർ വർത്തിക്കുമെന്ന് ഈ നയത്തിന്റെ പുറകിലുള്ളവർ ആരും കരുതിയില്ല.

### എറണാകുളം സെന്റ് തെരേസാസിലെ മദർ ജനറലിന്റെ സന്ദർശനം

ബഥനിക്കാർ ഒന്നടങ്കം പുനരൈക്യപ്പെട്ട വിവരങ്ങൾ അറിഞ്ഞ് എറണാകുളം സെന്റ് തെരേസാസിലെ കർമ്മലീത്താ മഠത്തിന്റെ മദർ ജനറലും അവരുടെ കോട്ടയം മഠത്തിലെ അഞ്ച് സിസ്റ്റേഴ്സും കൂടെ 1930 ഒക്ടോബർ 4-ന് മഠത്തിൽ (തിരുമൂല) വന്നു. വെള്ളാപ്പള്ളി വക്കീലിന്റെ കാറിൽ അദ്ദേഹത്തിന്റെ മകളെക്കൂട്ടി അദ്ദേഹമാണ് അവരെ ഇങ്ങോട്ട് പറഞ്ഞയച്ചത്. ചാപ്പലിൽ കൊണ്ടുപോയ ശേഷം സിറ്റിംങ്ങ് റൂമിൽ വച്ച് അവരോട് സംസാരിച്ചശേഷം നോവിഷ്യേറ്റ് മന്ദിരം കൊണ്ടു കാണിച്ചു. എല്ലാം എത്രയും ചെറുതും ലളിതവുമായി അവർക്ക് അനുഭവപ്പെട്ടിരിക്കണം. ഒടുവിൽ സുറിയാനി രീതിയിൽ "കൈകസൂരി", കൊടുത്ത് അവർക്ക് യാത്ര പറഞ്ഞു.

പിതാവും മാർ തിയോഫിലസ് തിരുമേനിയും എറണാകുളം, വരാപ്പുഴ ആർച്ച് ബിഷപ്പുമാരെയും തൃശൂർ ബിഷപ്പിനേയും സന്ദർശിക്കാൻ പോയതിനാൽ 1930 ഒക്ടോബർ ആദ്യ ദിവസങ്ങളിൽ സിസ്റ്റേഴ്സിന് വി. കുർബാന അനുഭവിക്കാൻ സാധിച്ചില്ല. വടക്കോട്ടുള്ള യാത്രയെ തുടർന്ന് കോട്ടാർ ബിഷപ്പിന്റെ മെത്രാഭിഷേകകർമ്മത്തിൽ സംബന്ധിക്കാനായി അവർ കോട്ടാറേക്കം പോയതിനാൽ ഇങ്ങനെ പലദിവസങ്ങൾ കഴിയേണ്ടി വന്നു. കോട്ടാറേക്കുള്ള യാത്രാമദ്ധ്യേയും വേറെ പല യാത്രകളിലും ഈ കാലത്ത് യാക്കോബായക്കാർ പിതാവിനേയും തിരുമേനിയേയും അപായപ്പെടുത്തുന്നതിനും മാർഗ്ഗതടസ്സം ഉണ്ടാക്കുന്നതിനും പലശ്രമങ്ങൾ ചെയ്തിരുന്നത് പിതാവ് തിരിച്ച് മഠത്തിൽ എത്തുമ്പോൾ സിസ്റ്റേഴ്സിനോട് പറയുക പതിവായിരുന്നു.

ആദ്യ കാലങ്ങളിൽ പുനരൈക്യത്തോടും അതിന്റെ ഓരോ ചല നത്തോടും ബഥനിക്ക് അഭേദ്യമായ ബന്ധമാണ് ഉണ്ടായിരുന്നത്. അന്നത്തെ പുനരൈക്യചരിത്രം ബഥനിയുടെ തന്നെ ചരിത്രമായിരുന്നു. പിതാവിന്റെ എല്ലാ ക്ലേശങ്ങളിലും വിഷമങ്ങളിലും സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയും സഹതാപവും അദ്ദേഹത്തിന് ഏറ്റം വലിയ സഹായവും ആശ്വാസവും ആയിരുന്നു. പുനരൈക്യ ആലോചനകളുടെ ആരംഭം മുതൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ സിസ്റ്റേഴ്സിനെ അറിയിച്ച് അവരുടെ പ്രാർത്ഥനയും സഹകരണവും പിതാവ് തേടുകയും ചെയ്തി രുന്നു. ആശ്രമസ്ഥരിൽ പലരോടും ഇതുപോലെതന്നെ പിതാവ് തന്റെ ഹൃദയരഹസ്യങ്ങൾ പറയുന്നുണ്ടായിരുന്നു. ആ മഹാനായ വ്യക്തിക്ക് പോലും തന്നെ സ്നേഹിക്കുന്നവരുടെ സഹതാപവും സഹകരണവും അത്യാവശ്യമായിരുന്നു. ആ കാലങ്ങളിൽ ബഥനി, പ്രത്യേകിച്ച് മഠവും അതിന്റെ അഭിവൃദ്ധിയും പിതാവിന്റെ ഹൃദയത്തിൽ പ്രഥമ സ്ഥാനം പിടിച്ചിരുന്നു. പുനരൈക്യപ്പെട്ടവരെ ആദ്യകാലങ്ങളിൽ ബഥനിക്കാർ എന്ന് പൊതുവായി വിളിച്ചുവന്നു. പുനരൈക്യപ്പെട്ടവരുടെ പള്ളികളെ ബഥനി പള്ളികൾ എന്നു വളരെ വർഷങ്ങൾക്കുശേഷവും വിളിച്ചുവന്നു.

**വി. കുർബാന അനുഭവിക്കാൻ മുട്ടുകുത്താൻ നിർദ്ദേശം**

യാക്കോബായ സഭയിലുണ്ടായിരുന്ന ആചാരനുഷ്ഠാനങ്ങ ളൊന്നും മാറ്റാതെ പാലിച്ചുകൊണ്ടുപോകണമെന്ന് പുനരൈക്യസമയം പിതാവിന് നിർബന്ധമുണ്ടായിരുന്നു. അതിനുള്ള അനുമതി ലഭിച്ചിരു ന്നു. എന്നാൽ പുനരൈക്യശേഷം കത്തോലിക്കരുമായി ഇടപഴകിയ പ്പോൾ ലത്തിൻകത്തോലിക്കരും സുറിയാനികത്തോലിക്കരും ചെയ്യുന്ന ചില ആചാരങ്ങൾ കൂടുതൽ ഭക്തി വർദ്ധനയ്ക്കുപകരിക്കുമെന്ന് പിതാ വിന് തോന്നിത്തുടങ്ങി. ലത്തീൻ ആചാരങ്ങൾ പഴയസുറിയാനി കത്തോലിക്കരുടെ ഇടയിലും അനേക വർഷങ്ങളായി നടപ്പിലായിരു ന്നതിനാൽ കത്തോലിക്കനായി ജീവിക്കുന്നതിന് അവയെല്ലാം ആവ ശ്യമെന്ന് ഒരു ധാരണ പുനരൈക്യപ്പെട്ട പലർക്കും കാലക്രമത്തിൽ ഉണ്ടായി. യാതൊരു ആചാരവും മാറ്റുകയില്ലായെന്ന് ആരംഭത്തിൽ ഉറ പ്പിച്ചുപറഞ്ഞ പിതാക്കന്മാർക്ക് ഇരുവർക്കും ഇങ്ങനെ ഒരു വ്യത്യാസ മുണ്ടായി.

അങ്ങനെ മുൻപതിവനുസരിച്ച് നിന്നുകൊണ്ട് വി. കുർബാന അനുഭവച്ചിരുന്ന സിസ്റ്റേഴ്സ് മേലിൽ മദ്ബഹായുടെ മുമ്പിൽ മുട്ടു



കുത്തി നിന്ന് വി. കുർബാന അനുഭവിക്കണമെന്ന് 1930 ഒക്ടോ. 10 -ന് പിതാവ് കൽപ്പിച്ചു. എറണാകുളം, വരാപ്പുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം, കോട്ടാർ ആദിയായ സ്ഥലങ്ങളിലെ കത്തോലിക്കരുടെ രീതിയും ഭക്തിയുമെല്ലാം കണ്ടപ്പോൾ ഉണ്ടായ മതിപ്പാണ് അതുവരെ മുറുകെപിടിച്ചിരുന്ന ചില ആചാരങ്ങൾക്ക് വ്യതിയാനം വരുത്തുവാൻ പിതാവിന് പ്രേരണ ആയത്.

എന്നാൽ പിന്നീട് ഡബ്ളിൻ യൂക്കരിസ്റ്റിക് കോൺഗ്രസിന് പോകുകയും ചില കിഴക്കൻ പുനരൈക്യപ്പെട്ടവരുമായി സമ്പർക്കമു ണ്ടാകയും, റോമിലെ മനസ്ഥിതി ഗ്രഹിക്കുകയും ചെയ്തപ്പോൾ എല്ലാം പഴയപടി പോകണമെന്ന് പിതാവ് ആഗ്രഹിച്ചു. പക്ഷേ മുട്ടുകുത്ത് ഏറെ ക്കുറെ പതിവായി തീർന്നു. പലവർഷങ്ങൾക്ക് ശേഷം മുട്ടുകുത്തണ്ടാ എന്ന് വന്നപ്പോൾ അത് സംബന്ധിച്ച് വളരെയധികം അസ്വസ്തത കളുണ്ടാകത്തക്കവണ്ണം ഈ പതിവ് തുടർന്നു. വത്തിക്കാൻ കൗൺസിൽ രണ്ടിന് മുമ്പുതന്നെ പലസ്ഥലങ്ങളിലും മുട്ടുകുത്ത് നിലച്ചിരുന്നു. ഇട ക്കാലത്ത് ഉണ്ടാക്കിയ പതിവനുസരിച്ച് വി. കുർബാനയുടെ Consecration, Elevation & last procession എന്നീ മൂന്ന് പ്രധാന അവസരങ്ങളിലും മുട്ടുകുത്തുന്ന ഏർപ്പാടുണ്ടായി. സമ്പർക്കം, സാഹ ചര്യങ്ങൾ ഇവ അനുസരിച്ച് മനസ്സറിയാതെ ആശയങ്ങളും ആചാര ങ്ങളും വ്യത്യാസപ്പെട്ടു. മുട്ടുകുത്തുന്നതിൽ പലർക്കും ഏതോ കൂടു തൽ ഭക്തി തോന്നുകയും കത്തോലിക്കത്വം തന്നെ അങ്ങിനെയൊക്കെ യുള്ള ആചാരങ്ങളിലടങ്ങിയിട്ടുണ്ട് എന്നൊരു പ്രതീതി ചിലർക്കുണ്ടാ കാതിരുന്നുമില്ല. പൗരസ്ത്യ ആചാരങ്ങൾ മാറ്റേണ്ടതില്ല എന്ന ചിന്താ ഗതി കുറെക്കഴിഞ്ഞാണ് വീണ്ടും പ്രബലപ്പെട്ടത്.

**കോട്ടയത്തേക്കൊരു ക്ഷണം**

കോട്ടയം ബിഷപ്പായിരുന്ന അലക്സാണ്ടർ മാർ ചൂളപ്പറമ്പിൽ രണ്ടുമൂന്ന് പ്രാവശ്യം അദ്ദേഹത്തിന്റെ വൈദീകരിൽ ചിലരെ തിരുമൂല പുരത്തേക്കയച്ചു. 1930 ഒക്ടോബർ അവസാന ഞായറാഴ്ച കോട്ട യത്തെ ക്രിസ്തുരാജത്വതിരുനാളിൽ സംബന്ധിക്കാൻ പിതാവും മാർ തിയോഫിലസ് തിരുമേനിയും ചെല്ലണമെന്ന് നിർബന്ധപൂർവ്വം ക്ഷണി ച്ചു. ബഥനിസിസ്റ്റേഴ്സ് കൂടെ ചെല്ലണമെന്ന് അദ്ദേഹം വളരെ താൽപ ര്യമായി എഴുതി. (ഒക്. 17) പോകുന്നതിന് പ്രത്യേകിച്ച് സിസ്റ്റർ സുപ്പീ രിയറിന് താൽപര്യമില്ലായിരുന്നു. ചെല്ലണമെന്നുള്ള ചൂളപ്പറമ്പിൽ തിരു

മേനിയുടെ ഹൃദയപൂർവ്വകമായ ആഗ്രഹത്തെ നിരസിക്കാൻ പിതാവിന് വൈഷമ്യമുണ്ടായി. വന്ന അച്ചന്മാർക്കും അതുപോലതന്നെ താൽപര്യമുണ്ടായിരുന്നു. അവർ തിരുമേനിയുടെ കത്ത് സിസ്റ്റേഴ്സിനെ വായിച്ചു കേൾപ്പിച്ചു. സിസ്റ്റേഴ്സ് പോകണമെന്ന് പിതാവ് താല്പര്യപ്പെട്ടു. ഒടുവിൽ സിസ്റ്റേഴ്സ് ചെല്ലാമെന്ന് പറഞ്ഞപ്പോൾ ആ വൈദീകർക്ക് വളരെ സന്തോഷമായി. ഇവരിൽ ഒരാൾ കുറെ നാളുകൾക്ക് മുമ്പ് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ഫാ. നെടിഞ്ചിറയിൽ ആയിരുന്നു.

ഇങ്ങനെ തിരുമേനിമാരും സിസ്റ്റേഴ്സും ചെല്ലുമെന്നറിഞ്ഞതിനാൽ അതീവ സന്തുഷ്ടനായി ചൂളപ്പറമ്പിൽ അലക്സാണ്ടർ തിരുമേനി 1930 ഒക്ടോബർ 25-ന് ശനിയാഴ്ച രണ്ടുമണിക്ക് ആശ്രമത്തിൽ വന്നു. (തിരുമൂലപുരം) അവിടെ നിന്ന് പിതാവിനോടൊന്നിച്ച് മഠത്തിലേക്ക് വന്നു. അദ്ദേഹം മഠത്തിലേക്ക് ആദ്യമായിട്ടുവരികയായതിനാൽ മണിയടിച്ചു. എല്ലാവരും ചാപ്പലിൽ എത്തി വ. പിതാവ് ലുത്തിനിയാ ചൊല്ലി. അല്പം കഴിഞ്ഞപ്പോൾ മാർ തിയോഫിലോസ് തിരുമേനിയും ചേപ്പാട് പിലിപ്പോസ് റമ്പാച്ചനും വന്നു ചേർന്നു. പിതാക്കന്മാരേയും സിസ്റ്റേഴ്സിനേയും മറ്റും കോട്ടയത്തേക്ക് ഉടൻ തന്നെ തിരുമേനി കൂട്ടികൊണ്ടുപോയി. തിരുവല്ലായിലോ ചങ്ങനാശ്ശേരിയിലോ വച്ച് ആളുകൾ (യാക്കോബായക്കാർ) വല്ല കുഴപ്പങ്ങളും ഉണ്ടാക്കുമോ എന്ന സംശയത്താൽ പിതാക്കന്മാർ പോയിരുന്ന കാറുകൾ സിസ്റ്റേഴ്സിന്റെ കാഴ്ചയിൽ നിന്നു മറയാതെ സാവകാശത്തിൽ ആണ് വിട്ടത്.

### ഏറ്റം ഹൃദ്യമായ സ്വീകരണം

കോട്ടയത്ത് എത്തിയപ്പോൾ ബ. ഫിലിപ്പ് കാമിച്ചേരിൽ അച്ചൻ സിസ്റ്റേഴ്സിനെ സെന്റ് ആൻസ് ഹൈസ്ക്കുളിന് അപ്പുറത്തായുള്ള മഠത്തിലേക്ക് കുട്ടികൊണ്ടുപോയി. അവിടെ ഏറ്റവും സ്നേഹ സമ്പൂർണ്ണവുമായ ഒരു സ്വീകരണമായിരുന്നു. മദർ ക്ലാര കോട്ടയം ഡിസ്ട്രിക് ആശുപതിരിയിൽ ജോലി ചെയ്യുന്ന ആളായിരുന്നു. അന്ന് മദർ ഉച്ചക്ക് ശേഷം അവധിയെടുത്തു. മാക്കിൽ മെത്രാച്ചന്റെ സഹോദര പുത്രിയായ ഒരു സിസ്റ്റർ ജീൻ ആണ് എല്ലാവരേക്കാൾ കൂടുതൽ സംസാരിച്ചത്. അവരുടെ സംസാരരീതിയും, പാശ്ചാത്യഅനുകരണവും പ്രാർത്ഥന ചൊല്ലുന്നതിലുള്ള കിണുക്കവും വി. കുർബാന സമയം കൊന്ത ചൊല്ലുന്നതും, കുളിമുറിയിൽ പോകുന്നതിനുപോലും ജൂനിയർസിസ്റ്റേഴ്സ് മുട്ടുകുത്തി അനുവാദം ചോദിക്കുന്നതും എല്ലാം വളരെ പുതുമയായി.ബഥനി സിസ്റ്റേഴ്സിന് അനുഭവപ്പെട്ടു. ബാരിസോളിലേ ആംഗ്ലേയസിസ്റ്റേഴ്സ് ഇന്ത്യൻ ജീവിതത്തോട് പൊരുത്തപ്പെടാൻ ചെയ്ത ശ്രമവും അവരുടെ ജീവത ലാളിത്യവും അനുഭവപ്പെട്ടിരുന്നതിനാൽ നാട്ടുകാരായ ഈ സിസ്റ്റേഴ്സിന്റെ പാശ്ചാത്യഅനുകരണം വിചിത്രമായി ബഥനി സിസ്റ്റേഴ്സിന് തോന്നാതിരുന്നില്ല. ഇതേപ്പറ്റി ആരോ സംസാരിക്കാതെയുമിരുന്നില്ല. ലത്തീൻകാരായ സിസ്റ്റേഴ്സിനേക്കാൾ അവർ കുറഞ്ഞവരായി കാണപ്പെടുവാൻ ചൂളപ്പറമ്പിൽ തിരുമേനിക്ക് ഇഷ്ടമില്ലാത്തതിനാൽ ആണ് പാശ്ചാത്യഅനുകരണം എന്ന് അവർ വ്യക്തമാക്കി.



പിറ്റേദിവസം രാവിലെ സിസ്റ്റേഴ്സിന്റെ ചാപ്പലിൽ വി. കുർബാന സ്വീകരിക്കണമെന്നും, ചൂളപ്പറമ്പിൽ തിരുമേനിയുടെ അനുമതി ലഭിച്ചിട്ടുമാത്രമേ കോട്ടയത്തുനിന്ന് പോകാവു എന്നും ആ രാത്രി പിതാവ് അറിയിച്ചു. സിസ്റ്റേഴ്സിന്റേയും കോട്ടയം പിതാവിന്റേയും പെരുമാറ്റത്തിൽ ഉണ്ടായിരുന്ന ഹൃദയപൂർവ്വമായ സ്നേഹം ബഥനി സിസ്റ്റേഴ്സിനെ അത്യധികം സ്പർശിച്ചു.

### ബഥനിക്കാർ പങ്കെടുത്ത ആദ്യത്തെ വി. കുർബാനയുടെ പ്രദിക്ഷണം

അന്നത്തെ രാജത്വതിരുനാൾ (1930) ഒക്ടോ. 26-ന് ഞായറാഴ്ച ആയിരുന്നു. സെന്റ് ആൻസ് സിസ്റ്റേഴ്സിനോടൊന്നിച്ച് ബഥനി സിസ്റ്റേഴ്സ് “നല്ലഇടയന്റെ”, ലത്തീൻ പള്ളിയിലേക്ക് പോയി. ആ പള്ളി അക്കാലത്ത് അത്ര വലുതല്ലായിരുന്നു. പള്ളി തിങ്ങി ആളുണ്ടായിരുന്നതിനാൽ അകത്തുകടക്കാൻ നിവർത്തിയില്ലാതെ പെരുമഴയത്ത് വെളിയിൽ കാത്തുനിന്നു. വി. കുർബാനയുടെ പ്രദക്ഷിണത്തിന് സിസ്റ്റേഴ്സ് റോഡിന്റെ ഇരുവശത്തുമായി ആദ്യം അണിനിരന്നുപോയി. ലത്തീൻ കർമ്മലീത്താ മഠത്തിൽ നിന്നുള്ള കുട്ടികൾ മനോഹരമായ ഗീതങ്ങൾ ആലപിച്ചു. ഇടയ്ക്ക് ലത്തീൻ കർമ്മലീത്താ മഠത്തിന്റേയും സെന്റ് ആൻസ് സ്ക്കൂളിന്റേയും മുൻവശത്ത് വാഴ്വ് നൽകാൻ സജീകരണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ മഴകലശലായതുകൊണ്ട് അത് രണ്ടും കൂടാതെ കടന്നുപോയി. ഒടുവിൽ ചൂളപ്പറമ്പിൽ തിരുമേനിയുടെ ചാപ്പൽ അങ്കണത്തിൽ എത്തി. അവിടം ജനനിബിഢമായിരുന്നു. ബഥനിക്കാരുടെ സാന്നിദ്ധ്യം യാക്കോബായക്കാരെ കൂടെ ആകർഷിച്ചു അവരുടെ

കൂടുതലായ സാന്നിദ്ധ്യം തിക്കലിന് കാരണമായി. കത്തോലിക്കർക്ക് ബഥനിക്കാരെ കിട്ടിയതിലുള്ള സന്തോഷം എത്രത്തോളമോ അത്രത്തോളം യാക്കോബക്കാർക്ക് നൈരാശ്യവും ദു:ഖവും ഉണ്ടായിരുന്നു. ബഥനിയുടെ മാർ ഈവാനിയോസ് പിതാവ് വി. കുർബാനയുടെ വാഴ്വ് നൽകുകയും തുടർന്ന് പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് ബഥനിയുടെ മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പായുടെ വി. കുർബാന നടന്നു. ജനബാഹുല്യം നിമിത്തം സിസ്റ്റേഴ്സിന് യാതൊന്നും കാണാൻ നിവർത്തിയില്ലായിരുന്നു. തിരുമേനിയുടെ സ്വരം വളരെ നേരിയ വിധം മാത്രം കേൾക്കാനേ കഴിഞ്ഞുള്ളുവെങ്കിലും പണിപ്പെട്ട് പ്രതിവാക്യങ്ങൾ ചൊല്ലുവാൻ സിസ്റ്റേഴ്സിന് സാധിച്ചു. കടന്നുപോകുമ്പോൾ വഴിനീളെ ആളുകൾ ബഥനി സിസ്റ്റേഴ്സിനെക്കുറിച്ച് ധാരാളം റിമാർക്ക് പറയുന്നത് കേൾക്കാമായിരുന്നു. കോട്ടയത്ത് അവർ പുതുമയായിരുന്നു എന്നുമാത്രമല്ല, യാക്കോബായക്കാർക്ക് അവരുടെ സന്നിദ്ധ്യം വേദനാ ജനകമായിരുന്നു.

വാഴ്വിന് ശേഷം ചൂളപ്പറമ്പിൽ തിരുമേനിയുടെ സന്ദർശന മുറിയിൽ എത്തി. അദ്ദേഹം പിതാവുമൊത്ത് ആ മുറിയിൽ വന്നപ്പോൾ വലിയ ജനക്കൂട്ടം വരാന്തയിലും മറ്റും നിന്ന് അകത്തേക്ക് എത്തിനോക്കിയത് പിതാവിന് അത്ര തൃപ്തിയായില്ല. കതകടയ്ക്കാൻ പിതാവ് തിരുമേനിയോട് പറഞ്ഞു. സെന്റ് ആൻസിലേയും മറ്റുമഠങ്ങളിലേയും വിസിറ്റേഷൻ സിസ്റ്റേഴ്സും ലത്തീൻ കർമ്മലീത്താ സിസ്റ്റേഴ്സും പിതാവിനേയും ഞങ്ങളേയും സ്വീകരിക്കാനായി അവിടെ ഉണ്ടായിരുന്നു.

അവിടെ മേശപ്പുറത്ത് വച്ചിരുന്ന ഒരു പൂക്കൂട എടുത്ത് കാണിച്ചുകൊണ്ട് വന്ദ്യ പിതാവ് സാരസമ്പൂർണ്ണവും അവസരോചിതവുമായ ഒരു പ്രസംഗം ചെയ്തു. ബഥനി സിസ്റ്റേഴ്സിനുവേണ്ടി അവരെല്ലാവരും പ്രാർത്ഥിക്കണമെന്നും പിതാവ് അവരോട് ആവശ്യപ്പെട്ടു. ബിഷപ്പും സിസ്റ്റേഴ്സുമായുള്ള വർത്തമാന രീതി വളരെയധികം സ്വാതന്ത്ര്യമുണ്ടെന്ന് നമ്മുടെ സിസ്റ്റേഴ്സിന് തോന്നി.

**കോട്ടയത്തെ ലത്തീൻ കർമ്മലീത്താ മഠ സന്ദർശനം**

ഒക്ടോബർ 26 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് നാട്ടാശ്ശേരിയിലുള്ള വിസിറ്റേഷൻ നോവീഷ്യേറ്റിലേക്ക് സി. ജീൻ എന്നു പേരായ സിസ്റ്ററിനോടും നോവീസ് മിസ്ട്രസ്സ് ആയിരുന്ന സി. ജെർമ്മനായോടും കൂടെ പോകുന്നവഴിക്ക് ലത്തീൻ കർമ്മലീത്താ മഠത്തിൽ കയറി. ആ കാലത്ത് ലത്തീൻ കർമ്മലീത്താ മഠം കോട്ടയത്ത് വളരെ അധ:പതനാവസ്ഥ



യിൽ ആയിരുന്നു. ചൂളപ്പറമ്പിൽ മെത്രാച്ചന്റെ അരമന കുറെ നാൾ മുമ്പ് അവരുടെ സ്ക്കൂൾ ആയിരുന്നു. അത് അദ്ദേഹത്തിന് വിൽക്കേണ്ടതായി വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന മദറോ പ്രായമുള്ള സിസ്റ്റേഴ്സോ ഒക്കെ സന്യാസം പരിത്യജിച്ച് പൊയ്ക്കളഞ്ഞിരുന്നു. അക്കൂട്ടത്തിൽ പോകാതെ നിന്ന ഒരു "പഴയമ്മ", അന്ന് അവിടെ ഉണ്ടായിരുന്നു. അവർക്ക് അന്ന് ഒരു അനാഥശാലയും കഞ്ഞിക്കുഴിയിൽ ഒരു പ്രൈമറി സ്ക്കൂളും ഉണ്ടായിരുന്നു. അനാഥക്കുട്ടികളെ ഞങ്ങളെ കാണിച്ചു. അവർ ശ്രുതിമധുരമായി പാടി. പിന്നീട് അവരുടെ ചാപ്പലും ഭക്ഷണമുറിയും കിടപ്പുമുറി ഇവയും കടലാസിൽ ഉണ്ടാക്കിയ മനോഹരമായ പൂക്കളും ബഥനി സിസ്റ്റേഴ്സിന് കാണിച്ചുതന്നു. കടലാസ് പൂക്കൾ ആദ്യമായി കാണുക ആയിരുന്നതിനാൽ അവ അവർക്ക് കൗതുകകരമായി തോന്നി.

**വെള്ളരിങ്ങാട്ടച്ചനെ കണ്ടുമുട്ടുന്നു**

ചങ്ങനാശ്ശേരി രൂപത വക പെറ്റിസെമിനാരി നടത്തിക്കൊണ്ടിരുന്ന ഒരു താടിയുള്ള അച്ചനെ കർമ്മലീത്താ മഠത്തിൽ വച്ച് അവർ (ബഥനി സിസ്റ്റേഴ്സ്) കണ്ടു. അദ്ദേഹത്തിന് ബഥനിക്കാരെ കണ്ടതിൽ വലുതായ സന്തോഷമുണ്ടായി. ഹൃദയവിശാലതയുള്ള ഒരാളെന്നു അദ്ദേഹത്തെക്കുറിച്ച് അവർക്ക് തോന്നി. പിൽക്കാലത്ത് അദ്ദേഹം തിരുവല്ലാ രൂപതയ്ക്ക് വേണ്ടി പെറ്റി സെമിനാരി നടത്താനായി വന്ന് സേവനം ചെയ്തു. പിന്നീട് അദ്ദേഹം തിരുവല്ലാ രൂപതയിൽ നിന്ന് വിട്ടുമാറി മിഷൻ സ്ഥലങ്ങളിലേക്കുവേണ്ടി ഒരു സെമിനാരി നടത്തി.

**നല്ലിടയൻ പള്ളി സന്ദർശനം**

ആ കാലത്ത് സെപയിൻകാരായ കർമ്മലീത്തരുടെ ഒരു ആശ്രമം നല്ലിടയന്റെ പള്ളിക്കു സമീപമായി ഉണ്ടായിരുന്നു. കോട്ടയത്തെ ലത്തീൻകേന്ദ്രമായിരുന്നു ആ പള്ളി. അത്രവലിയ പ്രാധാന്യം അതിനുമുണ്ടായിരുന്നുമില്ല. വിസിറ്റേഷൻ സിസ്റ്റേഴ്സിനോടൊന്നിച്ച് എല്ലാവരും ആ പള്ളി സന്ദർശിച്ചു. "മൂപ്പച്ചന്മാർ", എന്ന് അവിടങ്ങളിൽ കർമ്മലീത്താ സന്യാസികളായ വിദേശികളെ വിളിച്ചിരുന്നു. അവർക്ക് ഞങ്ങളെ കാണണമെന്ന് പറഞ്ഞതിനാൽ വരാന്തയിൽ കുറെ സമയം കാത്തുനിന്നു.

**മൂപ്പച്ചന്മാരെ കാണുന്നു**

അങ്ങനെ കുറെ സമയം കാത്തുനിന്നതിനുശേഷം രണ്ടു ബ.

വൈദീകർ വന്നു. ഒരാൾ തവിട്ട്നിറത്തിലും ഒരാൾ വെള്ളനിറത്തിലുമുള്ള ഉടുപ്പ് ധരിച്ചിരുന്നു. ഒരേ സമൂഹത്തിൽ രണ്ടു നിറത്തിലുള്ള വേഷം ധരിക്കുന്നത് ബഥനിക്കാർക്ക് പുതുമയായിട്ടാണ് അനുഭവപ്പെട്ടത്. അവരിൽ മൂപ്പൻ മലയാളത്തിൽ സംസാരിച്ചു. സിസ്റ്റർ ഹെലന്റെ മലയാള ഉച്ചാരണം അതിനേക്കാൾ എത്രയോ മെച്ചമായി തോന്നി. അദ്ദേഹം ഓരോരുത്തർക്കും വി. കൊച്ചുത്രേസ്യായുടെ ഒരു മെഡലും, മലയാളത്തിൽ അച്ചടിച്ചിട്ടുള്ള വി. കൊച്ചുത്രേസ്യായുടെ ഒരു ജീവചരിത്രം സിസ്റ്റർ സുപ്പീരിയറിനും തന്നു.

അവിടെ നിന്നും പോകുമ്പോൾ ഒരു മഴ ഉണ്ടായതുകൊണ്ട് വികാരി അച്ചന്റെ കെട്ടിടത്തിൽ കയറി. അദ്ദേഹവും വളരെ സന്തോഷമായി പെരുമാറി. അപ്പോൾ വി.കുർബാനയുടെ വാഴ്വിന് സമയമായതിനാൽ ഞങ്ങൾ പള്ളിയിൽ എത്തി വാഴ്വിൽ സംബന്ധിച്ചു.

**നാട്ടാശ്ശേരി നോവിഷ്യറ്റു മഠത്തിൽ**

വഴിനീളെയുള്ള വലിയ മഴയും നനഞ്ഞ് ഞങ്ങൾ നാട്ടാശ്ശേരി മഠത്തിൽ എത്തി. അവിടുത്തെ നോവീസ്സസ്സിനെല്ലാം വളരെ സന്തോഷമായി. അവരുടെ ഉടുപ്പുകൾ ഇട്ടിട്ട് നനഞ്ഞതെല്ലാം മാറി ഉണക്കാൻ അവർ വളരെ നിർബന്ധിച്ചു.

**ബഥനിക്കാർ വിസിറ്റേഷൻ വേഷത്തിൽ**

നനഞ്ഞൊലിക്കുന്ന ഉടുപ്പുകൾ മാറ്റി ധരിക്കാൻ വേറെ ഒന്നും കൊണ്ടുവന്നിട്ടില്ലാതിരുന്നതിനാൽ ഒടുവിൽ എല്ലാവരും അന്നത്തേക്ക് വിസിറ്റേഷൻ ഉടുപ്പുകൾ ധരിച്ചു. സ്വന്തം ഉടുപ്പുകൾ വൃത്തിയാക്കി ഉണക്കി. അവരുടെ കപ്പൂസും വെയിലും എല്ലാം ധരിച്ചു. ബഥനിസിസ്റ്റേഴ്സ് ചെന്നതിലുള്ള സന്തോഷംമൂലം അന്ന് നോവീസ്സസ്സിന് പൂർണ്ണമായ ഉല്ലാസവും സ്വാതന്ത്ര്യവും കൊടുത്തു. എത്രയും സന്തോഷമായി അവർ ഞങ്ങളോട് സംസാരിച്ചു. അന്നുരാത്രി നാട്ടാശ്ശേരിനോവിഷ്യേറ്റ് മന്ദിരത്തിൽ താമസിച്ചു. മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോൾ പിതാവിനുണ്ടായ സന്തോഷം കോട്ടയം പിതാവിന്റേയും സിസ്റ്റേഴ്സിന്റേയും പെരുമാറ്റങ്ങളിൽ എല്ലാം തെളിഞ്ഞു കാണുന്നുണ്ടായിരുന്നു.

പിറ്റെ ദിവസം അതായത് ഒക്ടോബർ 27-ന് ഒമ്പതുമണി നേരത്തെ നമസ്ക്കാരത്തിന് വിസിറ്റേഷൻ നോവീസ്സസും സിസ്റ്റേഴ്സും ഞങ്ങളോടുകൂടെ സംബന്ധിച്ചു. അവർക്ക് ക്ലാസ്സ് തുടങ്ങും മുമ്പ് ഞങ്ങൾ യാത്രപറഞ്ഞു. നോവിസ്മിസ്ട്രസായിരുന്ന സി.ജെർമ്മാനായും



സിസ്റ്റർ ജീനും ഒന്നിച്ച് തിരുഹൃദയക്കുന്നിലുള്ള ഹൈസ്ക്കൂൾ, ആശ്രമം ആദിയായ സ്ഥാപനങ്ങൾ കാണാനായി പോയി. സെമിനാരി റെക്ടർ ഫാ. മാത്യൂസ് വളരെ മര്യാദയും ലോഹ്യവുമുള്ള ഒരു ചെറുപ്പക്കാരൻ ഞങ്ങളെ എല്ലാം കൊണ്ടുകാണിച്ചു.

**തിരിച്ചു കോട്ടയത്ത് എത്തിയപ്പോൾ**

ബഥനി സിസ്റ്റേഴ്സ് കോട്ടയത്ത് എത്തിയ വിവരം അറിഞ്ഞ് അവരോട് ചാർച്ചയും സ്നേഹവുമുള്ള ചില വ്യക്തികൾ ഒന്നിലധികം പ്രാവശ്യം അവരെ സന്ദർശിച്ച് അവരുടെ "റോമാ", ബന്ധത്തിൽ തങ്ങൾക്കുള്ള അമർഷത്തേയും ദുഃഖത്തേയും അറിയിക്കാതിരുന്നില്ല. അക്കൂട്ടത്തിൽ വേങ്കടത്ത് അലക്സന്ത്രയോസ് കത്തനാരുടെ മകൻ കുഞ്ഞും, പോളച്ചിറയ്ക്കൽ കൊച്ചീപ്പൻതരകന്റെ മകൾ അന്നമ്മ, അദ്ദേഹത്തിന്റെ സഹോദരപൗത്രൻ ഉണ്ണിക്കുഞ്ഞ് എന്നുവിളിക്കപ്പെട്ടിരുന്ന പി. സി. ചെറിയാൻ ഇവർ ഉണ്ടായിരുന്നു. ഉണ്ണിക്കുഞ്ഞ് രണ്ടുദിവസം സി. ഹൂബാ, സി. സൾഗാ എന്നവരെ വന്നുകണ്ട് വളരെയധികം നേരം അവർ യാക്കോബായ സഭയെ ഉപേക്ഷിച്ചുപോയതിനെ കുറിച്ച് സംസാരിച്ചു. അവരുടെ ഈ സഭാമാറ്റം ഉണ്ണിക്കുഞ്ഞിനെ അത്യധികം വേദനപ്പെടുത്തിയിരുന്നു.

ഈ ഉണ്ണിക്കുഞ്ഞ് പിൽക്കാലത്ത് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുമെന്നും തിരുവല്ലാ രൂപതയുടെ മാർ അത്തനാസ്യോസ് ആയി തീരുമെന്നും അന്ന് അവർക്ക് അറിയാമായിരുന്നെങ്കിൽ ഇരുകൂട്ടരും അത്രയധികം വേദനപ്പെടുകയില്ലായിരുന്നു. ഒരു സൺഡേസ്ക്കൂൾ വിദ്യാർത്ഥിയായി തിരുമൂലപുരം മഠത്തിൽ പഠിച്ചിരുന്ന കാലം മുതൽ ഉണ്ണിക്കുഞ്ഞ് സിസ്റ്റേഴ്സിനോടും സിസ്റ്റേഴ്സിന് ഉണ്ണിക്കുഞ്ഞിനോടും പ്രത്യേക സ്നേഹവാത്സല്യങ്ങൾ ഉണ്ടായിരുന്നു. കോട്ടയത്തെ യാക്കോബായക്കാർക്ക് റോമാക്കാരേ പൊതുവേ പുച്ഛമായിരുന്നതുകൊണ്ട് അന്നമ്മയ്ക്കും ഉണ്ണിക്കുഞ്ഞിനും കൂടുതൽ വിഷമം ഉണ്ടായി.

**കോട്ടയത്തുനിന്നുള്ള മടക്കയാത്ര**

1930 ഒക്ടോബർ 28-ന് ചൊവ്വാഴ്ച രാവിലെ ചൂളപ്പറമ്പിൽ തിരുമേനിയുടെ ചാപ്പലിൽ വി. കുർബാനയ്ക്കു പോയി. തിരികെ മഠത്തിൽ പോകുമെന്ന് വിചാരിച്ചതിനാൽ വിസിറ്റേഷൻ സിസ്റ്റേഴ്സിനോട് യാത്ര പറയാൻ സാധിച്ചില്ല. തിരുമേനിയോട് യാത്ര പറയാൻ ചെന്നപ്പോഴേക്ക് മടങ്ങിപോകാനുള്ള ബസ്സ് വന്നതിനാൽ സിസ്റ്റേഴ്സിനോട് യാത്ര പറ

യാതെ പോരേണ്ടിവന്നു. വിസിറ്റേഷൻ സിസ്റ്റേഴ്സിൽ നാലുപേർ ഞങ്ങളെ അനുയാത്ര ചെയ്തു. ഫാ. കാമിച്ചേരിൽ കൂടെ വന്നു. തിരുമേനി കുറെ പുസ്തകങ്ങളും പടങ്ങളും സമ്മാനിച്ചതുകൂടാതെ അങ്ങു ചെന്നിട്ടേ തുറക്കാവൂ എന്ന് പറഞ്ഞ് ഒരു കവർ സിസ്റ്റർ സുപ്പീരിയറിനെ ഏൽപ്പിക്കുകയും ചെയ്തു. വിസിറ്റേഷൻ മഠത്തിൽ നിന്ന് കുറെ തേങ്ങാ, ഏത്തയ്ക്കാ ഇവയെല്ലാം ബസ്സിൽ കൊടുത്തയച്ചു.

മടങ്ങിവരുന്ന വഴിക്ക് ക്നാനായരുടേതായി കറ്റോട്ടുള്ള പള്ളിയിൽ കയറിയശേഷം മഠത്തിൽ തിരിച്ചെത്തി. ഉച്ചകഴിഞ്ഞ് 3.30-ന് ശേഷം കോട്ടയത്തുനിന്ന് അകമ്പടിയായി വന്ന നാല് സിസ്റ്റേഴ്സും തിരികെ പോയി.

**ഈ കോട്ടയം പരിപാടിയിൽ മദർ ഈഡിത്തും സി. ഹെലനും ദുഃഖിച്ചു.**

ആഴ്ചതോറും സി. ഹെലന് എഴുതുന്ന പതിവനുസരിച്ച് കോട്ടയത്തെ വി. കുർബാനയുടെ പ്രദക്ഷണത്തെയും മറ്റും കുറിച്ച് സിസ്റ്റേഴ്സ് സി. ഹെലന് എഴുതി. ആ പ്രദക്ഷണത്തിൽ അവർ സംബന്ധിക്കേണ്ടി വന്നതിൽ മദർ ഈഡിത്തും സി. ഹെലനും ദു:ഖമാണ് എന്ന് സി. ഹെലൻ മറുപടി എഴുതി.

**മഠത്തിൽ അനുദിന വി.കുർബാന**

ഞായറാഴ്ച ദിവസങ്ങളിൽ സിസ്റ്റേഴ്സ് തിരുമൂല ആശ്രമ ചാപ്പലിൽ വി. കുർബാനയ്ക്കു പോയിരുന്നു. മറ്റു ദിവസങ്ങളിൽ പിതാവ് തിരുമൂല ആശ്രമത്തിൽ ഉള്ളപ്പോഴെല്ലാം പിതാവ് തന്നെ മഠത്തിൽ വന്ന് വി. കുർബാന ചൊല്ലുകയും അദ്ധ്യായനവും ഉപദേശവും നൽകുകയും, കുമ്പസാരം കേൾക്കുകയും ചെയ്തിരുന്നു. പിതാവ് അവിടെ ഇല്ലാതെ വരുന്ന അവസരങ്ങളിൽ പുലിക്കോട് റമ്പാച്ചൻ പലപ്പോഴും വന്ന് വി. കുർബാന ചൊല്ലിയിരുന്നു. ചുരുക്കമായി സൗകര്യപ്പെടുമ്പോൾ ആശ്രമത്തിലെ ഏബ്രഹാം അച്ചൻ മുതലായവരും വന്നിരുന്നു.

**സി. ഹൂബാ ഒരു കുട്ടിക്ക് തലതൊട്ടമ്മയാകുന്നു**

1930 നവംബർ 10 ന് പിതാവ് മഠത്തിൽ വി. കുർബാന ചൊല്ലാൻ കാപ്പയിട്ട് കഴിഞ്ഞപ്പോൾ ചാക്കോച്ചേട്ടൻ വന്ന് എന്തോ പറഞ്ഞു. വി. കുർബാന ആശ്രമത്തിൽ ആണെന്ന് പറഞ്ഞ് പിതാവ് പോയി. എല്ലാവരും അങ്ങോട്ട് വി. കുർബാനയ്ക്കുപോയി. പിതാവും പിലിപ്പോസ് റമ്പാച്ചനും ഒന്നിച്ച് വിശുദ്ധ കുർബാന ചൊല്ലി. ഒരു പെൺകുഞ്ഞിനെ മാമോദീസായ്ക്ക് കൊണ്ടുവന്നിരുന്നു. അതിന്റെ മാതാപിതാക്കളെ ആദ്യമായി കത്തോലിക്കാസഭയിലേക്ക് ചേർത്തു. അപ്പൻ കുറെ നാളായി മുറയ്ക്കു പള്ളിയിൽ വന്നുകൊണ്ടിരുന്ന ഒരാൾ (ചെറിയാൻ) ആണെന്ന് അറിഞ്ഞു. കുട്ടിക്ക് തലതൊടാൻ ആരുമില്ലാത്തതിനാൽ സി. ഹൂബാ അതിന്റെ തലതൊട്ടമ്മയായി. ഈ കുട്ടി വളർന്ന ശേഷം തിരുവല്ലാ മഠത്തിൽ ചേർന്നു വ്രതാനുഷ്ടാനം ചെയ്തു.



**തിരുവല്ലായിലെ കുപ്രചരണങ്ങളും എതിർപ്പുകളും**

ബഥനിക്കാരുടെ പുനരൈക്യത്തേയും മറ്റു യാക്കോബായക്കാരെപ്പോലെ തിരുവല്ലാ യാക്കോബായക്കാരെയും പ്രകോപിപ്പിച്ചു. മാർ തിയോഫിലോസ് തിരുമേനിയും ചില അച്ചന്മാരും തിരുവല്ലായിൽ കുറെ കാലമായി താമസിച്ചിരുന്നതിനാലും പിതാവ് സിസ്റ്റേഴ്സിന്റെ പരിശീലനത്തിൽ സഹായിക്കുന്നതിനും തിരുമൂല ബാലികാമഠത്തിനുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനുമായി പലപ്പോഴും തിരുമൂലപുരത്ത് താമസിച്ചിരുന്നതിനാലും തിരുവല്ലക്കാരുടെ എതിർപ്പ് കൂടുതൽ രൂക്ഷതരമായിരുന്നു.

**ഫാ. ഏബ്രഹാമിനോട്**

സെപ്റ്റംബർ 20 ലെ പുനരൈക്യശേഷം തിരുവല്ലായിൽ താമസിച്ചിരുന്ന ബ. ഏബ്രഹാം അച്ചനോട് അവർ വളരെ മോശമായി പെരുമാറുകയും സംസാരിക്കുകയും ചെയ്തു. ശരിയായ ആഹാരം ഇല്ലാതെയും അത്യാവശ്യത്തിനുപോലും പണം ഇല്ലാതെയും അദ്ദേഹം കഷ്ടപ്പെട്ടു. ബഥനിയോട് വളരെ കൂറുണ്ടായിരുന്ന പോളിച്ചിറയ്ക്കൽ കുഞ്ഞുനൈനാൻ വക്കീലിന്റെ വീട്ടിലെ കുട്ടികൾ ഒരു ദിവസം സന്ധ്യ കഴിഞ്ഞ് അച്ചനെ കാണാൻ ചെന്നപ്പോൾ അത്താഴത്തിന് വേറെ യാതൊന്നും ഇല്ലാഞ്ഞതിനാൽ അച്ചൻ തേങ്ങാ തിന്നുകൊണ്ടിരിക്കുന്നത് അവർ കണ്ടു. കുട്ടികൾ വീട്ടിലേക്ക് ഓടിചെന്നു അവരുടെ അമ്മയോട് പറഞ്ഞു. ബഥനിയോട് അത്യധികം സ്നേഹമുണ്ടായിരുന്ന ആ നല്ല സ്ത്രീ ഉടനെ അച്ചന് ചോറും കറിയും എല്ലാം കൊടുത്തയച്ചു. അനേകം ദിവസങ്ങൾ അച്ചൻ പട്ടിണി കിടക്കാൻ ഇടയായിട്ടുണ്ടെന്ന് ആ കുട്ടികൾ സാക്ഷീകരിച്ചു.

**ഫാ. യോബിന്റെ നേരെ**

വലിയ വലിയ വിദ്യാഭ്യസവും സാമർത്ഥ്യവും ഇല്ലാത്ത ലളിത മനസ്സായിരുന്നു ജോബച്ചനെ കുടുക്കിലാക്കാൻ തിരുവല്ലായിലെ ചില അഭ്യസ്ഥവിദ്യർ പരിശ്രമിച്ചു. ഒരിക്കൽ ഒരു എം. എ ക്കാരൻ യോബച്ചനോട് എതിരിട്ട് വാദമുഖങ്ങൾ കൊണ്ട് പാവം അച്ചനെ പരാജയപ്പെടുത്തി വശത്താക്കാൻ ശ്രമിച്ചു. പാവം അച്ചൻ വിയർത്തു പോയി. പക്ഷേ കത്തോലിക്കാ സഭയിലുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തെ ഉലയ്ക്കുവാൻ ആ ബുദ്ധിരാക്ഷസൻ എന്ന് അഭിമാനിച്ച മനുഷ്യന് സാധിച്ചില്ല. യോബച്ചൻ ആശ്രമ ജീവിതം ഉപേക്ഷിച്ച് വീട്ടിൽ പോകാൻ സമ്മതിച്ചു എന്നും മറ്റും തിരുവല്ലായിലെ മനുഷ്യർ പറഞ്ഞുപരത്തി. അച്ചനെ സ്നേഹിച്ചവർ ഇതേപ്പറ്റി ചോദിച്ചപ്പോൾ അത് വെറും വ്യാജ പ്രചരണമാണെന്ന് അച്ചൻ പറഞ്ഞു.

**ബന്തിങ്ങായോടുള്ള വിരോധം**

റോമാക്കാർ ബന്തിങ്ങാ ധരിക്കുന്നതിനെക്കുറിച്ച് യാക്കോബായക്കാർക്ക് വലുതായ വെറുപ്പായിരുന്നു. അതിനെ അധിക്ഷേപിക്കുന്നത് അവർക്ക് രസമായിരുന്നു.

ബന്തിങ്ങാ ധരിച്ച പട്ടി : ഒരു നല്ലയിനം പട്ടിയുടെ കഴുത്തിൽ ഒരു ബന്തിങ്ങാ ധരിപ്പിച്ച് റോഡിൽ ഇറക്കി വിട്ടു. അല്പം കഴിഞ്ഞ് അവർ അതിന്റെ രസം ആസ്വദിച്ചുകഴിയും മുമ്പുതന്നെ, വഴിയേ പോയ ഒരു കാർ പട്ടിയുടെ മീതെ കയറി ആ പട്ടി ചത്തു.

**മാർ തിയോഫിലോസ് തിരുമേനിയുടെ കിണറ്റിൽ**

ചാലക്കുഴിയിൽ ചാക്കോച്ചൻ എന്ന ചെറുപ്പക്കാരൻ ഒരു രാത്രി തിയോഫിലോസ് തിരുമേനിയുടെ കിണറ്റിൽ വൃത്തിഹീനമായ എതോ സാധനം കൊണ്ടിട്ട് പകവീട്ടാൻ ശ്രമിച്ചു. ആ കൊച്ചന് ഭയങ്കരമായ വയറുവേദന ഉണ്ടായപ്പോൾ തിരുമേനിയുടെ ശാപമാണെന്ന് ബോദ്ധ്യമായി. തിരുമേനിയുടെ അടുക്കൽ വന്ന് അപരാധമെല്ലാം ഏറ്റുപറഞ്ഞു ക്ഷമാപണം ചെയ്തു. വയറുവേദനയും മാറി.

**മാർ ഈവാനിയോസ് പിതാവിന്റെ ജീവന് വില 500 രൂപ**

1930 പുനരൈക്യശേഷം പിതാവിന്റെ കാർ ഓടിച്ചുകൊണ്ടിരുന്നത് തമ്പി എന്നുപേരായ ഒരു മഹമ്മദീയ കൊച്ചൻ ആയിരുന്നു. തിരുമൂലപുരത്ത് നിന്ന് തിരുവല്ലായിലേക്ക് പോകുന്ന വഴിക്ക് ഇരുവശവും വയൽ ഉള്ള ഒരു വളവുണ്ട്. വളവ് തിരിയും മുമ്പ് കാർ കണ്ടത്തിലേക്ക് മറിച്ചാൽ തമ്പിക്ക് 500 രൂപ സമ്മാനം കൊടുക്കാമെന്ന് ചാലക്കുഴി ചാക്കോച്ചൻ വാഗ്ദാനം ചെയ്തു. തമ്പി വിശ്വസ്ഥനായിരുന്നതിനാൽ 500 രൂപ അവനെ വശീകരിച്ചില്ല.



**പിതാവിന്റെ കാറിന് നേരെ കല്ലേറ്, പ്രതിബന്ധങ്ങളും**

കോട്ടാർ ബിഷപ്പിന്റെ മെത്രാഭിഷേകചടങ്ങിൽ സംബന്ധിക്കാനായി പിതാവും മാർ തിയോഫിലോസ് തിരുമേനിയുംകൂടി കോട്ടാറിനു പോയപ്പോൾ ദുർബുദ്ധികളായ ചില വിരോധികൾ വഴിയിൽ തടി മുറിച്ചിട്ടു. അവർ മാറി നിന്നു നോക്കി നിൽപ്പുണ്ടായിരുന്നു. തടി കിടക്കുന്നിടത്ത് ചെന്നപ്പോൾ കൂടി നിൽക്കുന്ന ആളുകളെ കണ്ട് പിതാവ് സ്ലീബാ എടുത്ത് റൂശ്മാ ചെയ്തു. അപ്പോൾ ചിലർ ഓടി വന്ന് തടി മാറ്റികൊടുത്തു.

1930 ഒക്ടോബറിൽ രാജത്വ തിരുനാളിൽ സംബന്ധിക്കുന്നതിനായി ചൂളപ്പറമ്പിൽ തിരുമേനിയോടൊത്ത് പിതാവും മാർ തിയോഫിലോസ് തിരുമേനിയും പോകുമ്പാൾ ആരോ ഒരാൾ കാറിന് കല്ലെറിഞ്ഞിട്ട് ഓടിക്കളഞ്ഞു. കാർ നിറുത്തിച്ചിട്ട് ചൂളപ്പറമ്പിൽ തിരുമേനി ഇറങ്ങി നോക്കി, അന്വേഷണം ചെയ്തു. പക്ഷേ ആരെയും കണ്ടില്ല. അവരുടെ പുറകിലായി ഒരു ബസ്സിൽ സിസ്റ്റേഴ്സും യാത്ര ചെയ്തിരുന്നു. ഈ വിവരം ഉടനെയൊന്നും സിസ്റ്റേഴ്സ് അറിഞ്ഞില്ല. വൈഷമ്യങ്ങൾ ഒന്നും നിവർത്തിയുണ്ടെങ്കിൽ സിസ്റ്റേഴ്സിനെ അറിയിച്ചിരുന്നില്ല.

**സിസ്റ്റേഴ്സിനെ ഭീഷണിപ്പെടുത്തുന്നു. ഒരു ചവിട്ടും വിളിയും ഒരേറും**

രാജത്വ തിരുനാളിന് ബഥനിക്കാർ കോട്ടയത്തിനു പോയി മടങ്ങി വന്നപ്പോൾ ആ രാത്രിയിൽ ആരോ ഒരാൾ മഠത്തിന്റെ വരാന്തയിൽ വന്ന് സിസ്റ്റേഴ്സ് എന്ന് വിളിച്ചുകൊണ്ട് വലിയ കാൽകൊണ്ട് അന്ന് ഭിത്തിയായി ഉപയോഗിച്ചിരുന്ന ഘനം കുറഞ്ഞ പലകമേൽ ആഞ്ഞ് ഒരു ചവിട്ടുകൊടുത്തു. ഭാഗ്യത്തിന് പലക പൊളിഞ്ഞില്ല. അതുകൊണ്ടും തൃപ്തിപ്പെടാതെ മുറ്റത്തുനിന്ന് കുറെ ചെറുകല്ലുകൾ വാരി ആ പലകഭിത്തിമേൽ ആഞ്ഞ് എറിഞ്ഞശേഷം നടന്നകന്നുപോയി. ഇതെല്ലാം സിസ്റ്റർ സുപ്പീരിയറും സി. ഹൂബായും മാത്രമേ അറിഞ്ഞുള്ളു.വിവരം വന്ദ്യ പിതാവ് അറിഞ്ഞപ്പോൾ രാത്രിതോറും പിതാവിന്റെ വേലക്കാരൻ കുന്ദംകുളത്തുകാരൻ വാറുവിനെ സി. ഹെലന്റെ കെട്ടിടവരാന്തയിൽ കാവൽ കിടക്കാനായി വിട്ടു. വാറു ആരോടും മല്ലി

ടാൻതക്ക ധൈര്യമുള്ള ഒരു മെലിഞ്ഞ മനുഷ്യനായിരുന്നു. കുറെ ദിവസങ്ങൾക്ക് ശേഷം ഉല്ലാസസമയത്ത് ഈ വിവരമെല്ലാം സിസ്റ്റർ സുപ്പീരിയർ മറ്റു സിസ്റ്റേഴ്സിനോട് പറഞ്ഞു. തിരുമൂല സ്ക്കൂളിലെ ഒരു അദ്ധ്യാപകന്റെ സ്വരമായിരുന്നു കേട്ടത് എന്ന് സി. ഹൂബാ തിരിച്ചറിഞ്ഞിരുന്നു. (കോഴഞ്ചേരിക്കാരൻ ഫിലിപ്പ് സാർ) മൂന്നു ദിവസം ഇങ്ങനെ വന്ന് ചവുട്ടിയെന്ന് പിന്നീട് അറിഞ്ഞു.

**സഹിക്കേണ്ടി വന്നതിലുള്ള സന്തോഷം**

തിരുവല്ലായിലും മറ്റു സ്ഥലങ്ങളിലുമുള്ള ആളുകൾ പിതാവിനേയും ബഥനിക്കാരേയും അധിക്ഷേപിച്ച് വളരെ തിന്മയായ കാര്യങ്ങൾ പറഞ്ഞു പരത്തുന്ന കാര്യം സിസ്റ്റേഴ്സ് പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, " മ്ശിഹാതമ്പുരാൻ കുരിശും ചുമന്നുകൊണ്ട് നടന്നതുമുതൽ സഹിച്ചത് ഓർത്താൽ ഇതെല്ലാം എന്തുള്ളു. അതിന്റെ ഒരംശമെങ്കിലും സഹിപ്പാൻ നമുക്ക് ഭാഗ്യം തരുന്നല്ലോ", എന്ന് പറഞ്ഞ് പിതാവ് സിസ്റ്റേഴ്സിനെ ധൈര്യപ്പെടുത്തി. സഹിക്കുന്നതിന് സിസ്റ്റേഴ്സിന് യാതൊരു ഭയവുമില്ലായിരുന്നു എന്നുതന്നെയല്ല സന്തോഷവും ആയിരുന്നു.

**പിതാവ് മദ്രാസിലേക്ക് പോകേണ്ടതിന്റെ ആവശ്യം**

1930 നവംബർ 10-ന് വൈകിട്ട് 6 മണിക്ക് മഠത്തിൽ വന്ന് പിതാവിന് മദ്രാസിന് പോകേണ്ടതിന്റെ ആവശ്യം ഉണ്ടായിരിക്കുന്നതായി അറിയിച്ചു. കാരണങ്ങൾ

1. ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കണം. മിസ്സിസ് ജോർജ് ജോസഫും പെൺകുട്ടികളും ഒരുക്കമല്ലായിരുന്നു. എങ്കിലും അവരെയും സ്വാധീനിക്കാമെന്ന് പിതാവ് ആശിച്ചു.

2. 15-ന് നടക്കുന്ന സെനറ്റ് മീറ്റിംഗിന് പിതാവ് ക്ഷണിക്കപ്പെട്ടിരുന്നു. ഇപ്പോൾ പോകുന്ന പക്ഷം യൂണിവേഴ്സിറ്റി (മദ്രാസ്) ചെലവു വഹിക്കുന്നതുകൊണ്ട് വേറെ ചെലവ് ഉണ്ടാകയില്ല.

3. മദ്രാസിലുള്ള യാക്കോബായക്കാരെ ബോദ്ധ്യപ്പെടുത്താൻ തന്നാൽ കഴിയാവുന്നതെല്ലാം ചെയ്യാമെന്ന് മദ്രാസ് ആർച്ച് ബിഷപ്പ് എഴുതിയിട്ടുണ്ട്.

4. 20 ന് Delegate Apostolic Bangalore ൽ തിരിച്ചെത്തുമ്പോൾ



കാണുന്നതിന് മദ്രാസിൽ നിന്ന് ബാംഗ്ളൂരിലേക്കും പോകണം.

**പരിശുദ്ധ പിതാവ് ബഥനിക്കാരെ ആശ്വസിപ്പിക്കുന്നു**

യാക്കോബായക്കാരിൽ നിന്ന് ബഥനിക്കാർ പലവിധത്തിൽ സഹിക്കുന്നതിനെക്കുറിച്ച് കേട്ട് പരിശുദ്ധ പിതാവ് അദ്ദേഹത്തിന്റെ സെക്രട്ടറിയായ കർദ്ദിനാൾ സിൻസിറോ മുഖേന ഒരു ആശ്വാസകൽപ്പന അയച്ചു. ബഥനിക്കാരുടെ വിഷമങ്ങളെല്ലാം അദ്ദേഹം കേട്ടു എന്നും പ്രത്യേകം പ്രാർത്ഥിക്കുന്നുവെന്നും മറ്റും കാണിക്കുന്ന ഒരു നല്ല കത്തായിരുന്നു അത്.

**സിസ്റ്റർ സുപ്പീരിയറിനെ മദർ എന്ന് വിളിക്കണമെന്നൊരു സൂചന**

പിതാവിന് പലകാരണങ്ങളാൽ മദ്രാസിലേക്ക് പോകേണ്ട ആവശ്യമുണ്ടെന്ന് 1930 നവംബർ 10-ന് സിസ്റ്റേഴ്സിനോട് പറഞ്ഞു. അതു കഴിഞ്ഞ് ദലഗാദ് അപ്പസ്തോലിക്കിനെ കാണാൻ ബാംഗ്ളൂരിലേക്കും പോകേണ്ടിയിരുന്നു. 1927 ഡിസംബർ 31- ൽ മഠത്തിൽ വന്നുചേർന്ന് വെണ്ണിക്കുളം കുടത്തുംമുറിയിൽമറിയാമ്മ ഈപ്പനും, 1928 ഏപ്രിൽ 9-ന് വന്ന് ചേർന്ന കോട്ടയം തിരുവഞ്ചിയൂർ വേങ്കടത്ത് അന്നമ്മ ഐപ്പും 1930 സെപ്റ്റംബർ 22-ന് മറ്റ് സിസ്റ്റേഴ്സിനോടൊന്നിച്ച് കത്തോലിക്കാ സഭയിൽ ചേർന്നുവെങ്കിലും അവരെ പോസ്റ്റുലന്റസ് പോലും ആക്കിയിരുന്നില്ല. നവം. 10-ന് അവർ ധ്യാനം തുടങ്ങി.

സിസ്റ്റർ സുപ്പീരിയറിനെ ഇനി മദർ എന്നുവിളിക്കണമെന്ന് ഇതേദിവസം പിതാവ് പറഞ്ഞത് കുറെ ഫലിതരൂപത്തിൽ ആയിരുന്നതിനാൽ മദർ ആയി അവരോധിച്ചില്ലല്ലോ എന്ന് സിസ്റ്റേഴ്സ് പറഞ്ഞു. നാളെയാകട്ടെന്ന് പിതാവ് മറുപടി കൽപ്പിച്ചു.

**ഒരു സുപ്രധാന ദിനം നവംബർ 11, 1930**

1930 നവംബർ 11 ന് മഠംചാപ്പലിൽ വി. കുർബാന ചൊല്ലിയ ശേഷം അംശവസ്ത്രങ്ങൾ മാറ്റാതെ പിതാവ് മറയ്ക്ക് വെളിയിൽ വന്ന് ചില കാര്യങ്ങൾ പ്രസ്താവിച്ചു. നമുക്ക് ഒരു സ്ക്കൂൾ വേണമെന്ന് ആഗ്രഹമുണ്ടല്ലോ. അതിനായി എല്ലാവരും പ്രാർത്ഥിക്കണം. ഇതുവരെ direct active work ഒന്നും ചെയ്തിട്ടില്ല. ഇനി നാം അങ്ങനെ വല്ലതും ചെയ്യണം. അങ്ങനെയുള്ള ദൈവീക വേലയ്ക്കായി നിങ്ങളിൽ ആരെയെല്ലാമാണ് അയയ്ക്കുന്നതെന്നും മറ്റും ഇപ്പോൾ തീർച്ചപ്പെടുത്തിയിട്ടില്ല. എന്നാൽ ആരെയെല്ലാം അതിനായി വിട്ടുകൊടുക്കുന്നുവോ

അവർ എത്രയും പരിശുദ്ധമായി, ദൈവത്തിന്റെ വേലയാണ് അത് എന്ന് വച്ച് ഒരുങ്ങണം.

2. അങ്ങനെ വരുമ്പോൾ കമ്മ്യൂണിറ്റി ഒന്നായി പാർക്കുന്ന രീതി മാറി രണ്ടായി പിരിയേണ്ടി വരും. അത് ഇപ്പോൾ, നാളെയും മറ്റുമല്ല എങ്കിലും അങ്ങനെ വേണ്ടിവരുന്ന ഒരു കാലം വരും. അതിനായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം. സ്ക്കൂളിനുവേണ്ട പണമുണ്ടാകാൻ മാത്രമല്ല, മറ്റുകുട്ടികളെ പഠിപ്പിച്ച് ചൊവ്വാക്കാനുള്ള നിങ്ങൾ തന്നെയും എത്രയും നല്ലവരും അതിന് യോഗ്യതയുള്ളവരും ആകേണ്ടിരിക്കുന്നു.

3. സിസ്റ്റർ സുപ്പീരിയറിനെ മദർ ആക്കുന്ന കാര്യം ഇന്നലെ നിങ്ങളോട് പറഞ്ഞു. ഇപ്പോൾ നമുക്ക് ഒരു ഹൗസ് മാത്രമേ ഉള്ളു. അതുകൊണ്ട് മദർ ജനറൽ ഇല്ല. ഓരോ ഹൗസിൽ മദർ ഉണ്ടായിരിക്കണം. അവരവരുടെ ഔദ്യോഗിക കാലം കഴിഞ്ഞാൽ പിന്നെ അവരെ മദർ എന്ന് വിളിക്കുന്നില്ല. എന്നാൽ മദർ ജനറലിനെ പിന്നെയും മദർ എന്ന് വിളിക്കണമെന്ന് നമ്മുടെ constitution നിൽ provide ചെയ്യണം. ആഴ്ചയിൽ ഒരിക്കൽ ഈ ഉദ്ദേശങ്ങളോട് കൂടി വി. കുർബാന അനുഭവിക്കണം. സിസ്റ്റർ സുപ്പീരിയിനെ ഇന്നുമുതൽ മദർ എന്ന് വിളിക്കണം.

**സിസ്റ്റർ സുപ്പീരിയർ ബഥനിയുടെ ആദ്യത്തെ മദർ (1930 നവം. 11)**

അതിനായി സിസ്റ്ററിനെ ഞാൻ പ്രത്യേകം ബ്ലസ് ചെയ്യാൻ പോകയാണ് എന്നുപറഞ്ഞ് പിതാവ് എഴുന്നേറ്റ് സിസ്റ്ററിനെ വിളിച്ച് ഒരു ചെറിയ പ്രാർത്ഥന ചൊല്ലി അനുഗ്രഹിച്ചു. അന്ന് വൈകീട്ട് പിതാവ് കൊല്ലത്തേയ്ക്ക് പോയി.

ബ. റ്റി. വി. ജോൺ അച്ചൻ സംഭാവനയായി പ്രോജക്റ്റ് സ്ക്കൂളിന് നൽകിയിരുന്ന 4 രൂപ തിരികെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് മദർ സുപ്പീരിയറിന് ലഭിച്ചു. മല്ലപ്പള്ളിക്കടുത്ത് പനയംപാലാക്കാരനായ റ്റി. വി. ജോൺ ശെമ്മാശ്ശനെ പിതാവ് അച്ചനായിരിക്കുമ്പോൾ എം. എയ്ക്ക് പഠിപ്പിച്ചതായിരുന്നു. അദ്ദേഹത്തിന് 4 രൂപ വേണ്ടീട്ടായിരുന്നില്ല. ബഥനിക്കെതിരെ കേസ് ഉണ്ടാക്കാൻ തെളിവുണ്ടാക്കാനാണ് ഇങ്ങനെ ചെയ്തത്.

**വർഷങ്ങൾക്ക് ശേഷം അദ്ദേഹം തന്നെ ഒരു കത്തോലിക്കനായി തീർന്നു**

റ്റി. വി. ജോണച്ചന് ഒരു കത്തും 4 രൂപാ മണിയോഡറും അയ



യ്ക്കാൻ എഴുതി കൊടുത്തയച്ചുവെങ്കിലും അത് പൂരിപ്പിച്ചതിൽ സംഖ്യ എഴുതാതിരുന്നതിനാൽ തിരികെ കൊണ്ടുവന്നു. (നവം. 12-ാം തിയതി)

**കേസുകൊടുക്കാൻ തിരുവല്ലായിലെ വ്യഗ്രത**

1930 നവംബർ 13-ന് ബ. ജോസഫ് റമ്പാച്ചനും മാനേജർ എന്ന് വിളിക്കപ്പെട്ടിരുന്ന കീളിലേത്ത് ചാക്കോച്ചനും കൂടി മഠത്തിലെ സന്ദർശകരെ സ്വീകരിക്കുന്ന ഹട്ടിൽ വന്ന് മണിയടിച്ച് മദർ സുപ്പീരിയറിനെ അത്യാവശ്യമായി കാണണമെന്ന് ആവശ്യപ്പെട്ടു.

തിരുവല്ലായിലെ ആളുകൾ വീടുതോറും ചെന്ന് നിങ്ങൾ ബഥനിക്ക് ആകെ എത്ര രൂപ കൊടുത്തിട്ടുണ്ട്? ഒരു ഇരുപതുരൂപ കൊടുത്തുകാണുകയില്ലേ? എന്നു ചോദിച്ചിട്ട് 20 എന്ന് എഴുതും . അടുത്ത വീട്ടിൽ ചെന്ന് ചോദിച്ചിട്ട് 30/. ഇങ്ങനെ ഓരോന്ന് എഴുതി നമുക്കെതിരായി കേസ് കൊടുക്കാൻ വ്യഗ്രത കാണിക്കുന്നു എന്ന് മാനേജരിൽ നിന്നും റമ്പാച്ചൻ കേട്ടിരുന്നതിനാൽ റ്റി. വി. ജോണച്ചന്റെ എഴുത്ത് മദർ ശൈനാ 12 -ന് റമ്പാച്ചൻ കാണാൻ കൊടുത്തയച്ചത് കണ്ടപ്പോൾ റ്റി. വി. ജോണച്ചൻ ബഥനിക്കെതിരായി കേസ് കൊടുക്കുന്നതിന് തെളിവുണ്ടാക്കാൻ വേണ്ടി മാത്രമാണ് ആ 4 രൂപ മണിയോഡർ അയക്കാൻ ആവശ്യപ്പെട്ടത് എന്ന് റമ്പാച്ചനും മാനേജരും അഭിപ്രായപ്പെട്ടു. ആ പണം അയച്ചുകൊടുക്കരുതെന്ന് അവർ ഇരുവരും അഭിപ്രായപ്പെട്ടു. മാനേജർ ചാക്കോച്ചൻ തത്രപ്പെട്ട് തിരുവല്ലായ്ക്ക് പോയി ആ പണം അയയ്ക്കുന്നത് തടഞ്ഞു. തന്നെക്കാൾ വേഗത്തിൽ ഓടാവുന്ന ഓരാളെ തിരുവല്ലായ്ക്ക് ഓടിച്ച് മണിയോഡർ അയക്കാൻ പോയ വറുഗീസിനെ തടഞ്ഞില്ലായിരുന്നെങ്കിൽ അത് അയച്ചു പോകുമായിരുന്നു. അത് ഒരു ദൈവനടത്തിപ്പായി എല്ലാവരും കരുതി. റ്റി. വി. ജോൺഅച്ചന് അയച്ചുകൊടുക്കാനുള്ള ഒരു കത്തിന്റെ നക്കലുമായി അന്നുവൈകിട്ട് ബ. പുലിക്കോട്ട് റമ്പാച്ചൻ മഠത്തിൽ വന്നു മദറിനെ കണ്ടു. സന്ധ്യയ്ക്ക് വറുഗീസ് വന്നു പറഞ്ഞപ്പോഴാണ് മാനേജർ ഓട്ടക്കാരനെ അയച്ച വിവരം മഠത്തിൽ അറിഞ്ഞത്.

**ചില പ്രമുഖ കത്തോലിക്കരുടെ സന്ദർശനം**

1930 നവംബർ 14-ന് ബ. പുലിക്കോട്ട് റമ്പാച്ചനോടൊന്നിച്ച് ബ. റോമിയോസ് അച്ചൻ (റ്റി. ഒ. സി. ഡി), മി. ഐ. സി ചാക്കോ, മി. ജോൺ നിധിയിരി, പഞ്ഞിക്കാരൻ വക്കീൽ (ജോസഫ്) മി. എം. എം. വർക്കി, വേറെ രണ്ടുപേർ ഹട്ടിൽ വന്ന് എല്ലാവരേയും(സിസ്റ്റേ

ഴ്സിനെ) കാണണമെന്നാവശ്യപ്പെട്ടു. എല്ലാവരും ചെന്നപ്പോൾ മദർ ശൈനായുടെ അടുത്ത ചർച്ചക്കാരനായ മി. എം. എം വർക്കി മദറിനോട് തനിച്ച് സംസാരിക്കാനായി പുറത്തേയ്ക്ക് ഇറങ്ങി. ബാക്കിയുള്ളവർ ഹട്ടിനകത്തുതന്നെ നിന്നു. സന്ദർശകർ സിസ്റ്റേഴ്സിനോട് ഒന്നും ചോദിച്ചില്ല. ബ. റമ്പാച്ചനോട് ചിലതൊക്കെ ചോദിച്ചതിന് റമ്പാച്ചൻ മറുപടിയും പറഞ്ഞു.

### വീണ്ടും ചില സന്ദർശകർ

1930 നവംബർ15 ഒരു ശനിയാഴ്ചയായിരുന്നു. അന്ന് ഉച്ചകഴിഞ്ഞ് മൂന്ന് മണിയോട് കൂടി നിധിയിരി വക്കീലിന്റെ ഭാര്യ, വെള്ളാപ്പള്ളി വക്കീലിന്റെ ഭാര്യ, മിസ്സീസ് മാക്കിൽ ഇവർ മൂന്നു പെൺകുട്ടികൾ, ഒരു ആൺകുട്ടി, ഒരു കൊച്ചു പെൺകുട്ടി ഇവരോടൊന്നിച്ച് പുനരൈക്യപ്പെട്ട ബഥനി സിസ്റ്റേഴ്സിനെ കാണുന്നതിനായി വന്നു. ഇരുപത്തിരണ്ടരയുടെ നമസ്ക്കാരത്തിന് അവർ ചാപ്പലിൽ വന്ന് സിസ്റ്റേഴ്സിനോടൊന്നിച്ച് സംബന്ധിച്ചു. പ്രോജക്ട് സ്ക്കൂൾ പോയി കാണിച്ചശേഷം അവർക്ക് കാപ്പി കൊടുത്തു.

അവർ പോകുന്നതിനു മുമ്പായി പിതാവിനെ അത്യധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന വ്യക്തികളായ 1) മിസ്സീസ് മാത്തുള്ള മാപ്പിള, അവരുടെ നാത്തൂൻ ആറാട്ടുപുഴ കാഞ്ഞിരത്തുംമൂട്ടിൽ സാറാമ്മ, മിസ്സിസ്സ് കെ. എം. മാമ്മൻ മാപ്പിള (തിരുവല്ല) ഇവർ വന്നു. ബഥനിക്കാർ യാക്കോബായ സഭവിട്ട് കത്തോലിക്കാ സഭയിൽ ചേർന്നതിനുള്ള അവരുടെ സങ്കടം പ്രകാശിപ്പിക്കാനായിരുന്നു ഈ മൂന്ന് പേരും വന്നത്. ഈ മൂവരിൽ വച്ച് മിസ്സീസ്സ് കെ. എം മാത്തുള്ള മാപ്പിളയ്ക്കായിരുന്നു ഏറ്റം വലിയ സങ്കടം. അവർ വളരെയധികം സങ്കടത്തോടെ കരഞ്ഞു. കോട്ടയത്ത് വച്ച് അവർക്കു കൂടുതൽ പരിചയം ഉണ്ടായിരുന്ന സി. സൽഗായോട് "ഇത് എനിക്ക് സഹിക്കാൻ കഴിയുന്നില്ല, വി.കുർബാന സമയത്ത് ബഥനിക്കാരെപ്പറ്റി ഓർത്ത് എല്ലാ ദിവസും അവർ കരയുന്നുണ്ട്. എന്റെ കുഞ്ഞുങ്ങളെ കുറിച്ചുപോലും ഞാൻ ഇത്രത്തോളം ഓർക്കുന്നില്ല. ബഥനി പ്രത്യേകിച്ച് പിതാവ് സഭയെക്കുറിച്ചുള്ള എന്റെ ഏറ്റം വലിയ പ്രത്യാശയായിരുന്നു. എന്റെ കുഞ്ഞുങ്ങളിൽ ആരെയെങ്കിലും പിതാവ് മാമോദീസാ മുക്കുകയോ, അനുഗ്രഹിക്കുകയോ ചെയ്തില്ലെങ്കിൽ എനിക്ക് ഒരു തൃപ്തിയും ഇല്ലായിരുന്നു",എന്നെല്ലാം പറഞ്ഞ് കരഞ്ഞു.



അപ്പോഴേക്ക് ബ. നടുവത്തുശ്ശേരിൽഅച്ചൻ ആശ്രമത്തിൽ വന്നിട്ടുണ്ടെന്നും സിസ്റ്റേഴ്സിനെ കാണ്മാൻ ആഗ്രഹിക്കുന്നുവെന്നും ബ. പുലിക്കോട്ട്റമ്പാച്ചൻ എഴുതി കൊടുത്തയച്ചു. അവർ വരാൻ അറിയിച്ചതനുസരിച്ച് ഇരുവരുംകൂടെ ഹട്ടിൽ വന്നു. സിസ്റ്റേഴ്സ് ആറുപേർ ഹട്ടിൽ ചെന്ന് അദ്ദേഹത്തെ കണ്ടു. അന്ന് വൈകീട്ട് മാർ തിയോഫിലസ് തിരുമേനിയോടും പുലിക്കോട്ട് റമ്പാനച്ചനോടും ഒത്ത് എറണാകുളത്തേക്ക് പോകാൻ സാധിച്ചത് അദ്ദേഹത്തിന് വളരെ സന്തോഷമായി.

### ഫാ. അലക്സിയോസിന്റെ പരിശ്രമം

1930 നവംബർ 22-ന് തിരുമൂല സ്ക്കൂളിൽ ഒരു സ്പീച്ച് ഡേ ഉണ്ടായിരുന്നു. അതിന് സംബന്ധിക്കാൻ വന്നവരുടെ കൂട്ടത്തിൽ ഫാ. അലക്സിയോസും ഫാ. ബർസ്ക്കീപ്പായും പാറേട്ടച്ചനും മറ്റും ഉണ്ടായിരുന്നു. 10 മണിയോടുകൂടി ഫാ. അലക്സിയോസ് ഹട്ടിൽ വന്ന് മദർ ശൈനായേയും സിസ്റ്റർ ഹൂബായേയും മാത്രം വിളിച്ചു കണ്ടു. അവരെ ഇരുവരെയും വ്യതിചലിപ്പിച്ച് യാക്കോബായിലേക്ക് കൊണ്ടുപോയി അവിടെ ഒരു മഠം സ്ഥാപിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. അവർ കുലുങ്ങിയേക്കും എന്നൊരു പ്രതീക്ഷയുണ്ടായിരുന്നതിനാലും സി. ദനഹായേയും സി. സൽഗായേയും തിരിക്കാൻ സാധ്യമല്ല എന്ന് ബോദ്ധ്യമുണ്ടായതിനാലുമാണ് അവരെ തനിയെ വിളിച്ചു കണ്ട് സംസാരിച്ച് നോക്കിയത്. പക്ഷേ ഇതുകൊണ്ട് ആ ശ്രമം അവസാനിച്ചില്ല. എങ്ങിനെയെങ്കിലും ആരെയെങ്കിലും സ്വാധീനിച്ച് പുറത്താക്കിയാൽ പെരുനാട്ടിൽ സംഭവിച്ചതുപോലെ മഠവും സ്വത്തുക്കളും കൈവശമാകുമെന്നും വ്യാമോഹിച്ചിരിക്കണം.

### അവസാനം ഒരു പരിശ്രമം കൂടെ

പിതാവിനോടുള്ളതിനേക്കാൾ ഒട്ടും കുറയാത്ത വിധത്തിൽ ബഥനി സിസ്റ്റേഴ്സിന് അലക്സിയോസച്ചനോടും സ്നേഹബഹുമാനങ്ങൾ ഉണ്ടെന്ന് അറിയാമായിരുന്ന അച്ചൻ ഒരു സിസ്ററിനെയെങ്കിലും ഇറക്കി കൊണ്ടുപോകാൻ വേണ്ടി 1926 ആഗസ്റ്റിൽ മഠത്തിൽ നിന്ന് അനാരോഗ്യം മൂലം പിരിച്ചയക്കപ്പെട്ട ശൂരനാട്ടുകുറ്റിയിൽ കെ. കെ റാഹേൽ എന്ന കുട്ടിയമ്മയെ ഒരു ദിവസം മഠത്തിൽ പറഞ്ഞയച്ചു. മദർശൈനയോടും സി. ഹൂബായോടും കുറെയധികം നേരം കുട്ടിയമ്മ രഹസ്യ സംഭാഷണം നടത്തിയിട്ടും ഫലമൊന്നും ഉണ്ടായില്ല. ഈ സംഭാഷണ വിഷയം പരമരഹസ്യമായി കാത്ത് സൂക്ഷിക്കാൻ

അവർ ഇരുവരും പരിശ്രമിക്കാതിരുന്നില്ല. എന്നാൽ മറ്റുള്ളവർക്ക് കുറെ യൊക്കെ മനസ്സിലാക്കാൻ കഴിയാതിരുന്നില്ല.

തിരുമൂല സ്ക്കൂളിലെ സ്പീച്ച് ഡേയ്ക്ക് വന്ന പാറേട്ടച്ചൻ അന്ന് ഉച്ചകഴിഞ്ഞ് (നവം. 22, 1930) മഠത്തിലെ ഹട്ടിൽ വന്നു. മദർ ശൈനാ, സി. ഹൂബാ, സി. ദനഹാ, സി. സൽഗാ ഇവർ പാറേട്ടച്ചനെ പോയീ കണ്ടു.

**പാറേട്ടച്ചൻ - ഫാ. എം. എം മാത്യുസ്**

സെറാംപൂർ വാസകാലം മുതൽ ഫാ. ഗീവർഗീസിന്റെ ഉറ്റമിത്രവും ആരാധകനുമായിരുന്ന പാറേട്ട് ശെമ്മാശ്ശൻ പിതാവിനെപ്പോലെ വിരക്തജീവിതം കഴിക്കുമെന്ന് തീരുമാനിച്ചു. അന്ന് ശെമ്മാശ്ശൻ കൽക്കട്ടാ ബിഷപ്പ്കോളേജിൽ പഠിക്കയായിരുന്നു. അദ്ദേഹത്തിന്റെ ധനികനായ അപ്പൻ മാവേലിക്കര കളീക്കൽ ശോശാമ്മയ്ക്ക് വേണ്ടി വന്ന ഒരു വിവാഹാലോചനയ്ക്ക് സമ്മതം കൊടുത്ത് തീരുമാനിച്ചു തീയതിയും നിശ്ചയിച്ചു. ശോശാമ്മയുടെ വീട്ടിൽ കല്യാണത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. അടുത്ത ചാർച്ചക്കാർ കല്യാണത്തിന് വരികയും ചെയ്തു. വാഴക്കുലകളും പഴുപ്പിച്ചു. ശെമ്മാശ്ശന്റെ അപ്പൻ മകനെ വിവരം അറിയിച്ചു. കല്യാണത്തിന് നിശ്ചയിച്ചിരിക്കുന്ന തിയതിക്ക് തൊട്ട്മുമ്പ് ഞാൻ കല്ല്യാണം കഴിക്കുന്നില്ല എന്നൊരു കമ്പി സന്ദേശം പാറേട്ടു വീട്ടിൽ കിട്ടി. ശോശാമ്മയ്ക്ക് വല്ലാത്ത അനുഭവമായിരുന്നു. മേലിൽ കല്യാണം വേണ്ടാ എന്ന് ദൃഢ നിശ്ചയവും ചെയ്തു. ഫാ. ഗീവർഗീസിന്റെ മഠത്തിൽ ചേർക്കാൻ പറ്റുമോ എന്ന് നോക്കാനായി 1918- ൽ ബാരിസോൾ ഗണത്തിൽ മദ്രാസ് മുതൽ കൊല്ലം വരെ യാത്ര ചെയ്തു നോക്കി. പക്ഷേ ഇരുകൂട്ടർക്കും അന്യോന്യം പിടിച്ചില്ല. ഒടുവിൽ ഈ ശോശാമ്മ സി. എം. തോമസ് ശെമ്മാശ്ശന്റെ ഹോറേബ് സ്ഥാപനം ഉണ്ടാക്കാൻ ആയുധമായി തീർന്നു. നൈരാശ്യത്തിൽ നിന്ന് ഉളവായ രൂക്ഷത ഇടപ്പെടുന്നവർക്ക് വേഗം ഗ്രഹിക്കാമായിരുന്നു.

പാറേട്ട് ശെമ്മാശ്ശൻ വൈദീകനായി തീർന്നശേഷം ഫാ. ഗീവർഗീസിന്റെയും പിന്നീട് മാർ ഈവാനിയോസിന്റേയും ഉറ്റമിത്രമായിത്തന്നെ തുടർന്നു. മഠാംഗങ്ങൾക്കും അദ്ദേഹത്തോട് വളരെ ആദരവും സ്നേഹവും ഉണ്ടായിരുന്നു.

പാറേട്ടച്ചനെ മാർ ഈവാനിയോസ് പിതാവിന് വലിയ വിശ്വാസവും സ്നേഹവും ആയിരുന്നു. ഇരുവരും മുറയ്ക്ക് കൂടികാണുകയും



ചെയ്തിരുന്നു. പുനരൈക്യം സബന്ധിച്ചുള്ള എല്ലാ ആലോചനകളിലും പാറേട്ടച്ചന് അറിവും സമ്മതവും ഉണ്ടായിരുന്നു. അദ്ദേഹം പിതാവിന്റെ കൂടെ തീർച്ചയായും ഉണ്ടാകുമെന്ന് പിതാവും അച്ചനും സിസ്റ്റേഴ്സും വിശ്വസിച്ചിരുന്നു. പിതാവിന്റെ ആലോചനകളൊന്നും പാറേട്ടച്ചനെ അറിയിക്കാതിരുന്നിട്ടില്ല. അദ്ദേഹത്തിന് പൂർണ്ണ അനുകൂലവുമായിരുന്നു. എന്നാൽ വട്ടശ്ശേരി മാർ ദിവന്നാസ്യോസിന്റെ കാലം കഴിയട്ടെ എന്നായിരുന്നു അച്ചന്റെ താൽപര്യം. 1930 നവംബർ 22 ന് തിരുമൂലപുരം സ്ക്കൂളിലെ സ്പീച്ച് ഡേയ്ക്ക് വന്നപ്പോൾ പാറേട്ടച്ചൻ മഠത്തിൽ വന്ന് മദർ ശൈനാ, സി. ഹൂബാ, സി. ദനഹാ, സി. സൾഗാ ഇവരെ കണ്ടു. പിതാവിന് എതിരായി കേസ്കൊടുക്കാൻ ചില ആളുകൾ ഒരുങ്ങുന്നു എന്ന് പറഞ്ഞു. പിന്നെ വലിയ മെത്രാച്ചന്റെ സങ്കടം പറഞ്ഞറിയിക്കാൻ പാടില്ല. അച്ചൻ ഒരിക്കൽ മെത്രാച്ചനെ കാണാൻ പരുമലയ്ക്ക് ചെന്നപ്പോൾ തിരുമേനി വാവിട്ട് ഉറക്കെ നിലവിളിച്ചു. കണ്ണുനീർ അടക്കാൻ പാടില്ലാതെ ധാരയായി ഒഴുകിയത് മാത്രമല്ല ഉറക്കെ കരഞ്ഞു. "ഇനി ഞാൻ ആരെ വിശ്വസിക്കേണ്ടു. ഇതുപോലെ ഞാൻ ആരേ വിശ്വസിച്ചിരുന്നു. ആരേ ഇങ്ങനെ സ്നേഹിച്ചു? ദൈവം എന്നോടിങ്ങനെ ചെയ്തല്ലോ?", എന്നിങ്ങനെ ഓരോന്ന് പറഞ്ഞ് കരഞ്ഞു. അനേകർ ഇതിനായി വളരെ വേദനപ്പെടുന്നു എന്നെല്ലാം അച്ചൻ സിസ്റ്റേഴ്സിനോട് പറഞ്ഞു.

ഒരിക്കൽ വട്ടശ്ശേരി മെത്രാച്ചൻ പാറേട്ടച്ചന്റെ അടുത്ത് കൈകൾ നീട്ടി, എടോ താനും പോകുമോ എന്നു ചോദിച്ചപ്പോൾ ഞാൻ ഇപ്പോൾ പോകുകയില്ല എന്ന് അദ്ദേഹം പറഞ്ഞു. പിന്നെ അദ്ദേഹത്തെ മെത്രാനാകാൻ നിർബന്ധിച്ചപ്പോൾ ഞാൻ രോഗശയ്യയിൽ ആയിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ അടുത്ത് വന്ന്, അത് സ്വീകരിക്കണമോ എന്ന് ചോദിച്ചു. "അവരെ ഗുണപ്പെടുത്തുവാൻ ഒക്കുമോ എന്ന് താൻ ഒന്ന് നോക്കുക", എന്ന് പിതാവ് പറഞ്ഞതുകൊണ്ടാണ് അദ്ദേഹം സ്വീകരിച്ചത്.

ചങ്ങനാശ്ശേരി പാറേൽ പള്ളിപെരുനാളിന് ബഥനി സിസ്റ്റേഴ്സ് ചെല്ലണമെന്ന് ഒരു ക്ഷണം ലഭിച്ചു. എന്നാൽ പിതാവിന്റെ അനുമതി കൂടാതെ സിസ്റ്റേഴ്സിന് ചെല്ലാൻ സാധിക്കയില്ലായെന്ന് മാർ തിയോഫിലസ് തിരുമേനി ഡിസംബർ 4 ന് (1930) അവരെ അറിയിച്ചു. (6-ാം തിയതി വന്ദ്യ പിതാവ് മദ്രാസ്, ബാംഗ്ലൂർ ഇവിടങ്ങളിലെ കത്തോലിക്കാമഠങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചശേഷം തിരിച്ചെത്തി. മദ്രാ

സിൽ വച്ച് പിതാവ് തന്നെയാണ് മി. ജോർജ്ജ് ജോസഫിനെ കത്തോലിക്കാ സഭയിൽ ചേർത്തത്)

1930 ഡിസംബർ 7 ന് 11.30 കഴിഞ്ഞപ്പോൾ ബഥനി സിസ്റ്റേഴ്സിനെ ചങ്ങനാശ്ശേരിക്ക് കൊണ്ടുപോകുവാനായി ഒരു ബസ്സ് വന്നു. എല്ലാവരും കൂടി ആദ്യം കർമ്മലീത്താമഠത്തിൽ ചെന്നു. അവിടെ നിന്ന് അരമനയിലേക്ക് പോയി. അപ്പോഴേക്കും procession ന് ആളുകൾ നിരന്നു തുടങ്ങിയിരുന്നു. പള്ളി അങ്കണം ജനനിബിഢമായിരുന്നു. പ്രാസംഗികരിൽ മാർ ഈവാനിയോസ് പിതാവും ഉണ്ടായിരുന്നു. പ്രസംഗത്തിന്റെ ഒറ്റവാക്കുപോലും കേൾക്കാൻ സാദ്ധ്യമല്ലാത്ത വിധം വലിയ ജനക്കൂട്ടമായിരുന്നു. അക്കാലത്ത് മൈക്ക് ഉണ്ടായിരുന്നുമില്ല. അല്പം കഴിഞ്ഞ് അരമനയില്ക്ക് പോയി ബിഷപ്പിനെ കണ്ടു. അദ്ദേഹം ചില കുശലപ്രശ്നങ്ങൾക്കുശേഷം സോഡാ, റൊട്ടി, പഴങ്ങൾ ഇവ തന്ന് ഞങ്ങളെ സൽക്കരിച്ചു.

1930 ഡിസം.8–ന് കർമ്മലീത്താ സിസ്റ്റേഴ്സിന്റെ ചാപ്പലിൽ വി. കുർബാനയിൽ സംബന്ധിച്ച ശേഷം ചങ്ങനാശ്ശേരി കത്തീഡ്രൽപള്ളിയും, കർമ്മലീത്താമഠം, സ്ക്കൂൾ ഇവയെല്ലാംകണ്ടശേഷം ഉച്ചകഴിഞ്ഞ് കാളാശ്ശേരിമെത്രാനെ സന്ദർശിക്കാൻ പോയി. അദ്ദേഹം വിശ്രമിക്കയായിരുന്നതിനാൽ വളരെനേരം കാത്തിരിക്കേണ്ടി വന്നു. ക്ലാരമഠം സന്ദർശിക്കണമെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും അന്നുതന്നെ തിരിച്ച് എത്തണമെന്ന് പിതാവ് പ്രത്യേകം അറിയിച്ചതിനാൽ ആ പരിപാടി ഉപേക്ഷിച്ചിട്ട് മടങ്ങിപ്പോയി.

പിതാവിനും മാർതിയോഫിലോസ് തിരുമേനിക്കും പാലായിൽ ഒരു സ്വീകരണമുണ്ടായിരുന്നതിനാൽ അവർ അങ്ങോട്ട് പോയി. 9–ന് അവർ തിരച്ചെത്തിയപ്പോൾ വെണ്ണിക്കുളം ആശ്രമത്തിൽ ബ. സ്റ്റേഫാനോസച്ചന് രോഗം കൂടുതലാണെന്നറിഞ്ഞ് അങ്ങോട്ട് പോയി.

വന്ദ്യ പിതാവിനെ കാണാനായി തിരുമൂലപുരത്തെ ആ ചെറിയ കെട്ടിടത്തിൽ ഈ കാലത്ത് വന്നുകൊണ്ടിരുന്ന പല പ്രശസ്തഅതിഥികളേയും മഠത്തിൽ കൊണ്ടുവന്ന് സിസ്റ്റേഴ്സിനെ കാണിക്കുവാൻ പിതാവ് താല്പര്യപ്പെട്ടിരുന്നു. മി. ഐ. സി. ചാക്കോ, മി. ജോൺ നിധിയിരി വക്കീൽ, പഞ്ഞിക്കാരൻ വക്കീൽ, എം. എം വർക്കി., ബ. വെള്ളരിങ്ങാട്ടച്ചൻ ഇവരെക്കൂടാതെ വിജയപുരം ബിഷപ്പായിത്തീരാനുള്ള ഒരു



കർമ്മലീത്താ വൈദീകനും കൂടെ വേറെ രണ്ട് കർമ്മലീത്താ അച്ചന്മാരും ഈ കൂട്ടത്തിൽപ്പെടുന്നു.

1930 ലെ ക്രിസ്തുമസിന് പ്രോജക്ട് സ്ക്കൂളിലെ (ചേരമ )ക്രിസ്ത്യാനികുട്ടികൾക്കും സ്ത്രീകൾക്കും മഠത്തിൽ പ്രത്യേക സമ്മാനങ്ങൾ ഒരുക്കി അവരെ സന്തോഷിപ്പിച്ചു. പരിശുദ്ധ പിതാവിന്റെ ഓട്ടോഗ്രാഫുള്ള പടങ്ങൾ ബഥനിസിസ്റ്റേഴ്സിന് മാർ ഈവാനിയോസ് പിതാവ് വഴി അയച്ചു തന്നത് 1931 ജാനുവരി 9–ന് പിതാവ് മഠത്തിൽ വന്ന് ഓരോർത്തർക്കും തന്നു. പുനരൈക്യപ്പെട്ടവരോട് പരിശുദ്ധപിതാവ് 11–ം പീയുസിനുള്ള പ്രത്യേക വാത്സല്യത്തെക്കുറിച്ച് എല്ലാവർക്കും സന്തോഷം തോന്നി.

**യാക്കോബായ ക്രിസ്തുമസ്സിന് മഠത്തിലെ പൂക്കൾ മോഷ്ടിക്കുന്നു**

1931 ജാനുവരി 7–ന് യാക്കോബായക്കാരുടെ ക്രിസ്തുമസ്സ് ആയിരുന്നു. തലേ രാത്രി തിരുമൂല യാക്കോബായപള്ളിയിൽ പതിവിൽ കവിഞ്ഞ ബഹളമായിരുന്നു. മഠത്തിന്റെ മുറ്റത്ത് വളരെയധികം വെള്ളറോസാപ്പൂക്കൾ നീണ്ട തണ്ടിൽ ഒന്നിച്ചു വിടർന്ന് നിന്നിരുന്നു. രണ്ട് ആൺകുട്ടികൾ വന്ന് അത് നോക്കുന്നത് സി. ഹൂബാ മുറിയിൽ നിന്നു കണ്ടു. കൊട്ടി ശബ്ദമുണ്ടാക്കിയപ്പോൾ അവർപോയി എന്നു വിചാരിച്ചു. പക്ഷേ രാവിലെ നോക്കിയപ്പോൾ നല്ല ചെണ്ടുപോലെ ഇരുന്ന ആ പൂക്കൾ കാണാനില്ലായിരുന്നു. മോഷ്ടിച്ചപൂക്കൾ ഉണ്ണിയീശോയെ എത്രത്തോളം പ്രസാദിപ്പിച്ചു കാണുമോ?

1931 ഫെബ്രു.8–ന് ഞായറാഴ്ച വന്ദ്യപിതാവിന്റെ ഒരു സ്നേഹിതനും അഭ്യുദയ കാംക്ഷിയുമായ കലേക്കാട്ടിൽ കെ. വി. തോമസ്സ് കത്തനാർ, മല്ലപ്പള്ളി കയ്യാലത്ത് കെ. വി. ചാക്കോച്ചൻ ഇവർ കത്തോലിക്കാ സഭയിൽ ചേർന്നു. അച്ചൻ പിതാവിനും മഠത്തിനും വളരെയധികം സഹായി ആയിരുന്നു. ചാക്കോച്ചൻ ആത്മ മിത്രവും. ഫെബ്രു. 13–ന് എറണാകുളം ആർച്ച് ബിഷപ്പ് അഗസ്റ്റിൻ മാർ കണ്ടത്തിൽ പിതാവിനോടു കൂടി മഠത്തിൽ (തിരുവല്ല) വന്ന് സിസ്റ്റേഴ്സിനെ കണ്ടു.

1931 ഫെബ്രു.1–4 ന് വെണ്ണിക്കുളത്തെ താല്ക്കാലിക ആശ്രമത്തിൽ വച്ച് ബ. സ്റ്റേഫാനോസച്ചൻ 10. 30 നും 11 നും ഇടയ്ക്ക് ഭാഗ്യമരണം പ്രാപിച്ചു. സിസ്റ്റേഴ്സിൽ കുറെപേർ അദ്ദേഹം മരിക്കും മുമ്പ് കാണാൻ ഉദ്ദേശിച്ച് പോയി എങ്കിലും അവർ ചെല്ലും മുമ്പ് അദ്ദേഹം മരിച്ചുകഴിഞ്ഞിരുന്നു.

### ആലപ്പുഴക്കാരൻ ഒരു മിൽ ഉടമയുടെ സംഭാവന

1930 ഡിസം.14 –ന് മാർ ഈവാനിയോസ് പിതാവിനെ സന്ദർശിച്ചവരിൽ ചിലർ മഠത്തിൽ വന്നു. സിസ്റ്റേഴ്സ് അവരെ കാണാൻ ചെന്നു. അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു മിൽ ഉടമ മഠംചാപ്പലിലെ കെടാവിളക്കിനുവേണ്ട വെളിച്ചെണ്ണ തരാമെന്ന് വാക്കുപറഞ്ഞു. അദ്ദേഹത്തിന്റെ മരണം വരെ അദ്ദേഹം മുറയ്ക്ക് അത് തന്നുകൊണ്ടിരുന്നു.

മാർ ഈവാനിയോസ് പിതാവ് തിരുമൂലബാലികാമഠം ഗവേർണിംഗ്അംഗത്വം രാജിവച്ച് എഴുതിയ കത്തും മിസ്സ്. ബ്രൂക്ക്സ്മിത്തിന് എഴുതിയ കത്തും 1930 ഡിസംബർ 17–ന് സിസ്റ്റേഴ്സിനെ വായിപ്പിച്ചു കേൾപ്പിച്ചു.

ക്രിസ്തുമസ്സിന് മുമ്പായി തിരുമൂലപുരം മഠത്തിനു സമീപസ്ഥലങ്ങളിൽ നിന്ന് മാമോദീസാ മുങ്ങിയ ചേരമഭവനങ്ങളെല്ലാം സിസ്റ്റേഴ്സ് സന്ദർശിച്ച് മുറയ്ക്ക് പള്ളിയിൽ വരുന്നവർക്ക് വസ്ത്രം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. അവർക്ക് സ്വന്തമായി പള്ളിയിൽ വരത്തക്ക വസ്ത്രങ്ങൾ ഇല്ലായിരുന്നു. ക്രിസ്തുമസ്സ് ശുശ്രൂഷകൾക്കും വി. കുർബാനയ്ക്കും പുതുക്രിസ്ത്യാനികളെല്ലാവരും വന്നിരുന്നതുകൊണ്ട് സിസ്റ്റേഴ്സിന് സന്തോഷമായി.

### രണ്ട് സിസ്റ്റേഴ്സിന്റെ ആലപ്പുഴയാത്രയിലെ ഒരു ഫലം

1931 ഫെബ്രു. 23–ന് സിസ്റ്റർ ദനഹാ, സി. സൽഗാ ഇവർ ഇ. എൻ. റ്റി സ്പെഷിലിസ്റ്റിനെ കാണാനായി പുളിക്കീഴ് നിന്ന് ആലപ്പുഴ ബോട്ടിൽ യാത്ര ചെയ്യുമ്പോൾ കൈനകരി മഠത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന വളഞ്ഞമുട്ടംകാരി ഒരു കുഞ്ഞന്നാമ്മയെ കണ്ടുമുട്ടി. അമ്മമാർ എവിടെ പോകുന്നു എന്ന ചോദ്യവുമായി ആൾ അടുത്തുകൂടി വളരെ ലോഹ്യമായി സംസാരിച്ചു തുടങ്ങി. കൈനകരി മഠത്തിനടുത്ത് കുഞ്ഞന്നാമ്മ ബോട്ടിൽ നിന്ന് ഇറങ്ങിയെങ്കിലും യാദൃശ്ചികമായ ഈ കൂടിക്കാഴ്ചയുടെ ഫലമായി പ്രസ്തുത കുഞ്ഞന്നാമ്മ (അന്നമ്മ ഈപ്പൻ) 1932 മാർച്ച് 24–ന് ബഥനി മഠത്തിൽ വന്നു ചേർന്നു. ആലപ്പുഴക്ക് പോയ സിസ്റ്റേഴ്സ് മാർ സ്ലീബാ പള്ളിയ്ക്കടുത്തുള്ള കർമ്മലീത്താ (സുറിയാനി) മഠത്തിൽ (പഴവങ്ങാടി) ചെന്ന് ഉച്ചഭക്ഷണശേഷം ആശുപത്രി വളപ്പിൽ താമസിച്ചിരുന്ന ഹോളിക്രോസ് സിസ്റ്റേഴ്സിന്റെ അടുത്തുപോയി . അവിടുത്തെ സുപ്പീരിയർ കാർമ്മീലീയ എന്നു പേരുള്ള ഒരു സ്വിസ് or ജർമ്മൻ ആയിരുന്നു. അന്നു തന്നെ അവർ ഇ. എൻ. റ്റി



സ്പെഷിലിസ്റ്റിനെ കണ്ടു. രാത്രി ഉല്ലാസത്തിന് സിസ്റ്റേഴ്സിന്റെ കൂടെ പങ്കെടുത്തു. അവരുടെ ഇംഗ്ലീഷ് ഉച്ചാരണം ജർമ്മൻ രീതിയിലായിരുന്നതിനാൽ ഗ്രഹിക്കാൻ അല്പം വിഷമമായിരുന്നു.

പിറ്റെ ദിവസം അതായത് ഫെബ്രു. 24–ന് സിസ്റ്റേഴ്സിന്റെ ചാപ്പലിൽ വി. കുർബാന കഴിഞ്ഞ് ഡോക്ടറിനെ കണ്ടു. തൊണ്ടയും മൂക്കും cauterise ചെയ്ത ശേഷം സി. ദനഹായുടെ ഒരു കസ്സിന്റെ വീട്ടിൽ കയറി. തിരിച്ചു വന്നപ്പോഴേക്ക് പുളിക്കീഴ് ബോട്ട് പോയി കഴിഞ്ഞിരുന്നു. പുളിങ്കുന്നകാരൻ ഒരു നല്ല മനുഷ്യൻ അവരെ ചങ്ങനാശ്ശേരി വരെ അനുഗമിച്ച് ബസ്സിൽ കയറ്റി തിരുവല്ലായ്ക്ക് വിട്ടു.

### ഒരു പുതിയ അനുവാദം

യാക്കോബായ സഭയിൽ വച്ചും പുനരൈക്യത്തിന് ശേഷം 1931 ഫെബ്രു. 25 വരെയും ഉപവാസദിവസങ്ങളിൽ വി. കുർബാന അനുഭവിക്കുക പതിവില്ലായിരുന്നു. ഫെബ്രു. 25–ന് വൈകിട്ട് മാർ ഈവാനിയോസ് പിതാവ് മഠത്തിൽ വന്ന് മദർ ശൈനാ, സി. ദനഹാ, സി. സൽഗാ ഇവരെ കണ്ട് ഇനി മേലാൽ ഉപവാസദിവസങ്ങളിലും വി. കുർബാന അനുഭവിക്കാമെന്നും, അതിനു ശേഷം ഉപവാസം തുടരാമെന്നും കൽപിച്ചത് എല്ലാവർക്കും സന്തോഷമായിത്തീർന്നു. അതുവരെ ഉപവാസ ദിവസങ്ങളിൽ വി. കുർബാന ചൊല്ലുകയില്ലായിരുന്നു. അങ്ങിനെയായിരുന്നു യാക്കോബായ സഭയിലെ പതിവ്.

### 8–ാമത്തെ അംഗം വ്രതവാഗ്ദാനം ചെയ്യുന്നു. 1931 ഏപ്രിൽ 17

പുനരൈക്യ സമയത്ത് നോവിസ് ആയിരുന്ന കെ. എ. ഏലിയാമ്മ 1931 ഏപ്രിൽ 17–ന് മാർ ഈവാനിയോസ് തിരുമേനിയിൽ നിന്ന് സന്യാസവസ്ത്രം സ്വീകരിച്ച് സാമാന്യതല്കാല വ്രതങ്ങൾ ചെയ്ത് സൈബാർ എന്നപേർ തലേദിവസം സന്ധ്യയ്ക്ക് നല്കപ്പെട്ടിരുന്നു. 1931 ആഗസ്റ്റ് 31 ന് തുരുത്തിക്കാരി എൻ. എഫ്. മറിയം (മാമ്മി) എന്നൊരു പെൺകുട്ടി ഒരു മാസം താമസിക്കാനായി വന്നു.

1931 സെപ്റ്റംബർ വ്രത നവീകരണത്തിന് മദർ ശൈനാ, സി. ഹൂബാ, സി. ദനഹാ, സി.സൽഗാ ഇവർ നാലുപേരും ധ്യാനം നടത്തി. 2–ന് വി. കുർബാനമദ്ധ്യേ 4 പേരും വ്രതവാഗ്ദാനം ചെയ്കയും സി. ഹൂബാ, സി. ദനഹാ, സി. സൽഗാ ഇവർക്ക് വന്ദ്യപിതാവ് കറുത്ത കുബൂനായും കറുത്ത ദീദായും നൽകുകയും ചെയ്തു. അവരുടെ നാലു

പേരുടേയും ആദ്യപ്രതിഷ്ഠ പരിപൂർണ്ണമായ ഒരു സമർപ്പണമായിരുന്നു. അന്ന് വ്രത വാചകങ്ങൾ ഉച്ചരിച്ചിരുന്നില്ല.

### ഗ്രേമൂർ സന്യാസ സഭകളുമായുള്ള ഒരു പ്രത്യേക ബന്ധം

അമേരിക്കൻ ഐക്യനാടുകളിൽ ഗ്രേമൂർ എന്ന സ്ഥലത്ത് ഫാ. പോൾ, മദർ ലൂറാന എന്ന രണ്ടു വ്യക്തികൾ പ്രോട്ടസ്റ്റന്റ് സഭാ വിഭാഗത്തിൽ ആരംഭിച്ച സന്യാസസഭകൾ (ഫ്രാൻസിസ്കൻ) കുറെ വർഷങ്ങൾക്ക്മുമ്പ് ചർച്ച്യൂണിറ്റിഒക്റ്റേവ് എന്നൊരു പ്രർത്ഥനായജ്ഞം നടത്തിയതിന്റെ ഫലമായി കത്തോലിക്കരായി തീർന്നിരുന്നു. ബഥനിസന്യാസ സമൂഹങ്ങൾ അവരെപ്പോലെ കത്തോലിക്കരായി എന്നറിഞ്ഞപ്പോൾ അവർക്ക് സന്തോഷമായി, കുറെക്കാലത്തേക്ക് ബഥനിക്ക് സഹായം നൽകി. ഫാ. പോൾ ഫ്രാൻസിസിന്റെ താല്പര്യപ്രകാരം അവരുമായി ആദ്ധ്യാത്മീകബന്ധത്തിൽ ഏർപ്പെടണമെന്ന് അദ്ദേഹവും പിതാവും തമ്മിൽ കത്തുമുഖേന തീരുമാനിച്ചു. അങ്ങനെ 1931 സെപ്റ്റംബർ 20-ന് മഠത്തിൽ എല്ലാവരും ധ്യാനം എടുത്ത് ഒരുങ്ങി 21-ാം തിയതി മാർ ഈവാനിയോസ് പിതാവ് മഠം ചാപ്പലിൽ വി. കുർബാന ചൊല്ലിയത് വി. ബസേലിയോസിന്റെ തക്സാ ഉപയോഗിച്ചായിരുന്നു. വി. കുർബാനയുടെ അവസാനത്തിൽ ഗ്രേമൂർ സന്യാസ സഭകളുമായി ബഥനിയെ ബന്ധപ്പെടുത്തി. എന്നാൽ ഇത് പടിഞ്ഞാറൻ സഭയിൽ നടപ്പുള്ള പോലെ അല്ലായിരുന്നു. മേലിൽ വെള്ളിയാഴ്ചതോറും വി. കുർബാന സമയത്ത് തുബ്ദേൻ കഴിഞ്ഞ് മറയിടുമ്പോൾ സ്രാപ്പികളെ കണ്ടേശായ്യ എന്ന ഗീതം ചൊല്ലണമെന്നും അപ്പോൾ പുരോഹിതൻ തിരുശരീര രക്തങ്ങൾ സമ്മിശ്രപ്പെടുത്തുന്ന സമയം ഗ്രേമൂർ മഠം ആശ്രമം, ബഥനി മഠം, ആശ്രമം ഇവയുടെ അംഗങ്ങളെ തിരുകാസായിൽ ആക്കി സമർപ്പിച്ച് പ്രാർത്ഥിക്കണമെന്നും പിതാവ് വ്യവസ്ഥ ചെയ്തത് അന്നുമുതൽ നടന്നുവരുന്നു.

### നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം ആരംഭിക്കുന്നു

പുനരൈക്യത്തിന് മുമ്പായി നങ്ങ്യാർ കുളങ്ങര നീലാർ മഠം സിസ്റ്റർ സുപ്പീരിയർ ആയിരുന്ന സി. ശൈനായുടെ പേർക്ക് എഴുതിച്ചിരുന്നു. അവിടെ ഒരു ഷെഡുണ്ടാക്കി അതിൽ വച്ചാണ് 1930 ലെ ഹാശായുടെ ശുശ്രൂഷകൾ മാർ ഈവാനിയോസ് പിതാവും ചേപ്പാട് പിലിപ്പോസ് റമ്പാച്ചനും കൂടി നടത്തിയത്. പുനരൈക്യത്തോട് കൂടി തിരുമൂല ബാലികാമഠവുമായുള്ള ബന്ധം പാടേ അവസാനിച്ചപ്പോൾ അതേ



ക്കുറിച്ച് സിസ്റ്റേഴ്സിന് വിഷമം ഉണ്ടാകാതിരിക്കാനായി നീലാർ മഠം ഒരു ബഥനി ബാലികാമഠം സ്കൂളാക്കണമെന്ന് പിതാവ് ഉപദേശിച്ചു. ആ സ്ഥലം തിരഞ്ഞെടുക്കാൻ ബ. ചേപ്പാട് റമ്പാച്ചൻ പിതാവിനെ ഉത്സാഹപ്പിച്ചു. വന്ദ്യ പിതാവിന്റെ അനുജൻ മത്തായി പണിക്കരുടെ മേൽനോട്ടത്തിൽ 1931 ൽ അവിടെ സ്കൂൾ കെട്ടിടം പണിയിച്ചു. പിതാവിന്റെ അസാന്നിദ്ധ്യത്തിൽ മാർ തിയോഫിലസ് തിരുമേനി ഉദ്ഘാടനം ചെയ്തു.

അക്കാലത്ത് സ്കൂൾ ഇൻസ്പെക്ടറായിരുന്ന മിസ്സ് റോസ്മിയറിനെ മദർ ശൈനാ, സി. ദനഹാ, മുതലായവർ പോയി കണ്ട് സ്കൂളിന്റെ കാര്യം ആലോചിച്ചു. തിരുവല്ലാ പട്ടണത്തിൽ ഒരു പെൺപള്ളിക്കൂടം വിലയ്ക്കു വാങ്ങുന്നതിനെപ്പറ്റി ആദ്യം ആലോചിച്ചെങ്കിലും അതുവേണ്ടെന്നുവച്ചു. പിന്നീടാണ് നങ്ങ്യാർകുളത്ത് കെട്ടിടം പണീച്ചത്.

1932 മേയ് മാസത്തിൽ (16-ാം തിയതി) നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്കൂൾ ആരംഭിച്ചു. കൈനകാരി വെള്ളൂർ അന്നമ്മാ ഏബ്രഹാമായിരുന്നു ഹെഡ് മിസ്ട്രസ്. ഇടയ്ക്കിടെ അന്നമ്മ മഠത്തിൽ (തിരുവല്ലാ)വന്ന് കാര്യങ്ങൾ മദറിനെ ഗ്രഹിപ്പിച്ചിരുന്നു. സ്കൂൾ മഠത്തിന്റേതായിട്ടാണ്ആരംഭിച്ചത്. ഉടനെ സിസ്റ്റേഴ്സിനെ വിടാൻ സൗകര്യപ്പെട്ടില്ല.

സ്കൂളിൽ പഠിപ്പിക്കുന്നതിനുവേണ്ടി സി. മാക്സാ, സി. ബാസീം ഇവരെ തൃശൂർ കർമ്മലീത്താ മഠത്തിൽ 1931 ജൂൺ 13 മുതൽ 1932 മാർച്ച് വരെ താമസിച്ചുകൊണ്ട് ഗവൺമെന്റ് ട്രെനിംഗ് സ്കൂളിൽ പഠിക്കാനായി വിട്ടു. അവർ മടങ്ങിവന്ന ശേഷം ഒരു വർഷം തിരുമൂല താമസിച്ചു. 1933 മേയ് മാസത്തിൽ (സ്കൂൾ തുറന്നപ്പോൾ) സി. ദനഹായെ നങ്ങ്യർകുളങ്ങരമഠത്തിലെ സുപ്പീരിയർ ആയും സി. മാക്സാ, സി തൈബൂസ്, സി. സൈബോർ ഇവരെ മഠത്തിലെ അംഗങ്ങളായും നങ്ങ്യാർകുളത്തേയ്ക്ക് അയച്ചു. അങ്ങനെ 1933 മേയ് മാസം 17 ന് ബഥനിയുടെ ആദ്യത്തെ ശാഖാമന്ദിരം സ്ഥാപിതമായി. സി. സൈബോർ ഒഴിച്ച് ബാക്കിയുള്ളവർ സ്കൂളിൽ പഠിപ്പിച്ചു. മറ്റ് സിസ്റ്റേഴ്സ് നങ്ങ്യാർകുളത്തേയ്ക്ക പോയപ്പോൾ സി. ബാസിമിന് സുഖമില്ലാതിരുന്നതിനാൽ അവരോടുകൂടെ പോയില്ല. 1933 ജൂൺ 4 ന് സി. ബാസിം കൂടെ നങ്ങ്യാർകുളത്തേയ്ക്ക് പോയി.

## കൊല്ലം ഹോളിക്രോസിലെ നോവിഷ്യേറ്റിൽ രണ്ട് ബഥനി സിസ്റ്റേഴ്സ്

ബഥനി സിസ്റ്റേഴ്സിന് ലഭിച്ചിരുന്ന സന്യാസ പരിശീലനം സ്ഥാപകന്റെ ആദർശങ്ങൾക്കനുസൃതമായി സി. ഹെലൻ നടത്തിയിരുന്നതിനെക്കുറിച്ച് പിതാവിന് അഭിമാനവും സംതൃപ്തിയുമാണുണ്ടായിരുന്നത്. എങ്കിലും അവർ കത്തോലിക്കരായുരുന്നില്ലല്ലോ. ഒരു കത്തോലിക്കാ മഠത്തിൽ താമസിച്ച് അവിടുത്തെ പരിശീലനം രണ്ടുപേർക്കെങ്കിലും ലഭിക്കുന്നതിനെകുറിച്ച് കൊല്ലം ബിഷപ്പ് ബെൻസിഗർ തിരുമേനിയുമായി പിതാവ് ആലോചിച്ചു. ബിഷപ്പ് ബൻസിഗറിന് കൊല്ലം ഡിസ്ട്രിക് ആശുപത്രിയിൽ സേവനം ചെയ്തിരുന്ന ഹോളിക്രോസ് (സ്വിസ്സ്) സിസ്റ്റേഴ്സിനെപ്പറ്റി നല്ല മതിപ്പായിരുന്നു. അദ്ദേഹം അഭിപ്രായപ്പെട്ടതനുസരിച്ച് സി. ദനഹാ, സി. സൽഗാ, ഇവരെ കൊല്ലത്തുള്ള ഹോളിക്രോസ്സ് സിസ്റ്റേഴ്സിന്റെ നോവിഷ്യേറ്റിൽ ഒരു വർഷത്തെ പരിശീലനത്തിന് അയയ്ക്കാൻ വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു.

അങ്ങനെ 1932 ജനുവരി 9 ന് തിരുമൂലമഠം ചാപ്പലിൽ വി. കുർബാന ചൊല്ലിയ ശേഷം വന്ദ്യ പിതാവ് സി. ദനഹായേയും സി. സൽഗായേയും പ്രത്യേകം അനുഗ്രഹിച്ചു. മദർ ശൈനായും സി. ഹൂബായും അവരെ കൊല്ലത്തേക്കുകൊണ്ടുപോയി. സിസ്റ്റേഴ്സിന്റെ സ്പിരിച്ച്വൽ റീഡിങ്ങ് സമയത്താണ് അവർ കൊല്ലത്ത് എത്തിയത്. അന്നത്തെ മദർ പ്രൊവിഷ്യൽ ആയിരുന്ന മദർ ലെയോണി, സി.ജോസഫാ, സി. അലോഷ്യാ ഇവർ ഇറങ്ങി വന്ന് അവരെ സ്വീകരിച്ചു.

1932 ജനുവരി 12 മുതൽ 19 വരെയുള്ള ധ്യാനത്തിൽ സി. ദനഹായും സി. സൽഗായും അവരോടൊന്നിച്ച് സംബന്ധിച്ചു. അവർ ചെന്നപ്പോൾ 2-ാം വർഷ നോവിഷ്യേറ്റ് പൂർത്തിയാകാറായ സി. കമീലാ, സി. ഇഗ്നേസ്യ, സി. ഹിൽഡിഗാർഡ് ആദിയായി ഏഴ് നോവീസസ് ധ്യാനം കഴിഞ്ഞപ്പോൾ നോവ്യഷ്യേറ്റിൽ നിന്ന് ഇറങ്ങി. സി ഗബ്രിയേൽ, സി. റാഫേൽ ഇവർ ധ്യാനം കഴിഞ്ഞതോടെ നേർച്ച എടുത്ത് രണ്ടാംവർഷക്കാരായിത്തീർന്നു. സ്വിറ്റ്സർലണ്ടിൽ നിന്നും നോവിസ്സായി വന്നുചേർന്ന സി. അലവീസ്യാ മറിയയ്ക്ക് പ്രായം തോന്നിക്കുമായിരുന്നു. പിന്നെ കാതലീൻ ഹെർമൻ എന്ന പേരൊടെ വന്നിരുന്ന ഒരു ജർമ്മൻ പോസ്റ്റുലന്റ് റീത്താ എന്ന പേരോടെ നോവീസായി ത്തീർന്നു.



അങ്ങനെ സി. സ്റ്റാനിസ്ലാവ്സ് എന്നൊരു സ്വീസ് ജർമ്മൻ സിസ്റ്ററിന്റെ കീഴിൽ സി. അലവീസ്യാ മറിയാ, സി. റീത്താ എന്നി നോവിസ്സസിനോട് കൂടെ സിസ്റ്റർ ദനഹായും സി. സൽഗായും 1932 ജാനുവരി 19 മുതൽ 1933 ജനുവരി 20 വരെ കൊല്ലം ഹോളിക്രോസ് കോൺവെന്റിൽ പരിശീലനം നടത്തി.

ഇതിനിടെ മാർ ഈവാനിയോസ് പിതാവ് ജാനുവരി 25-നും 1932 മാർച്ച് 20-നും അവരെ സന്ദർശിച്ചു. റോമിലേക്ക് അദ്ദേഹം പോകുന്ന വിവരം മാർച്ചിലെ സന്ദർശനത്തിൽ അവരെ അറിയിച്ചു. പിന്നീട് സി. മാക്സാ, സി. ബാസിം, ഇവർ തൃശൂരിൽ നിന്ന് റ്റി. റ്റി. സി. ട്രെയിനിംഗ് കഴിഞ്ഞ് തിരുവല്ലായിൽ മടങ്ങി എത്തിയ ശേഷം അവരെയും കൂട്ടിക്കൊണ്ട് മദർ ശൈനാ കൊല്ലം ഹോളിക്രോസ് മഠത്തിൽ ചെന്ന് സി. ദനഹായേയും സി. സൾഗായേയും സന്ദർശിച്ചു.

1933 ജനുവരി 20-ന് മദർ ശൈനാ, സി. തൈബൂസ്, സി. സൈബാർ ഇവർ കൊല്ലം ഹോളിക്രോസ് മഠത്തിൽ ചെന്ന് സി. ദനഹാ, സി.സൽഗാ ഇവരെ കൂട്ടിക്കൊണ്ട് തിരുവല്ലായിൽ എത്തി. സി. ദനഹാ, സി.സൽഗാ ഇവരെ കൂട്ടിക്കൊണ്ട് തിരുവല്ലായിൽ എത്തി.

## കൊല്ലം ഹോളിക്രോസ് നോവീഷ്യേറ്റിലെ പ്രത്യേക അനുഭവങ്ങൾ

സന്യാസപരമായി എത്രയും ഉന്നതമായ ഒരു പിരിശീലനമാണ് ബഥനി സിസ്റ്റേഴ്സിന് ലഭിച്ചിരുന്നത്. എങ്കിലും കത്തോലിക്കാ ഐക്യത്തിൽ നിന്നും വേർപ്പെട്ട് നിന്നിരുന്നതിന്റെ ശുഷ്കത ഉണ്ടായിരുന്നു. വി. കുർബാനയോടും, മാതാവിനോടും, പരിശുദ്ധന്മാരോടും ഉള്ള ഭക്തി, മൗനാചരണം ഇവയിലെല്ലാം കൂടുതൽ ചൈതന്യം ഉള്ളതായി അവിടെ അനുഭവപ്പെട്ടു. തെറ്റുകൾക്കുവേണ്ടി പെനൻസ് (പ്രായശ്ചിത്തം) എടുക്കുന്ന പതിവ്, 53 മണി ജപം, സ്ലീബാപാത, ബന്തിങ്ങാധാരണം ഇങ്ങനെയുള്ള ഭക്ത്യാഭ്യാസങ്ങളും കൊല്ലം ഹോളിക്രോസിൽ നിന്ന് ബഥനിസിസ്റ്റേഴ്സ് അഭ്യസിച്ചു. അങ്ങനെ ആദ്ധ്യാത്മീക ജീവിതത്തിൽ കൂടുതൽ തീക്ഷ്ണത ഉണ്ടായി. ഒരു നല്ല കത്തോലിക്കാ മഠത്തിനകത്തുള്ള താമസം കൊണ്ടാണ് ഇത് സാധിച്ചത്. വെറും വായനകൊണ്ടും ലഭിച്ചിരുന്നുമില്ല.

1931 മെയ് മുതൽ 1932 മാർച്ച് വരെ തൃശൂർ കർമ്മലീത്താമഠത്തിൽ താമസിച്ചുകൊണ്ട് ട്രെനിംഗിന് പഠിച്ച സി. മാക്സാ, സി. ബാസിം ഇവർക്കും പല കത്തോലിക്കാ ആചാരാനുഷ്ഠാനങ്ങളും ഗ്രഹിക്കാൻ ഇടയായി. (ഈ രണ്ട് മഠങ്ങളിലും ഈ രണ്ട് ബഥനി സിസ്റ്റേഴ്സ് താമസിച്ചതിന്റെ ചെലവ് അതാത് മഠങ്ങളാണ് വഹിച്ചത് എന്നത് കൃതജ്ഞത അർഹിക്കുന്നതാണ്).

**മിസ്സ് ഈത്താ ജോൺ**

കോട്ടയത്തിനടുത്ത് പുതുപ്പള്ളിൽ തോണിപ്പുരയ്ക്കൽ ജോൺ വക്കീലിന്റെ മകൾ ഈത്താ ജോൺ തൃശ്ശിനാപ്പള്ളി സിസ്റ്റേഴ്സിന്റെ ,"Seven Dolours",വക ട്രെയിനിംഗ് സ്ക്കൂൾ ഹെഡ്മിസ്ട്രസ് ആയിരിക്കെ മാർ ഈവാനിയോസ് പിതാവ് തൃശ്ശിനാപ്പള്ളി സന്ദർശിച്ചപ്പോൾ 1931 സെപ്റ്റംബർ16-ന് കത്തോലിക്കാസഭയിൽ ചേർന്ന് 1932 മെയ് 5-ന് മഠത്തിൽ വന്നു ചേർന്നു. സെപ്റ്റംബർ 22-ന് പോസ്റ്റുലന്റ് ആയി. 1933 ഏപ്രിൽ മുതൽ 1935 ഏപ്രിൽ വരെ നോവീഷ്യേറ്റ് കഴിച്ച് സി. ബസ്മാ എന്നപേരിൽ സന്യാസവ്രതം ചെയ്തു. 1935 -1936 നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠത്തിൽ ഹെഡ്മിസ്ട്രസ്സ് ആയിരുന്നു. നോവിഷ്യേറ്റ് കാലത്തും പിന്നീടും എല്ലാ വിധത്തിലും ഉത്തമ മാതൃകയായിരുന്നു. മാനസീകമായ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. മനഃകരുത്തില്ലാതിരുന്നതിനാൽ അവയെ തരണം ചെയ്ത് നിലനിൽക്കാൻ സാധിച്ചില്ല. തല്ക്കാല വ്രതത്തിന്റെ ആറ് വർഷം കഴിഞ്ഞപ്പോൾ നിത്യവ്രതം ചെയ്യാൻ അനുവദിക്കപ്പെട്ടില്ല. ഒരു വർഷത്തേക്ക് നീട്ടി കൊടുത്തെങ്കിലും മാനസീകാരോഗ്യം വീണ്ടും കിട്ടാഴികയാൽ 1942 ജൂലൈ 23-ന് പിരിച്ചയക്കപ്പെട്ടു.

**മറിയാമ്മ ഈപ്പന്റേയും അന്നമ്മ ഐപ്പിന്റെയും നോവിഷ്യേറ്റ്**

1927 ഡിസം. 31-ന് മഠത്തിൽ വന്ന് 1929 ഫെ. ,24-ന് പോസ്റ്റുലന്റ് ആയ വെണ്ണിക്കുളം കൂടത്തുംമുറിയിൽ മറിയാമ്മ ഈപ്പൻ, 1928 മെയയ്8-ന് മഠത്തിൽ വന്ന് 1929 ഏപ്രിൽ 20 ന് പോസ്റ്റുലന്റ് ആയ കോട്ടയം തിരുവഞ്ചിയൂർ വേങ്കിടത്ത് അന്നമ്മ എപ്പ് ഇവരെ 1931 ഏപ്രിൽ 18-ന് നോവിഷ്യേറ്റിൽ പ്രവേശിപ്പിച്ചു. സ്വന്തം വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ചായിരുന്നു ഇരുവരും 1930 സെപ്റ്റംബർ 22-ന് കത്തോലിക്കാ സഭയിൽ ചേർന്നത്. ഇരുവരുടേയും വീട്ടുകാർക്ക് 'റോമാക്കാരെ' വെറുപ്പായിരുന്നു. എങ്കിലും പിതാവിനോടുള്ള ബഹുമാനം കൊണ്ട് മാത്രം പിന്നീട് അവർ എതിർപ്പ് പ്രദർശിപ്പിച്ചില്ല. ആരംഭം മുതൽ 1931 ഏപ്രിൽ 1933 ജാനുവരി 30 വരെ സി. ഹൂബായുടെ കീഴിലും പിന്നീട് 1933 ജാനുവരി 31 മുതൽ ജൂൺ 3 വരെ സി. സൽഗായുടെ കീഴിലുമായി അവരുടെ നോവിഷ്യേറ്റ് പരിശീലനം നടത്തി.



പഴയ തോൽക്കുടങ്ങളിൽ പുതിയവീഞ്ഞ് സൂക്ഷിക്കാൻ ശ്രമിച്ചതിന്റെ അനേക ദൂഷ്യഫലങ്ങൾ കത്തോലിക്കാ പുനരൈക്യത്തിനുശേഷം അനുഭവപ്പെട്ടു. 1926 ഡിസംബറിൽ സി. ഹെലനും സി. റൂത്തും ബാരിസോളിലേയ്ക്ക് മടങ്ങി പോയെങ്കിലും 1930 വരെ അവർ മിക്ക വർഷവും ഒരു മാസത്തോളം ബഥനി സിസ്റ്റേഴ്സിനോട് കൂടി വന്ന് താമസിച്ചതുകൊണ്ട് പഴഞ്ചൻ രീതികളൊന്നും പ്രബലപ്പെട്ടില്ല. ആ സ്വാധീനം 1933 വരെ നിലനിന്നു എന്നു പറയാം. എന്നാൽ 1933-ൽ സി. ദനഹായും സി. സൽഗായും ഹോളിക്രോസിൽ നിന്ന് തിരിച്ചു വന്നപ്പോൾ നമുക്ക് നടപ്പാക്കാവുന്ന ആചാരങ്ങൾ എഴുതി കൊടുക്കണമെന്ന് വന്ദ്യപിതാവ് നിർദ്ദേശിച്ചു. അവർ എഴുതിയതിൽ ചുരുക്കം ചിലത് നീക്കിയുള്ളത് നടപ്പാക്കാൻ കല്പനയുണ്ടായി. എന്നാൽ പ്രായമായ വ്യക്തികൾക്ക് രണ്ടുപേർക്കും അത് അത്ര രുചിച്ചില്ല.

1933-ൽ മാങ്കാവിൽ ശമുവേൽഅച്ചൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതിനെ ത്തുടർന്ന് ഹാശാആഴ്ചയുടെ ശുശ്രൂഷകൾ നടത്താനായി വന്ദ്യ പിതാവ് കറ്റാനത്ത് പോയി. സിസ്റ്റേഴ്സും കറ്റാനത്ത് ചെല്ലണമെന്ന് പിതാവ് കല്പിച്ചതിനാൽ മഠത്തിലെ സിസ്റ്റേഴ്സും മൂന്ന് നോവിസ്സസ്സും കൂടെ മൂസാവരിയിൽ (Travellers Bengalow) താമസിച്ചു. ചില പ്രത്യേക ദിവസങ്ങളിൽ ആരും വിശുദ്ധകുർബാന അനുഭവിക്കരുതെന്നൊരു മുടക്കു കല്പന (പിതാവിന്റേത്) മദർ ശൈനാ വായിച്ച് കേൾപ്പിച്ചു. കഷ്ടാനുഭവ ആഴ്ചയിൽ പ്രത്യേകിച്ച് പെസഹായ്ക്ക വി. കുർബാന അനുഭവിക്കുന്നതിന് മുടക്കുണ്ടായതിൽ നോവീസ്സസ്സിനു വളരെയധികം വിഷമം ഉണ്ടായി. ഉടനെ നോവീസ്സ് മിസ്ട്രസ് പിതാവിന്, പിതാവേ കത്തോലിക്കാ സഭയിൽ പറച്ചിക്കും പുലച്ചിക്കും ഉള്ള അവകാശസ്വാതന്ത്ര്യങ്ങൾ ഒന്നും ഞങ്ങൾക്കില്ലേ. ചില ദിവസങ്ങളിൽ വി. കുർബാന മുടക്കുന്നത് എന്താണ്? എന്ന് എഴുതി കൊടുത്തയച്ചു. കഷ്ടിച്ച് ഒരു മണിക്കൂർ മുമ്പ് കൊടുത്തയച്ച കല്പനയെ റദ്ദാക്കി ഉടനെ തന്നെ വേറൊരു കല്പന ആ സിസ്റ്ററിന് പിതാവ് കൊടുത്തയച്ചു.

### കത്തോലിക്കാ പുനരൈക്യശേഷമുള്ള ആദ്യ പോസ്റ്റുലൻസ്

കെ. ജെ. ബ്രീജീറ്റ്, എം. ഇ. അന്നമ്മ, ഈത്താ ജോൺ ഇവരെ 1933 സെപ്റ്റംബർ 22-ന് പോസ്റ്റുലൻസായി സ്വീകരിച്ചു. വന്ദ്യപിതാവ് യൂറോപ്പിലായിരുന്നു. മാർ തിയോഫിലസ് തിരുമേനി അവരെ സ്വീകരിച്ചു. സി. മാകസാ അവരുടെ ചുമതല വഹിച്ചു.

### മാറ്റത്തിന്റേതായ യാതനകൾ

മാറ്റങ്ങളും വളർച്ചയും വേദനാകരമെന്ന് അശ്രമസ്ഥരും മഠാംഗങ്ങളുമായ ബഥനി മക്കൾ എല്ലാവരും അറിഞ്ഞ് അതിന്റെ യാതനകൾ അനുഭവിക്കേണ്ടി വന്ന ഒരു കാലഘട്ടം പുനരൈക്യത്തിന് മുമ്പ് ആരംഭിച്ചു എന്നു പറയാം.

1. ഇതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഫാ. അലക്സിയോസിന്റെ വേർപാട്. മറ്റ് ഉറ്റബന്ധുമിത്രാദികളോടുള്ള അകൽച്ച ഇതുപോലെ സ്പർശിച്ചില്ല എന്നു പറയാം.

2. യാക്കോബായ രീതികളിൽ മാത്രം പരിചയിച്ചിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ ദീർഘദൃഷ്ടിയിൽപ്പെടാത്ത ചില സാഹചര്യങ്ങൾ പുനരൈക്യശേഷം ഉണ്ടായി. തൽഫലമായി അതുവരെ ആരും ചോദ്യം ചെയ്യാതിരുന്ന ആശ്രമ പിതാവിന്റെ അധികാരസീമകൾ പ്രത്യക്ഷത്തിൽ അല്ലെങ്കിലും ചോദ്യം ചെയ്യപ്പെട്ടു. പുനരൈക്യപ്പെട്ടപ്പോൾ ഫാ. അലക്സിയോസ് പോലും പിതാവിന്റെ നേതൃത്വത്തെ ആദരിച്ചിരുന്നു. മാർ തിയോഫിലോസ് തിരുമേനിയാകട്ടെ ദൈവം കഴിഞ്ഞാൽ പിന്നെ സർവ്വവുമായി പിതാവിനെ ഗണിച്ചു വന്നിരുന്നു. എന്നാൽ പുനരൈക്യശേഷമുള്ള ആദ്യകാലങ്ങളിൽ എല്ലാതലത്തിലും ഒരു പരിവർത്തനമുണ്ടാകാതെ തരമില്ലാതായി. ഇരു പിതാക്കന്മാർക്കുമുള്ളഅധികാര സീമകൾ നിർണ്ണയിക്കപ്പെട്ടപ്പോൾ പമ്പാനദിക്ക് തെക്ക് തിരുവനന്തപുരം അതിരൂപതയും വടക്ക് തിരുവല്ലാരൂപതയും രൂപം കൊണ്ടു. കത്തോലിക്കാ സഭയിലെ ഭരണരീതി അനുസരിച്ച് അധികാരവിഭജനം ആവശ്യമായി തീർന്നു. ആശ്രമവും മഠവും സംബന്ധിച്ച് ഇങ്ങനെ ഒരു പ്രശ്നമുണ്ടാകുമെന്ന് മാർ ഈവാനിയോസ് പിതാവിന്റെ ദീർഘദൃഷ്ടിയിൽപ്പെട്ടിരുന്നുമില്ല.

ആശ്രമം പിതാവിന്റെ ആസ്ഥാനമായ തിരുവനന്തപുരത്തേയ്ക്ക്



മാറ്റാൻ തീരുമാനിച്ച് എല്ലാവരേയും വെണ്ണിക്കുളത്ത് നിന്ന് നാലാഞ്ചിറയ്ക്ക് കൊണ്ടുപോയി. അതുവരെ ആശ്രമത്തിന്റേയും മഠത്തിന്റേയും അഭിവൃദ്ധിമാത്രം പരിഗണിച്ചിരുന്ന പിതാവിന്റെ ശ്രദ്ധ (അതിരൂപതയുടെ) പുനരൈക്യത്തിന്റെ അഭിവൃദ്ധിയിൽ കേന്ദ്രീകരിച്ചു. അത് അദ്ദേഹത്തിന്റെ കടമയായിരുന്നുതാനും. എന്നാൽ മാർ തിയോഫിലോസ് തിരുമേനിക്ക് തിരുവല്ലാരൂപതയുടെ കാര്യത്തിൽ ശ്രദ്ധിക്കാതെ തരമില്ലായിരുന്നു. ആശ്രമവും മഠവും അദ്ദേഹത്തിന്റെ അധികാരസീമയിലും വേണമെന്ന് അദ്ദേഹം എത്രയും ന്യായമായി ആഗ്രഹിച്ചു. അതിനായി പിതാവിനോട് നിവേദനം നടത്തി. നങ്ങ്യാർകുളത്തുള്ളവർ തിരുവനന്തപുരംരൂപതയിലും തിരുവല്ലയിൽ താമസിച്ചിരുന്നവർ മാർ തിയോഫിലോസിന്റെ കീഴിലും ആയിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഒടുവിൽ നാലാഞ്ചിറക്കുന്നിൽ എം. സി. റോഡിന്റെ പടിഞ്ഞാറും കിഴക്കുമായി കുറെ സ്ഥലം വിലയ്ക്ക് വാങ്ങി. പടിഞ്ഞാറുവശത്തുള്ള സ്ഥലത്തേക്ക് 1932 ൽ ആശ്രമസ്ഥരെ കൊണ്ടുവന്ന് താമസിപ്പിച്ചു.

### വന്ദ്യ പിതാവിന്റെ അമ്മച്ചി

ബഥനി സിസ്റ്റേഴ്സിന്റെ അപ്പന്റേയും അമ്മയുടേയും സ്ഥാനം വഹിച്ചിരുന്ന ഞങ്ങളുടെ "പിതാവിന്റെ മാതാപിതാക്കളോട്" സിസ്റ്റേഴ്സിന് വളരെ സ്നേഹ ബഹുമാനങ്ങൾ ഉണ്ടായിരുന്നു. "വല്യമ്മച്ചി, വല്യപ്പച്ചൻ" എന്നാണ് സിസ്റ്റേഴസ് എല്ലാവരും അവരെ വിളിച്ചിരുന്നത്. ഇരുവർക്കും ബഥനി മഠത്തോടും സിസ്റ്റേഴ്സിനോടും വലുതായ സ്നേഹതാല്പര്യങ്ങൾ ഉണ്ടായിരുന്നു. വല്യമ്മച്ചി ഇടയ്ക്കിടെ മഠത്തിൽ വന്ന് സിസ്റ്റേഴ്സിനെ കാണുകയും സിസ്റ്റേഴ്സ് മാവേലിക്കര വഴി കടന്നുപോകുമ്പോൾ മേടയിൽവീട്ടിൽചെന്ന് വല്യമ്മച്ചിയെ കാണുകയും ചെയ്യുമായിരുന്നു. സാമാന്യം ഇരുണ്ട ശരീരമുള്ള ഒരു ചെറിയ സ്ത്രീ. അത്യന്തം സ്നേഹപരവും വിനീതവുമായ പെരുമാറ്റവും സംസാരവും,മകനെപ്പറ്റി അത്യധികമായ മതിപ്പ് ഇവ വല്യമ്മച്ചിയുടെ പ്രത്യേകതയായിരുന്നു. 1928 നവംബർ 24-ന് അല്പം ദിവസം താമസിക്കാനെന്നു പറഞ്ഞ്, നങ്ങ്യാർകുളത്ത് മഠത്തിനായി വാങ്ങിയ സ്ഥലം കാണാനായി പോയി. തിരിച്ചുവന്ന സിസ്റ്റർ ശൈനാ, സി. ഹൂബാ, സി. ദനഹാ, സി. സൽഗാ ഇവരോടൊന്നിച്ച് വല്യമ്മച്ചിമഠത്തിൽ വന്ന് 4 ദിവസം താമസിച്ചു. പിന്നീട് കത്തോലിക്കാ പുനരൈക്യശേഷവും കുറെനാൾ വല്ല്യമ്മച്ചി മഠത്തിൽ വന്നു താമസിച്ചു. പിന്നെ 1932 ഫെബ്രു

വരി 25-ന് മദർ ശൈനാ മാവേലിക്കര ചെന്ന് വല്യമ്മച്ചിയെ മഠത്തിലേക്ക് കൂട്ടിക്കൊണ്ട് വന്നു. മാർച്ച് 22 വരെ മഠത്തിൽ താമസിച്ചു. മാർച്ച് 22 ന് മത്തായിപണിക്കർ അമ്മയെ മാവേലിക്കരയ്ക്ക് കൂട്ടിക്കൊണ്ടു പോകാനായി വന്നു. വല്യമ്മച്ചിക്ക് പോകാൻ ഒട്ടും മനസ്സിലായിരുന്നു. മദർ ശൈനായോട്, "എന്നെ വിടല്ലേ മോളെ", എന്നു പറഞ്ഞു കരഞ്ഞു. വന്ദ്യ പിതാവ് റോമിന് പോകാൻ സമയം അടുത്തതുകൊണ്ടും യാക്കോബക്കാർ പിതാവ് റോമിന് പോകാതിരിക്കത്തക്കവണ്ണം എന്തെങ്കിലും കാരണമുണ്ടാക്കി അറസ്റ്റുവാറണ്ട് കൊടുക്കാൻ ശ്രമിക്കുന്നതും മറ്റും അറിഞ്ഞിരുന്നതുകൊണ്ടും സിസ്റ്റേഴ്സിനും പിതാവിനും ഉണ്ടായിരുന്ന വിഷമത്താലും വല്യമ്മച്ചി മാവേലിക്കരയ്ക്ക് പോകുന്നതാണ് നല്ലതെന്നും പിതാവ് കരുതി, മത്തായി പണിക്കരെ വിവരമറിയിച്ചിരുന്നു. പിതാവിന് ശത്രുക്കളുടെ ഉപദ്രവമുണ്ടാകുമെന്നുള്ള ഭീതി സ്വമാതാവിനെ വളരെ വേദനിപ്പിച്ചതിന്റെ ഫലമായി ആസ്മാ രോഗം വർദ്ധിച്ച് 1932 ഏപ്രിൽ 5-ന് മരിച്ചു. അപ്പോൾ പിതാവ് ബോംബയിൽ എത്തിയിരുന്നു. ശവസംസ്കാരത്തിന് മഠത്തിൽ നിന്ന് സിസ്റ്റേഴ്സ് പോയിരുന്നു. തിരുവല്ലാ രൂപതയുടെ വികാരി ജനറാൾ ബ. വാച്ചാപറമ്പിൽ അച്ചൻ ചരമ പ്രസംഗം ചെയ്തു. "നിന്നെ ചുമന്ന ഉദരങ്ങളും നിന്നെ കുടിപ്പിച്ച സ്തനങ്ങളും ഭാഗ്യമുള്ളവ",എന്ന സുവിശേഷവാക്യം ആസ്പദമാക്കി ദീർഘമായി പ്രസംഗിച്ചു. അല്പദിവസങ്ങൾക്ക് ശേഷം മാത്രമേ ഈ വാർത്ത മാവേലിക്കരയിൽ നിന്ന് കമ്പിമാർഗം പിതാവിനെ അറിയിച്ചുള്ളു. വളരെ നാളുകൾ കഴിഞ്ഞിട്ടും അമ്മയുടെ ദുഃഖം നിറഞ്ഞ വേർപാടിനെക്കുറിച്ച് പിതാവ് വ്യാകുലപ്പെട്ടിരുന്നു. ഒരിക്കൽ സിസ്റ്റേഴ്സിനോട് സംസാരിച്ചപ്പോൾ "കന്യാസ്ത്രി അമ്മച്ചി കർത്താവിനോട് ദുഷ്ടജനം ചെയ്തവയെക്കുറിച്ചുള്ള ദുഃഖത്താൽ ഹൃദയം പൊട്ടി മരിച്ചതുപോലെ എന്റെ അമ്മച്ചിയും ഹൃദയം പൊട്ടി ആണ് മരിച്ചത്", എന്ന് പറയുകയുണ്ടായി.

### വന്ദ്യ പിതാവിന്റെ റോമാ യാത്രയും തിരിച്ചു വരവും

കത്തോലിക്കാ പുനരൈക്യ ശേഷം മാർ ഈവാനിയോസ് പിതാവ് പരിശുദ്ധ പിതാവിനെ സന്ദർശിക്കാൻ റോമിലേയ്ക്ക് പോകേണ്ടത് ആവശ്യമായിരുന്നു. അദ്ദേഹം റോമിലേയ്ക്ക് പോയാൽ പുനരൈക്യപ്രസ്ഥാനം ശക്തി പ്രാപിക്കുമെന്ന് ഓർത്തഡോക്സ് യാക്കോബായക്കാർക്ക് ബോദ്ധ്യമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ യാത്ര



എങ്ങനെയെങ്കിലും മുടക്കാൻ അവർ കിണഞ്ഞു പരിശ്രമിച്ചു. അദ്ദേഹത്തെ വാറണ്ടിൽ പിടിക്കുന്നതിനായി അവർ കേസ്ചമച്ചുണ്ടാക്കി. അവരുടെ ഉദ്യമങ്ങൾ ഗ്രഹിച്ച പിതാവ് തന്ത്രങ്ങൾക്ക് പിടികൊടുത്തില്ല. അയർലൻഡിൽ നടക്കാനിരുന്ന യുക്കരിസ്റ്റിക് കോൺഗ്രസിന് പിതാവിന് ക്ഷണം ലഭിച്ചിരുന്നു.

1932 മാർച്ച് 24-ന് പെസഹാ വ്യാഴാഴ്ച ദിവസം പിതാവ് തിരുവല്ലായിൽ നിന്ന് രാത്രിയിൽ എറണാകുളത്തേക്ക് പുറപ്പെട്ടു. 25- ന് ദുഃഖ വെള്ളിയാഴ്ച 8 മണിക്ക് എറണാകുളത്തെത്തി. ഉയർപ്പുവരെ അവിടെ താമസിച്ചു. 27-ന് ഉയർപ്പു ഞായറാഴ്ച ഉച്ചയ്ക്ക് മൈസൂറിന് പുറപ്പെട്ടു. അവിടെ ബാംഗ്ലൂരിൽ ഒരാഴ്ച താമസിച്ചു. പിന്നെ ബോംബെയിൽ എത്തി. വിക്ടോറിയ എന്ന കപ്പലിൽ റോമിലേക്ക് പുറപ്പെട്ടു. കൂട്ടായി ചങ്ങനാശ്ശേരി സെന്റ് ബർക്കുമൻസ് കോളേജിൽ മലയാളം പഠിപ്പിച്ചിരുന്നപ്പോൾ ഏതോ കുഴപ്പം മൂലം പിരിച്ചു വിടപ്പെട്ട പാലാക്കാരൻ മറ്റത്തിൽ അച്ചനും തിരുവല്ലായിൽ നിന്ന് മാർ തിയോഫിലോസ് തിരുമേനി പ്രോപ്പഗാണ്ട കോളേജിൽ പഠിപ്പിക്കാൻ വിട്ട ഒരു ശെമ്മാശ്ശനും ഉണ്ടായിരുന്നു.

റോമിൽ ചെന്ന് പരിശുദ്ധ പിതാവിനെ സന്ദർശിക്കാൻ ചെന്നപ്പോൾ "വെൽക്കം, എ ബിഗ് വെൽക്കം" എന്നു പറഞ്ഞുകൊണ്ട് രണ്ടു കൈകളും നീട്ടിയാണ് പിരിശുദ്ധ പിതാവ് പിതാവിനെ സ്വീകരിച്ചത്. റീത്ത് സംബന്ധിച്ച് പിതാവ് ആവശ്യപ്പെട്ടതെല്ലാം പരിശുദ്ധ പിതാവ് സമ്മതിച്ചു. ശത്രുക്കളുടെ പരിശ്രമങ്ങളെയെല്ലാം കീഴടക്കി മാർ ഈവാനിയോസ് റോമിൽ എത്തിയതിൽ യാക്കോബായക്കാർക്ക് വലുതായ അമർഷം ഉണ്ടായി. തിരുമൂല സ്ക്കൂളിലെ പുരുഷന്മാരായ ടീച്ചേഴ്സ് പലരാത്രികളിൽ മഠത്തിന്റെ വരാന്തയിൽ കയറി ഭിത്തിയായി തറച്ചിരുന്ന പലകമേൽ ആഞ്ഞു ചവുട്ടുകയും ഭയപ്പെടുത്തുകയും മറ്റും ചെയ്തു.

### മാവേലിക്കരക്കാരും അടങ്ങിയിരുന്നില്ല

പുതിയകാവ് പള്ളിക്കാർ കൂടി ആലോചിച്ച് അദ്ദേഹത്തെ അപമാനിക്കാൻ തീരുമാനിച്ചു. മാവേലിക്കരക്കൊട്ടാരത്തിൽ നിന്നുള്ള പ്രേരണയാൽ മാർ ഈവാനിയോസ് തിരുമേനി റോമിൽ നിന്ന് തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന് വലിയ ഒരു സ്വീകരണം നൽകി.

യാക്കോബായക്കാരകട്ടെ, ബഥനി മെത്രാച്ചൻ മരിച്ചുപോയെന്ന് പറഞ്ഞ് ശവമണി അടിക്കുകയും കറുത്തകൊടികൾ പിടിച്ചുകൊണ്ട് പള്ളിക്കു ചുറ്റും ഒരു ശവമഞ്ചവുമായി പ്രദിക്ഷണം നടത്തുകയും ചെയ്തു. പുതിയകാവ് തെരുവിലെ ഒരു മൺകല കച്ചവടക്കാരൻ ശവക്കുഴി വെട്ടാൻ മുന്നിട്ട് ഇറങ്ങി. അതിന്റെ ഫലം ഒരാഴ്ചയ്ക്കുള്ളിൽ അവനു ലഭിച്ചു. അതേ തെരുവിൽ തന്നെ താമസിച്ചിരുന്ന ഒരു മദ്യപാനിയുടെ കയ്യാൽ അയാൾ വധിക്കപ്പെട്ടു. മാർ ഈവാനിയോസിനു വേണ്ടി അയാൾ കുഴിച്ച കുഴിയിൽ തന്നെ അയാളെ അടക്കേണ്ടതായി വന്നു.